അമ്പൂരി ഗ്രാമപഞ്ചായത്ത്

വികസനറിപ്പോർട്ട്

9-ാം പദ്ധതി
ജനകീയാസൂത്രണ
പദ്ധതി
1996

2-9

ജനകീയ ആസൂത്രണം

അമ്പൂരി ഗ്രാമപഞ്ചായത്ത്

വികസന സെമിനാർ

1996 ഡിസംബർ 27 വെള്ളിയാഴ്ച

സെൻറ് തോമസ് ഹൈസ്കൂൾ – അമ്പൂരി

ഉള്ളടക്കം

ക്രമ നമ്പർ	വിഷയം	പേജ് നമ്പർ
1.	ആമുഖം	5
2.	പ്രസ്താവന	7
3.	സാമൂഹികവും, സാംസ്ക്കാരികവും, ഭരണപരവുമായ ചരിത്രപശ്ചാത്തലം	8
4.	ഭൂപ്രകൃതിയും വിഭവങ്ങളും	13
	വിഷയാവതരണം	
1.	കൃഷിയും, ജലസേചനവും	19
2.	മൃഗസംരക്ഷണവും, മത്സ്യബന്ധനവും	36
3.	വിദ്യാഭ്യാസം	40
4.	കുടിവെള്ളവും, പൊതുജനാരോഗ്യവും	48
5.	വ്യവസായം	53
6.	ഗതാഗതം, ഊർജ്ജം, മാർക്കറ്റ്	60
7.	പാർപ്പിടവും, സാമൂഹ്യക്ഷേമവും	65
8.	സംസ്ക്കാരം	72
9.	വനിത	78
10.	പട്ടികജാതി, പട്ടികവർഗ്ഗം	83
11.	സഹകരണം	88
12.	വിവേ സമാഹരണം	95



Reduced to 60% FIG. 1

ആമുഖം

ജനങ്ങളാൽ ജനങ്ങൾക്കു വേണ്ടി ജനങ്ങം ഭരിക്കുന്ന സംവിധാനമാണല്ലോ ജനാധിപത്യ സർക്കാർ. ഒരുപിടി മന്ത്രിമാരും ഒരു ചെറിയകൂട്ടം വിവിധ തലത്തിലുള്ള ജനപ്രതിനിധികളും മാത്രം ഭരണപ്രക്രിയയിൽ പങ്കാളികളായാൽ അത് കേവലം ഒരു ന്യൂന പക്ഷത്തിന്റെ ഭരണമല്ലേ? അഞ്ചുവർഷത്തിലൊരിക്കൽ നടക്കുന്ന തെരഞ്ഞെടുപ്പിൽ വോട്ടറന്മാരിൽ 80 ശതമാനം പേർ ബാലറ്റ് പേപ്പറിൽ സീൽ കുത്തിയതുകൊണ്ടു മാത്രം മുഴുവൻ ജനങ്ങളും ഭരണത്തിൽ സജീവ പങ്കാളികളാവുമോ? ഇല്ല, എന്ന ഉത്തരം നിസ്തർക്കമാണ്. അതുപോലെ തന്നെ ആകെ പോൾ ചെയ്ത വോട്ടിന്റെ 35 ശതമാനം മാത്രം നേടിയ ഒരു രാഷ്ട്രീയ പാർട്ടി അല്ലെങ്കിൽ മുന്നണി ഭൂരിപക്ഷംനേടി അധികാരത്തിൽ വന്നാൽ ജനങ്ങം ഭരണ പ്രക്രിയയിൽ സജീവ പങ്കാളികളാവുമോ?

നിലവിലുള്ള ജനാധിപത്യ രീതിയുടെ ഈ പോരായ്മ കണക്കിലെടുത്തു കൊണ്ട് സർവ്വജനങ്ങളെയും ഭരണത്തിൽ പങ്കാളികളാക്കാനുള്ള മാർഗം രാഷ്ട്രമീമാംസകർ തല പുകഞ്ഞാലോചിച്ചതിന്റെ പരിണിത ഫലമാണ് ''അധികാരം ജനങ്ങളിലേക്ക്'' എന്ന ആശയം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതം പഞ്ചായത്ത് രാജ് നഗരപാലികാനിയമനിർമ്മാണം വഴി അധികാരം ജനങ്ങളിൽ എത്തിക്കാം എന്ന ആശയത്തിന്റെ ഹരിശ്രീ കുറിച്ചു. അങ്ങനെ രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ ഗ്രാമസ്വരാജ് എന്ന സുന്ദര സ്വപ്നം കടലാസിൽ നിർവൃതമായി. അതിന് രൂപവും ഭാവവും നൽകുന്നതിനായി ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളും ചട്ടങ്ങം ഉണ്ടാക്കിയെങ്കിലും അതിന് രക്തവും ജീവനും പകരാൻ കഴിഞ്ഞ ആദ്യത്തെ സംസ്ഥാനമാണ് കേരളമെന്നതിൽ അഭിമാന പൂരിതമായ അന്തഃരംഗവുമായി തലയുയർത്തി പിടിച്ച് നിൽക്കുകയാണ് കേരള ജനത.

ആസൂത്രണ വികേന്ദ്രീകരണം എന്ന സംരംഭം നമ്മെ നാം തന്നെ ഭരിക്കുന്നതിനു പ്രാപ്തരാക്കാനുള്ള ഒരു പ്രാഥമിക പരിശീലനകളരി കൂടിയാണ്. കൃഷി എന്തെന്ന് അറിഞ്ഞുകൂടാത്ത ഒരു നഗരവാസി കൃഷിയുടെ ആസൂത്രണം നിർവ്വഹിച്ചാൽ ഉണ്ടാകുന്ന പാളിച്ചകം എന്തെല്ലാം എന്ന് നമുക്ക് ഊഹിക്കാൻ കഴിയും.

കൃഷിരംഗത്ത് നാം എട്ട് പദ്ധതികളിലൂടെ മുടക്കിയ കോടികം പൂർണ്ണമായി ഉല്പാദന പ്രക്രിയയ്ക്ക് ഉപയോഗിക്കാൻ കഴിഞ്ഞില്ല. ആർക്കും ഒരു തരത്തിലും, കൃഷിക്ക് പ്രയോജനമില്ലാത്ത ഒരു വരണ്ടതോട് അല്ലെങ്കിൽ കുളം ലക്ഷങ്ങം മുടക്കി വികസിപ്പിക്കുന്നു. നേട്ടം ആർക്ക്? കോട്ടം ആർക്ക്? ആരുടെയും നേർക്ക് ആരോപണത്തിന്റെ മുംമുനകം ഉതിർക്കുകയല്ല ലക്ഷ്യം. ആസൂത്രണപ്രക്രിയ മുകംത്തട്ടിൽ നിന്നും കീഴ്ത്തട്ടിലേക്ക് അടിച്ചേൽപ്പിക്കുന്നതിന്റെ വൈകല്യം വിവരിക്കുകയാണ്. സംഘടിതമായ പൊതുജന ആവശ്യമാണോ! ഈ പണി എന്ന പരിശോധനക്ക് ഇടമില്ല. ഫണ്ട് യഥാസമയം ഉപയോഗിക്കണമെങ്കിൽ എന്തെങ്കിലും ഇത്തരം പദ്ധതികം തട്ടിക്കൂട്ടിയേ പറ്റൂ. അങ്ങനെ കടലാസു കമ്മിറ്റികം കോൺട്രാക്ടറെ കൺവീനറുടെ മേലധികാരിയാക്കുന്നു. നാടിന്റെ സമ്പത്ത് കുളങ്ങളിൽ മുങ്ങിത്താഴുന്നു. തോടുകളിലൂടെ ഒഴുകി മറയുന്നു. റോഡുകളിൽ പറന്നുയരുന്നു. ഓടകളിലൂടെ ഒലിച്ചിറങ്ങുന്നു. ഒൻപതാം പദ്ധതിയിൽ ഇത്തരം വികസനം ആണോ നമുക്കു വേണ്ടത്? അല്ലേ...അല്ല! ഈ സാഹചര്യത്തിലാണ് ജനകീയാസൂത്രണത്തിന്റെ പ്രസക്തി.

അമ്പൂരി പഞ്ചായത്തു നിവാസികളും തങ്ങളുടെ വികസന വിചാരങ്ങളും, വികാരങ്ങളും 14-9-1996 ൽ നടന്ന ഏകദിന ശില്പശാലയിൽ അണിനിരത്തി. തുടർന്ന് 21-9-96 മുതൽ 13-10-96 വരെ നടന്ന ഗ്രാമസഭകളിലും സജീവ പങ്കാളിത്തം വഹിച്ചു. ചുരുക്കം ചില ഗ്രാമസഭകളിൽ അംഗങ്ങളും കുറവായിരുന്നെങ്കിലും ആശയബാഹുല്യം കൊണ്ട് അവ ശ്രദ്ധിക്കപ്പെട്ടു.

പഞ്ചായത്തിൽ ലഭ്യമായ വിദഗ്ദ്ധരുടെ സേവനത്തിനു പുറമെ ഗ്രാമസഭകളിൽ പങ്കെടുത്ത വിവിധ ഗ്രൂപ്പുകളുടെ നേതാക്കളും ഉദ്യോഗസ്ഥരും, പരിശീലകരും കൂടി ആലോചിച്ച് രൂപം നൽകിയതാണ് ഈ റിപ്പോർട്ട്.

ആസൂത്രണം എന്ന പ്രക്രിയയുടെ പരമമായ ഉദ്ദേശ്യം സ്ഥായിയും ദ്രുതഗതിയിൽ ഉള്ളതും നീതിപൂർവ്വകവും ആയ സാമ്പത്തിക വളർച്ചയാണല്ലോ? ഇങ്ങനെയുള്ള സാമ്പത്തിക വളർച്ച ഒരു സർക്കാർ നോക്കിയാൽമാത്രം സമ്മാനിക്കാൻ കഴിയില്ല. അരയും തലയും മുറുക്കി നാം ഓരോരുത്തരും പ്രവർത്തന രംഗത്തേക്ക് ഇറങ്ങിയേ പറ്റൂ. ഈ നവജീവിതപാതയിൽ നാം മുന്നേറണമെങ്കിൽ നമ്മുടെ വികസന രംഗങ്ങളിൽ നിന്ന് കക്ഷിരാഷ്ട്രീയം, ജാതി, മതം, സ്വജനപക്ഷപാതം തുടങ്ങിയ ചിന്താഗതികളും കുടഞ്ഞെറിയേണ്ടതാണ്, ഇരുട്ടിനെതിരെ മുദ്രാവാക്യം മുഴക്കിയതുകൊണ്ട് എന്തുഫലം? പ്രസംഗിച്ചതുകൊണ്ട് എന്തു പ്രയോജനം? കൈത്തിരികളും കത്തിച്ചുകൊണ്ട് മുന്നേറിതമസിനെ പിളർന്നു മാറണം. പുരോഗതിക്കു തടസമായി നിൽക്കുന്ന ചുവപ്പുനാട, ഡിപ്പാർട്ടുമെൻറലിസം, അഴിമതി എന്നീ രക്തരക്ഷസുകളെ നമ്മുടെ നാടിൻറെ അഭിമാന സ്തംഭങ്ങളായ ഉദ്യോഗസ്ഥവൃന്ദത്തോടും, ജനപ്രതിനിധികളോടും തോളുരുമ്മി നിന്നുകൊണ്ട് അടിച്ചുടച്ച് അറബിക്കടലിലെറിയാം. അങ്ങനെ നമുക്ക് ഒരു പുതു പുത്തൻ രാഷ്ട്രീയ സംസ്ക്കാരം വാർത്തെടുത്ത് മറ്റു സംസ്ഥാനങ്ങൾക്കും ലോക രാജ്യങ്ങൾക്കും തന്നെ കാഴ്ചവയ്ക്കാം. രാജ്യം എനിക്കുവേണ്ടി എന്തു ചെയ്തു? എന്ന ചോദ്യം മറന്ന് ഞാൻ എൻറെ രാജ്യത്തിനു വേണ്ടി എന്തു ചെയ്തു എന്ന ചോദ്യം സ്വയം ചോദിക്കാം. പിന്നിലുള്ളതു മറന്ന് മുന്നിലുള്ള പരമമായ ലക്ഷ്യത്തിലേക്ക് അടിപതറാതെ ഓടാം. ദാരിദ്ര്യം കൊടികുത്തി വാഴുന്ന മുൾപ്പടർപ്പുകൾ സമൃദ്ധിയുടെ പൂക്കളങ്ങളാക്കി മാറ്റാം. അജ്ഞതയുടെ ആവരണങ്ങൾ ഉരിഞ്ഞെറിഞ്ഞ് വിജ്ഞാനത്തിൻറെ പൊന്നാടകൾ അണിയാം. കക്ഷി രാഷ്ട്രീയത്തിൻറെ കളരികളിൽ വികസനത്തിൻറെ മൂർത്തികളെ പൂജാവിഗ്രഹങ്ങളായി കുടിയിരുത്താം. സർക്കാരുകൾ വാടിക്കൊഴിഞ്ഞു വീണ് അധികാരം ജനങ്ങളിൽ എത്തി ശാന്തിയുടേയും സമൃദ്ധിയുടെയും ഒടുങ്ങാത്ത ദിനങ്ങൾ ഓടി അണയുന്നത് കൗതുകത്തോടെ നോക്കിനിൽക്കാം.

മേൽ വിവരിച്ച ചിന്തകൾ ക്രമേണയായെങ്കിലും പ്രവൃത്തിപഥത്തിൽ എത്തിക്കുന്നതിനായി അമ്പൂരി പഞ്ചായത്തിൻറെ ഹൃദ്വവും, കുറ്റങ്ങൾക്കും, കുറവുകൾക്കും അതീതം എന്ന് അവകാശപ്പെടാത്തതുമായ ഈ റിപ്പോർട്ട് പൊതുജന സമക്ഷം കാഴ്ചവയ്ക്കുന്നു.

ജോൺ തെങ്ങനാമണ്ണിൽ
(മുഖ്യപരിശീലകൻ—
അമ്പൂരി ഗ്രാമപഞ്ചായത്ത്)

അമ്പൂരി,
3-12-96.

പ്രസ്താവന

പതിനഞ്ചാം വികസനമേഖലകളെ കുറിച്ചുള്ള ഭൂതകാലത്തിന്റെ അവലോകനവും, ഇപ്പോഴത്തെ സ്ഥിതിയും, ഭാവിപരിപാടികളെ കുറിച്ചുള്ള സൂചനകളുമാണ് ഈ റിപ്പോർട്ടിൽ. ഗ്രാമസഭകളിൽ ചർച്ചയ്ക്കു വിധേയമായ വിഷയങ്ങളിൽ ഉചിതമായതും, പരിശീലകരുടെ പഠനങ്ങളിൽ നിന്നു ഉരുത്തിരിഞ്ഞു വന്നതും, പഞ്ചായത്തു സമിതി അംഗങ്ങൾക്കു ഉത്തമ ബോധ്യം ഉള്ളതുമായ വിഷയങ്ങളുടെ പരിമിതമായ പരാമർശനവും ഇതിൽ അടങ്ങിയിരിക്കുന്നു. 3.12.96ൽ കൂടിയ പഞ്ചായത്തു സമിതിയോഗം ഈ റിപ്പോർട്ടിനു അംഗീകാരം നൽകുകയുണ്ടായി.

എല്ലാ വികസന തുറകളിലുമായി 9-ാം പദ്ധതിയിൽ ഏതാണ്ടു അഞ്ചുകോടി രൂപയോളം ഈ ഗ്രാമപഞ്ചായത്തിനു ലഭിക്കുമെന്നാണു പ്രതീക്ഷ. ഇതു സംസ്ഥാനപദ്ധതി തുകയുടെ 40 ശതമാനത്തോളമാണു. ബാക്കി വരുന്ന 60 ശതമാനം തുകയുടെ വിഹിതമായി ഈ പഞ്ചായത്തിൽ ഏതാണ്ടു 7½ കോടി രൂപ ഗവൺമെന്റു തലത്തിൽ ചിലവഴിക്കുമെന്നും കരുതാം. കൂടാതെ കേന്ദ്രസർക്കാർ ഏതാണ്ടു 1½ കോടിയോളം രൂപ ഈ പഞ്ചായത്തിൽ വികസനത്തിനായി ചിലവാക്കാൻ ഇടയുണ്ടു. ഇതിനും പുറമേ ബ്ലോക്കു, ജില്ലാപഞ്ചായത്തു തലങ്ങളിൽ ഈ പഞ്ചായത്തിനു വേണ്ടി ഏതാനും കോടികൾ ചിലവഴിക്കുമെന്നും പ്രതീക്ഷിക്കാം.

ഈ തുകകളൊക്കെ ആകർഷിക്കപ്പെടണമെങ്കിൽ നമ്മുടെ സ്വന്തം സംഭാവനയായി 1½ കോടി രൂപയെങ്കിലും ശ്രമദാനമായും വസ്തുവകകളുടെ ദാനമായും സ്വയം പ്രവർത്തനത്തിനു ചിലവാക്കുന്നതായും രൊക്കം പണമായി നൽകുന്നതായും കണ്ടെത്തേണ്ടിയിരിക്കുന്നു. പ്രബുദ്ധരായ ഈ പഞ്ചായത്തു നിവാസികൾ യാതൊരു മടിയും കൂടാതെ ഇക്കാര്യങ്ങളിൽ സഹകരിക്കുമെന്നു ഉറപ്പുണ്ടു.

ഈ റിപ്പോർട്ടു തയ്യാറാക്കുന്നതിൽ അക്ഷീണ പരിശ്രമം നടത്തിയ റിസോഴ്സു പെർസൻമാരോടും മറ്റു സഹധേയരാ പ്രവർത്തകരോടും ഈ ഗ്രാമപഞ്ചായത്തിനുള്ള അകൈതവമായ നന്ദി രേഖപ്പെടുത്തികൊണ്ടു തുടർന്നുള്ള പഠനത്തിനും ചർച്ചയ്ക്കും പ്രവർത്തനത്തിനുമായി പരിമിതമായ തോതിൽ മാത്രം അച്ചടിച്ചിട്ടുള്ള ഈ റിപ്പോർട്ടു വിതരണം ചെയ്യുന്നു.

അമ്പൂരി ഗ്രാമപഞ്ചായത്തു കമ്മിറ്റിക്കുവേണ്ടി,

ലൂസിമാണിക്കുട്ടി
(പ്രസിഡൻറു)

സാമൂഹികവും സാംസ്കാരികവും ഭരണപരവുമായ ചരിത്രപശ്ചാത്തലം

പഞ്ചായത്തിന്റെ പേര്	അമ്പൂരി	പ്രസിഡന്റ്	ശ്രീമതി. ലൂസിമാണിക്കുട്ടി
പഞ്ചായത്തിൽ ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ	അമ്പൂരി, വാഴിച്ചൽ	വൈസ് പ്രസി.	ശ്രീ. കെ. ആൽബർട്ട്
		സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ	ശ്രീ. പി. സി. തോമസ്
ബ്ലോക്ക് പഞ്ചായത്ത് ഡിവിഷൻ	അമ്പൂരി		
ബ്ലോക്ക് പഞ്ചായത്ത്	പെരുങ്കടവിള	ഈ പഞ്ചായത്തിന്റെ അതിരുകൾ :	
താലൂക്ക്	നെയ്യാറ്റിൻകര	1. വടക്ക്	: റിസർവ്വ് വനം
ജില്ല	തിരുവനന്തപുരം	2. തെക്ക് കിഴക്ക്	വെള്ളറട പഞ്ചായത്ത്
അസംബ്ലി മണ്ഡലം	നെയ്യാറ്റിൻകര	3. തെക്ക് പടിഞ്ഞാറ്	: ഒറ്റശേഖരമംഗലം പഞ്ചായത്ത്
വിസ്തീർണ്ണം	56 ച: കി: മീ.	4. കിഴക്ക്	: തമിഴ്നാട്
ജനസംഖ്യ	16345	5. പടിഞ്ഞാറ്	: കള്ളിക്കാട് പഞ്ചായത്ത്
വാർഡുകളുടെ എണ്ണം	9		

സഹ്യന്റെ സാനുക്കളിൽ മാനംമുട്ടെ നിൽക്കുന്ന മരതകക്കുന്നുകളുടെയും കുത്തനെയുള്ള മലഞ്ചെരിവുകളുടെയും പടുകൂറ്റൻ പാറക്കെട്ടുകളുടെയും കിലുകിലെ ചിരിച്ച് താളം തുള്ളിയോടുന്ന കൊച്ചരുവികളുടെയും നാടാണ് അമ്പൂരി പഞ്ചായത്തിന്റെ മൂപ്രദേശം.

കാരണവൻമാരുടെ മനസിൽ തങ്ങിക്കിടക്കുന്ന നിറം മങ്ങിയ ഓർമ്മകൾ പൊടി തുടച്ചു പരിശോധിക്കുമ്പോൾ ചരിത്രം ഉറങ്ങുന്ന നാടാണ് ഇതെന്ന് വ്യക്തമാണ്.

മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വില്ലാളികളിൽ പ്രമുഖനായിരുന്ന 'ചടച്ചിമാർത്താണ്ഡൻപിള്ള' ഒറ്റശേഖരമംഗലത്തുനിന്ന് ഒരു മത്സര പ്രകടനത്തിൽ എയ്ത അമ്പ് അങ്ങകലെയുള്ള ഒരു കാട്ടുമരത്തിൽ ചെന്ന് തറച്ചു. ആ അമ്പ് ഊരിയെടുത്ത മാർത്താണ്ഡൻപിള്ള ആ മരത്തിൽ പ്രത്യേക അടയാളം കൊടുത്തു. ''ഇതാണ് അമ്പൂരിയ സ്ഥലം എന്നോർക്കുക'' എന്ന് പറഞ്ഞു. അങ്ങനെയാണ് ഈ പ്രദേശത്തിന് 'അമ്പൂരി' എന്ന പേര് വന്നത്.

A D 18-ാം നൂറ്റാണ്ടിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്ത് ഈ പ്രദേശത്ത് മനുഷ്യവാസം ഉണ്ടായിരുന്നതിന് തെളിവാണ് 1940കളുടെ അവസാനം വരെ ഇവിടെ പലയിടങ്ങളിൽ തലയുയർത്തിപ്പിടിച്ചു നിന്ന കൊന്നതെങ്ങുകൾ. കാർഷികവിദഗ്ധരുടെ അഭിപ്രായത്തിൽ 150 വർഷങ്ങൾക്കുമുമ്പ് നട്തതാണ് ഈ തെങ്ങുകൾ. അതുപോലെ തന്നെ നെയ്യാർ ജലസംഭരണിയിൽ മുങ്ങിപോയ ഒരു കോട്ടയുടെയും അമ്പലത്തിന്റെയും അവശിഷ്ടങ്ങൾ വേനലിൽ വെള്ളം വറ്റുമ്പോൾ ഇപ്പോഴും ദൃശ്യമാണ്. A D 18-ാം നൂറ്റാണ്ടിൽ നിലവിലിരുന്നതാണ് ഇത് എന്നാണ് അനുമാനം.

ഒരുകാലത്ത് കാണിക്കാർഎന്ന കാനന നിവാസികൾ മാത്രമായിരുന്നു ഇവിടെ ജീവിച്ചിരുന്നത്. പരിഷ്കൃതരായ കർഷകർ ഇവിടെ കുടിയേറി പാർത്തതിന്റെ ഐതിഹ്യങ്ങളിലൊന്ന് ഇപ്രകാരമാണ്. 'കണ്ണൻപിള്ള' എന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കിടപ്പറസൂക്ഷിപ്പുകാരനെ ഒരു രാത്രിയിൽ ഒരമളിപറ്റി. രാജാവിന്റെ പൂമ്പട്ടുകിടക്ക എന്നും വിരിച്ചൊരുക്കിയിരുന്ന കണ്ണനെ ഒരു നിമിഷം അതിൽ കിടക്കാൻ മോഹം. അങ്ങനെ കിടക്കയിൽ വിശ്രമിച്ച കണ്ണൻ ഉറങ്ങിപ്പോയി. കിടക്കയിൽ എത്തിയ രാജാവുകണ്ടത് സുഖസുഷുപ്തിയിലാണ്ട കണ്ണനെയാണ്. 'പോ മറയത്ത്' രാജാവ് ആക്രോശിച്ചു. വിരണ്ടോടിയ കണ്ണൻ ഒളിവിൽ കഴിയാൻ കാട്ടുപ്രദേശമന്വേഷിച്ചു. ഒടുവിൽ ഈ പഞ്ചായത്തിന്റെ തുടിയംകോണം വാർഡിന്റെ തെക്കേയറ്റത്ത് എത്തി. അവിടെ 'നെല്ലിക്കാമല'യിൽ ഉണ്ടായിരുന്ന അൻപതോളം കാണിക്കുടുംബങ്ങൾ ആരോഗ്യവാനും സുന്ദരനുമായ കണ്ണനെ ദേവനെപ്പോലെ ആദരിച്ചു. കർമ്മനിരതനായ കണ്ണൻ അവരുടെ സഹായത്തോടെ ആധുനിക കൃഷി രീതികൾ ആരംഭിച്ചു. താൻ അത്യധികം സ്നേഹിക്കുകയും വിശ്വസിക്കുകയും ചെയ്തിരുന്നകണ്ണന്റെ തിരോധാനത്തിൽ മനംനൊന്തുകഴിഞ്ഞ രാജാവ് കണ്ണനെ

തേടാൻ രാജഭൃത്യരെ അയച്ചിരുന്നു. അവർ കണ്ണനെ കണ്ടെത്തിയ വിവരം അറിയിച്ചു. ഒരു വലിയ കർഷക നായി കണ്ണൻമാറിയെന്നും വില്ലും അമ്പും ഏന്തിയ കാണിക്കാരുടെ ഒരു സേന തന്നെ കണ്ണന് ഉണ്ടെന്നും അറിഞ്ഞ രാജാവ് കണ്ണനെ കാണാൻ ഇറങ്ങിത്തിരിച്ചു. കണ്ണന്റെ കരവിരുതിലും നിശ്ചയദാർഢ്യത്തിലും സംഘാടനപാടവത്തിലും സന്തുഷ്ടനായ രാജാവ് കണ്ണന്റെ കൃഷിയിടം സൗജന്യമായി പതിച്ചുകൊടുക്കുകയും ആ വലിയ പുരയിടത്തിന് 'കണ്ണനൂർ' എന്ന് നാമകരണം ചെയ്യുകയും ചെയ്തു. മഹാരാജാവ് മായം വരെയുള്ള പ്രദേശങ്ങളും സന്ദർശിക്കുകയും അവിടെ വച്ച് ചില ഒളിപ്പോരാളികൾ രാജാവിനെ ആക്രമിച്ചു എന്നും, ഞൊടിയിടയിൽ രാജാവ് അപ്രത്യക്ഷപ്പെട്ടു എന്നും ''ഇതെന്തൊരുമായം'' എന്ന് ഒളിപ്പോരാളികൾ പറയുകയും ചെയ്തു എന്നും ഉള്ള ഐതിഹ്യവും നിലവിലുണ്ട്. 'മായം' എന്ന പേര് ഇതിൽ നിന്നാണ് ഉണ്ടായതെന്നാണ് അനുമാനം. ഈ കാലഘട്ടത്തിലായിരിക്കാം മുൻപു പ്രസ്താവിച്ച 'കോട്ടമൺ പുറം' എന്ന കോട്ട മായത്ത് നിർമ്മിച്ചത്. വിശ്വസ്തരും ധീരരും ആയിരുന്ന കാണിക്കാർക്ക് വളരെയേറെ ഭൂമി കരമൊഴിവായി കൃഷിക്കുവേണ്ടി നൽകി. പിൽകാലത്ത് ഈ പ്രദേശം കാണിപ്പുറം എന്നറിയപ്പെട്ടു.

നിത്യബ്രഹ്മചാരിയായിരുന്ന കണ്ണൻ തന്റെ അനന്തരവൻമാരെ തെക്കൻ തിരുവിതാംകൂറിൽ നിന്ന് കൂട്ടി കൊണ്ടുവന്നു. ഒരു കൂട്ടം പട്ടിക ജാതിക്കാരെയും കൃഷിപ്പണിക്കായി സ്ഥലത്തെത്തിച്ചു. അവരെ കുടിയിരുത്തിയ സ്ഥലം ഇന്നും ''പറക്കോണം'' എന്ന പേരിൽ അറിയപ്പെടുന്നു. ഏതാനും ബ്രാഹ്മണ നായർ കുടുംബങ്ങളേയും ഇവിടേക്ക് ആകർഷിച്ചു അവരുടെ പിൻഗാമികളായ ഒട്ടേറെ നായർ സമുദായത്തിൽപ്പെട്ട ജൻമികളും ഈ പഞ്ചായത്തിന്റെ കുടപ്പനമൂട് വാർഡിൽ പാർത്തിരുന്നു. തുറുനെല്ലൂർ, കുഞ്ചുവീട്, പൂമുഖം, പുളിയറത്തല, കല്ലറത്തല തുടങ്ങിയ കുടുംബപേരുകളിൽ അവർ ഇന്നും അറിയപ്പെടുന്നു. ഈ വീട്ടുകാരിൽ പുളിയറത്തലവീട്ടിൽ കുട്ടൻപിള്ള കുമാരപിള്ള എന്ന ആളായിരുന്നു ഈ പഞ്ചായത്തിലെ ആദ്യത്തെ വൈദ്യനും അധ്യാപകനും. ആയുർവ്വേചികിത്സ, മൃഗചികിത്സ, വിഷചികിത്സ എന്നിവക്കു പുറമേ രണ്ടു കുടിപ്പള്ളിക്കൂടങ്ങളും ഇദ്ദേഹം നടത്തിയിരുന്നു പ്രാചീനരീതിയിലുള്ള ചിലമ്പ്, വാഹ തുടങ്ങിയവ ഇപ്പോഴും ഇവരുടെ ശേഖരത്തിൽപ്പെടുന്നു. 250 വർഷത്തോളം പഴക്കമുള്ള താളിയോലഗ്രന്ഥങ്ങളും പരിശോധിച്ചതിൽ കലാരംഗത്തും ശ്രീ. കുട്ടൻപിള്ള ശോഭിച്ചിരുന്നതായി തോന്നുന്നു. ഇദ്ദേഹത്തിന്റെ പിൻമുറക്കാരിൽ ഒരാളാണ് അനുഗ്രഹീതകലാകാരനായ ശ്രീ. സുദർശനൻ നായർ. 1993-'94 ലെ നാടക നടൻമാരിൽ സംസ്ഥാന സർക്കാരിന്റെ ഏറ്റവും നല്ല നടനുള്ള അവാർഡ് കരസ്ഥമാക്കിയത് ഇദ്ദേഹമാണ്.

കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനായി കളിയിക്കാവിളയിൽ നിന്നും 4 മുസ്ലീം കുടുംബങ്ങളെ കണ്ണൻപിള്ള എത്തിച്ചിരുന്നു. അവരുടെ പിൻഗാമികളും ഇന്നും കുടപ്പനമൂട് വാർഡിൽ താമസക്കാരാണ്. പത്മനാപുരം കൊട്ടാരത്തിൽ നിന്നും നെടുമങ്ങാട് കൊട്ടാരത്തിലേക്കുപോകുന്നതിനായി പണികഴിപ്പിച്ച നെടുമങ്ങാട് ഷൊർണൂർക്കാട് റോഡ് പിൽക്കാലത്ത് തിരുവിതാംകൂറിന്റെ ഒന്നാം നമ്പർ റോഡായിരുന്നു. ഈ റോഡിന്റെ രണ്ട് കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിന്റെ പടിഞ്ഞാറതിർത്തിയിൽകൂടി കടന്നു പോകുന്നു. ഈ റോഡുമായി ബന്ധപ്പെട്ട് ''മുജാവിരി ബംഗ്ലാവ്'' എന്നറിയപ്പെടുന്ന സർക്കാർ വിശ്രമകേന്ദ്രം പണികഴിപ്പിച്ചിരുന്നു. യൂറോപ്യൻ ഉദ്യോഗസ്ഥർ ഇടക്കിടെ ഇവിടെ വന്നു തങ്ങിയതായി കാരണവൻമാർ ഓർക്കുന്നു. ഈ ബംഗ്ലാവ് ചുണ്ടാക്കായണിമൂട് എന്ന സ്ഥലത്താണ് സ്ഥിതിചെയ്തിരുന്നത്. കാലക്രമേണ അത് അന്യാധീനപ്പെട്ടുപോയി. എന്നാൽ ഈ സ്ഥലം ഇന്ന് മുജാവിരി എന്ന പേരുചേർത്ത് അറിയപ്പെടുന്നു.

A D 19-ാം നൂറ്റാണ്ടിൽ മാരകമായ മലമ്പനി ബാധയെതുടർന്ന് ഈ പ്രദേശത്തുപാർത്തിരുന്ന പലരും കാലയവനികയിൽ മറയുകയും മറ്റുചിലർ പാലായനം ചെയ്യുകയും ചെയ്തു. എന്നാൽ കുടപ്പനമൂട് വാർഡിലെ മുസ്ലീം, നായർ കുടുംബങ്ങൾ ദാരിദ്രത്തിലും രോഗത്തിലും ആയിട്ടും പിടിച്ചുനിന്നു. അങ്ങനെ അവർ താമസിച്ചിരുന്ന സ്ഥലം ഒഴികെ ബാക്കി ഈ പഞ്ചായത്തിന്റെ ഭാഗങ്ങൾ എല്ലാം കാടുകയറി പോക്കിടമില്ലാത്ത കുറെ കാണികുടുംബങ്ങളും അവശേഷിച്ചു. 1930-കളുടെ ആരംഭത്തിൽ ഇന്നത്തെ മായം വാർഡിൽ സാഹസികരായ മധ്യതിരുവിതാംകൂർ സുറിയാനി ക്രിസ്ത്യാനികൾ ആയ കർഷകർ കുടിയേറിപാർത്തു ഇവരിൽ പ്രധാനിയായിരുന്നു സ്വാതന്ത്ര്യസമര സേനാനികൂടിയായ ശ്രീ.പി. വി കുര്യൻ. മലമ്പനി ഇവിടെ പലരേയും കൊന്നൊടുക്കി. തൊട്ടടുത്തുള്ള റിസർവ്വു വനത്തിൽ നിന്നും ഇറങ്ങുന്ന കാട്ടാനകളും, പന്നികളും കൃഷികൾ നശിപ്പിച്ചു. കുടിയേറ്റക്കാർ പലരും പാലായനം ചെയ്തു. അവരിൽ ചിലർ 1940-കളുടെ മധ്യത്തിൽ വീറോടും വാശിയോടും കൂടെ മടങ്ങിയെത്തി. മണ്ണിനോടു മല്ലിടുന്നതു പുനരാരംഭിച്ചു. കൊയിന, പല്യൂട്രിൻ തുടങ്ങിയ മരുന്നുകൾ മലമ്പനിക്കെതിരെ ലഭ്യമായിതുടങ്ങി ഈ മരുന്നുകൾ ഉപയോഗിച്ചും കൊതുകുനാശിനിയായി D D T തളിച്ചും മലമ്പനിയിൽ നിന്ന് മോചനം നേടാൻ ഈ കർഷകർക്ക് സാധിച്ചു. ഈ കാലയളവിൽ 'ബൽജിയം' കാരനായിരുന്ന 'മുനി തുല്യനായ' റവറൻസ് ഫാദർ അധയോദാത്തൂസ് O D C എന്ന പാതിരി കാട്ടാക്കടയിൽ നിന്നും നടന്നു വന്ന് കുടിയേറ്റക്കാരെ സന്ദർശിക്കുകയും അവർക്ക് ആത്മവീര്യം പകരുകയും ചെയ്തു.

1940-കളുടെ അവസാനത്തിൽ തുടിയംകോണം വാർഡിന്റെ തെക്കേഅറ്റത്തുള്ള 'കണ്ണന്നൂർ പുരയിടം' (കണ്ണൻപിള്ളയുടെ നിവാസകേന്ദ്രം) പരേതനായ ശ്രീ. T T വർക്കി എന്ന സ്വാതന്ത്ര്യസമര സേനാനി വാങ്ങി. ഇദ്ദേഹം ഇന്നത്തെ അമ്പൂരി പഞ്ചായത്തിന്റെ മുക്കാൽ ഭാഗത്തോളം വരുന്ന അന്നത്തെ വെള്ളറട പഞ്ചായത്തിൽപ്പെട്ട കാണിക്കര വാർഡിന്റെ ആദ്യത്തെ മെമ്പർ ആയിരുന്നു. അക്കാലത്ത് കുടിയേറിപാർത്തവരിൽ ശ്രീമാൻ K J മത്തായു സാമൂഹ്യപ്രവർത്തകൻ പിൽകാലത്ത് അമ്പൂരി പഞ്ചായത്തിന്റെ ആദ്യമെമ്പർമാരിൽ ഒരാളായി. ഇന്ന് ജീവിച്ചിരിക്കുന്ന ഈ പഞ്ചായത്തിലെ മറെറാരു സ്വാതന്ത്ര്യസമര സേനാനി കുടപ്പനമൂട് വാർഡിൽ ചുണ്ടാക്കയണിമൂട്ടിൽ ശ്രീ. M. മൈതീൻപിള്ളയാണ്.

കാണിപ്പറ് എന്ന സർക്കാർ ഭൂമിയുടെ കൈയേറ്റം അന്നത്തെ സർക്കാർ ഗൗരവമായി വീക്ഷിച്ചു. അന്നത്തെ കോൺഗ്രസ് നേതാക്കളുടെ നേതൃത്വത്തിലുള്ള കർഷകരുടെ സമരഫലമായി കാണിപ്പറിന്റെ അധികഭോഗവും കർഷകർക്ക് 12 വർഷത്തേക്ക് കുത്തകപ്പാട്ടമായിലഭിച്ചു. എന്നാൽ ഹ്രസ്വകാലവിളകും മാത്രമേ കൃഷി ചെയ്യാൻ അനുവദിച്ചിരുന്നുള്ളൂ. ഇന്നത്തെ മായം വാർഡിലെ കർഷകർ മറെറാരു വൻഭീഷണിക്കെതിരേ സമരത്തിനിറങ്ങിത്തിരിച്ചു, നെയ്യാർഡാമിന്റെ നിർമ്മാണ തീരുമാനമായിരുന്നു അത്. ഏതാണ്ട് അൻപതോളംകർഷകർ തങ്ങളുടെ കൃഷിഭൂമി വെള്ളത്തിൽ മുങ്ങുന്നത് കണ്ണീരോടെ നോക്കികണ്ടു. കുടിയിറക്കപ്പെട്ട അവർ പലവാതിലുകളിലും മുട്ടിയെങ്കിലും കാര്യമായ പ്രയോജനം ഒന്നുമുണ്ടായില്ല. ഈ അണക്കെട്ടിന്റെ നിർമ്മാണം മൂലം ഏതാണ്ട് മൂന്നു ചതുരശ്രകിലോ മീറ്ററോളം വരുന്ന 'ഇരുപ്പു' നെൽപ്പാടം വെള്ളത്തിനടിയിലായി. തല തിരിഞ്ഞ ആസൂത്രണത്തിന്റെ ഉത്തമ ഉദാഹരണമാണ് ആർക്കും കാര്യമായ പ്രയോജനമൊന്നും ഇല്ലാതെ ഒരു നോക്കുകുത്തിപോലെ നിലകൊള്ളുന്ന നെയ്യാർഡാം. ആസൂത്രണം മുകളിൽ നിന്ന് താഴെക്ക് അടിച്ചേൽപിച്ചതിന്റെ സ്ഥായിയായ ഉദാഹരണമാണ് കോടികണ്ണു മുടക്കിയ ഈ അണക്കെട്ട്.

1950-കളുടെ ആദ്യഘട്ടത്തിൽ അഫ്വിജിത കമ്മ്യൂണിസ്റ്റു പാർട്ടി കർഷക സംഘടനയുണ്ടാക്കി. ''കൃഷി ഭൂമി കർഷകന്'' എന്ന മുദ്രാവാക്യവും ഉയർത്തി അരയും തലയും മുറുക്കി സമരത്തിനിറങ്ങി. പരേതരായ ഒററശേഖരമംഗലം ജനാർദ്ദനൻ നായർ. അവണാകുഴി സദാശിവൻ (പിൽക്കാലത്തെ MLAമാർ) ഈസമരത്തിന്റെ പ്രധാന നേതാക്കളായിരുന്നു. ആദ്യത്തെ E.M.S. മന്ത്രിസഭ അഞ്ചേക്കർ വരെ ഉള്ള കൃഷിഭൂമികും നിസാരനിരക്കിൽ തടിവില.തറവില എന്നിവ കെട്ടിവക്കുന്ന കർഷകർക്ക് പതിച്ചു കൊടുത്ത് പട്ടയം നൽകാൻ ആരംഭിച്ചു. തുടർന്നു വന്ന R. ശങ്കർമന്ത്രിസഭ ഈ പ്രക്രിയ പൂർത്തിയാക്കി.

ഭൂപരിഷ്ക്കരണ നിയമപ്രകാരം മിച്ചഭൂമി ഈ പഞ്ചായത്തിൽ ഒരു കുടുംബത്തിനു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശ്രീമാൻ 'K.R. ഇലക്കത്ത്' എന്ന മുൻമന്ത്രിയുടെ കുടുംബക്കാരായിരുന്നു ഇതിന്റെ ജന്മികൻ അതിന്റെ പ്രധാന ഉടമയായിരുന്ന പരേതനായ ശ്രീമാൻ K.P. നീലകണ്ഠപ്പിള്ള എന്ന കോൺഗ്രസ് നേതാവ് സമരങ്ങൾക്കൊന്നും ഇട നൽകാതെ പറക്കേണം എന്ന പുരയിടത്തിലെ മിച്ചഭൂമി മുഴുവൻ ഗവൺമെന്റിനെ ഏല്പിച്ചു. തുടർന്ന് ഏതാനും പട്ടികജാതി കുടുംബങ്ങൾക്ക് ഈ ഭൂമി വീതിച്ചു നൽകി.

അമ്പൂരി, മായം പ്രദേശങ്ങളിൽ കുടിയേറിയിരുന്ന മധ്യതിരുവിതാംകൂർ കത്തോലിക്കാകുടുംബങ്ങൾ അവരുടെ പുരോഹിതരുടെ നേതൃത്വത്തിൽ എല്ലാവരേയും സഹകരിപ്പിച്ചുകൊണ്ട് ശ്രമദാനം മാത്രം മുതൽ മുടക്കി വികസന പ്രക്രിയ ആരംഭിച്ചു. റോഡ്, പള്ളിക്കൂടങ്ങൾ, ആശുപത്രികൾ, പള്ളികൾ തുടങ്ങിയവ നിലവിൽ വന്നു. ഈ പഞ്ചായത്തിലെ ആദ്യത്തേതും ഇന്നും ഒന്നുമാത്രമായതുമായ S T. തോമസ് ഹൈസ്ക്കൂൾ സ്ഥാപിച്ചത് റവ ഫാ: ജോസഫ് മാലിപ്പറമ്പിൽ എന്ന പുരോഹിതന്റെ നേതൃത്വത്തിലാണ് ഈ കാലയളവിൽ തിരുവനന്തപുരം ജില്ലയുടെ പലഭാഗങ്ങളിൽ നിന്നും ധാരാളം നാടാർ ഈഴവ കുടുംബങ്ങൾ ഇവിടെ കുടിയേറിപ്പാർത്തു. ഇന്ന് കൃഷിയിടങ്ങളുടെ ഉടമസ്ഥതയിലും ജനസംഖ്യയിലും ഇവരുടെ സ്ഥാനം മുൻപന്തിയിൽ തന്നെയാണ്.

1975-1976-ൽ പഞ്ചായത്തുകൾ പുനസംഘടിപ്പിച്ചപ്പോൾ വെള്ളറട പഞ്ചായത്തിന്റെ കാണിക്കരവാർഡിന്റെ മുക്കാൽഭാഗവും കളളിക്കാട് പഞ്ചായത്തിലെ കിഴക്കേ വാർഡിലെ ചില ഭാഗങ്ങളും ചേർത്ത് അമ്പൂരി പഞ്ചായത്ത് രൂപീകരിച്ചു. ഈ പഞ്ചായത്തിന്റെ അന്നത്തെ മെമ്പറന്മാർ താഴെ പറയുന്നവരാണ്.

ശ്രീ. പി. വി. വർഗീസ്	—	പ്രസിഡന്റ്
,, എ. എം. ബഷീർ	—	വൈ.പ്രസിഡന്റ്
,, കെ. ജെ. മാത്യു	—	മെമ്പർ
ഇ എം. മാത്യു	—	
,, എ. ഷാഹുൽഹമീദ്	—	
,, ജി. വേലപ്പൻ	—	
,, തങ്കപ്പൻകാണി	—	
,, പി. സി. തോമസ്	—	
ശ്രീമതി, ഏലിക്കുട്ടി തോമസ്	—	

റൂറൽ ഡവലപ്പ്മെന്റ് ബോർഡ് വാഴിച്ചലിൽ പണിതിരുന്ന വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിന്റെ കടം കുടുംബസ്വത്തായിക്കിട്ടി. കടത്തിൽ വളർന്ന് വികസനത്തിന്റെ വെല്ലുവിളികൾ സ്വീകരിച്ചുകൊണ്ട്

Reduced to 75%

FIG II

തളരാതെ പോരാടാൻ ഈ പഞ്ചായത്തിന് കഴിഞ്ഞു. കഴിഞ്ഞകാലങ്ങളിൽ ഈ പഞ്ചായത്തിനു വേണ്ടി പ്രവർത്തിച്ച മെമ്പർമാരെ കൃതജ്ഞതയോടെ ഓർക്കാം. ഇന്നും സ്വതന്ത്രമായ വരുമാനമാർഗ്ഗങ്ങളുടെ അപര്യാപ്തതയിൽ വികസന മേഖലയിൽ ആഗ്രഹങ്ങളേറെ വച്ചു പുലർത്തുന്ന ഒരു പഞ്ചായത്താണിത്.

1991-ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 49.47 ചതുരശ്രകിലോമീറ്ററാണ് ഈ പഞ്ചായത്തിന്റെ ഭൂവിസ്തൃതി. എന്നാൽ ഈ അളവ് ശരിയല്ല എന്നതും വിസ്തൃതി 68.04 ചതുരശ്ര കിലോമീറ്ററാണെന്നതും പഞ്ചായത്തിന്റെ ചില രേഖകളിൽ കാണുന്നു. പഞ്ചായത്തിലൂടെ തലങ്ങും വിലങ്ങും നടന്ന് പഠനം നടത്തിയവരുടെ നേതാവായ ശ്രീ. പോൾസ്റ്റീഫൻ അലക്സാണ്ടർ വരച്ച ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിന്റെ വിസ്തൃതി 56 ച.കി. മീറ്റർ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. സിവിൽ എഞ്ചിനീയറിംഗിലും സർവ്വെയിലും കാര്യമായ പരിജ്ഞാനം ഉള്ള ആളാണ് ശ്രീ. പോൾസ്റ്റീഫൻഅലക്സാണ്ടർ.

ഈ പഞ്ചായത്തിൽ കർഷക സംഘടനകളും തുടക്കത്തിലേ ഉണ്ടായിരുന്നുവെങ്കിലും ട്രേഡ്'യൂണിയനുകളുടെ രംഗപ്രവേശം 1960-കളുടെ മധ്യഘട്ടത്തിലാണ്. ചെറുകിട റബർത്തോട്ടങ്ങളിലെ തൊഴിലാളികളുടെ യൂണിയനുകളാണ് ആദ്യമുണ്ടായത്. എടുത്തുപറയത്തക്ക മറ്റൊന്ന് തുടർന്നുണ്ടായ ചുമട്ടുതൊഴിലാളി യൂണിയനുകളുടെ ആവിർഭാവമാണ്. ഇത്തരം സംഘടനകളുടെ പ്രവർത്തനഫലമായി കർഷകത്തൊഴിലാളികളുടെ ജീവിത നിലവാരം വളരെയധികം മെച്ചപ്പെട്ടു. നഗരങ്ങളൊഴിച്ചാൽ ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്നവരാണ് ഈ പഞ്ചായത്തിലെ വിവിധതുറയിലുള്ള തൊഴിലാളികൾ. വർദ്ധിച്ച വേതനനിരക്കിനോടൊത്ത്, ഉൽപാദനക്ഷമത കൂടിയിട്ടില്ല എന്നത് കാർഷികരംഗത്തെ പ്രത്യേകിച്ചും ഹ്രസ്വകാലവിളവുകളെ സാരമായി ബാധിച്ചുവെന്ന് കർഷകർ അഭിപ്രായപ്പെടുന്നു. എന്നാൽ റബർ ഉൽപാദനരംഗത്ത് വളർച്ച കൈവരിക്കാൻ കഴിഞ്ഞു എന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്.

സഹകരണരംഗത്ത് ആദ്യത്തെ കാലുന്നലും 1960-കളുടെ മധ്യഘട്ടത്തിലാണ്. ആദ്യമായി രജിസ്റ്റർ ചെയ്യുന്ന സഹകരണ സ്ഥാപനം ''അമ്പൂരി സർവ്വീസ് സഹകരണ ബാങ്ക്'' ആണ്. 1965ൽ രജിസ്റ്റർ ചെയ്ത ഈ സംഘം കർഷകർക്ക് ഇന്നും താങ്ങും തണലുമായി നിലകൊള്ളുന്നു. തുടർന്ന് പാൽ വിപണന രംഗത്തും മറ്റുമായി കാഷ്യൂരോത്പാദക സഹകരണ സംഘങ്ങളും നിലവിൽ വന്നു. ഇതോടൊപ്പംതന്നെ ക്രഡിറ്റ് സൗകര്യമുള്ള മറ്റ് മൂന്ന് സഹകരണ സംഘങ്ങളും പ്രവർത്തനമാരംഭിച്ചു.

ഗൾഫിലേക്കുള്ള അഭ്യസ്തവിദ്യരും വിദഗ്ധതൊഴിലാളികളുമായ ചെറുപ്പക്കാരുടെ തൊഴിലന്വേഷണയാത്ര ആരംഭിക്കുന്നത് 1960-കളുടെ മധ്യഘട്ടത്തിലാണ്. ഏതാണ്ട് 350 പേർ ഇന്ന് ഗൾഫ്, അമേരിക്ക, ജർമ്മനി തുടങ്ങിയ വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നു. ഇവർ പ്രതിമാസം 2500000രൂപ ഈ പഞ്ചായത്തിലെ രണ്ടു ഷെഡ്യൂൾഡ് ബാങ്കുകൾ വഴി എത്തിക്കുന്നു.

ഇപ്പോൾ നിലവിലിരിക്കുന്ന മെമ്പർമാരുടെ പേരും അവർ പ്രതിനിധികരിക്കുന്ന വാർഡും. ജനകീയ ആസൂത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾക്കുവേണ്ടി ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റിസോഴ്സ് പേഴ്സൻമാരുടെ പേരും ചുവടെ ചേർക്കുന്നു.

I	കുടപ്പനമൂട്	ശ്രീ. എ. ഷാഹുൽഹമീദ്
II	തുടിയംകോണം	പി. എ എബ്രഹാം
III	കുട്ടമല(വനിത)	ശ്രീമതി. ലതാജോസഫ്
IV	മായം (പട്ടികജാതി)	ശ്രീ പി. രാജു
V	അമ്പൂരി (വനിത)	ശ്രീമതി. ലൂസിമാണിക്കുട്ടി
VI	തൊടുമല (വനിത)	,, ത്രേസ്യാമ്മആന്റണി
VII	കൂട്ടപ്പു	ശ്രീ. പി. സി. തോമസ്
VIII	തേക്കുപാറ	എൻ. ജെ. ജോസഫ്
IX	കണ്ടംതിട്ട	കെ. ആൽബർട്ട്

റിസോഴ്സ് പേഴ്സൻമാർ

ശ്രീ. ജോൺതെങ്ങനാമണ്ണിൽ (കൺവീനർ)
ജോസ്ജോസഫ്

ശ്രീ. പോൾസ്റ്റീഫൻ അലക്സാണ്ടർ
വി. എസ്. സനൽകുമാർ

ആസൂത്രണ വികേന്ദ്രീകരണത്തിലൂടെ ഈ പഞ്ചായത്തിന്റെ സമഗ്രവികസനം സാധ്യമാകുകയാണ് ഈ നാട്ടുകാർ. ഇതൊരു യാഥാർത്ഥ്യമായി മാറുവാൻ ഒരുങ്ങുന്ന ഈ പഞ്ചായത്ത് നിവാസികളുടെ നേട്ടം ഭാവിതലമുറ വിലയിരുത്തട്ടെ!

ഭൂപ്രകൃതിയും വിഭവങ്ങളും

ഇൻഡ്യയുടെ വെസ്റ്റേൺഗട്ട്സ് എന്നറിയപ്പെടുന്ന അഗസ്ത്യകൂട പർവ്വതത്തിന്റെ താഴ്വരകളിലുള്ള മലമടക്കുകളിലാണ് അമ്പൂരി ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. ആകെ വിസ്തൃതി 56 ച. കി. മീറ്ററാണ്. ഇതിൽ 49 ച. കി. മീറ്ററിൽ മാത്രമാണ് ജനങ്ങൾ അധിവസിക്കുന്നത്. 7 ച. കി. സ്ഥലം നെയ്യാറിൽ അണക്കെട്ടുയർന്നതോടുകൂടി വെള്ളത്തിൽ മുങ്ങിപ്പോയി. അന്ന് ഇവിടെ പാർത്തിരുന്ന 50 കുടുംബങ്ങൾ കുടിയിറക്കപ്പെട്ടു.

ഭൂപ്രകൃതി അനുസരിച്ച് ഈ പഞ്ചായത്തിനെ മൂന്നു മേഖലകളായി തരംതിരിക്കാം.

1. ഉയർന്ന സമതലം.
2. ചരിവ് പ്രദേശങ്ങൾ.
3. താഴ്വരകൾ

ഇവയിൽ ഓരോന്നിന്റേയും വിസ്തൃതി താഴെപട്ടികയിൽ കൊടുത്തിരിക്കുന്നു.

പട്ടിക—1

തരം		വിസ്തീർണ്ണം	ശതമാനം
1. ഉയർന്ന ലാറ്ററൈറ്റ് സമതലങ്ങൾ			
	മണ്ണില്ലാത്ത ഭാഗം	8.8 ച.കി.മീ.	18
	നേരിയ മൺപാളിയുള്ള ഭാഗം	1 ച.കി.മീ.	2.02
2. ചരിവ് പ്രദേശങ്ങൾ			
	പെരുചരിവ്	15 ച.കി.മീ.	30.61
	ഇടത്തരം ചരിവ്	10 ച.കി.മീ.	20.41
	കുത്തനെയുള്ള ചരിവ്	11 ച.കി.മീ.	22.44
3. താഴ്വരകൾ		3.2 ച.കി.മീ.	6.53
	ആകെ —	49.00 ച.കി.മീ.	100.00

ഉയർന്ന ലാറ്ററൈറ്റ് സമതലങ്ങൾ

മൊത്തം വിസ്തീർണ്ണത്തിന്റെ 20 % വരുന്ന ഈ സമതലമാണ് അമ്പൂരി ഗ്രാമപഞ്ചായത്തിലെ ഏറ്റവും ഉയർന്ന പ്രദേശം. സമുദ്രനിരപ്പിൽ നിന്നും 40 മുതൽ 120 മീറ്റർ വരെ ഉയരത്തിലാണിതു സ്ഥിതി ചെയ്യുന്നത്. ഇത് ഈ പഞ്ചായത്തിലെ 6-ാം വാർഡായ തൊടുമലയിലാണ്. ഈ പ്രദേശത്തെ പ്രധാനമായും രണ്ടായി തരം തിരിക്കാം.

(i) തെളിഞ്ഞ പാറക്കെട്ടുകൾ

(ii) പേരിനുമാത്രം അങ്ങുമിങ്ങും മണ്ണുള്ള പാറക്കെട്ടുകൾ

ഈ പ്രദേശങ്ങളിൽ കുറ്റിച്ചെടികൾ വളരുന്നുണ്ടെങ്കിലും മഴക്കാലങ്ങളിൽ മുളച്ചു പൊങ്ങുന്ന പുല്ലുകളാണ് അധികവും വളരുന്നത്.

ചരിവുകൾ

ഈ പഞ്ചായത്തിന്റെ ആകെ വിസ്തൃതിയിൽ 73.5% വരുന്ന പ്രദേശമാണിത്. നെല്ലിക്കാമല, കുരിശുമല, തൊടുമല വാർഡിലെ ഭൂരിഭാഗം സ്ഥലങ്ങളും എന്നിവിടങ്ങളിലാണ് കുത്തനെയുള്ള ചരിവുകളും അധികവും സ്ഥിതി ചെയ്യുന്നത്. ഇവിടെ, ചരൽ കലർന്ന മണ്ണാണധികവും. ഭൂമിയുടെ ഉപരിതലങ്ങളിൽ മാത്രമേ അനുയോജ്യമായ മണ്ണു കാണുന്നുള്ളൂ. ഇവിടങ്ങളിൽ പൊതുവെ ജലക്ഷാമം അനുഭവപ്പെടുന്നു. മരച്ചീനി, വാഴ, തെങ്ങ്, കുരുമുളക്, റബ്ബർ തുടങ്ങിയവയാണിവിടെ കൃഷി ചെയ്യുന്നത്.

കിഴക്കുനിന്നും പടിഞ്ഞാറോട്ടാണ് ചരിവ് കൂടുതലെങ്കിലും, പടിഞ്ഞാറുനിന്നും കിഴക്കോട്ടും വടക്കുനിന്നും തെക്കോട്ടും ചരിവുകളുള്ള ഭൂപ്രദേശമാണിത്. സമുദ്ര നിരപ്പിൽനിന്നും 80 മീറ്റർ വരെ ഉയരമുള്ള മൂന്നു മലയിടുക്കുകളും കയറിയിറങ്ങി വേണം ഈ പഞ്ചായത്തിൽ എത്തുവാൻ.

രണ്ടു മീറ്റർ മുതൽ 35 മീറ്റർ വരെ താഴ്ചയിൽ തട്ടുപാറകളാണ്. ഈ പ്രത്യേകതകൊണ്ട് അമ്പൂരി ഗ്രാമപഞ്ചായത്തിലെ പല ഭാഗങ്ങളിലും ഉരുൾ പൊട്ടലുകളും അനുഭവപ്പെടുന്നു.

താഴ്വരകൾ

6.5% മാത്രമാണ് ഇവിടെയുള്ള താഴ്വര പ്രദേശങ്ങൾ. ഇതിൽ അധികവും അമ്പൂരി, കുടപ്പന-മൂട്, കൂട്ടപ്പു, തേക്കുപ്പാറ എന്നീ വാർഡുകളിലാണുള്ളത്. പീഠഭൂമിയിൽ നിന്നും നിർഗ്ഗമിക്കുന്ന മൂന്നു തോടുകളും ഈ പ്രദേശത്തുകൂടി ഒഴുകുന്നു. മണൽ കലർന്ന ലാറ്ററൈറ്റ് പ്രദേശമാണിതിൽ കൂടുതലും.

കാലാവസ്ഥ

20° മുതൽ 34° വരെ സെൽഷ്യസാണ് ഈ പ്രദേശത്തിന്റെ അന്തരീക്ഷ ഊഷ്മാവ്. വർഷത്തിൽ അധികമാസവും 26° സെൽഷ്യസ് ഊഷ്മാവാണനുഭവപ്പെടുന്നത്. ഏറ്റവും ചൂടുകൂടിയ മാസങ്ങളും ഏപ്രിൽ, മെയ് മാസങ്ങളാണ്. ഡിസംബർ, ജനുവരി മാസങ്ങളിൽ താരതമ്യേന തണുപ്പു കൂടുതലാണ്. മൊത്തത്തിൽപ്പറഞ്ഞാൽ മിതമായ ശീതോഷ്ണമേഖലയാണിവിടം.

കാലാവസ്ഥയും, ഭൂപ്രകൃതിയും വച്ചു നോക്കുമ്പോൾ നല്ലൊരു ടൂറിസ്റ്റ് കേന്ദ്രത്തിനു പറ്റിയ ചുറ്റുപാടുകളും ഇവിടെയുണ്ട്. സംസ്ഥാനത്ത് പ്രധാന ടൂറിസ്റ്റ് റോഡായി അംഗീകരിച്ചിട്ടുള്ള നെയ്യാർഡാം—പേച്ചിപ്പാറ റോഡ് കടന്നു പോകുന്നത് അമ്പൂരി പഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടിയാണ്. എന്നാൽ അതിന്റെ പ്രാധാന്യത്തിനനുസരിച്ച വികസനം നാളിതുവരെ ഈ റോഡിനുണ്ടായിട്ടില്ല. അംബര ചുംബികളായ കൊണ്ടകെട്ടി, ദിവ്യപ്പാറ, കൂന്നത്തുമല, കുരിശുമല എന്നിവയെ പരസ്പരം ബന്ധിപ്പിച്ച് ഒരു ''റോപ്പ്വേ'' നിർമ്മിക്കുമെങ്കിൽ ലോകത്തിലെ തന്നെ ആകർഷണീയമായ ഒരു ടൂറിസ്റ്റ് മേഖലയായി ഈ പ്രദേശം വളർന്നു വരുമെന്നുള്ളതിൽ ലവലേശം പോലും സംശയിക്കേണ്ട കാര്യമില്ല.

ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷവും, ഒക്ടോബർ, നവംബർ മാസങ്ങളിൽ തുലാവർഷവും ലഭിക്കുന്നു. പരിസ്ഥിതിയിൽ ഉണ്ടാകുന്ന മാറ്റങ്ങളും കാലാവസ്ഥയെ സാരമായി ബാധിക്കുന്നതിനാൽ ഇടമഴകളും ഇപ്പോൾ കുറവാണ്.

ജലലഭ്യത

കിഴക്കുനിന്നും പടിഞ്ഞാറോട്ടൊഴുക്കുന്ന രണ്ടു വലിയ തോടുകളും, തുടക്കത്തിൽ കിഴക്കു-തെക്കായി ഒഴുകി, പിന്നീട് പടിഞ്ഞാറോട്ടു ഗതിമാറിയൊഴുകുന്ന മറ്റൊരു തോടും ഇവിടെയുണ്ട്.

മൂന്നു തോടുകളിലും കൂടി ഏകദേശം 24000 ക്യൂബിക്ക് മീറ്റർ ജലമാണൊഴുകുന്നത്. നെയ്യാർ ജല സംഭരണിയുടെ ചിലഭാഗങ്ങളും, 7 കുളങ്ങളുമാണ് ഇവിടെയുള്ള മറ്റു ജലസമ്പത്തുകൾ. ഇവ കൂടാതെ കരിപ്പയാർ, വളളിയാർ, മുല്ലയാർ, കല്പാർ എന്നീ ആറുകളും ഈ പഞ്ചായത്തിലൂടെയൊഴുകി നെയ്യാറിൽ പതിക്കുന്നു.

നെയ്യാർ ജലസംഭരണി

ഏഴു ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലും, പത്തു മീറ്ററോളം ആഴത്തിലുമാണ് ഈ ജലസംഭരണി. എന്നാൽ ഇതിൽ സംഭരിച്ചിട്ടുള്ള ജലംകൊണ്ട് ഈ പഞ്ചായത്തിന് പ്രത്യേകിച്ച് യാതൊരുപയോഗവും ഇല്ലെന്നു മാത്രമല്ല; വർഷകാലങ്ങളിലും മറ്റും ധാരാളം നാശനഷ്ടങ്ങളും വരുത്തുന്നുമുണ്ട്.

കുളങ്ങൾ

പ്രധാനമായും 7 കുളങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്.

1. കുടപ്പനമൂട് മാമ്പാറക്കുളം
2. ചൂണ്ടയ്ക്കായണിമൂട് കുളം
3. അമ്പൂരിക്കുളം
4. തിണ്ടാങ്കടവ് കുളം
5. പുരവിമലക്കുളം
6. കൂട്ടപ്പുക്കുളം
7. തെന്മലക്കുളം

1. കുടപ്പനമൂട് മാമ്പാറക്കുളം

കുടപ്പനമൂട്ടിലുള്ള ധാരാളമാളുകൾ കുളിക്കുകയും, തുണി അലക്കുകയും ചെയ്യുന്ന ഈ കുളത്തിന് 20 മീറ്റർ നീളവും 15 മീറ്റർ വീതിയുമുണ്ട്. എന്നാൽ കന്നുകാലികളെ കുളിപ്പിക്കുവാനാണ് ഈ കുളം ഇപ്പോഴും പലരും ഉപയോഗിക്കുന്നത്. ഒപ്പം മത്സ്യം വളർത്തുന്നതിനും ഈ കുളം നല്കിയിരിക്കുന്നു. അതിനാൽ അശുദ്ധജലസംഭരണിയായി മാറിയിരിക്കുന്ന ഈ കുളത്തിൽ കുളിക്കുന്നവർക്ക് പലതരത്തിലുള്ള തൊക്ക് രോഗങ്ങളും ബാധിക്കുന്നു. റോഡിൽനിന്നും 10 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ കുളത്തിൽ ഒരിക്കലും വെള്ളം വറ്റാറില്ല. വേനൽക്കാലത്തുപോലും ഇതിലെ ജലനിരപ്പ് 3 മീറ്ററിൽ താഴാറില്ല. എന്നാൽ കൃഷിക്കുപോലും ഈ ജലം ഉപയോഗിക്കാനാവാത്ത വിധത്തിൽ മത്സ്യ കൃഷിക്കാർ കുളത്തിന്റെ തൂമ്പ് അടച്ചിരിക്കുകയാണ് 1982-83 ലെ കൊടുംവരൾച്ചയെ നേരിടുവാൻ വേണ്ടി പെരുങ്കടവിള വികസനബ്ലോക്കിന്റെ മേൽനോട്ടത്തിൽ ഈ കുളത്തിന്റെ ഒരു ഭാഗത്ത് ഒരു കിണർ കുഴിച്ചു. ഇതും ഇപ്പോഴും ഉപയോഗശൂന്യമാണ്. ഈ കുളം പ്രയോജനപ്രദമാക്കി മാറ്റിയാൽ 40-ൽപരം കുടുംബങ്ങൾക്ക് ശുദ്ധജല വിതരണം നടത്തുവാനും പ്രാദേശിക കൃഷിയിടങ്ങളിൽ നനവേകാനും കഴിയുന്നതാണ്.

2. ചൂണ്ടയ്ക്കായണിമൂട് കുളം

20 മീറ്റർ നീളവും, 15 മീറ്റർ വീതിയുമുള്ള ഈ കുളത്തിന്റെ അടിത്തട്ട് പാറകെട്ടുകളുള്ളതായതിനാൽ വേനൽക്കാലത്ത് ജലം ലഭ്യമല്ല. നന്നാക്കിയിട്ടും ഈ ദുരവസ്ഥ മാറ്റമില്ലാതെ തുടരുന്നതിനാൽ ഈ കുളം താഴ്ത്തിയാലും വലിയ പ്രയോജനസാദ്ധ്യതയില്ല. വിദഗ്ദ്ധമായ രീതിയിൽ ഈ കുളം പുനരുദ്ധരിച്ചാലേ ഉപയോഗയോഗ്യമാക്കാൻ സാധിക്കൂ.

3. അമ്പൂരിക്കുളം

അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തു സ്ഥിതി ചെയ്യുന്ന ഈ കുളത്തിന് 20 മീറ്റർ നീളവും, 13 മീറ്റർ വീതിയുമുണ്ട്. ആദ്യകാലം മുതലേ ഉണ്ടായിരുന്ന ഈ കുളം കുളിക്കുന്നതിനും വസ്ത്രമലക്കുന്നതിനും മാത്രമല്ല ജലസേചനത്തിനും വളരെ ഉപകാരപ്രദമായിരുന്നു. ഇന്നുള്ള ഒരേ ഒരുപയോഗം മത്സ്യകൃഷി മാത്രമാണ്. പാടങ്ങളിലേക്കു വെള്ളം കൊണ്ടുപോകുന്നതിനായി ലക്ഷങ്ങൾ മുടക്കി തയ്യാറാക്കിയ കൈത്തോട് ഉപയോഗപ്രദമല്ല. കാരണം, വയലുകളുടെ നിരപ്പിൽ നിന്നും താഴെയാണിതു സ്ഥിതി ചെയ്യുന്നത്. അതിനാൽ പാടശേഖരങ്ങളിലെ ജലം വാർന്ന് കൈത്തോട്ടിലിറങ്ങുന്നു. അങ്ങനെ ഉള്ള ജലവും നഷ്ടപ്പെടുന്നതിനാൽ പാടങ്ങൾ വറ്റി വരളുന്നു. നെൽക്കൃഷിനടത്തിയിരുന്ന കർഷകർ ഇപ്പോൾ ജല ദൗർലഭ്യം കാരണം വാഴ, കപ്പ, ഇഞ്ചി, തെങ്ങ് തുടങ്ങിയവ കൃഷി ചെയ്യുന്നു. അടിത്തട്ടിൽ 2 മീറ്ററോളം ചെളിയും, മലിനജലം നിറഞ്ഞതുമായ ഈ കുളം, പാളിച്ച പറ്റാത്ത പദ്ധതിയാവിഷ്കരിച്ച് പുതുക്കിപ്പണിയുമെങ്കിൽ ശുദ്ധജല വിതരണത്തിനും കൃഷിക്കും ഉപയുക്തമാക്കിത്തീർക്കാമെന്നുള്ള കാര്യത്തിൽ തെല്ലും സംശയത്തിനിടയില്ല.

4. തീണ്ടാംകടവ്കുളം

ഇപ്പോൾ ഉപയോഗ യോഗ്യമല്ലാത്ത ഈ കുളത്തിന് 18 മീറ്റർ നീളവും 13 മീറ്റർ വീതിയുമുണ്ട്. അടിത്തട്ട് പാറയായ ഈ കുളത്തിൽ മുകളിൽ നിന്നും ജലം ഒഴുകിയെത്തുന്നുണ്ട്. എന്നാൽ തടയണി വഴി വെള്ളം ചോർന്നു പോകുന്നു. ഈ ജലം തടഞ്ഞുനിറുത്തി ഉപയോഗിച്ചാൽ നാല്പത്തിയഞ്ചോളം ഗിരിജൻ കുടുംബങ്ങൾക്ക് കുടിവെള്ളത്തിനും, നിത്യോപയോഗാവശ്യങ്ങൾക്കും ഉപകരിക്കുന്നതാണ്.

5. പുരവിമലക്കുളം

പുരവിമല മൂട്ടുകാണി ആയിരുന്ന ഇരയിമ്മൻ കാണി പഞ്ചായത്തിനു നല്കിയ 50 സെന്റ് സ്ഥലത്താണ് ഈ കുളം കുഴിച്ചിരിക്കുന്നത്. ആദിവാസികളുടെ ആവശ്യങ്ങൾക്കായി പണികഴിപ്പിച്ച ഈ കുളത്തിൽ വെള്ളം തങ്ങിനിൽക്കുന്നില്ല അടിത്തട്ടിൽ കൂടുതലും പാറക്കെട്ടുകളാണ്. വ്യക്തമായ പ്ലാനിംഗ്ങ്ങോടെ ഈ കുളത്തിൽ വെള്ളം തങ്ങിനിർത്താൻ ശ്രമിക്കേണ്ടതാണ്.

6. കൂട്ടപ്പുക്കുളം

ഈ കുളത്തിന് 18 മീറ്റർ നീളവും 10 മീറ്റർ വീതിയുമുണ്ട്. കിഴക്കാം തൂക്കായ ഒരു പ്രദേശത്തിന്റെ അടിഭാഗത്താണീ കുളം സ്ഥിതി ചെയ്യുന്നത്. പലതരത്തിലുള്ള ജലസസ്യങ്ങളും ഇതിൽ വളർന്നു കിടക്കുന്നു. എന്നാൽ നന്നാക്കിയെടുത്താൽ മുപ്പതോളം കുടുംബങ്ങളുടെ ജലക്ഷാമത്തിന് ഇത് പരിഹാരമായിത്തീരും.

7. തെന്മലകുളം

ഈ കുളവും വ്യക്തമായ പ്ലാനിംഗ്ങ്ങോടെ പുനരുദ്ധരിക്കാൻ ശ്രമിക്കേണ്ടതാണ്. ആദിവാസികളുടെ കുടിവെള്ളക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാനും കൃഷിക്കുപയുക്തമാക്കുവാനും ഈ കുളംകൊണ്ട് സാധിക്കും.

ഉറവകൾ

1. നെല്ലിയ്ക്കാമല

സമുദ്രനിരപ്പിൽ നിന്നും 110 മീറ്റർ ഉയരത്തിൽ നെല്ലിയ്ക്കാമലയുടെ മുകൾഭാഗത്ത് ഒരു വലിയ നീരുറവയുണ്ട്. ഒരു സ്വകാര്യവ്യക്തിയുടെ വസ്തുവിൽ നിന്നാണിതിന്റെ ഉത്ഭവം. ഇപ്പോൾ 50-ൽപ്പരം കുടുംബങ്ങൾ ഇതിനെ ആശ്രയിച്ചു കഴിയുന്നു. ഈ ജല സ്രോതസ് പഞ്ചായത്ത്

ഏറെടുത്ത് ഒരു ജലസംഭരണി തീർക്കുകയാണെങ്കിൽ വൈദ്യുതി ഉപയോഗിക്കാതെ തന്നെ ഈ പഞ്ചായത്തിലെ കുടപ്പനമൂട്, തുടിയംകോണം തുടങ്ങിയ സ്ഥലങ്ങളിൽ പൈപ്പ് ഉപയോഗിച്ച് ശുദ്ധജലവിതരണം നടത്തുന്നതിനു കഴിയും.

2. ഞവരയ്ക്കാട്

ഒരു സ്വകാര്യവ്യക്തിയുടെ പുരയിടത്തിലാണ് ഞവരയ്ക്കാട് നീരുറവ. 16 ച. മീറ്റർ വിസ്തീർണ്ണമുള്ള ഒരു കുളമാക്കി മാറ്റിയിരിക്കുന്ന ഈ നീരുറവയിൽ നിന്നും നാൽപതോളം കുടുംബങ്ങൾ അവരുടെ എല്ലാ ആവശ്യങ്ങൾക്കും ജലം ഉപയോഗിക്കുന്നു. ചെറിയ ഹോസ്സുകൾ ഉപയോഗിച്ചാണ് വെള്ളം കൊണ്ടുപോകുന്നത്. സമുദ്രനിരപ്പിൽ നിന്നും 100 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഈ നീരുറവ പഞ്ചായത്ത് ഏറെടുത്ത് വേണ്ടവിധം സംരക്ഷിച്ചാൽ ഈ പ്രദേശത്തുള്ള മിക്കവാറും കുടുംബങ്ങളുടെ ജലത്തിന്റെ ആവശ്യത്തിനു പരിഹാരം കാണാനാവുന്നതാണ്.

ഈ നീരുറവയിൽ നിന്നും 100 മീറ്റർ മാറി മറ്റൊരു നീരുറവയുണ്ട്. ഇതിൽനിന്നും 35-ൽപ്പരം കുടുംബങ്ങൾ ഹോസ്സുകൾ വഴി ജലം കൊണ്ടുപോയി ഉപയോഗിക്കുന്നു. ഇതും നന്നാക്കി ഉപയോഗപ്രദമാക്കുമെങ്കിൽ നൂറോളം കുടുംബങ്ങളുടെ എല്ലാ ആവശ്യങ്ങൾക്കും ഇതിലെ ജലം ഉപയോഗിക്കുവാൻ കഴിയും.

3. പൂച്ചമുക്ക്—കുമ്പിച്ചൽ

പൂച്ചമുക്കിൽ നിന്നും കുമ്പിച്ചലിലേക്കു പോകുന്ന റോഡ്സൈഡ് ചേർന്ന് ഒരു ശുദ്ധജല ഉറവയുണ്ട്. ഇതിലെ ജലം വെറുതെ താഴേക്കൊഴുകി നെയ്യാർ ജലസംഭരണിയിലെത്തുകയാണ്. ഒരു തടയണ പണിഞ്ഞ് ജലം സംഭരിക്കുകയാണെങ്കിൽ വൈദ്യുതോപയോഗമില്ലാതെ തന്നെ അമ്പതോളം കുടുംബങ്ങൾക്കു ശുദ്ധ ജലമെത്തിക്കാൻ സാധിക്കും.

4. ചാർക്കുപാറ

ഇവിടെയുള്ള ജലസ്രോതസ്സും ഒരു സ്വകാര്യ വ്യക്തിയുടെ വസ്തുവിൽനിന്നാണുത്ഭവിക്കുന്നത്. ഇതിൽ ഒരു തടയണകെട്ടി ജലം സംഭരിച്ചാൽ വൈദ്യുത സഹായമില്ലാതെ അൻപതോളം കുടുംബങ്ങൾക്ക് ശുദ്ധജലമെത്തിക്കുവാൻ കഴിയും.

5. കാരിക്കുഴി

കാരിക്കുഴിയുടെ കിഴക്കു-തെക്കായി ഒരു ശുദ്ധജല ഉറവയുണ്ട്. ഇതുംസ്വകാര്യവ്യക്തിയുടെതാണെങ്കിലും ഈ ഉറവയിൽ നിന്നും-ട്യൂബ് വഴി നെയ്യാർ ജലസംഭരണിക്കടിയിലൂടെ കുമ്പിച്ചലിലേക്കു ജലം കൊണ്ടു പൊന്നു ഇരുപതിൽ പരം കുടുംബങ്ങൾ ഉപയോഗിക്കുന്നു ഇത് പഞ്ചായത്ത് ഏറെറടുത്തു വികസിപ്പിച്ചാൽ അൻപതോളം കുടുംബങ്ങൾക്കുള്ള എല്ലാ ജലാവശ്യങ്ങൾക്കും പരിഹാരമുണ്ടാകുന്നതാണ്.

6. മഞ്ഞക്കുന്ന്

79 പട്ടികജാതി കുടുംബങ്ങൾ ഉൾപ്പെടെ 110 കുടുംബങ്ങൾ തിങ്ങിപ്പാർക്കുന്ന ഒരു പ്രദേശമാണിത്. ശുദ്ധജല പ്രശ്നം വളരെ അലട്ടുന്ന ഈ സ്ഥലത്ത് കിണറുകളിൽപ്പോലും 4 മാസത്തിലധികം ജലം ലഭിക്കാറില്ല. എട്ടുമാസങ്ങളിലും കിലോമീറ്ററുകളോളം ദൂരം നടന്നു പോന്നാണ് ഇവിടെ ഉള്ളവർ ജലം കൊണ്ടുവരുന്നത്.

മഞ്ഞക്കുന്നു തോട്ടിൽ വട്ടക്കുടിഭാഗത്ത് നല്ലൊരു തടയണയോ, ആഴമുള്ള കിണറോ നിർമ്മിച്ച് മഞ്ഞക്കുന്നിൽ ടാങ്കുകെട്ടി വെള്ളം പമ്പുചെയ്തു പൈപ്പുലൈനിലൂടെ എത്തിച്ചാൽ മാത്രമേ ഈ പ്രദേശത്തിന്റെ ശുദ്ധജലക്ഷാമം സ്ഥായിയായിത്തീരുകയുള്ളൂ. ആയതിലേക്കാവശ്യമായ വൈദ്യുതി സൗകര്യം ഇവിടെയുണ്ട്.

മഞ്ഞക്കുന്നു തോടിന്റെ ഉത്ഭവ സ്ഥാനത്ത് ഒരു വ്യക്തിഗത കുളമുണ്ട്. ഇതു നന്നാക്കി വടക്കുഭാഗത്ത് ഒരു ടാങ്ക് നിർമ്മിച്ചാൽ ഇരുപതോളം കുടുംബങ്ങളുടെ ജലക്ഷാമം പരിഹരിക്കാവുന്നതേയുള്ളൂ.

മണ്ണ് - ഭൂവിനിയോഗം

ഈ പഞ്ചായത്തിലെ 82% മണ്ണും പാറ പൊടിഞ്ഞുണ്ടായ മണലും, വെട്ടുകല്ല് മണലും ചേർന്നുണ്ടായിട്ടുള്ളതാണ്. ഇതിൽ 6.5% മണൽമണ്ണും വൃക്ഷങ്ങളിൽ നിന്നുള്ള ഇലകളും വീണ് ജീർണിച്ചു ചേർന്നുണ്ടായ കരിമണ്ണാണ്. മേൽപ്പറഞ്ഞ 82% മണ്ണിൽ 75.5% ഭാഗത്ത് റബ്ബർ കൃഷിയാണ്. 6.5% ഭാഗത്തുവരുന്ന കരിമണ്ണിൽ തെങ്ങ്, കവുങ്ങ്, വാഴ, മരച്ചീനി, കുരുമുളക് മുതലായവ കൃഷി ചെയ്യുന്നു. ബാക്കിയുള്ളവ പാറത്തരിശാണ്.

ജൈവസമ്പത്ത്

1. ഔഷധച്ചെടികൾ

അഗസ്ത്യകൂടത്തിന്റെ താഴ്വര പ്രദേശമായ അമ്പൂരി ഗ്രാമപഞ്ചായത്തിൽ ധാരാളം ഔഷധച്ചെടികളും മുമ്പുണ്ടായിരുന്നു. നീലക്കൊടുവേലി, നീലാമരി, ശംഖ്പുഷ്പങ്ങം, വേലുപ്പരുത്തി, ശതാവലി, കുറുന്തോട്ടി, ഗരുഡക്കൊടി, നറുനീണ്ടി, മുറിവുണക്കിയിലച്ചെടി, ആനച്ചുവടുതാങ്ങി, കൈതോന്നി, കീഴാനെല്ലി തുടങ്ങിയവ ധാരാളമായി കണ്ടിരുന്നു. ടൺകണക്കിന് ഔഷധസസ്യങ്ങൾ ആയുർവേദത്തിനായി കൊണ്ടുപോയിരുന്നു. കൂടാതെ പുൽതൈലത്തിന് ആവശ്യമായ വാറുപുല്ല് ഇവിടെ സമൃദ്ധമായി കൃഷിചെയ്തിരുന്നു. എന്നാൽ വനം പ്രദേശങ്ങൾ വെളിംപ്രദേശങ്ങളായി മാറിയതിനാലും, മറ്റു കൃഷിയിനങ്ങൾക്കായി സ്ഥലങ്ങൾ വെട്ടിത്തെളിച്ചതിനാലും ഔഷധച്ചെടികളുടെ നാശത്തിലേക്കുള്ള വഴിതെളിച്ചു. എങ്കിലും പലതും ഇന്നും അന്യം നിന്നുപോയിട്ടില്ല. അവ സംരക്ഷണം അർഹിക്കുകയും ചെയ്യുന്നു.

2. മൃഗാദികൾ

ഈ പഞ്ചായത്തിന്റെ കിഴക്കൻ അതിർത്തി സംരക്ഷിക്കുന്നത് സഹ്യപർവ്വത നിരകളാണ്. വൻമരങ്ങളുടേയും വന്യമൃഗങ്ങളുടേയും കേദാരമായ റിസർവ്വ് ഫോറസ്റ്റ് വനമാണത്. ആന, കരടി, കാട്ടുപോത്ത്, കടുവ, മ്ലാവ്, പുള്ളിമാൻ, കേഴ, കാട്ടുപന്നി, കുറുനരി, മലയണ്ണാൻ, പുലി, കുരങ്ങ്, കരിമന്തി, മരപ്പട്ടി മുതലായ വന്യജന്തുക്കളുടെ കേളീവിഹാരമായിരുന്നു മുമ്പിവിടം. എന്നാൽ 1930-40 കാലഘട്ടത്തിൽ ആരംഭിച്ച കുടിയേറ്റം വന്യമൃഗങ്ങളെ ഉൾവനത്തിലേക്കു തള്ളപ്പെട്ടു. എന്നാൽ രാത്രികാലങ്ങളിലും മറ്റും ഇവ കുടിയേറ്റ കർഷകരെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. മനുഷ്യർ ഏറുമാടങ്ങളിൽ കാവലിരുന്ന് നാടൻതോക്ക്, ഏറുപടക്കം, മറ്റുകെണികൾ എന്നിവ ഉപയോഗിച്ച് ഇവയുടെ ശല്യം ഒഴിവാക്കാൻ ശ്രമിച്ചിരുന്നു. ക്രമേണ ആന, കുരങ്ങ്, മരപ്പട്ടി, കുറുനരി, കാട്ടുപന്നി തുടങ്ങിയവ ഒഴിച്ച് മറ്റുമൃഗങ്ങളെല്ലാം വനാന്തരങ്ങളിൽ അന്തർദ്ധാനം ചെയ്തു.

3 ഇഴജന്തുക്കൾ

മിക്കവാറുമുള്ള എല്ലാ ഇഴജന്തുക്കളും സർവ്വസ്വതന്ത്രമായി ഇവിടെ വിഹരിച്ചിരുന്നു. കരിമൂർഖൻ, ചെട്ടിമൂർഖൻ, രാജവെമ്പാല, പെരുമ്പാമ്പ്, ചേനത്തണ്ടൻ, അണലി, വെള്ളച്ചെട്ടി, കൊമ്പേറി, പച്ചിലപ്പാമ്പ്, രക്തയണലി, കരിമ്പാമ്പ്, ചേര തുടങ്ങിയവയെല്ലാം മുൻകാലങ്ങളിൽ ഇവിടെയുണ്ടായിരുന്നു. ജനബാഹുല്യമേറിയതോടുകൂടി അവയെല്ലാം വനങ്ങളിലേക്കു പാലായനം ചെയ്തു. എങ്കിലും മിക്കയിനം ഇഴജന്തുക്കളും ഇപ്പോഴും ഇവിടെയുണ്ട്.

4. പക്ഷികൾ

മുമ്പ് ഇവിടെ കണ്ടിരുന്ന പരുന്ത്, ചെമ്പോത്ത്, പുള്ള്, തത്ത, മൈന, വാലാട്ടിക്കിളി, ബുൾബുൾ, കുയിൽ, ചങ്ങാലിപ്രാവ്, മലമുഴക്കിപ്പക്ഷി തുടങ്ങിയവ മനുഷ്യവാസത്തോടെ വനത്തിലേക്കു ചേക്കേറിയെങ്കിലും ഇന്നും ഇവയിൽ പലതും ഇടയ്ക്കിടെ ഇവിടെയെത്തി, അവയുടെ പഴയ വാസസ്ഥലങ്ങൾ കണ്ട് മടങ്ങാറുണ്ട്.

കൃഷിയും ജലസേചനവും

A D 18-ാം നൂറ്റാണ്ടിൽ ഈ ഗ്രാമ പഞ്ചായത്തിന്റെ ഭൂപ്രദേശത്ത് തെങ്ങ്, കമുക് തുടങ്ങിയവയുടെ സംഘടിതവും ബൃഹത്തുമായ തോട്ടങ്ങളും ഉണ്ടായിരുന്നു എന്നതിനു ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ കൂട്ടമായി അങ്ങിങ്ങു കാണപ്പെടുന്ന കൊന്നതെങ്ങുകളും സാക്ഷ്യം വഹിക്കുന്നു. 150-വർഷത്തോളം പഴക്കമുള്ളവയാണവയെന്നു കാർഷിക വിദഗ്ദ്ധർ കണക്കാക്കിയിരിക്കുന്നു. 19-ാം നൂറ്റാണ്ടിലുണ്ടായ സാരമായ മലമ്പനിബാധയെ തുടർന്നു ഈ ഭൂപ്രദേശത്തിൽ മിക്കഭാഗവും ജനവാസമില്ലാതായികിടക്കുകയായിരുന്നു. ഈ ഗ്രാമ പഞ്ചായത്തിന്റെ കുടപ്പനമൂടു വാർഡിൽ മാത്രം ജനനിവാസം അങ്ങുമിങ്ങുമായി തുടർന്നിരുന്നു. 1930-കളുടെ ആരംഭത്തിൽ ഇന്നത്തെ മായം വാർഡിൽ ആദ്യം കുടിയേറി പാർത്തവരാണു അന്നത്തെ ആധുനിക കൃഷിരീതികൾക്കു തുടക്കം കുറിക്കുന്നതു. എന്നാൽ വീണ്ടും ഉണ്ടായ മലമ്പനി ബാധയെ തുടർന്നു ഉപേക്ഷിക്കപ്പെട്ട കൃഷി ഭൂമികൾ 1940-കളിൽ വീണ്ടും കൃഷിക്കു ഉപയുക്തമാക്കികൊണ്ടു കർഷകർ കുടിയേറി. കാണിപ്പറ എന്നറിയപ്പെട്ടിരുന്ന ഈ ഗ്രാമപഞ്ചായത്തിലെ മുക്കാൽ ഭാഗത്തോളം വരുന്ന ഭൂപ്രദേശത്തിന്റെ ഉടമ സർക്കാർതന്നെയായിരുന്നു. ഭൂമി കൈയ്യേറുകയും പിന്നീടു കുത്തകപ്പാട്ടം ലഭിക്കുകയും തുടർന്നു പട്ടയം ലഭിക്കുകയും ചെയ്ത വിളയിടങ്ങളാണു ഈ പഞ്ചായത്തിലെ കൃഷി ഭൂമിയിൽ തുടക്കത്തിൽ ഹ്രസ്വകാല വിളകളായ മരിച്ചീനി, നെല്ല്, വാഴ തുടങ്ങിയവ കൃഷിചെയ്യാൻ മാത്രമേ സർക്കാർ അനുവദിച്ചിരുന്നുള്ളൂ. എന്നാൽ ഇന്നും ഡാമിന്റെ ജലാശയത്തോടു ചേർന്നു കിടക്കുന്ന ''കാച്ചുമെൻറ്'' ഏരിയ എന്നറിയപ്പെടുന്ന സ്ഥലങ്ങളും കുത്തകപാട്ടമായി മാത്രം കൃഷിക്കാർ അനുഭവിക്കുന്നു. ഫലഭൂയിഷ്ടമായ ഈ പ്രദേശത്തു അവിടത്തെ സ്ഥിരതാമസക്കാരായ കർഷകർ മണ്ണാലിപ്പു തടഞ്ഞു നിറുത്തി വിവിധയിനം കൃഷികളും ചെയ്തുവരുന്നു. ഈ കൃഷി ഭൂമി കർഷകർക്കു പതിച്ചു പട്ടയം നൽകിയാൽ ഒരു തരി മണ്ണു പോലും ഒലിച്ചു പോകാതെ സംരക്ഷിക്കാൻ കർഷകരെക്കൊണ്ടു കഴിയും. നെയ്യാർഡാമിന്റെ പണി പൂർത്തീകരണത്തോടെ ഈ പഞ്ചായത്തിലെ ഫലഭൂയിഷ്ടമായ 3 ചതുരശ്ര കിലോ മീറ്ററോളം നെൽപ്പാടം വെള്ളത്തിൽ മുങ്ങിപോയി ഏതാണ്ടു അത്രത്തോളം തന്നെ കരഭൂമിയും ജലാശയത്തിനടിയിലായി. കരനെല്ലും, മരിച്ചീനിയും ഇടവേർന്നു കൃഷിചെയ്യുന്ന രീതിയാണു തുടക്കത്തിൽ കർഷകർ അവലംബിച്ചതു. 150-മുതൽ 200 മേനിയോളം വിളവു നൽകുന്ന വിവിധയിനം കരനെൽ വിത്തുകളും അന്നു ഉണ്ടായിരുന്നു. തെങ്ങു, കമുകു തുടങ്ങിയ വൃക്ഷങ്ങളും വളർന്നതോടെ കരനെൽ കൃഷി ഉപേക്ഷിക്കപ്പെട്ടു.

56 ചതുരശ്രകിലോമീറ്ററോളം പരന്നു കിടക്കുന്ന ഈ പഞ്ചായത്തിന്റെ ഭൂമിയിൽ 6 ചതുരശ്രകിലോമീറ്ററോളം നിരന്നും പരന്നും തലയുയർത്തിയും നിൽക്കുന്ന പാറക്കെട്ടുകളാണു. ഏതാണ്ടു 6 ചതുരശ്ര കിലോമീറ്ററോളം കൃഷി ഭൂമി നെയ്യാർഡാമിന്റെ ജലസംഭരണിയായിമാറി. അങ്ങനെ ആകെ 44 ചതുരശ്ര കിലോമീറ്റർ മാത്രമാണു മണ്ണുള്ള ഭൂമി. ഇതിൽ വീടുകളും, തോടുകളും, റോഡുകളും മറ്റുമൊഴിച്ചാൽ ഏതാണ്ടു 42 ചതുരശ്ര കിലോമീറ്റർ സ്ഥലം മാത്രമേ സ്ഥിരമായി കൃഷിയ്ക്കുപയുക്തമായിളളൂ. 1950-കളിൽ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റബ്ബർ കൃഷിയാരംഭിച്ചു. റബ്ബർ കൃഷിക്കു ഏറ്റവും പറ്റിയ മണ്ണു എന്നു റബ്ബർ ബോഡു അംഗീകരിച്ച കന്യാകുമാരി ജില്ലയിലെ കളിയൽ വില്ലേജിൽ നിന്നും അധികം ദൂരമല്ലാതെ സ്ഥിതി ചെയ്യുന്നതാണു ഈ പഞ്ചായത്തിന്റെ ഭൂപ്രദേശം. ഈ വസ്തുത കണക്കിലെടുത്തു റബ്ബർ കൃഷി ഈ പഞ്ചായത്തിൽ വ്യാപകമായി ആരംഭിച്ചു. തെങ്ങു, കമുകു, കുരുമുളകു തുടങ്ങിയവ രണ്ടാം സ്ഥാനത്തേക്കു തളളപ്പെട്ടു. 1980-കളിൽ ലക്ഷോപലക്ഷം വരുന്ന കമുകിനെ ചാഹാളി രോഗത്തെ തുടർന്നു

നശിച്ചു തുടങ്ങി. ഇന്ന് അതിന്റെ നാശം ഏതാണ്ട് പൂർണ്ണമായി. തെങ്ങിൽ കണ്ടുവരുന്ന കാറ്റുവീഴ്ച, ഓല പഴുപ്പ് തുടങ്ങിയ രോഗങ്ങളെ പ്രതിരോധിക്കാനാകാതെ കർഷകർ റബ്ബർ കൃഷിയിൽ കൂടുതൽ വ്യാപൃതരായി. വിദഗ്ധ നെൽകൃഷി തൊഴിലാളികളുടെ ദൗർലഭ്യം, ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത കർഷകതൊഴിലാളികളുടെ വേതന വർദ്ധന തുടങ്ങിയ ഘടകങ്ങളും നെൽകൃഷിയെ പൂർണ്ണമായി നിരുത്സാഹപ്പെടുത്തി. കൂടാതെ ഈ പ്രദേശത്തെ നെൽ വയലുകളും വീതി കുറഞ്ഞവയും ചുറ്റും വലിയ റബ്ബർ മരങ്ങൾ വളരുന്ന ചരിഞ്ഞ പ്രദേശങ്ങളും ആയതിനാൽ പോല നെൽകർഷകന്റെ ജീവിതം ദുരിതപൂർണ്ണമായി മാറി. തുടർന്ന് വയലേലകളിലും, തുടക്കത്തിൽ മരിച്ചീനിയും തുടർന്ന് റബ്ബർ കൃഷിയും ആരംഭിച്ചു. അങ്ങനെ കൃഷിക്ക് ഉപയുക്തമായ 4200 ഹെക്ടറിൽ 3000 ഹെക്ടറും റബ്ബർ കൃഷിയ്ക്കായി ഉപയോഗിച്ചു വരുന്നു. ബാക്കിയുള്ള 1200 ഹെക്ടറിൽതെങ്ങ്, പരിമിതമായ തോതിൽ കമുക്, കുരുമുളക്, മരച്ചീനി, വാഴ, സുഗന്ധവിളകൾ നെല്ല് തുടങ്ങിയവ കൃഷി ചെയ്യുന്നു. നെൽ കൃഷി ചെയ്യുന്ന സ്ഥലം ഈ പഞ്ചായത്തിൽ ഇന്ന് 5 ഹെക്ടറേയുള്ളൂ. ഈ 5 ഹെക്ടറിൽ ഇരിപ്പൂ കൃഷിചെയ്യുന്നു. ഏറെ താമസിയാതെ തന്നെ ഈ നെൽ വയലുകളും മറ്റ് നാണ്യവിളകൾക്ക് വേണ്ടി ഉപയോഗിക്കപ്പെടും.

ഈ പഞ്ചായത്തിന്റെ വിവിധ വിളകളുടെ വിസ്തീർണ്ണവും ഉത്പാദനക്ഷമതയും താഴെ ചേർക്കുന്നു.

അമ്പൂരി ഗ്രാമപഞ്ചായത്ത് വിള വിസ്തീർണ്ണവും ഉത്പാദനവും (കൃഷിഭവൻ രേഖകൾ)

വിള	വിസ്തീർണ്ണവും	മൊത്തം ഉല്പാദനം	ഉല്പാദനക്ഷമത
നെല്ല് 2 വിളകളും	5 Hector	4 tone	8 tone/Hector
പയർ	5	15 ,,	3 ,,
എള്ള്	1	150 Kg	150 kg/Hector
പച്ചക്കറികൾ	3	—	—
തെങ്ങ്	350	18,37,500 Nuts	5250 Nuts/Hector
വാഴ	60	7.5 tone	12500 Kg/Hector
മരിച്ചീനി	90	900	10 tone/Hector
കുരുമുളക്	158 ,,	31.5	2.50 Kg/Hector
ഗ്രാമ്പൂ	10	37.5 ,,	2.5 /Hector
കശുമാവ്	15	12	800 Kg/Hector
മാവ്	15	11.25 ,,	750
റബ്ബർ	3000 ,,	2400	800
കമുക്	60	10800000 Nuts	1,80,000 Nuts/Hector
മറ്റുവിളകൾ	15 ,,	—	—
	ആകെ 3782		

നെല്ല്

ഈ പഞ്ചായത്തിൽ ആകെ 407 ഹെക്ടർ നെൽ വയലുകളുണ്ടായിരുന്നു. ഇവയിൽ 300 ഹെക്ടർ വയലുകൾ നെയ്യാർഡാമിന്റെ പണി പൂർത്തിയായതോടെ വെള്ളത്തിനടിയിലായി. ബാക്കിയുള്ളതിൽ 107 ഹെക്ടറിൽ 102 ഹെക്ടർ

വയലുകളും റബ്ബർ, തെങ്ങ്, വാഴ, മരച്ചീനി തുട ങ്ങിയ കൃഷികൾക്കായി ഉപയോഗിച്ചു വരുന്നു. അങ്ങനെ നെൽകൃഷി വെറും 5 ഹെക്ടറിലായി ചുരുങ്ങി. നെൽകൃഷി എന്തുകൊണ്ട് ചുരുങ്ങി പോകുന്നു എന്നുള്ള പഠനം നടത്തിയതിൽ നിന്ന് ലഭിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

1. വീതി കുറഞ്ഞ നെൽവയലുകളാണ് ഈ പഞ്ചായത്തിലുള്ളത്. ഇരുവശങ്ങളിലും ചില യിടങ്ങളിൽ മൂന്നു വശങ്ങളിലും വലിയ മലഞ്ച രിവുകളാണ്.

മലഞ്ചെരുവുകളിൽ റബ്ബർ കൃഷി വ്യാപക മാണ്. മിക്കയിടങ്ങളിലും കിഴക്കും പടിഞ്ഞാറു മാണ് റബ്ബർ മരങ്ങൾ. അതുകൊണ്ട് നട്ടുച്ചവെയി ലല്ലാതെ ഈ പാടങ്ങളിൽ വെയിലേൽക്കുന്നില്ല; ചോലയിൽ നെല്ല് വളരുകയില്ലെന്നുള്ളത് വ്യക്തമാണല്ലോ.

2. താരതമ്യേന മഴകൂടുതലുള്ള സ്ഥലമായതി നാലും കരകൂടി കുത്തനെയുള്ള ചരുവുകളായ തിനാലും മണ്ണൊലിപ്പ് ഒരു പ്രധാന പ്രശ്നമാ ണ്. ഒലിച്ച് വരുന്ന മണ്ണിൽ ഏറിയ പങ്കും നെൽവയലിൽ അടിഞ്ഞ് ചേരുന്നു. അങ്ങനെ കാലക്രമേണ വയലുകൾ നിരന്നു വരുന്നു. ഒലിപ്പ് മണ്ണ് ഫലപുഷ്ടമായതിനാൽ മിക്കകർഷ കരും ഇതൊരു അനുഗ്രഹമായി കണക്കാക്കു നിടത്ത വയലുകളിൽ മരിച്ചീനി, വാഴ മുതലാ യവ കൃഷിയാരംഭിച്ചു. തെങ്ങ് റബ്ബർ എന്നകൃഷി കളിൽ ഷ്ണെത്തുന്നു.

3. ഏറ്റവും ആദായംകുറഞ്ഞ കൃഷി നെല്ലാണ്. ഒരേക്കറിൽ നൽകൃഷി ചെയ്യുന്നതിന് വരുന്ന ചെലവും അതിൽ നിന്ന് ലഭിക്കുന്ന നെല്ലിന്റെ കണക്കും അതിന്റെ വിലയും ചുവടെ ചേർക്കുന്നു.

1. ഒരേക്കർ സ്ഥലം കിളച്ചൊതുക്കി വരമ്പ് വെട്ടി ഞാറ്റടി രാസവള മിട്ട് മരുന്നടിച്ച് 2 പ്രാവശ്യം കളയെടുക്കുന്നതിന് 74 പേർ ജോലി ചെയ്യേണ്ടതായി വരുന്നു.	Rs.	6400
2. ജൈവവളം, ചാണകം 70 കുട്ട ചാണകത്തിന്റെ വില യും ചുമട്ടുകൂലിയും	Rs.	630
3. രാസവളത്തിന്റെ വിലയും ചുമ ട്ടുകൂലിയും കീടനാശിനി ഉൾപ്പെടെ	Rs.	1200
വിത്തിന്റെ വില		200
വിത്തുപാകി ഞാറാക്കുന്നതി നുള്ള ചെലവ്		200
നെല്ല് കൊയ്ത്ത്, നെല്ലൊരുക്കൽ ഉണക്ക്	,,	650
ആകെ	Rs.	9280
ആദായം ആകെ — പറയൊന്നിന് 80 രൂപാ നിരക്കിൽ ഒരു ഏക്കറിൽ നിന്ന് ലഭിക്കുന്ന നൂറുപറ നെല്ലിന്റെ വില	Rs.	8000
ഉണക്ക് കൂലി കഴിഞ്ഞ് വൈക്കോ ലിന് ലഭിക്കുന്ന തുക		1000
മൊത്തം ആദായം	Rs.	9000
ഒരേക്കർ-കൃഷിയിൽ നിന്ന് കർ ഷകനുണ്ടാകുന്ന നഷ്ടം	Rs.	9280
	Rs.	9000
	Rs.	280

മേൽ വിവരിച്ച കണക്കുകളിൽ നിന്നും നെൽ കൃഷിയിലുണ്ടാകുന്ന നഷ്ടം വ്യക്തമാണല്ലോ. കൊയ്ത്തു സമയത്ത് മഴയുണ്ടെങ്കിൽ വൈക്കോൽ ഒഴുകി പോകുകയും അതിൽ നിന്ന് കർഷകന് ഒരു വരുമാനവും ലഭിക്കാതെ പോവുകയും ചെയ്യുന്നു. കർഷകന് ഒരേക്കറിനു ഏറ്റവും കുറഞ്ഞത് 1500 രൂപയെങ്കിലും സബ്സിഡി നൽകാതെ നെൽകൃഷിയ്ക്ക് ആരും മുതിരുകയില്ല. നെല്ല് കുത്തരിതന്നെ ആഹാരത്തിനു വേണം എന്ന് നിർബന്ധമുള്ള കർഷകരും സ്വന്തമായി തന്നെ എല്ലാ കൃഷിപണികളും ചെയ്യുന്ന കൃഷിക്കാരും മാത്രമാണ് നെൽകൃഷി യ്ക്ക് മുതിരുന്നത്. നിയമത്തിന്റെ നീർ ബന്ധം കൊണ്ട് കർഷകനെ ഏതെങ്കിലും പ്രത്യേകതരം കൃഷിക്ക് പ്രേരണ നൽകുക്കയെ ന്നത് അപ്രായോഗികമാണ്. നെൽ കൃഷിയ്ക്ക് പറ്റാത്ത വയലുകളിലും നെൽ കൃഷി ചെയ്ത കർഷകന് നഷ്ടമുണ്ടാക്കി വിളവുണ്ടാക്കണ മെന്ന ആശയം തന്നെ അടിസ്ഥാനപരമായും തെറ്റാണ്. നിയമങ്ങളുടെ കുച്ചുവിലങ്ങും നൂലാമാലകളും ഇഷ്ടപ്പെടാത്തവരാണ് കർഷകർ

പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്തതും നാടിന്റെ സാമ്പത്തിക വളർച്ചയെ സഹായിക്കുന്നതുമായ കൃഷികൾ ഏത് ഭൂമിയിലും നടത്തുന്നതിന് പരിപൂർണ്ണ സ്വാതന്ത്ര്യം തന്നെ കർഷകന് കൊടുക്കണം. കേരളത്തിലെ എല്ലാ പഞ്ചായത്തുകളും ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും എല്ലാത്തിലും സ്വയം പര്യാപ്തമായിരിക്കണം എന്ന ചിന്ത ഫലപ്രാപ്തിയിലെത്തുകയില്ലെന്നുള്ളത് നിശ്ചയമാണ്. വിശാലമായ സംസ്ഥാനങ്ങൾ പരസ്പര സഹകരണത്തോടെ വർത്തിക്കേണ്ടതാണല്ലോ? കേരളത്തിലെ കർഷകർ റബ്ബർ കൃഷിക്കുപകരം നെൽകൃഷി ചെയ്യണം എന്ന് നിർബന്ധിച്ചാൽ കർഷകൻ സാമ്പത്തികമായി തകരും അതുപോലെ തന്നെ ആന്ധ്രാപ്രദേശിലുള്ള നെൽകൃഷിക്കാർ റബ്ബർ കൃഷി ചെയ്യണമെന്ന് നിർബന്ധിച്ചാൽ അവരും സാമ്പത്തികമായി തകരും.

തെങ്ങ്

350 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി നിലവിൽ നിൽക്കുന്നു. ഏതാണ്ട് 70000 തെങ്ങാണ് ഇപ്രതയും ഹെക്ടറിൽ കൃഷിചെയ്തിട്ടുള്ളത്. ഇതിൽ നിന്നും ലഭിക്കുന്ന വിളവിന്റെ എണ്ണം ഒരു വർഷത്തിൽ 1837500 തേങ്ങയാണ്. അങ്ങനെ ഒരു ഹെക്ടറിൽ നിന്നും 5247 തേങ്ങ ലഭിക്കുന്നു. അതായത് തെങ്ങൊന്നിന് 26 തേങ്ങ. ഇത് സംസ്ഥാന ശരാശരിയായ ഒരു തെങ്ങിന് 35 തേങ്ങാ എന്ന കണക്കിനേക്കാളും കുറവാണ്. ഇതിനുള്ള കാരണങ്ങളും അപഗ്രഥിച്ചപ്പോൾ താഴെ പറയുന്ന കാര്യങ്ങളും വ്യക്തമായി. ഈ പഞ്ചായത്തിലെ ഭൂപ്രദേശങ്ങളിൽ ഇടിയംകോണം വാർഡിലെ നെല്ലിക്കാമല ഒഴിച്ച് ബാക്കിയുള്ള ഭാഗങ്ങളിൽ തെങ്ങ് വളരുന്നുണ്ടെങ്കിലും കായ്ഫലം കുറവാണ്.

തെങ്ങിന് കായ്ഫലം കുറഞ്ഞ സ്ഥലങ്ങളിൽ റബ്ബർ ഭംഗിയായി വളരുകയും നല്ല ആദായം നൽകുകയും ചെയ്യുന്നു. നെല്ലിക്കാമലയിൽ വടക്ക് പടിഞ്ഞാറൻ കാറ്റിന്റെ ലഭ്യത നീരുറുവകളുടെ സാന്നിദ്ധ്യം എന്നിവ തെങ്ങ് കൃഷിക്ക് ഉതകുന്ന മേഖലയായി മാറുന്നു. തെങ്ങുകൾക്കുണ്ടാകുന്ന വിവിധതരം രോഗങ്ങളും നെല്ലിക്കാമലയിൽ ഇല്ലതന്നെ. നെല്ലിക്കാമല ഒഴിച്ചുള്ള മറ്റ് ഭൂപ്രദേശങ്ങളിൽ കാറ്റുവീഴ്ച, കൂമ്പുചീയൽ, മഞ്ഞളിപ്പ് തുടങ്ങിയ രോഗങ്ങൾ ധാരാളമായി കണ്ടുവരുന്നു. കായ്ഫലം കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി T×D തെങ്ങ് കൃഷിചെയ്യുന്നതിന് ചില കർഷകർമുതിർന്നു. ഉദാഹരണമായി ഈ പഞ്ചായത്തിലെ ഒരു കർഷകൻ തന്റെ 65 സെന്റ് സ്ഥലത്തുണ്ടായിരുന്ന ഉൽപ്പാദനക്ഷമത കുറഞ്ഞ തെങ്ങ് വെട്ടിമാറ്റി T×D തെങ്ങ് കൃഷി ചെയ്തു വേണ്ടവണ്ണം പരിചരിച്ചു. രോഗപ്രതിരോധ ശക്തിയുള്ള തെങ്ങുകളാണ് എന്ന് കൃഷി ആഫീസർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് ഈ കൃഷി ആരംഭിച്ചത്. മൂന്നാംകൊല്ലം തന്നെ ഇവിടെ കൃഷി ചെയ്ത 42 തെങ്ങുകളും കായ്ച്ചു തുടങ്ങി എങ്കിലും 15.ാം വർഷമായപ്പോൾ ഈ തെങ്ങുകളിൽ പലതും രോഗബാധിതമായി. രോഗത്തിൽ നിന്നും തെങ്ങുകളെ രക്ഷിക്കാൻ കൃഷി ആഫീസർ നിർദ്ദേശിച്ച എല്ലാ നടപടികളും സ്വീകരിച്ചുവെങ്കിലും ഇതിൽ ഒരു തെങ്ങ്പോലും രോഗവിമുക്തി നേടയില്ല. തെളിയിക്കപ്പെടാത്ത മാർഗങ്ങളും കർഷകന് ഉപദേശിച്ചു കൊടുത്തതിന്റെ പരിണിത ഫലം ഇന്ന് ആ കർഷകൻ അനുഭവിക്കുന്നു. തെങ്ങ് രോഗത്തെപ്പറ്റി അരനൂറ്റാണ്ടിലധികമായി കോടികളും മുടക്കി പ്രവർത്തിക്കുന്ന പ്ലാന്റേഷൻ കോപ്സ് റിസർച്ച് സെന്റർ എന്ന ഓച്ചിറയിലെ സ്ഥാപനം തങ്ങളുടെ ഗവേഷണ ഫലം ഇതേവരെ കർഷകന് എത്തിച്ചിട്ടില്ല. തിരുക്കൊച്ചി പ്രദേശത്ത് വ്യാപകമായി കണ്ടുവരുന്ന തെങ്ങ്രോഗം തിരുവനന്തപുരം സിറ്റിയിലെ തെങ്ങുകളെ ഒരു തരത്തിലും ബാധിച്ചിട്ടില്ലഎന്നത് അത്ഭുതാവഹമാണ്. എന്തുകൊണ്ട് സിറ്റിയിലെ തെങ്ങുകൾ രോഗപ്രതിരോധ ശക്തിയുള്ളതായി എന്നത് ഗവേഷണ വിധേയമാക്കിട്ടില്ല. തിരുവനന്തപുരത്തുള്ള തെങ്ങുകളിലെ തേങ്ങ, വിത്തുതേങ്ങയായി വിതരണം ചെയ്താൽ തെങ്ങുരോഗം എന്ന ശാപത്തിൽ നിന്നും കർഷകനെ കരകയറ്റാൻ പറ്റുമോ എന്നത് കൂലംകക്ഷമായി ചിന്തിക്കേണ്ട വിഷയമാണ്. ഈ പ്രദേശത്തെ തെങ്ങിന്റെ ഉല്പാദനക്ഷമത കുറയുന്നതിന് മറ്റൊരു കാരണം ജലസേചനത്തിന്റെ അപര്യാപ്തയാണ്—നെല്ലിന് മാത്രം

ജലസേചനം എന്ന നയം മാറ്റി തെങ്ങുകൃഷിക്കും ജലസേചനത്തിനുള്ള ആനുകൂല്യങ്ങൾ കിട്ടേണ്ട താണ്. നെല്ലിക്കാമലയിലേയും മറ്റ് പ്രദേശങ്ങളിലെയും മണ്ണിന്റെ ഘടനയിൽ എന്ത് വ്യത്യാസമാണുള്ളതെന്നും നെല്ലിക്കാമലയുടെമണ്ണിന്റെ ഘടനയോട് യോജിക്കത്തക്ക തരത്തിൽ മറ്റിടങ്ങളിലെ മണ്ണിന്റെ ഘടനയെങ്ങനെ മാറ്റിയെടുക്കാമെന്നും പരിശോധിക്കേണ്ടതുണ്ട്. വളപ്രയോഗങ്ങൾ മേൽ വിവരിച്ച രണ്ട് മേഖലകളിലും ഒരു പോലെയല്ല നടത്തുന്നതെന്ന് വ്യക്തമാണ്. നെല്ലിക്കാമലയിലെ തെങ്ങിനുള്ള വളപ്രയോഗം മറ്റ് പ്രദേശങ്ങളിലും നടത്തുന്നുണ്ടോ എന്നതിനെക്കുറിച്ച് പര്യാലോചിക്കേണ്ടതാണ്.

തെങ്ങ് കർഷകനെ തകർക്കുന്നതിനുതകുന്ന എണ്ണ ഇറക്കുമതി നയമാണ് കേന്ദ്രസർക്കാർ പിൻതുടരുന്നത്. തേങ്ങ ധാരാളം ലഭിക്കുന്ന മാസങ്ങളിൽ അതിന്റെ വില തേങ്ങ ഒന്നിന് 2½ രൂപയായി കുറയുന്നു. ഇത് 15 വർഷം മുമ്പുള്ള വിലതന്നെയാണ്. തെങ്ങ് കൃഷിയുടെ ചെലവ് പതിൻമടങ്ങായാണ് ഈ കാലയളവിൽ ഉയർന്നത് കർഷകനോട് നീതി പാലിച്ചാൽ വ്യവസായികളും പിണങ്ങുമെന്നായിരിക്കാം ബന്ധപ്പെട്ടവരെ നയിക്കുന്ന തത്വശാസ്ത്രം. എണ്ണക്കുരുക്കൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളൊന്നും തന്നെ നാളികേരത്തിനില്ല സോളാർ എനർജി കൊണ്ട് ധൃതഗതിയിൽ കൊപ്ര ഉണക്കിഅഭിനവ മില്ലുകളിൽ ആട്ടി ആകർഷകമായ കണ്ടയിനറുകളിലാക്കി വിപണനം നടത്താവുന്നതാണ്.

കമുക്

ഏതാണ്ട് 15 കൊല്ലങ്ങൾക്ക് മുൻപ് 1000 ഹെക്ടർ സ്ഥലത്ത് കമുക് കൃഷി ചെയ്തിരുന്ന ഒരു പഞ്ചായത്താണിത്. 1500000 കമുകുകൾ ഈ പഞ്ചായത്തിലുണ്ടായിരുന്നു. ദുഃഖകരമെന്ന് പറയട്ടെ തണുങ്ങുകൾ ഒടിഞ്ഞു തുടങ്ങി കൂമ്പറച്ച് പഴുത്തുണങ്ങി പോകുന്ന ഒരു രോഗം കമുകുകളെ ബാധിച്ചു. കഴിഞ്ഞ 15 വർഷം കൊണ്ട് 14 ലക്ഷം കമുകുകളും നശിച്ചു. അങ്ങനെ ഇപ്പോൾ അവശേഷിക്കുന്നത് ഒരുലക്ഷം കമുകുകളാണ്. ഇവയെല്ലാം തന്നെ കേട് ബാധിച്ചവയും ആണ്. അടുത്ത മൂന്നു വർഷം കൊണ്ട് ഇവയെല്ലാം നാമാവിശേഷമാകും. 150 കോടി അടയ്ക്ക ഒരു വർഷം ലഭിച്ചിരുന്നു. ഇപ്പോഴത് ലഭിക്കുന്നത് ഒരു കോടി അടയ്ക്ക മാത്രമാണ്. റബ്ബർ എന്ന അത്ഭുത വൃക്ഷം ഇല്ലായിരുന്നുവെങ്കിൽ ഈ കമുക് കർഷകർ എല്ലാം തന്നെ വഴിയാധാരമാകുമായിരുന്നു. കൂർമ്മ ബുദ്ധിയുള്ള കർഷകർ തക്ക സമയത്തുതന്നെ കേടു വന്ന കമുകുകൾ വെട്ടി മാറ്റി റബ്ബർ മരങ്ങൾ വച്ചു പിടിപ്പിച്ചു. കമുകിന്റെ ഭീമമായ നഷ്ടം ഇവിടത്തെ കൃഷിവകുപ്പോ, സർക്കാരോ കാര്യമായ ഗൗരവത്തിൽ എടുത്തില്ലാഎന്നത് വളരെ ലജ്ജിപ്പിക്കുന്ന സത്യമാണ്. മംഗളം അടയ്ക്ക എന്നയിനം വളരെ പരിമിതമായ തോതിൽ കൃഷി വകുപ്പ് പ്രചരിപ്പിച്ചിരുന്നു എങ്കിലും ഇവനാടൻ ഇനത്തേക്കാൾ രോഗ പ്രതിരോധ ശക്തി കുറഞ്ഞവയാണ്. കൂടാതെ ഇത് കൊട്ടടയ്ക്ക ആക്കാൻ പറ്റിയ ഇനമല്ല. പഴുത്തുതുടങ്ങുമ്പോഴേ തന്നെ പൊട്ടി കീറുന്നതു കൊണ്ട് ഇത് പച്ചയ്ക്കു വിൽക്കുവാൻ മാത്രമേ കഴിയൂ. കമുക് എന്ന വൃക്ഷത്തിന്റെ വംശനാശം വരുന്നതിന് മുമ്പ് ഏതെങ്കിലും പ്രതിരോധ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

തെങ്ങിന്റെ വംശനാശം വന്നുകൊണ്ടിരിക്കുന്നത് നേരത്തേ സൂചിപ്പിച്ചുവല്ലോ? ഈ രണ്ടു വൃക്ഷങ്ങളുടെയും നിലനിൽപിനായി വേണ്ടി വന്നാൽ വിദേശ ശാസ്ത്രജ്ഞരെ കൂടി ഉൾപ്പെടുത്തികൊണ്ട് പ്രത്യേകഗതിയിൽ ഗവേഷണം നടത്തി പ്രതിവിധി കണ്ടെത്തേണ്ടതാണ്. 50 വർഷങ്ങൾക്കുശേഷം ഒരു പക്ഷേ ഈ റിപ്പോർട്ട് വായിക്കുന്ന തലമുറ ഇങ്ങനെയുള്ള വൃക്ഷങ്ങളും കേരളത്തിലുണ്ടായിരുന്നോ എന്നോർത്ത് അത്ഭുതം കൂറാനിടയുണ്ട്.

സുഗന്ധവിളകൾ

കുരുമുളക്

സുഗന്ധ വിളകളിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നത് കുരുമുളകാണ്. ഏതാണ്ട് 2000 ഹെക്ടറോളം സ്ഥലത്ത് കുരുമുളക് കൃഷി 10 വർഷങ്ങൾക്ക് മുൻപ് നടന്നിരുന്നുള്ളൂ. എന്നാൽ കൃഷിവേൻ രേഖകൾ അനുസരിച്ച് ഇന്ന് വെറും 158 ഹെക്ടർ സ്ഥലത്തു മാത്രമേ

കുരുമുളകു കൃഷി ചെയ്യുന്നുള്ളൂ. ഇതിൽ നിന്ന് ലഭിക്കുന്ന ഉത്പാദനം വെറും 31.5 ടൺ മാത്രമാണ് ഉത്പാദനക്ഷമത ഒരു ഹെക്ടറിൽ 250 കിലോഗ്രാം മാത്രമാണ്. തെങ്ങ്, കമുക് എന്നിവ പോലെ തന്നെ കുരുമുളക് കൊടികളെയും ഒരു അജ്ഞാത രോഗം ബാധിച്ചു ദ്രുതവാട്ടം എന്നറിയപ്പെടുന്ന ഈ രോഗത്തിന്റെ കാരണങ്ങൾ ഇന്നും വ്യക്തമായി അറിയില്ല. പ്രതിവിധികളും തഥൈവ ഗവേഷണം ദ്രുതഗതിയിൽ ആവശ്യമുള്ള മറ്റൊരു കാർഷിക രംഗമാണിത്. ഉത്പാദനം കുറഞ്ഞതോടെ കുരുമുളക് വിലയിൽ കുതിച്ചു കയറ്റമുണ്ടായതു കൊണ്ടുമാത്രം കർഷകർ പിടിച്ചുനിൽക്കുകയാണ്. വിദേശകയറ്റുമതിഭാരാളം ഉള്ളതിനാൽ വിലനിലവാരം ഉയർന്ന് തന്നെ നിൽക്കുന്നു.

ഗ്രാമ്പൂ

1970-കളുടെ മധ്യഘട്ടത്തിൽ ഒരു കിലോ ഉണങ്ങിയ ഗ്രാമ്പൂവിന്റെ വില 360 രൂപ ആയിരുന്നു. അന്ന് ഗ്രാമ്പൂവിന്റെ ഇറക്കുമതി നിരോധിച്ചിരുന്നതാണ്. ഈ ആദായകരമായ വിലയുടെ കാരണം കൂടുതൽ ലാഭംതേടി കൃഷിവിളകൾ മാറിമാറികൊണ്ടിരിക്കുന്ന കർഷകർ ഗ്രാമ്പൂവിൽ ആകൃഷ്ടരായതിൽ അത്ഭുതപ്പെടാനില്ലല്ലോ? ഏതാണ്ട് 200ഓളം ഹെക്ടർ സ്ഥലത്ത് ഗ്രാമ്പൂ കൃഷി ആരംഭിച്ചു. ഗ്രാമ്പൂ പൂക്കുന്നതിന് ഏതാണ്ട് 12 വർഷങ്ങൾ വേണ്ടിവരുന്നു. ഈ വൃക്ഷം പെട്ടെന്നുതന്നെ പല രോഗങ്ങളിലും തഴച്ച് വളർന്ന് പൂവിട്ടു. കഷ്ടകാലം എന്നു പറയട്ടെ, ഭാരത സർക്കാർ ഇറക്കുമതി യഥേഷ്ടം അനുവദിക്കുകയും ഉണങ്ങിയ ഗ്രാമ്പൂവിന്റെ വില കിലോയ്ക്ക് 70 രൂപയായി കുറയുകയും ചെയ്തു. ഒരു കിലോ ഗ്രാമ്പൂവിന്റെ വില അത് മരങ്ങളിൽ നിന്ന് പറിച്ചെടുത്ത് ഉണക്കുന്നതിന്റെ കൂലിയ്ക്കുപോലും പര്യാപ്തമല്ലാതായി. കൂടാതെ മരക്ക് വാങ്ങുന്നതിനും കച്ചവടക്കാർ താത്പര്യക്കുറവു കാണിച്ചു. കണ്ണീരോടെ ഗ്രാമ്പൂമരങ്ങൾ വെട്ടിവീഴ്ത്തി അവിടെയും കർഷകർ റബ്ബർ തൈകൾ വച്ചുപിടിപ്പിച്ചു. കർഷകരോടോ കർഷക സംഘടനകളോടോ ബന്ധപ്പെട്ടതിനുശേഷം ഇറക്കുമതി നയം രൂപീകരിക്കുന്നതിൽ ശ്രദ്ധ പതിപ്പിച്ചിരുന്നെങ്കിൽ ഈ വിപത്ത് ഒഴിവാക്കാമായിരുന്നു. ഗ്രാമ്പൂ ഒരു അത്യന്താപേക്ഷിതമായ വസ്തുവല്ല. കാര്യമായ വ്യവസായ പ്രകിയക്ക് ഉപയോഗിക്കുന്നില്ല. സമ്പന്നരാണ് ഇതിന്റെ ഉപഭോക്താക്കളിൽ അധികവും കർഷകന്റെ ചെലവിൽ അവരെ സംതൃപ്തരാക്കുക എന്നതാണോ സർക്കാർ നയം എന്ന് കർഷകർ ചിന്തിച്ചു പോകുന്നതിൽ തെറ്റില്ലല്ലോ!

ഇഞ്ചി

സമതല പ്രദേശങ്ങളിൽ പ്രത്യേകിച്ചും ഏത്തവാഴനട്ട് കുലവെട്ടിയ ശേഷം പണകയും ഒരുക്കിയാണ് കർഷകർ ഈ കൃഷിയിലേർപ്പെടുന്നത്. ധാരാളം ജൈവ വളങ്ങളും വേണ്ടിവരുന്ന ഒരു കൃഷിയാണിത്. ചാണകത്തിന്റെ വിലയും ചുമട്ടുകൂലിയും കണക്കിലെടുക്കുമ്പോൾ വളരെയധികം ചിലവു വരുന്ന കൃഷിയാണിത്. കൂടാതെ പല ഇഞ്ചി കൃഷിക്കാരും അതിന് വേണ്ട സ്ഥലം തൽക്കാലം പാട്ടത്തിനെടുത്താണ് കൃഷിയിറക്കുന്നത്. പാട്ടമായും നല്ല ഒരു തുക വേണ്ടി വരുന്നു. ഇഞ്ചിയിൽ ഈ പ്രദേശത്ത് പരക്കെ തണ്ടുചീയൽരോഗം എന്നറിയപ്പെടുന്ന രോഗം കണ്ടുവരുന്നു. ഇഞ്ചി നട്ട് ഏതാണ്ട് മൂന്നു മാസം കഴിയുമ്പോൾ തന്നെ ഈ രോഗം പെടികളെ ബാധിക്കുന്നു. രോഗപ്രതിരോധത്തിനോ, രോഗനിവാരണത്തിനോ ഫലപ്രദമായ കെമിക്കലുകൾ ഒന്നും വിപണിയിൽ ലഭ്യമല്ല. കാർഷിക സർവ്വകലാശാല കളുടെ വിവിധതരത്തിലുള്ള ഗവേഷണകേന്ദ്രങ്ങൾ ഒന്നും തന്നെ ആവശ്യമായ ഗവേഷണം നടത്തി പ്രതിവിധികൾ കണ്ടുപിടിക്കുന്നില്ല. കർഷകർ സാമ്പത്തികമായും തകരുന്നതും അവർ റബ്ബർ കൃഷിയിലേക്കു തിരിയുന്നതും കൈയും കെട്ടി നോക്കി നിൽക്കുവാനേ കൃഷിവകുപ്പു ഉദ്യോഗസ്ഥർക്കു കഴിയുന്നുള്ളൂ

ജൈവവൈവിധ്യം എന്ന ആശയം തന്നെ ഉൾക്കൊള്ളാൻ കാർഷിക മേഖലയിൽ പ്രവൃത്തിക്കുന്ന ഗവൺമെന്റ് ഏജൻസികൾക്കു കഴിയുന്നില്ല എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളാണ്. വിവിധയിനം വിളകളെ നശിപ്പിക്കുന്ന രോഗങ്ങൾക്ക് പ്രതിരോധ മാർഗ്ഗങ്ങളോ, പ്രതിവിധികളോ കണ്ടുപിടിക്കാൻ കഴിയാതെ പോകുന്നത്.

കച്ചോലം

കൊച്ചി വിപണിയിൽ വളരെയധികം വിലലഭിച്ചിരുന്ന ഒരു ഔഷധവിളയാണ് കച്ചോലം

പത്രങ്ങളിൽ നിന്ന് വിലനിലവാരം മനസിലാക്കിയ കർഷകർ വൻ വിലയ്ക്ക് വിത്തുവാങ്ങി പരിമിതമായ തോതിലെങ്കിലും കച്ചോലകൃഷി ആരംഭിച്ചു. ആയുർവേദ മരുന്നു നിർമ്മാണത്തിനാണ് കച്ചോലകിഴങ്ങുകൾ ഉപയോഗിക്കുന്നത്. എന്നാൽ റഗുലേറ്റഡ് മാർക്കറ്റുകളുടെ അഭാവത്തിൽ കച്ചോലത്തിന്റെ വില ദിവസങ്ങൾ കൊണ്ട് ഉയരുകയും അുപോലെതന്നെ താഴുകയും ചെയ്യുന്നതാണ് പതിവ്. വിളവെടുപ്പു സമയമാകുമ്പോൾ വിലകുത്തനെ താഴേക്കിറങ്ങുന്നു. വലിയതുക ചെലവ് ചെയ്ത് ഉല്പാദിപ്പിക്കുന്ന കച്ചോലം കണ്ണീരോടെ തുച്ഛമായ വിലയ്ക്ക് കച്ചവടക്കാരെ അടിയ്ക്കേലപിക്കേണ്ടതായി വന്നു. കർഷകരെ വളർത്താനുള്ള യാഥാർത്ഥ്യബോധമുള്ള പരിപാടികളൊന്നും ആവിഷ്കരിക്കപ്പെട്ടിട്ടില്ല എന്നത് ശോചനീയമായ ഒരവസ്ഥയായി തുടരുന്നു.

മഞ്ഞൾ

അയൽ സംസ്ഥാനമായ തമിഴ്നാടുപോലെ മഞ്ഞൾ ഇവിടെ വ്യാപകമായി കൃഷി ചെയ്യപ്പെടുന്നില്ല. ഇതിന്റെ കൃഷിമുറയെക്കുറിച്ചുള്ള അറിവും ഇവിടത്തെ കർഷകർക്ക് കുറവാണ്. താരതമ്യേന കീടബാധയോ, രോഗബാധയോ ഇല്ലാതെയും വലിയ പരിചരണം ആവശ്യമില്ലാതെയും വളരുന്ന ഒരു വിളയാണിത്. പല തരം വിഷങ്ങൾക്കും പ്രതിവിധിയായി നാട്ടിൻ പുറങ്ങളിൽ മഞ്ഞൾ ഉപയോഗിച്ചു വരുന്നു. മറ്റ് ചില സംസ്ഥാനങ്ങളിൽ ഇത് ഒരു സൗന്ദര്യവർദ്ധകവസ്തുവായും ഉപയോഗിക്കുന്നു. കീടങ്ങളെയും അണുക്കളെയും ചെറുത്തുതോൽപിക്കുന്ന എന്തോ ഒരു ഘടകം മഞ്ഞളിൽ അടങ്ങിയിട്ടുണ്ട് എന്നുള്ളത് സുവ്യക്തമാണ്. ജൈവ വൈവിധ്യം നിലനിർത്തുന്നതിന് മഞ്ഞൾ കൃഷി പ്രോത്സാഹിപ്പിക്കേണ്ടതാണ്. സാമാന്യം നല്ല വിളവും ലഭിക്കും. കീടാണുബാധ ധാരാളമുള്ള കൃഷിയിടങ്ങളിൽ ഇടക്കിടെ മഞ്ഞൾ കൃഷി നടത്തുകയാണെങ്കിൽ ഒരളുവരെ കീടങ്ങളെ ചെറുത്തു തോല്പിക്കാൻ കഴിവുള്ള മണ്ണായി ഭൂമിയെ മാറ്റാൻ കഴിയും. ഉദാഹരണമായി ഇഞ്ചി കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ആദ്യം മഞ്ഞൾ കൃഷിചെയ്യുക. വിളവെടുപ്പിനു ശേഷം ഇഞ്ചികൃഷി ചെയ്യുക. ഇങ്ങനെ വിളമാറ്റം നടത്തിയാൽ ഇഞ്ചിയുടെ തണ്ടുചീയൽ രോഗം ഗണ്യമായ തോതിൽ കുറയ്ക്കാവുന്നതാണ്. തെങ്ങിൻ തോട്ടങ്ങളിൽ മഞ്ഞൾകൃഷി വ്യാപകമാക്കിയാൽ വേരിനെ ബാധിക്കുന്ന പല തെങ്ങു രോഗങ്ങളും ഒരളവു വരെയെങ്കിലും അകറ്റി നിർത്താൻ കഴിയുമെന്നത് സുനിശ്ചിതമാണ്.

കാർഷിക സർവ്വകലാശാലയുടെ അടിയന്തര ഗവേഷണത്തിന് ഈ വിഷയം വിധേയമാക്കേണ്ടതാണ്. ധാരാളം മഞ്ഞൾ വിത്ത് കൃഷിഭവൻ മുഖാന്തിരം കർഷകർക്ക് വിതരണം ചെയ്യേണ്ടതാണ്. രാസവളപ്രയോഗം ഒഴിവാക്കുകയാണെങ്കിൽ മണ്ണിനെ കീടബാധയില്ലാത്തതും ഫലഭൂയിഷ്ടത നിലനിർത്തുന്നതുമാക്കാൻ മഞ്ഞൾ കൃഷി സഹായകമാകും.

ജാതി

മഞ്ഞൾ പൊലെതന്നെ കുറെയൊക്കെ രോഗപ്രതിരോധ ശക്തിയുള്ള ഒരു വിളയാണ് ജാതി. തെങ്ങിൻ തോട്ടങ്ങളിൽ ഇടവിളയായി കൃഷിചെയ്യാവുന്ന വൃക്ഷങ്ങളിൽ ഒന്നാണ് ജാതി. വളരെയധികം നീർവാർച്ചയില്ലാത്ത ഭൂമിയാണ് ഇതിന്റെ കൃഷിക്കാവശ്യം. ജാതിക്കായും, ജാതിപത്രിയും നല്ല വിലകിട്ടുന്ന ഉല്പന്നങ്ങളാണ്. ചെലവേറിയ പരിചരണങ്ങളും ഒന്നും ഈ വൃക്ഷത്തിനാവശ്യമില്ല. ജാതിക്കായുടെ പുറംതോടുകൊണ്ട് അച്ചാർ, ജാം തുടങ്ങിയവ ഉണ്ടാക്കുകയും ചെയ്യാം. വീട്ടിലെ കുട്ടികൾ മുതൽ വൃദ്ധർ വരെ എല്ലാവർക്കും ഉപയോഗിക്കാവുന്ന ഒരു ഒറ്റമൂലിയാണ് ജാതിക്ക. ആയുർവേദരംഗത്ത് ഇതിന്റെ സാധ്യതകൾ വളരെയേറെയാണ്. ഫലം നൽകുന്നതിന് 15 വർഷത്തോളം വേണ്ടിവരുന്നു. എന്നതുമാത്രമാണ് ഈ വിളയുടെ ഒരു പോരായ്മ. ഒട്ടു തൈകൾ നിർമ്മിച്ചെടുത്താൽ ഈ പോരായ്മ പരിഹരിക്കാവുന്നതാണ്. ജാതിയുടെ ഒരു ഒട്ടുതൈ മാർക്കറ്റിൽ 75 മുതൽ 100 രൂപാവരെ വിലയുണ്ട്. കൃഷിഭവൻ മുഖാന്തിരം ജാതി തൈകൾ കുറഞ്ഞ വിലക്ക് കൊടുത്താൽ ഈ വൃക്ഷം ഈ പഞ്ചായത്തിൽ പരക്കെ കൃഷി ചെയ്യാനാകും.

കറുവ

മറ്റ് കൃഷിക്കൊന്നും ഉപയുക്തമല്ലാത്ത ഭൂമിയിലും കൃഷി ചെയ്യാവുന്ന ഒന്നാണ് കറുവ. ഈ വൃക്ഷത്തിന്റെ കമ്പുകളുടെ പുറംതോട് വിലപിടിപ്പുള്ള സുഗന്ധവ്യജ്ഞനമാണ്. ഇതിന്റെ ഇലയും സുഗന്ധവ്യജ്ഞനമായി ഉപയോഗിക്കുന്നു. കാര്യമായ ഒരു പരിചരണം ഒന്നും വേണ്ടാത്ത മറ്റൊരു സുഗന്ധ വിളയാണിത്. പറമ്പുകളുടെ അതിരുകളിൽ ഫൈവ വേലി നിർമ്മിക്കുമ്പോഴും കറുവമരം ഇടക്കിടെ നട്ടാൽ അവ വേലിയുടെ ബലവത്തായ തൂണുകളായി മാറും. ജാതിതൈ പോലെ വിലകൂടിയ വയല്ല ഇതിന്റെ തൈകൾ. ഗ്രാഫ്റ്റിംഗ് തുടങ്ങിയ പ്രക്രിയകളുടെ ആവശ്യം ഇതിനില്ല. വീട്ടിലും, നാട്ടിലും സുഗന്ധം പരത്തുന്നതും മാംസ കറികൾക്ക് രുചിയേകുന്നതുമായ ഈ വ്യജ്ഞനം പരമ്പരാ കൃഷി ചെയ്യേണ്ടതാണ്.

റബ്ബർ

ഈ പഞ്ചായത്തിലെ സിംഹഭാഗം കൃഷി സ്ഥലത്തും വളർത്തുന്ന ഒരു അത്ഭുത വൃക്ഷമാണ് റബ്ബർ. കർഷകന് ദിനംതോറും ആദായം തരുന്ന മറ്റൊരു വൃക്ഷവും ഇതുവരെ കണ്ടുപിടിക്കപ്പെട്ടിട്ടില്ല. വീട്ടിൽ ഒരു പശു എന്നപോലെയാണ് ഈ പ്രദേശത്ത് ഉള്ളവർക്ക് വീട്ടുവളപ്പിൽ കുറച്ച് റബ്ബർ മരങ്ങൾ എന്നത്. പശു ദിവസവും പാൽ ചുരത്തുന്നതുപോലെ തന്നെ റബ്ബർ മരങ്ങളും ദിവസവും പാൽചുരത്തുന്നു. അങ്ങനെ വീട്ടുകാർക്ക് അഷ്ടിക്കുവക യുണ്ടാക്കി കൊടുക്കുന്നു. റബ്ബർ ബോർഡിന്റെ നിബന്ധനയനുസരിച്ച് 20 ഇഞ്ച് വണ്ണം ആയ മരങ്ങൾ മാത്രമേ ടാപ്പ് ചെയ്യാൻ പാടുള്ളൂ. അതും രണ്ടും മൂന്നും ദിവസം കൂടി ഒരിക്കൽ മാത്രം. എന്നാൽ ഭൂരിപക്ഷം കർഷകരും ഈ നിബന്ധന പാലിക്കാതെ ദിവസവും മരങ്ങൾ ടാപ്പു ചെയ്യുന്നു. ചെറുകിട കർഷകർ ആയതിനാൽ നിത്യവരുമാനത്തിന് അത് മാത്രമേ മാർഗ്ഗമുള്ളൂ.

റബ്ബർ ബോർഡിന്റെ ലൈസൻസും ബോർഡിൽ ഉള്ള രജിസ്ട്രേഷനും റബ്ബർ കൃഷിക്ക് അത്യന്താപേക്ഷിതമാണ്. നടുന്ന റബ്ബർ മരങ്ങളുടെഗുണനിലവാരം നിർദ്ദിഷ്ട രീതിയിൽ ഉണ്ടായിരിക്കണമെന്നതാണ് ഈ നിബന്ധനകളുടെ കാരണം. കാർഷികമേഖലയിൽ റബ്ബർ കൃഷിക്ക് മറ്റേതു കാർഷികവിളകളേക്കാളും ഉയർന്ന സബ്സിഡി റബ്ബർ ബോർഡ് നൽകുന്നു മറ്റ് മേഖലകളിൽ നാമ മാത്രമായ സബ്സിഡിയാണ് ഇന്നും നിലവിലുള്ളത്. ഇങ്ങനെയുള്ള നാമമാത്ര സബ്സിഡി വാങ്ങുന്നതിനെ കർഷകൻ പല കടമ്പകളും കടന്നു പോകേണ്ടതുണ്ട്. ഈ അവസ്ഥയുമായി തട്ടിച്ചു നോക്കുമ്പോൾ റബ്ബർ ബോർഡിന്റെ പ്രവർത്തനം മികവുറ്റതാണ്. റബ്ബർ കൃഷിചെയ്യാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ ഒരു സാധാരണ സർവ്വേമാപ്പും ഉൾപ്പെടുത്തികൊണ്ട് നിർദ്ദിഷ്ട ഫോറത്തിൽ അപേക്ഷ അയച്ചാൽ ഫീൽഡ് ആഫീസർ വേണ്ട മുന്നറിയിപ്പോടുകൂടി സ്ഥലം സന്ദർശിച്ച് സബ്സിഡി തുകയുടെ ആദ്യ ഗഡു ഡിമാന്റ് ഡ്രാഫ്റ്റായി കർഷകന് എത്തിക്കുന്നു. ഒരു വഴിയിലും മുട്ടണ്ട, ആരുടെയും കാലുപിടിക്കണ്ട കറുത്തമുഖങ്ങൾ ഒന്നും കാണണ്ട സർവ്വോപരി കൈക്കൂലിയും കൊടുക്കണ്ട. ഈ മാതൃക സംസ്ഥാന സർക്കാരിന്റെ കൃഷി സബ്സിഡി പദ്ധതികൾക്ക് പകർത്താൻ കഴിഞ്ഞിരുന്നെങ്കിൽ നമ്മുടെ കാർഷിക വിളകൾ ഇന്നത്തെ ശോചനീയമായ അവസ്ഥയിലേയ്ക്ക് എത്തുകയില്ലായിരുന്നു. 'ഫയലിൽ നിന്ന് വയലിലേക്ക്' എന്ന മുദ്രാവാക്യം സർക്കാർ തലത്തിൽ അംഗീകരിക്കപ്പെട്ടു എങ്കിലും കാര്യമായി നടപ്പിൽ വന്നിട്ടില്ല. 1000/-രൂപയുടെ സർക്കാർ ആനുകൂല്യം കൈപ്പറ്റണമെങ്കിൽ യാത്രയ്ക്കും മറ്റുമായി 600/-ലേറെ രൂപ ചിലവാക്കണം എന്നതാണ് കർഷകരുടെ അനുഭവം. റബ്ബർ ബോർഡിന്റെ സബ്സിഡി പദ്ധതി ലളിതവും സുതാര്യവും ആണെങ്കിൽ പോലും പല ചെറുകിട കർഷകരും ഈ ആനുകൂല്യത്തിന് ശ്രമിക്കുന്നതിൽ നിന്ന് വിമുകത കാട്ടുന്നു. സർക്കാർ സഹായം ചെലവുള്ള ഒരു കാര്യമാണെന്നാണ് പാവം കർഷകർ ധരിച്ച് വച്ചിരിക്കുന്നത്. കാർഷിക മേഖലയിൽ ഉള്ള ആനുകൂല്യങ്ങൾ റബ്ബർ ബോർഡിന്റെ മാതൃകയനുസരിച്ച് കർഷകന്റെ കരങ്ങളിൽ എത്തിച്ചും കൊടുക്കുന്നരീതി ഉണ്ടായില്ലെങ്കിൽ പദ്ധതികൾ എല്ലാം കടലാസിൽ ഒതുങ്ങികിട

ക്കുക മാത്രമേയുള്ളൂ. കർഷക മിത്രങ്ങളായി മാറാൻ ഗ്രാമതലത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്ക് പ്രത്യേക പരിശീലനം നൽകേണ്ടതാണ്.

ഈ പഞ്ചായത്തിലെ കൃഷിക്കുപയുക്തമായ ഭൂമിയിൽ 3000 ഹെക്ടറിലാണ് റബർ കൃഷി ചെയ്യുന്നത്. ഇത് കൃഷിഭൂമിയുടെ 80% ത്തിലധികമാണ്. 1 ഹെക്ടറിൽശരാശരി 500 മരങ്ങളാണ് കൃഷിചെയ്യുന്നത്. അങ്ങനെ കണക്കാക്കുമ്പോൾ 15 ലക്ഷം മരങ്ങളാണ് ഈ പഞ്ചായത്തിലുള്ളത്. ഇത് അഞ്ചിൽരണ്ട് ഭാഗം. അതായത് 1200 ഹെക്ടറിലെ മരങ്ങൾ ടാപ്പ് ചെയ്യാറാകാത്ത തൈമരങ്ങളാണ്. 1800 ഹെക്ടറിൽ ടാപ്പ് ചെയ്യുന്ന മരങ്ങളാണ്. ഇവയിൽ നിന്നും പ്രതിവർഷം 2400 ടൺ റബ്ബർ ലഭിക്കുന്നു. ഉല്പാദനക്ഷമത ഹെക്ടർ ഒന്നിന് 800 കിലോ ഗ്രാം ആണ്. ഇത് വളരെ തുച്ഛമായ ഉല്പാദനക്ഷമതയാണ്. ഒരു വർഷത്തിൽ ശരാശരി 250 ടാപ്പിംഗ് നടക്കുന്നു. അപ്പോൾ ഹെക്ടർ ഒന്നിന്റെ പ്രതിദിന ഉല്പാദനം 5.25 കി.ഗ്രാം മാത്രമാണ്. ഒരു ഹെക്ടറിൽ 500 റബ്ബർ മരങ്ങൾ ആണല്ലോ ശരാശരി ഉള്ളത്. അങ്ങനെ നോക്കുമ്പോൾ ഒരു മരത്തിൽ നിന്നുള്ള പ്രതിദിന ഉല്പാദനം 10.5 ഗ്രാം ഉണക്കറബ്ബർ മാത്രമാണ്. റബ്ബർ ബോർഡ് കണക്കനുസരിച്ച് കിട്ടേണ്ടതിന്റെ എട്ടിൽഒന്ന് മാത്രമാണിത്. ഈ ഉല്പാദനക്ഷമതയുടെ ഗണ്യമായ കുറവിനെപ്പറ്റി പഠനം നടത്തിയതിൽ താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തമായി.

1. മിക്ക കർഷകരും റബ്ബർ മരത്തിന് 20 ഇഞ്ച് വണ്ണം ആകുന്നത് വരെ കാത്തുനിൽക്കാതെ 17 ഇഞ്ച് വണ്ണം ആകുമ്പോൾ ടാപ്പിംഗ് തുടങ്ങുന്നു. അങ്ങനെ റബ്ബർ മരങ്ങളുടെ വളർച്ച മുരടിക്കുന്നു.

2. രണ്ടോ, മൂന്നോ ദിവസങ്ങൾ കൂടുമ്പോൾ ടാപ്പ് ചെയ്യേണ്ടതിനുപകരം നിത്യേന ടാപ്പിംഗ് നടത്തുന്നു. റബ്ബർ മരങ്ങൾക്ക് അങ്ങനെ വിശ്രമം ലഭിക്കാതെ പോകുന്നു.

3. വിദഗ്ദ്ധ തൊഴിലാളികളെ കൊണ്ട് ടാപ്പിംഗ് നടത്താതെ പാൽ ഊറ്റിയെടുക്കുന്നത് കൊണ്ട് മരങ്ങൾക്ക് ക്ഷതം സംഭവിക്കുന്നതു വഴി ഉല്പാദനം കുറയുന്നു.

4. കാര്യക്ഷമവും സമീകൃതവുമായ വളപ്രയോഗം നടത്തുന്നില്ല. ഓരോ പ്രാവശ്യം റബ്ബർ മരങ്ങൾ വെട്ടി നീക്കി ആവർത്തന കൃഷിചെയ്യുമ്പോൾ മണ്ണ് പരിശോധിച്ച് വളപ്രയോഗങ്ങൾ ചിട്ടപ്പെടുത്തുന്നില്ല.

5 ഫാക്ടംഫോസ് എന്നറിയപ്പെടുന്ന നൈട്രജൻ മൂല്യം കൂടുതലുള്ള വളങ്ങൾ കണക്കിലധികമായി ഉപയോഗിക്കുന്നു. ഇതുകൊണ്ട് മണ്ണിന്റെ ജൈവ വീര്യം കെട്ടടങ്ങുന്നു.

6. ജൈവ വളങ്ങളിൽ പച്ചപ്പാണകം ഒഴികെ മറ്റൊന്നു വളവും റബ്ബറിന് പ്രയോഗിക്കാമെങ്കിലും അവ ഒന്നും ഉപയോഗിക്കുന്നില്ല.

7. നാമമാത്ര കർഷകരിൽ ചിലരെങ്കിലും വളപ്രയോഗം ഒന്നും നടത്തുന്നില്ല.

8. മണ്ണൊലിപ്പ് തടയുന്നതിന് കല്ലു കൈയാലകളോ വേണ്ടത്തരത്തിലുള്ള പ്ലാറ്റ് ഫോമുകളോ നിർമ്മിക്കുന്നില്ല. തന്മൂലം സെന്റൊന്നിന് ഒരു ടൺ മണ്ണ് വീതം ഓരോ പെരുമഴക്കും ഒഴുകി പോകുന്നു.

9. റബ്ബർ മരങ്ങൾക്കിടയിൽ വളരുന്ന പുല്ലുകളും മറ്റുകളകളും മുതലായവ വേനൽക്കാലത്ത് മൺവെട്ടിയുപയോഗിച്ച് ചെത്തിപ്പറിക്കുന്നു. തൻമൂലം മേൽമണ്ണിലുള്ള റബ്ബർമരങ്ങളുടെ വേരുകൾക്ക് ക്ഷതമേൽക്കുന്നു. മഴക്കാലത്ത് കൈകൊണ്ട് കളയെടുക്കുകയും മരങ്ങൾക്കിടയിലുള്ള പ്രദേശങ്ങളിൽ പടർന്ന് കിടക്കുന്ന പുല്ല് പിടിപ്പിക്കാമെങ്കിൽ അതാണ് നല്ല പരിചരണമുറ എന്ന് കർഷകർ മനസിലാക്കുന്നില്ല. ഭൂമിയിൽ പറ്റിപ്പിടിച്ചു കിടക്കുന്ന പുല്ല് മണ്ണൊലിപ്പ് തടയുന്നു എന്നത് ഒരു വസ്തുതയാണ്.

10. റബ്ബർ മരങ്ങൾക്കുണ്ടാകുന്ന പട്ടമരപ്പ്, പട്ട ചീയൽ അകാലത്തുണ്ടാകുന്ന തളിർ പൊഴിച്ചിൽ തുടങ്ങിയവയ്ക്ക് പ്രതിവിധിയൊന്നും തന്നെ ചെയ്യാതെ മരങ്ങൾ ഉത്പാദനക്ഷമത കുറയാൻ ഇടയാകുന്നു.

11. രണ്ട് വേനൽ മാസങ്ങളിൽ റബ്ബർ ടാപ്പു ചെയ്യാതെ മരങ്ങൾക്ക് വിശ്രമം കൊടുക്കുന്ന രീതി പലരും അവലംബിക്കുന്നില്ല. റബ്ബർബോർഡിന്റെ വിശ്രമ ആവശ്യമില്ല എന്ന നിർദ്ദേശം രണ്ടോ, മൂന്നോ ദിവസംകൂടി ടാപ്പുചെയ്യുന്ന മരങ്ങൾക്കുമാത്രം ബാധകമാണ്. ഇലകൊഴിഞ്ഞ് ക്ഷീണിച്ചു നിലയ്ക്കുന്ന റബ്ബർ ടാപ്പു ചെയ്യാതിരിക്കുന്നത് റബ്ബർ മരത്തിന്റെ ആരോഗ്യത്തിന് നല്ലതാണ്. എന്നു തീരുമാനിക്കാൻ വലിയ കാർഷിക വൈദഗ്ധ്യം ഒന്നും ആവശ്യമില്ല.

നമ്മുടെ കല്പവൃക്ഷമെന്ന് കണക്കാക്കുന്നതെങ്ങ് എന്നേ കല്പവൃക്ഷമല്ലാതെയായി. ഇന്ന് അതിന്റെ സ്ഥാനം റബ്ബർ മരം ഏറ്റെടുക്കുകയാണ്. 15 മുതൽ 20 വരെ വർഷം ടാപ്പ് ചെയ്ത ശരീരമാകെ ക്ഷതമേറ്റ് നിൽക്കുന്ന റബ്ബർ മരങ്ങളും കർഷകനു കാര്യമാത്രമായ ആദായം നൽകുന്നു. സ്ലോട്ടർ ടാപ്പിംഗ് എന്നറിയപ്പെടുന്ന കടുംവെട്ട് പ്രയോഗിച്ച് റബ്ബർ മരങ്ങളുടെ ഉള്ള ജീവൻകൂടി അപഹരിച്ചെടുക്കുന്നു. അവിടെയും അവസാനിക്കുന്നില്ല കഥ. വേരുകൾ മുറിച്ച് വിടർത്തി നിശ്ചിത നീളത്തിൽ അറുത്തുമുറിച്ച് ലോറികളിൽ കയറ്റി അവ റബ്ബർ സംസ്കരണശാലകളിലേക്കും വിറകുകടകളിലേക്കും നീക്കപ്പെടുന്നു. ആവർത്തന കൃഷിചെയ്ത ആദായം വീണ്ടും കിട്ടുന്നതുവരെ കർഷകനു പിടിച്ചു നിൽക്കാൻ കടംവെട്ടുകൊണ്ട് തടി വിൽപനയിൽ നിന്നും ഒരുമിച്ചു കിട്ടുന്ന ആദായം വളരെ സഹായകമാകുന്നു.

റബ്ബർവില

ഇത്രയധികം വിലയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകുന്ന മറ്റൊരു കാർഷികവസ്തുഇല്ലതന്നെ. വൻകിട ടയർ ഫാക്ടറിക്കാരും മറ്റ് റബ്ബർ കമ്പനികളുമാണ് ഇന്ന് വില നിശ്ചയിക്കുന്നത്. തറവില തീരെ കുറഞ്ഞ തോതിൽ ഇന്നും നിലനിൽക്കുന്നു. റബ്ബർ ഇറക്കുമതിയാണ് റബ്ബർ കർഷകരുടെ ശിഷണി. ഇവിടെ ഉല്പാദിപ്പിക്കുന്ന റബ്ബർ വ്യവസായങ്ങൾക്ക് തികയുന്നില്ല എന്നതിനോട് യോജിക്കാൻ കർഷകർ തയ്യാറല്ല. റബ്ബർ ബോഡിന്റെ കണക്കുകളിൽപെടാത്ത ധാരാളം ചെറുകിട കർഷകർ ഉണ്ടെന്നുള്ള വസ്തുത മറക്കാൻ പാടില്ലാത്തതാണ്. റബ്ബർ രംഗത്തെ ഏതെങ്കിലും ഒരു വ്യവസായശാല അസംസ്കൃത റബ്ബറിന്റെ അഭാവത്തിൽ ഒരു ദിവസമെങ്കിലും അടച്ചിട്ടിട്ടുണ്ടോ? ഇല്ല എന്ന സത്യം മറക്കുന്നത് എന്തിനാണ്? കോടികൾ ലാഭം കൊയ്യുന്ന റബ്ബർ വ്യവസായശാലകളാണ് ഭാരതത്തിലുള്ളത്. ഇവർ ഓഹരിക്കാർക്ക് 30%ത്തോളം ടിവിഡെന്റ് നൽകുന്നു. ബോണസ് ഇഷ്യൂവകയായി ഷെയർ ഉടമകൾക്ക് വീണ്ടും ഷെയറുകൾ നൽകുന്നു. വെറും അഭിമാനത്തിനുവേണ്ടി കോടികൾ പരസ്യങ്ങൾക്ക് മാത്രം ഉപയോഗിക്കുന്നു. ഇങ്ങനെയുള്ളവർക്ക് ഇറക്കുമതി തീരുവയില്ലാതെ തന്നെ റബ്ബർ ഇറക്കുമതി ചെയ്യാൻ അനുവദിക്കുന്നത് ചെറുകിട കർഷകരോട് ചെയ്യുന്ന കടുത്ത അനീതിയാണ്.

വളം, കൂലി തുടങ്ങിയവയിൽ വരുന്ന ചെലവ് ഭീമമായി വർദ്ധിച്ചിട്ടുണ്ട്. അതിനൊത്ത് റബ്ബർ വില വർദ്ധിച്ചിട്ടില്ല. ഏറ്റവും കുറഞ്ഞത് 50 രൂപായെങ്കിലും വിലകിട്ടിയില്ലെങ്കിൽ കർഷകർ സാമ്പത്തിക തകർച്ച നേരിടുമെന്നത് സമീപഭാവിയിൽ സംഭവിക്കാൻ പോകുന്നു.

പച്ചക്കറി

1991-ലെ സെൻസസ്സ് അനുസരിച്ച് 16335 ആളുകൾ അധിവസിക്കുന്ന പഞ്ചായത്താണല്ലോ ഇത്. ഇവരിൽ സസ്യഭുക്കുകൾ കുറവാണെങ്കിലും പച്ചക്കറിയുടെ ഉപഭോഗം ഒട്ടും കുറവല്ല. ഒരു സാമ്പിൾ സർവ്വേ നടത്തിയതിന്റെ വെളിച്ചത്തിൽ പ്രതിശീർഷ പച്ചക്കറി ഉപഭോഗം പ്രതിദിനം 175 ഗ്രാം ആണ്. അപ്പോൾ ഈ പഞ്ചായത്തിന്റെ മൊത്തം പ്രതിദിന ഉപഭോഗം 2859 കിലോഗ്രാം ആണ്. ഇതിന്റെ അർത്ഥം ഒരു മിനിലോറിനിറയെ പച്ചക്കറികൾ ദിവസവും ഈ പഞ്ചായത്തിനു ആവശ്യമായി വരുന്നു എന്നതാണ്. പച്ചക്കറിയുടെ ഉത്പാദനം എത്രയെന്ന കൃഷിഭവൻ രേഖകൾ കാണിക്കുന്നില്ല. വളരെ വിരളമായി മാത്രമേ പച്ചക്കറി കൃഷി ഇവിടെ നടത്തുന്നുള്ളൂ. സാമ്പിൾ സർവ്വേ കണക്കു പ്രകാരം ഇവിടത്തെ ഉത്പാദനം പ്രതിദിനം വെറും 128 കിലോഗ്രാം മാത്രമാണ്. അങ്ങനെ

2731 കിലോഗ്രാം പച്ചക്കറി ഈ പഞ്ചായത്തിൽ പ്രതിദിനാവശ്യത്തിനായി തമിഴ് നാട്ടിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. ഈ ഇറക്കുമതി പച്ചക്കറിക്ക് തീ വില എന്നത് മാത്രമല്ല അമിതമായ രാസവള കീടനാശിനി പ്രയോഗത്താൽ രുചികുറഞ്ഞതും വിഷാംശം കലർന്നതുമാണ്. കൂടാതെ ഇതിന്റെ ഫ്രിഡ്ജ് ലൈഫ് 24 മണിക്കൂർ മാത്രമാണ്. പാവക്ക തുടങ്ങിയ മൊന്തൻ ഇനം പച്ചക്കറികളിൽ സിറിഞ്ചു ഉപയോഗിച്ച് മലിന ജലം കയറ്റി തൂക്കം കൂട്ടുന്നതും അസാധാരണ മല്ല.

ഈ പഞ്ചായത്ത് നിവാസികൾക്ക് ആവശ്യമായ പച്ചക്കറി മാത്രമല്ല മറ്റ് പഞ്ചായത്തുകളിലോ നഗരങ്ങളിലോ വിൽക്കുന്നതിനും ഉള്ള പച്ചക്കറികൾ ഉത്പാദിപ്പിക്കാൻ നിശ്ചയമായും നമുക്ക് കഴിയും. കാൽ സെന്റ് മുതൽ 50 സെന്റ് വരെ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള ഒരു പദ്ധതി ഓരോ കുടുംബത്തിനും വേണ്ടി ആവിഷ്കരിച്ച് ഈ നേട്ടം നമുക്ക് കൈവരിക്കാവുന്നതാണ്. അടുക്കളത്തോട്ട കൃഷിയ്ക്ക് കൂലി പണിക്കാരുടെ ആവശ്യമില്ല. വേണ്ടിവന്നാൽ നിലം കിളച്ചൊരുക്കുന്നതിന് മാത്രം കൂലിപ്പണിക്കാരെ നിയോഗിച്ചാൽ മതി. കുട്ടികൾക്കും സ്ത്രീകൾക്ക് ഇത്തരത്തിനോടോപാധികൂടിയായിരിക്കും. വിഡ്ഢി പെട്ടിയുടെ മുൻപിൽ മണിക്കൂറുകളോളം കുത്തിയിരിക്കുന്ന നാം ഓരോരുത്തരും സ്വന്തം ഉപയോഗത്തിനുള്ള പച്ചക്കറി വീട്ടുവളപ്പിൽ തന്നെ ഉത്പാദിപ്പിച്ചാൽ രുചികരമായ കേഷണപദാർത്ഥങ്ങൾ ഉണ്ടാക്കാൻ സഹായിക്കും എന്നതിനുപുറമേ പ്രതിശീർഷ ദേശിയോത്പാദനത്തിനും ആക്കം കൂട്ടാൻ കഴിയുമെന്നത് സുവ്യക്തമാണല്ലോ. ശരാശരി ദേശിയോത്പാദനത്തിൽ ഏറ്റവും പിന്നിൽ നിൽക്കുന്ന സംസ്ഥാനമാണ് കേരളം എന്നത് നാം ലജ്ജയോടെ ഓർക്കേണ്ടതാണ് നമ്മുടെ പച്ചക്കറിയുടെ ഉപഭോഗ നിരക്ക് മറ്റു സംസ്ഥാനങ്ങളിലേക്കാൾ കുറവാണ്. അത്യന്താപേക്ഷിതമായ പല വൈറ്റമിനുകളുടേയും ഉറവിടമാണല്ലോ പച്ചക്കറി. വരും തലമുറയുടെ ബുദ്ധിയും, ആരോഗ്യവും പരിരക്ഷിക്കണമെങ്കിൽ നാം ചെറിയ തോതിലെങ്കിലും ഒരു പച്ചക്കറി വിപ്ലവത്തിനു തുടക്കം കുറിക്കേണ്ടതാണ്. ഈ രംഗത്ത് സൗജന്യമായോ, കുറഞ്ഞവിലക്കോ വിത്തുകളുടെ വിതരണം, കൃഷി രീതികളെകുറിച്ചുള്ള ബോധവത്കരണം തുടങ്ങിയവ പഞ്ചായത്ത് കൃഷിഭവൻ തലങ്ങളിൻ നടത്തേണ്ടതാണ്. ഈ പഞ്ചായത്തിൽ 9 വാർഡുകളും തമ്മിൽ പച്ചക്കറി ഉല്പാദനത്തിൽ ഒരു മത്സരം തന്നെ നടത്താൻ ജനപ്രതിനിധികൾ തയ്യാറാകും എന്ന് വിശ്വാസിക്കാം.

അലങ്കാരച്ചെടികൾ

ജൈവവേലികളും, മതിലുകൾക്ക് വഴിമാറി കൊടുക്കുന്ന സംസ്കാരത്തിലേയ്ക്ക് കുതിച്ചു പാഞ്ഞുകൊണ്ടിരിക്കുന്ന സംസ്കാരമാണ് കേരളം. വീട്ടുവളപ്പിനുചുറ്റും പൊങ്ങിയ മതിൽ കെട്ടി സെൻട്രൽ ജയലിന്റെ രൂപം നൽകി പാർക്കുന്ന സംസ്കാരത്തിലേയ്ക്ക് നമുക്ക് പോകണോ? അതോ വളപ്പിനുചുറ്റും ഭംഗിയുള്ളതും പൂക്കുന്നതും, കായ്ഫലം തരുന്നതും വേണ്ടിവന്നാൽ മുള്ളുകളുള്ളതുമായ വേലിപോരെ നമുക്ക്? ഇടയ്ക്കിടെ കറുവാമരങ്ങൾ നട്ട് ചെമ്പരത്തി ബോഗേൺവില്ല തുടങ്ങിയ ചെടികളും വച്ച് പിടിപ്പിച്ചാൽ വീട്ടുവളപ്പിന് ഭംഗിയേറുന്നതിനു പുറമേ അതിർമതിച്ച് കടക്കുന്നവർക്ക് മതിലുകളേക്കാൾ ഭീഷ്കരമായിരിക്കും ജൈവ വേലികൾ.

കാപ്പി

ഈ പഞ്ചായത്ത് ഭൂപ്രദേശത്ത് വിരളമായി കൃഷിചെയ്യപ്പെടുന്ന ഒരു വിളയാണ് കാപ്പി. പല കർഷകരും തങ്ങളുടെ സ്വന്തം ആവശ്യങ്ങൾക്കായി പരിമിതമായ തോതിൽ കാപ്പി നട്ടുപിടിപ്പിക്കുന്നു. നല്ല നീർവാർച്ചയുള്ള മണ്ണും മരച്ചോലകളുമാണ് കാപ്പികൃഷിയ്ക്ക് ഉത്തമം, ഇന്ത്യൻ കോഫി ബോർഡിന്റെ നിയന്ത്രണത്തിലും മേൽനോട്ടത്തിലുമാണ് വൻകിട കാപ്പി തോട്ടങ്ങളും. എന്നാൽ ഈയിടയായി കോഫി ബോർഡ് നിയന്ത്രണങ്ങളിൽ അയവ് വരുത്തിയിട്ടുണ്ട്. കാപ്പിയുടെ പൂളിംഗ് സമ്പ്രദായം മാറ്റി സ്വതന്ത്ര വിപണിയിൽ കാപ്പിയരി വിൽക്കുന്നതിന് കർഷകർക്ക് സാധിക്കുന്നു. തൽഫലമായി കാപ്പിയരിയുടെ വില ഗണ്യമായി

വർദ്ധിച്ചു. ഇന്ന് മാർക്കറ്റിൽ നല്ലകാപ്പി യരിക്ക്കിലോഗ്രാമിന് 100 മുതൽ 150രൂ. വരെ വിലയുണ്ട്. ഇത്രയധികം വില ലഭിക്കുന്ന ഒരു കാർഷിക വിഭവം കേരളത്തിൽ ഇല്ലതന്നെ. കർഷകർ ഈ അവസരം ശരിക്കും മുതലാക്കേണ്ടതാണ്. കാപ്പികൃഷിയ്ക്ക് പറ്റിയ മലഞ്ചരിവുകളും നമുക്കുണ്ട്. ചോല വൃക്ഷങ്ങളുടെ പരിമിതിയും നമുക്കില്ല. ജഡപിടിപ്പിക്കുന്ന വേരുള്ള കാപ്പിച്ചെടി മണ്ണൊലിപ്പിനെതടയുന്നു. പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷങ്ങളുടെ ചുവട്ടിൽ കാപ്പി വച്ച് പിടിപ്പിക്കാവുന്നതാണ്. ഏതാണ്ട് രണ്ട് വർഷം കൊണ്ട് കായ്ച്ച് തുടങ്ങുന്ന ഈ ചെടി പൂർണ്ണ വളർച്ചയിൽ എത്തുമ്പോഴേക്കും ചെടിയൊന്നിന് മൂന്നു കിലോഗ്രാം വരെ ഉത്പാദനം ലഭിക്കുന്നു. റബ്ബർ തോട്ടങ്ങളിൽ കാപ്പിച്ചെടി നടുന്നത് മണ്ണൊലിപ്പ് തടയാൻ ഒരു മാർഗ്ഗമെന്നതിനുപുറമേ കർഷകർക്ക് നല്ല ആദായവും നൽകും. റബ്ബറിന്റെ ഉത്പാദനക്ഷമതയെ ബാധിക്കാതിരിക്കാൻ നാല് റബ്ബർ മരങ്ങൾക്കിടയിൽ ഒരു കാപ്പിച്ചെടി നടുന്നത് നന്നായിരിക്കും. കാപ്പിയുടെയും റബ്ബർ മരങ്ങളുടെയും വേരുകൾ തമ്മിൽ വളത്തിനുവേണ്ടിയുള്ള മത്സരം നടക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. രണ്ട് മരങ്ങൾക്കും പ്രത്യേകം പ്രത്യേകം വളം ഇടുന്നതുകൊണ്ട് ഒരളവുവരെ ഈ മത്സരം ഒഴിവാക്കാൻ കഴിയും. കാപ്പിയുടെ പൂവ് എണ്ണപ്പെട്ട സുഗന്ധം പരത്തുന്ന ഒന്നാണ്. കൂടാതെ ചുവന്ന് പഴുത്ത് നിൽക്കുന്ന കാപ്പിക്കുരു നയനമനോഹരമാണ്. കാപ്പിയിലയ്ക്ക് ഔഷധവീര്യം ഉണ്ടെന്നും പഴമക്കാർ കരുതുന്നു. കാപ്പിയിലയിട്ട് വെന്ത വെള്ളം കുളിയ്ക്കാൻ ഉപയോഗിക്കുന്നത് പ്രസവാനന്തര ശുശ്രൂഷയിൽ ഒന്നായി കണക്കാക്കപ്പെടുന്നു. കാര്യമായ വിലയൊന്നും കൊടുക്കാതെ തന്നെ കാപ്പി തൈകൾ ഈ പഞ്ചായത്തിൽ ലഭ്യമാണ്. കർഷകരുടെ ശ്രദ്ധ ഈ വഴിക്ക് തിരിയേണ്ടത് കാലഘട്ടത്തിന്റെ ഒരാവശ്യമാണ്.

മറ്റ് ഫലവൃക്ഷങ്ങൾ

പഴങ്ങളുടെ രാജാവായ മാമ്പഴം ഒരു കാലത്ത് നമ്മുടെ നാട്ടിൽ സുലഭമായിരുന്നു. എന്നാൽ ഇന്ന് ആ സ്ഥിതി മാറി. കോട്ടുക്കോണം വരിക്ക, ചെങ്കവരിയ്ക്ക തുടങ്ങിയ നാടൻ ഇനങ്ങൾ ഭംഗിയുള്ളതും മധുരമേറിയതുമായ മാമ്പഴങ്ങളാണ്. എന്നാൽ ഇന്ന് ഇതിന്റെ കൃഷി കർഷകർ കാര്യമായി എടുക്കുന്നില്ല. നമ്മുടെ ഉപഭോഗത്തിനുള്ള മാമ്പഴം ലോറികളിൽ തമിഴ്നാട്ടിൽ നിന്ന് എത്തുകയാണ്. ഒരു മാമ്പഴത്തിന് അഞ്ചു രൂപാവരെ വില നൽകി പഴക്കടകളിൽ നിന്നും വാങ്ങേണ്ടിവരുന്നു. കോട്ടുക്കോണം, ചെങ്കവരിക്ക തുടങ്ങിയ ഇനങ്ങൾക്ക് പുറമേ ആൽഫോൻസാ, നീലം തുടങ്ങിയ ഇനങ്ങളും നമ്മുടെ കാലാവസ്ഥയിൽ ഭംഗിയായി വളരും ധാരാളം വെളിച്ചം ലഭിക്കുന്നടത്ത് മാത്രമേ മാവ് പൂക്കൂ എന്നത് ഓർമ്മയിലിരിക്കേണ്ടതാണ്. പ്ലാവ്, അയണി, പേര, ജാമ്പ, നെല്ലി, സപ്പോട്ട തുടങ്ങിയ മരങ്ങളും ഈ മണ്ണിൽ ഭംഗിയായി വളരും. നെല്ലിക്ക ചവനപ്രാശലേഹ്യം ഉണ്ടാക്കാൻ ഉപയോഗിക്കുന്നത് കൊണ്ടാണ് മാർക്കറ്റിൽ നല്ല വില ലഭിക്കുന്നത്. വൈറ്റമിൻ സി യുടെ കലവറകൂടിയാണ് ഈ ഫലവൃക്ഷങ്ങൾ. രോഗപ്രതിരോധ ശക്തി നൽകുന്നതിന് ഈ പഴവർഗ്ഗങ്ങൾ പതിവായി ഉപയോഗിക്കുന്നത് നന്നായിരിക്കുമെന്ന് ഡോക്ടർമാർ അഭിപ്രായപ്പെടുന്നു.

വാഴ

പ്രകൃതിയ്ക്കു ഭംഗിയും മണ്ണിനു ഈർപ്പവും കർഷകനു ആദായവും നൽകുന്ന വിളയാണല്ലോ വാഴ. എല്ലാ ഇനത്തിൽപ്പെട്ട വാഴകളും ഈ പഞ്ചായത്തിന്റെ മുഴുപ്രദേശത്ത് ഭംഗിയായി വളരുന്നു. കപ്പ, ഏത്തൻ, രസകദളി, പാളയംതോടൻ തുടങ്ങിയ ഇനങ്ങളാണ് ഈ പ്രദേശത്ത് ധാരാളമായി കൃഷി ചെയ്തു വന്നത്. ഒരുകാലത്ത് പല ഇടത്തരം കുടുംബങ്ങളുടെയും ധനാഗമനമാർഗം വാഴകുലയായിരുന്നു. എന്നാൽ കഴിഞ്ഞ അഞ്ചു വർഷങ്ങൾക്കുള്ളിൽ വാഴക്കൃഷി മന്ദീഭവിച്ചു. കുറുനാമ്പ് എന്ന വാഴരോഗമാണ് കർഷകരെ നിരുത്സാഹപ്പെടുത്തിയത്. ഈ രോഗം വാഴ തഴച്ചു വളരാൻ തുടങ്ങിയാൽ ബാധിക്കുകയും തുടർന്നു വാഴയെ നശിപ്പിക്കുകയും ചെയ്യുന്നു. കാർഷിക വിദഗ്ദ്ധർ ഇതിനു പ്രതിവിധി കണ്ടുപിടിക്കുന്നതിനു അമ്പേ പരാജയപ്പെട്ടു. വണ്ടിക്കണക്കിനു വാഴക്കുലകൾ വന്നി

രുന്ന നമ്മുടെ ചന്തകളിൽ വാഴക്കുലകൾ എന്നത് അപ്രത്യക്ഷമായി. വാഴപ്പഴത്തിന്റെ വില ക്രമാതീതമായി വർദ്ധിച്ചു. 1940 കളിലും 1950കളിലും നാം തമിഴ്നാട്ടിലെക്കു വാഴക്കുലകൾ കയറ്റി അയച്ചിരുന്നു. എന്നാൽ ഇന്ന് സ്ഥിതി നേരെ മറിച്ചായി. തമിഴ്നാട്ടിൽനിന്ന് വാഴക്കുലകൾ എത്തിയില്ലെങ്കിൽ വാഴപ്പഴം ലഭ്യമല്ല എന്ന സ്ഥിതിതന്നെ വന്നുചേർന്നു. 40-ത്കളിലെ കണക്ക് പരിശോധിച്ചാൽ ഏത്തൻ, കപ്പ എന്നിവയൊഴികെ 36 ടൺ വാഴക്കുലകൾ ഇവിടെ പ്രതിദിനം ഉല്പാദിപ്പിച്ചിരുന്നു. ഇന്ന് അത് കേവലം അരടൺ ആയി മാറി. കർഷകന്റെ അഭിമാനമായിരുന്ന കപ്പവാഴ ഏതാണ്ട് ഇല്ലാതെയായി. ഏത്തവാഴക്കൃഷി നഷ്ടമെന്ന് കണ്ടതിനാൽ കർഷകർ നിർത്തിവച്ചു.

വൈറമിൻ സി യുടെ കലവറയായ പഴവർഗമാണല്ലോ വാഴപ്പഴം. കൂടാതെ ക്ഷാരാംശം കൂടുതലുള്ള കപ്പവാഴപ്പഴം മനുഷ്യരിലുണ്ടാകുന്ന ഹൈപ്പർ ആക്സിഡിറ്റി എന്ന രോഗത്തെ പൂർണ്ണമായും നിയന്ത്രിക്കുന്നുവെന്നു കർഷകർ കരുതുന്നു. പോഷാകാംശങ്ങൾക്കു പുറമേ ഔഷധവീര്യമുള്ള ഈ വിളയെ നാശത്തിൽ നിന്ന് രക്ഷിക്കേണ്ടത് ഓരോ കർഷകന്റെയും കടമയാണ്.

മണ്ണ്

ഏതു കൃഷിക്കും അത്യന്താപേക്ഷിതമായ പ്രധാന ഘടകങ്ങളിലൊന്നാണ് മണ്ണ്. എന്നാൽ മണ്ണ് സംരക്ഷണകാര്യത്തിൽ നാം പിന്നിലാണ്. മലഞ്ചരിവുകളും കുത്തനെയുള്ളതുമായ ഭൂപ്രദേശമാണ് ഈ പഞ്ചായത്തിൽ 73 ശതമാനവും. മണ്ണൊലിപ്പിനെ കുറിച്ചുള്ള പഠനം പരിശീലകർ നടത്തിയതിൽ ഒരു പെരുമഴയ്ക്കു ഒരു സെന്റ് ഭൂമിയിൽ നിന്നും മുക്കാൽ ടൺ മണ്ണ് ഒഴുക്കിപോകുന്നുവെന്നാണ് കണ്ടത്. ഒരു വർഷത്തിൽ കുറഞ്ഞത് 12 പെരുമഴയെങ്കിലും പെയ്യാറുണ്ട്. അങ്ങനെ ഒരു വർഷത്തിൽ ചരിവു ഭൂമികളിൽ നിന്നും ഒരു ലോറിമണ്ണ് ഒഴുകിപോകുന്നുണ്ട്. മണ്ണിന്റെ ഈ നഷ്ടം പ്രകൃതിതന്നെ ഒരളവുവരെ നിയന്ത്രിക്കുന്നുണ്ട്. വേര്, ഇലകൾ, കമ്പുകൾ തുടങ്ങിയ ജൈവവസ്തുക്കൾ മണ്ണോടുലയിച്ചു ചേർന്നു മണ്ണിന്റെ അളവു ചെറിയതോതിൽ വർദ്ധിപ്പിക്കുന്നു. കൂടാതെ കല്ല്, പാറ തുടങ്ങിയ ഖരവസ്തുക്കൾ പൊടിഞ്ഞു ചേർന്ന് മണ്ണിന്റെ അളവു വർദ്ധിപ്പിക്കുന്നു. ഒരു സെന്റ് ഭൂമിയിൽ 1 വർഷത്തിൽ മണ്ണിന്റെ അളവ് ഇങ്ങനെ അറുമെട്രിക് ടണ്ണോളം വർദ്ധിക്കുന്നു. പക്ഷെ ഇതു നിലനിർത്തി കൊണ്ടു പോകുവാൻ കർഷകന് കഴിയുന്നില്ല. ഇതിനുള്ള പ്രതിവിധികൾ പലതാണ്. ചുരുക്കം ചില കർഷകരാണ് ഇവ അവലംബിക്കുന്നത്.

ഭംഗിയായ കല്ലുടുക്കുകളാണ് ഏറ്റവും പ്രാധാന്യമർഹിക്കുന്ന മാർഗം 12 അടി ഇടവിട്ട് ചരിവുഭൂമിയിൽ കല്ലുടുക്കി ഭൂമിയെ തട്ടുതട്ടാക്കി മാറ്റുന്നതാണ് ഈ പ്രക്രിയ. 5 വർഷത്തിലൊരിക്കൽ കല്ലുടുക്ക് അരയടിയോളം പൊക്കുന്നത് ഉത്തമമാണ്. മറ്റൊരു മാർഗം, ചരിവുഭൂമിയിൽ വെള്ളമൊഴുകുന്ന ഭാഗങ്ങളിൽ 10 അടിനീളത്തിലും 3 അടി വീതിയിലും 5 അടി താഴ്ച്ചയിലും കുഴിയുണ്ടാക്കുക എന്നതാണ്. ഈ കുഴിയിൽ ഓരോ വർഷവും വന്നു നിറയുന്ന മണ്ണ് കോരിയെടുത്ത് വൃക്ഷങ്ങൾക്കു വളമായി തന്നെ ഉപയോഗിക്കാവുന്നതാണ്. കൂടാതെ പ്രധാന വിളകൾക്കിടയിൽ പുറുത്തിപോലെ വേരുപടലങ്ങളുള്ള വിളകൾ കൃഷി ചെയ്യാവുന്നതാണ്.

ഈ പഞ്ചായത്തിൽ മണ്ണ് കുഴിച്ചുനോക്കിയാൽ 2 മീറ്റർ മുതൽ 35 മീറ്റർ വരെ എത്തുമ്പോൾ തട്ടുപാറകൾ കാണാവുന്നതാണ്. ഓരോ വർഷവും ഒരു സെന്റ് ഭൂമിയിൽ നിന്നും മുക്കാൽടൺ മണ്ണ് ഒഴുകിപോവുകയും ചെയ്തുകൊണ്ടിരുന്നാൽ അനതി വിദൂരഭാവിയിൽ മേൽമണ്ണില്ലാതെ പാറകൾമാത്രം തെളിഞ്ഞു കാണുന്ന അവസ്ഥ വന്നുചേരും.

ജനസംഖ്യ വർദ്ധിക്കുന്നുവെങ്കിലും ഭൂമിയുടെ അളവ് വർദ്ധിക്കുന്നില്ലല്ലോ. കൃഷിഭൂമിയ്ക്കു ഇടം വർദ്ധിപ്പിക്കുന്നതിനായി കർഷകർ വനഭൂമി കൈയേറുകയുണ്ടായി. എന്നാൽ ഇനി അവശേഷിക്കുന്ന വനഭൂമി കൈയേറുക എന്നത് ആത്മഹത്യാപരമാണല്ലോ?

ജൈവവളം

ഈ പഞ്ചായത്തിൽ ആകെയുള്ള കന്നുകാലികളുടെ എണ്ണം 2950 ആണ്. ഇവയിൽ നിന്നു പ്രതിദിനം ലഭിക്കുന്ന കാലിവളം 29500 കിലോഗ്രാം ആണ്. ഇത്രയും ചാണകമാണ്. 4300

ഹെക്ടർ സ്ഥലത്തേക്ക് പ്രതിദിനം ജൈവവള മായി ഉപയോഗിക്കുന്നത്. അപ്പോഴാ ഹെക്ടർ ഒന്നിന് പ്രതിദിനം വെറും 6.5 കി.ഗ്രാം കാലി വളമാണ് ഉപയോഗിക്കുന്നത്. പ്രതിവർഷം ഇത് 2372 കി.ഗ്രാം മാത്രമാണ്. ഇതിന്റെ അപ ര്യാപ്തത വ്യക്തമാണല്ലോ? നെന്റൊന്നിന് വെറും 9½ കി.ഗ്രാം മാത്രം.

കമ്പോസ്റ്റ്

ഉപേക്ഷിക്കപ്പെടുന്ന ചപ്പുചവറുകളും ധാരാള മുള്ള ഒരു മേഖലയാണ് ഈ പഞ്ചായത്ത്. എന്നാൽ ഇത് കമ്പോസ്റ്റാക്കി മാറ്റുന്ന പ്രക്രിയ കാര്യമായി ഒന്നും നടക്കുന്നില്ല. ഇതിന് വേണ്ടി ഗ്രാന്റ് വാങ്ങുന്ന കർഷകർ ആ പണം അതിനു ഉപയോഗിക്കുന്നില്ല. അതിനാൽ ചപ്പ്ചവറുകളും പരിസരമലിനീകരണം ഉണ്ടാക്കുകയും മഴകാല ത്ത് ഒഴുകി പോകുകയും ചെയ്യുന്നു. ഈ കാര്യ ത്തിലും ബോധവത്ക്കരണം അത്യന്താപേക്ഷിത മാണ്. അമ്പൂരി ചന്തയിലെ ഒരുവർഷത്തെ ചപ്പ് ചവറുകളും വെറും 30 രൂപക്കാണ് ലേലത്തിനു വിൽക്കുന്നത് എന്നത് ഇത്തരം വളത്തെക്കുറി ക്കുറിച്ചുള്ള പഞ്ചായത്ത് നിവാസികളുടെ പരി ജ്ഞാനത്തിന്റെഅപര്യാപ്തതവ്യക്തമാകുന്നു ഉദ്ദേശ്യം 35 മെട്രിക്ടൺ ഓളം ചപ്പുചവറുകളും ഒരു ഹെക്ടർ കൃഷിഭൂമിയിൽ ഒരു വർഷം കൊണ്ട് ഉല്പാദിപ്പിക്കുന്നു. ഇതിൽ 60%ത്തോ ളം വെള്ളത്തിൽ ഒലിച്ചു പോകുകയോ, കാറ്റിൽ പറന്നു പോകുകയോ മണ്ണിൽ ലയിച്ചു ചേരു കയോ ചെയ്താൽ പോലും ബാക്കി വരുന്ന ഒന്നര മെട്രിക് ടൺ ചപ്പുചവറുകളും കമ്പോസ്റ്റാ ക്കുമ്പോഴും ലഭിക്കുന്ന വളത്തിന്റെഅളവ് ഉദ്ദേശം $(1\frac{1}{2})$ ഒന്നര മെട്രിക്ക് ടൺ ആണ്. ഇത്രയധികം ജൈവവളം നാം ഉപേക്ഷിക്കുന്നുവെന്നത് അക്ഷ ന്തവ്യമാണ്. കർഷകർ ഇത്തരം വളം ഉണ്ടാക്കുന്ന തിൽ കൃഷിഭവൻ നേരിട്ട് പരിശീലിപ്പിക്കേ ണ്ടതും ഗ്രാന്റായി ലഭിക്കുന്ന തുകകൊണ്ട് യഥാർത്ഥത്തിൽ കമ്പോസ്റ്റു കുഴികളും നിർ മ്മിക്കുന്നുയെന്ന് ഉറപ്പ് വരുത്തുകയും ചെയ്യേ ണ്ടതാണ്.

രാസവളം

രാസവളത്തിന്റെ ഈ വർഷത്തെ ആദ്യത്തെ 10 മാസത്തെ ഉപഭോഗം താഴെപറയും പ്രകാര മാണ്.

	രാസവളത്തിന്റെ പേര്	അളവ്
1	ഫാക്ടംഫോസ് 20:20	57350 കി. ഗ്രാം.
2	M O P	14279
3	യൂറിയ	6941
4	N P K 10:10:10	17748
5	മിക്സർ 15:10:6	9327
6	മിക്സർ 10:10:4	9457
7	8:8:16	3650
8	10:5:20	3056 ,,
	ആകെ	1,21,808 കി. ഗ്രാം.

മേൽ വിവരിച്ച കണക്കിൽ നിന്നും ഒരുമാസ ത്തെ ഉപഭോഗം 12180 കിലോഗ്രാമാണെന്ന് വ്യക്തമാണ്. പ്രതിവർഷം ഇതിന്റെ ഉപഭോഗം 146160 കിലോഗ്രാമാണ്. അപ്പോഴാ ഹെക്ടർ ഒന്നിന് പ്രതിവർഷം പ്രയോഗിക്കുന്ന രാസ വളം $= \frac{146160}{4300 \text{ ഹെക്ടർ}} = 34$ കി.ഗ്രം.

ജലസേചനം

നെയ്യാർഡാമിനോടു തൊട്ടടുത്തു കിടക്കുന്ന പഞ്ചായത്താണ് ഇതെങ്കിലും ഈ ഡാമിൽ നിന്നു ഒരുതുള്ളി ജലം പോലും നമുക്ക് ലഭിക്കുന്നില്ല. ജലസേചനത്തിനു ഉപയോഗപ്പെടുത്തിക്കൊണ്ടി രിക്കുന്നത് 7 പൊതുകുളങ്ങളും 3 തോടുകളും മാത്രമാണ്. ഇവിടെ ഒന്നും തന്നെ ലിഫ്റ്റ് ഇറി ഗേഷൻ സൗകര്യമില്ല. കുളങ്ങളോടുതൊട്ടുകിടക്കു ന്നചില പ്രദേശങ്ങളും കുളത്തിന്റെ അടിത്തട്ടിനെ ക്കാളും വളരെ പൊക്കത്തിലാണ്. രണ്ടോ, മൂന്നോ കുളങ്ങളുടെ അടിത്തട്ട് പരന്ന പാറകളാണ്. വേനൽകാലത്ത് ഒരുതുള്ളി വെള്ളംപോലും കൃഷിക്കായി ലഭ്യമല്ല. തോടുകളെല്ലാം തന്നെ വേനൽകാലത്തു വറ്റി വരണ്ടുപോകുന്നവയാണ് കുളങ്ങളും കുഴിച്ചപ്പോഴും അതിന്റെ സ്ഥാന നിർണ്ണയത്തിനു തെറ്റുപറ്റി എന്നത് ഒരു വസ്തുതയാണ്. വേനലിൽ വറ്റാത്ത നീരുറവ കളും ഈ പഞ്ചായത്തിന്റെ പല ഭാഗത്തും ഉണ്ട്. ഇവിടെ നിന്നും ബഹിർഗമിക്കുന്ന ജലം ഇപ്പോഴും ജലസേചനത്തിനായി ഉപയോഗിക്കുന്നില്ല.

രണ്ടു മീറ്റർ മുതൽ 35 മീറ്റർ വരെ ആഴത്തിൽ ഈ ഭൂപ്രദേശം മുഴുവൻ തട്ടു പാറകളായതിനാൽ കിണർ കുഴിച്ചു ജലസേചനം എന്ന പരിപാടി അപ്രായോഗികമാണ്. നീർമറി പ്രദേശങ്ങളും ധാരാളമുള്ള ഈ പഞ്ചായത്തിൽ മഴയിൽ ഒഴുകിപോകുന്ന വെള്ളം സംരക്ഷിക്കുന്നതിനുള്ള ഘടനകളൊന്നും തന്നെയില്ല. ജലലഭ്യതയുടെ അഭാവം കൊണ്ട് പച്ചക്കറി കൃഷി കാര്യമായി നടക്കുന്നില്ല.

മൂന്നു തോടുകളിലായി വർഷകാലത്ത് ഒഴുകി പോകുന്ന വെള്ളത്തിന്റെ അളവ് 24000m^3 മീറ്ററാണ്. 7 കുളങ്ങളിലായി ജലം സംഭരിക്കുവാനുള്ള ശേഷി 4362 ക്യൂബിക് മീറ്ററാണ്. ഇതുതന്നെയും ജലം കൃഷിയ്ക്കു ഉപയുക്തമായ സ്ഥലത്തേയ്ക്കു എത്തിക്കുക എന്നത് ചിന്തിക്കുക പോലും ചെയ്തിട്ടില്ല. 43 ഹെക്ടറോളം കൃഷിയ്ക്കു ഉപയുക്തമായ ഭൂമിയുള്ള ഈ പഞ്ചായത്തിൽ പ്രകൃതിദത്തമായോ മനുഷ്യ നിർമ്മിതമായതോ ആയ വാട്ടർ ഷെഡുകളൊന്നും തന്നെയില്ല മലഞ്ചെരുവുകളിലുള്ള ഒഴുക്കുകൾ കെട്ടി നിർത്തിയാൽ ഉറുംപൊട്ടലുകൾ ഉണ്ടാകുവാനുള്ള സാധ്യതകൾ കൂടുതലാണെന്നു കർഷകർ വിശ്വസിക്കുന്നു.

കാര്യക്ഷമമായ ജലസേചന പദ്ധതികൾ നടപ്പിലാക്കിയാൽ ഇവിടത്തെ തെങ്ങയുടെ ഉത്പാദനം 25% കണ്ടും പച്ചക്കറിയുടെ ഉൽപാദനം 300% കണ്ടും വാഴക്കുലയുടെ ഉത്പാദനം 50% കണ്ടും വർദ്ധിപ്പിക്കാവുന്നതാണ്. മലഞ്ചെരിവുകളിലെ കൃഷികൾക്കുള്ള വെള്ളമെത്തിക്കണമെങ്കിൽ ലിഫ്റ്റ് ഇറിഗേഷൻ അല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല.

പ്രശ്നങ്ങൾ

1. വർഷങ്ങളോളമായി കുളങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യാതെ ഇടിഞ്ഞുനികന്നു കിടക്കുന്നു.

2. മിക്കതോടുകളിലും തടയണകളോ, പാർശ്വഭിത്തികളോ ഇല്ല.

3. ലിഫ്റ്റ് ഇറിഗേഷൻ സൗകര്യങ്ങൾ ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.

4. വളരെ ലക്ഷങ്ങൾ മുടക്കി നിർമ്മിച്ച് പരിപാലിച്ച കുളങ്ങളിൽ എന്തുകൊണ്ട് ആവശ്യത്തിനുള്ള ജലം ലഭ്യമല്ല എന്നതിനെ പറ്റി വിദഗ്ദർ പഠനം നടത്തിയിട്ടില്ല.

5. പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനു വിദ്യുത്പ്രേരകശക്തി വോൾട്ടേജ് അപര്യാപ്തമാണ്.

6. ഡീസൽ, മണ്ണെണ്ണ, സൗരോർജ്ജം എന്നിവ കൊണ്ട് പ്രവർത്തിപ്പിക്കുന്ന പമ്പുസെറ്റുകൾ ഒന്നും തന്നെയില്ല.

7. ട്രിപ്പ് ഇറിഗേഷൻ എന്ന നവീന ജലസേചന സംവിധാനം ഒരിടത്തും ഏർപ്പെടുത്തിയിട്ടില്ല.

8. അതുപോലെ തന്നെ സ്പ്രേ ഇറിഗേഷനും നടപ്പിൽ വരുത്തിയിട്ടില്ല.

9. റോഡുകളുടെയും ഗതാഗതത്തിന്റെയും മാർക്കറ്റിംഗിന്റെയും അപര്യാപ്തത.

പരിഹാര മാർഗ്ഗങ്ങൾ

1. നിലവിലുള്ള ഏഴ് കുളങ്ങൾക്കും അടിയന്തരമായി അറ്റകുറ്റപണികൾ നടത്തി ജല സംഭരണ ശേഷി ഉയർത്തുക.

2. പഞ്ചായത്തിലുള്ള മൂന്നു തോടുകളിലും നിർദ്ദിഷ്ട സ്ഥാനങ്ങളിൽ സ്ഥിരം തടയണകളും താഴ്ന്ന പ്രദേശങ്ങളിൽ ചീർപ്പുകളും സ്ഥാപിക്കുക.

3. ലിഫ്റ്റ് ഇറിഗേഷനായി ആവശ്യമുള്ള പമ്പുസെറ്റുകൾ, കുഴലുകൾ തുടങ്ങിയവ കർഷകർക്കു സബ്സിഡിയോടുകൂടി നൽകുക.

4. ജലസേചനത്തിൽ പ്രത്യേക വൈദഗ്ദ്ധ്യമുള്ള എൻജിനീയർമാർ ഈ പഞ്ചായത്തിലെ എല്ലാ കുളങ്ങളും പരിശോധിച്ച് എന്തുകൊണ്ട് ജല ലഭ്യത കുറഞ്ഞിരിക്കുന്നു എങ്ങനെ വർദ്ധിപ്പിക്കാം എന്നു കണ്ടുപിടിക്കുക.

5. വോൾട്ടേജ് നിരക്ക് പഞ്ചായത്തിലാകെ ഉയർത്തി പമ്പുസെറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനു സഹായിക്കുക.

6. അനർട്ട് എന്ന സംഘടനയുടെ സഹായത്താൽ ഈ പഞ്ചായത്തിലെ ഏഴുകുളങ്ങളിലും സൗരോർജ്ജ പമ്പുകൾ സ്ഥാപിക്കുക.

7. കർഷകർക്കു ഡീസൽ, മണ്ണെണ്ണ എന്നിവ സൗജന്യ നിരക്കിൽ റേഷൻ കടകളം വഴി വിതരണം ചെയ്യുക.

8. പഞ്ചായത്തിലെ ഉൾപ്രദേശങ്ങളിലെത്തിച്ചേരാൻ ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

9. മാതൃക ടിപ്പ് ഇറിഗേഷൻ, സ്പ്രേ ഇറിഗേഷൻ എന്നിവ ബന്ധപ്പെട്ട ഏജൻസികളെ കൊണ്ട് പഞ്ചായത്തിലെ 9 വാർഡുകളിലും സ്ഥാപിക്കുക.

10. പൊതുകുളങ്ങൾ നികത്തുന്നത് കർശനമായി തടയുക.

സാധ്യതകൾ

1. നെല്ല് ഉല്പാദനത്തിലേക്കു തിരിച്ചുവരാൻ കുറെ കർഷകരെങ്കിലും തയ്യാറായേക്കും.

2. തെങ്ങ്, വാഴ കമുക്, ഇഞ്ചി തുടങ്ങിയവയുടെ ഉല്പാദനം ഇരട്ടിയായി വർദ്ധിയ്ക്കും.

3. ഈ പഞ്ചായത്തിനു പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തമാക്കാം.

4. റബ്ബർ ഉല്പാദന രംഗത്ത് ഉണർവുണ്ടാക്കി ഉല്പാദന ക്ഷമത ഉയർത്താം.

5. മെച്ചപ്പെട്ട പഴവർഗങ്ങൾ പഞ്ചായത്തിലേക്കു ഇറക്കുമതി ചെയ്യാതെ തന്നെ ലഭ്യമാക്കാം.

6. ഉപയോഗിക്കാപ്പെടാതിരിക്കുന്ന മനുഷ്യശേഷി പൂർണ്ണമായും ഉല്പാദന പ്രക്രിയയിൽ ഉപയോഗിക്കാം.

7. അലങ്കാര ചെടികളുടെ ആവിർഭാവത്തോടെ പഞ്ചായത്തിന്റെ മുഖമായ തന്നെ മാറിയെടുക്കാം. കമ്പോസ്റ്റു നിർമ്മാണത്തിലൂടെ പരിസര ശുചീകരണം ഉറപ്പുവരുത്താം. അതൊടൊപ്പം തന്നെ മണ്ണിന്റെ ജൈവവീര്യം വർദ്ധിപ്പിക്കാം.

പ്രശ്നങ്ങൾ (കൃഷി)

1. നെൽകൃഷി ഇല്ലാതായികൊണ്ടിരിക്കുന്നു.

2. തെങ്ങ്, കമുക്, വാഴ, കുരുമുളക് എന്നിവയ്ക്ക് തീരാവ്യാധികളം പിടിപെട്ടു ഉത്പാദനവും ഉത്പാദനക്ഷമതയും കുറഞ്ഞുകൊണ്ടിരിക്കുന്നു.

3. പച്ചക്കറികൃഷി നാമമാത്രമായേ നടത്തുന്നുള്ളൂ.

4. ഫല വൃക്ഷങ്ങളം അതായത് മാവ്, പ്ലാവ്, പേര തുടങ്ങിയവ കൂടുതലായി നട്ടുപിടിപ്പിക്കുന്നില്ല.

5. കാർഷിക വിഭവങ്ങൾക്കു ലാഭകരമായി വില ലഭിക്കുന്നില്ല.

6. കാർഷിക ഉത്പന്നങ്ങളുടെ വിലയുമായി തട്ടിച്ചു നോക്കിയാൽ കൂലി ഭീമമായി ഉയർന്നു.

7. വേണ്ടത്ര വിദഗ്ദ്ധ തൊഴിലാളികളെ ലഭിക്കുന്നില്ല.

8. അത്യുത്പാദന ശേഷിയുള്ള വിത്തിനങ്ങളം തക്ക സമയത്തു ലഭിക്കുന്നില്ല.

9. റബ്ബർ നഴ്സറിയല്ലാതെ മറെറാരു നഴ്സറിയും ഈ പഞ്ചായത്തിലില്ല.

10. ജൈവവള ലഭ്യത കുറവാണ്.

11. രാസവളങ്ങൾ ക്രമമായി ഉപയോഗിക്കുന്നില്ല.

12. റബ്ബർ മരങ്ങളുടെ ഉത്പാദനക്ഷമത കുറവാണ്.

13. തെങ്ങ്, കമുക്, വാഴ, ഇഞ്ചി തുടങ്ങിയവയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും കുറഞ്ഞു.

14. മണ്ണുപരിശോധനയ്ക്ക് ആവശ്യമായ സൗകര്യങ്ങളില്ല.

15. ചെറുകിട കർഷകരിൽ പലർക്കും പട്ടയം ലഭിച്ചിട്ടില്ല. റീ സർവ്വേ നടന്നതിനുശേഷം ഈ പ്രശ്നം രൂക്ഷമായി.

പരിഹാര മാർഗങ്ങൾ

1. തെങ്ങ്, കമുക്, വാഴ, ഇഞ്ചി തുടങ്ങിയവയെ തീരാവ്യാധികളിൽ നിന്നും രക്ഷിക്കുന്നതിനു യുദ്ധകാലാടിസ്ഥാനത്തിൽ വിദേശ ശാസ്ത്രജ്ഞൻമാരെ കൂടി ഉൾപ്പെടുത്തി ഗവേഷണം നടത്തി പ്രതിവിധി കണ്ടുപിടിക്കുക.

2. നശിച്ചു പോകുന്ന തെങ്ങ്, കമുക് തുടങ്ങിയവയ്ക്കു കർഷകനു നഷ്ടപരിഹാരം നല്കി രോഗപ്രതിരോധ ശേഷിയുള്ള വൃക്ഷത്തൈകളെ സൗജന്യമായി നൽകുക.

3. പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനു പഞ്ചായത്തുതലത്തിൽ പദ്ധതി ആവിഷ്ക്കരിച്ചു കാര്യക്ഷമമായി നടപ്പിൽ വരുത്തുക.

4. ജൈവകീടനാശിനിയുടെ ഉല്പാദനം കൃഷിവേൻ മുഖാന്തിരം കർഷകരെ പരിശീലിപ്പിക്കുക.

5. ഫലവൃക്ഷ തൈകളും സബ്സിഡിയോടുകൂടി മഴക്കാലത്തു കർഷകർക്കു വിതരണം ചെയ്യുക.

6. എല്ലാ കാർഷിക വിഭവങ്ങൾക്കും യഥാർത്ഥ വിലയുടെ കണക്കിലെടുത്തു താങ്ങുവില നിശ്ചയിക്കുക.

7. റബ്ബർ, കേരവൃക്ഷം, ഗ്രാമ്പു തുടങ്ങിയവയുടെ ഇറക്കുമതി കർശനമായി നിരോധിക്കുക.

8. കർഷകതൊഴിലാളികൾക്കു വൈദഗ്ദ്ധ്യം നേടിയെടുക്കുന്നതിനു പ്രായോഗിക പരിശീലനം നൽകുക.

9. കാർഷിക വ്യവസായങ്ങൾക്കു അന്തസ്സു വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

10. പായ്ക്കറ്റിലും, പാക്കിലും ലഭിക്കുന്ന ജൈവവളം സൊസൈറ്റികൾ, കൃഷിഭവൻ മുഖാന്തിരം വിതരണം ചെയ്യുക.

11. കമ്പോസ്റ്റുകുഴി നിർമ്മിക്കുന്നതിനു ഗ്രാൻറ് ലഭിക്കുന്ന കർഷകർ യഥാർത്ഥത്തിൽ കുഴി നിർമ്മിക്കുന്നുണ്ടോ എന്നു പരിശോധിക്കുക.

12. കമ്പോസ്റ്റു വളത്തിന്റെ നിർമ്മാണത്തെക്കുറിച്ചുള്ള കണക്കുകൾ കൃഷിഭവനിൽ സൂക്ഷിക്കുക.

13. വെറും രാസവളപ്രയോഗം മാത്രം ആപൽക്കരമെന്നതിനെ കുറിച്ചു ബോധവല്ക്കരണം നല്കുക.

14. റബ്ബർ മരങ്ങളുടെ ഉല്പാദനക്ഷമത കുറഞ്ഞിരിക്കുന്നതിനു കാരണം മണ്ണുപരിശോധന വളം പരിശോധന നല്ലനടീൽ വസ്തുക്കളുടെ പരിശോധന എന്നിവ കണ്ടുപിടിച്ചു പ്രതിവിധികൾ ചെയ്യുക.

15. മണ്ണു പരിശോധനയ്ക്കുള്ള ഒരു ലബോറട്ടറി രണ്ടു പഞ്ചായത്തുകൾക്കു ഒന്നുവീതം എന്ന കണക്കിൽ ആരംഭിക്കുക.

16. അർഹരായ കർഷകർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ പട്ടയം വിതരണം നടത്തുക.

17. നെൽകർഷകർക്കു ഏക്കർ ഒന്നിനു, പൂ, ഒന്നിനു ഏറ്റവും കുറഞ്ഞത് 10001 രൂപയെങ്കിലും സബ്സിഡി നൽകുക.

18. റബ്ബർ മുറിച്ചുമാറ്റി ആവർത്തന കൃഷി ചെയ്യുമ്പോൾ കരനെല്ല് വിതയ്ക്കാൻ കർഷകർക്കു പ്രോത്സാഹനം നൽകുക.

സാധ്യതകൾ

1. കാർഷിക വിളകളുടെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിക്കുന്നു.

2. വ്യവസായത്തിനു ആവശ്യമായ അസംസ്കൃത വസ്തുക്കൾ ധാരാളമായി ലഭിക്കുന്നു.

3. മണ്ണിന്റെ ജൈവവീര്യം വർദ്ധിക്കുന്നു.

4. മണ്ണൊലിപ്പു തടയുന്നു.

5. രോഗബാധ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾ കുറയുന്നു.

6. നെല്ലിന്റെ ഉല്പാദനം വർദ്ധിക്കുന്നു.

7. പച്ചക്കറികൾ അന്യസംസ്ഥാനങ്ങളിൽ നിന്നും ഇറക്കാതെ തന്നെ ലഭ്യമാകുന്നു.

8. പച്ചക്കറികളിലെയും പഴവർഗങ്ങളിലെയും വിഷാംശം ഇല്ലാതാകുന്നു.

9. നാടിന്റെ മരുതകൾ പച്ചക്കൂടി ഭംഗിയുള്ളതാക്കുന്നു.

10. ആരോഗ്യവും ബുദ്ധിയുമുള്ള തലമുറ വൈറ്റമിനുകളുടെ സാന്നിദ്ധ്യമുള്ള സസ്യാഹാരങ്ങളുടെ ഉപയോഗംമൂലം ജനിച്ചു വളരുന്നു.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

1940കളിൽ മൃഗസമ്പത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിന്റെ മുഴുപ്രദേശവും ഒട്ടും പിന്നിലല്ലായിരുന്നു. വീടിനൊരു മാട് എന്നതായിരുന്നു കർഷകന്റെ മുദ്രാവാക്യം. പക്ഷേ, ആ കാലഘട്ടത്തിൽ ഇവിടെ 700 ൽ താഴെയേ വീടുകളുണ്ടായിരുന്നുള്ളൂ. റബ്ബർകൃഷി അന്നു വ്യാപകമല്ലായിരുന്നു. പ്രധാന കൃഷി മരിച്ചീനിയും കരനെല്ലുമായിരുന്നു. അങ്ങനെ മരിച്ചീനിയിലയും വയ്ക്കോലും കാലിത്തീറ്റയായി വൻതോതിൽ ലഭിച്ചിരുന്നു. അന്നുള്ള മാടുകളുടെ ഗുണനിലവാരം പൊതുവേ താഴ്ന്നതായിരുന്നു. പാലുല്പാദന രംഗത്ത് നേട്ടങ്ങളൊന്നുമുണ്ടാക്കാൻ കർഷകനെ കൊണ്ടു കഴിഞ്ഞിരുന്നില്ല. എന്നാൽ, 60കളുടെ ആരംഭത്തോടെ സ്ഥിതിഗതികൾ മാറി. ആസ്ട്രേലിയൻ ജഴ്സി, സിന്ധി തുടങ്ങിയ ഇനങ്ങൾ കർഷകരെ ആകർഷിച്ചു. അങ്ങനെ ഈ രംഗത്ത് ഒരു ചെറിയ വിപ്ലവം തന്നെ ഉണ്ടാക്കുവാൻ കർഷകർക്കു കഴിഞ്ഞു. ഉഴവിനായി ഉപയോഗിച്ചിരുന്ന പോത്തുകളും നെൽകൃഷി നടത്തിക്കൊണ്ടിരുന്ന പല കുടുംബങ്ങളിലും ഉണ്ടായിരുന്നു. മൃഗഡോക്ടറുടെ സേവനം ലഭ്യമല്ലായിരുന്നുവെങ്കിലും നാടൻ മാട്ടുവൈദ്യന്മാർ വിജയകരമായി രോഗചികിത്സ നടത്തിയിരുന്നു. മരിച്ചീനികൃഷിയും നെൽകൃഷിയും ഈ കാലഘട്ടത്തിൽ വഴ, തെങ്ങ്, കമുക്, റബ്ബർ തുടങ്ങിയ വയ്ക്കു വഴിമാറിക്കൊടുത്തു. അങ്ങനെ കാലിത്തീറ്റയായി ഉപയോഗിച്ചിരുന്ന മരിച്ചീനിയിലയും വയ്ക്കോലും ഇല്ലാതായിത്തുടങ്ങി. മാടുകളെ പുരയിടങ്ങളിൽ അഴിച്ചുവിട്ടുതീറ്റുന്നതും കെട്ടിത്തീറ്റുന്നതും കൃഷിയെ സാരമായി ബാധിക്കുന്നുവെന്നു മനസ്സിലാക്കിയ കർഷകർ മാടുകളുടെ എണ്ണം കുറച്ചുകൊണ്ടുവന്നു. എന്നാൽ, 80 കളിൽ പല മിൽക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നിലവിൽ വന്നതോടെ പാലുല്പാദന രംഗത്ത് കർഷകർ ഉത്സുകരായി. ഫാക്ടറികളിൽ നിർമ്മിക്കുന്ന കാലിത്തീറ്റയും കുറഞ്ഞ വിലയ്ക്ക് ലഭ്യമായിരുന്നു. കറവമാടുകളെ വാങ്ങുന്നതിന് കുറഞ്ഞ പലിശനിരക്കിൽ ബാങ്കിംഗ് സ്ഥാപനങ്ങളിൽ നിന്ന് പണം ലഭിച്ചിരുന്നതും കർഷകരെ ഉത്സുകരാക്കി. IRDP പദ്ധതി നിലവിൽ വന്നതും മാടുകളുടെ എണ്ണം വർദ്ധിക്കുന്നതിനു സഹായിച്ചു. ഈ പദ്ധതിയിൻ കീഴിൽ അനുവദിച്ചിരുന്ന സബ്സിഡി ആകർഷകമായിരുന്നു. എന്നാൽ; ഈ കാലയളവിൽ നെൽവയലുകളും മറ്റു വിളകൾക്ക് വഴിമാറിക്കൊടുത്തതുകൊണ്ട് ഉഴവുമാടുകൾ ഏതാണ്ട് ഇല്ലാതെ തന്നെയായി നെൽകൃഷി ഇല്ലാതായപ്പോൾ വയ്ക്കോലിന്റെ ലഭ്യതയും കുറഞ്ഞു. വൻവിലകൊടുത്ത് തമിഴ്നാട്ടിൽ നിന്നും വയ്ക്കോൽ ഇറക്കേണ്ടതായിട്ടു വന്നു. കാലിത്തീറ്റയുടെ വിലയും കുത്തക ഫാക്ടറി ഉടമകൾ കുത്തനെ വർദ്ധിപ്പിച്ചു. ഈ വർദ്ധനവിനാനുപാതികമായി പാൽവില വർദ്ധിച്ചതുമില്ല. തന്മൂലം മാടുകളുടെ എണ്ണം കുറഞ്ഞുവന്നു 90കളുടെ ആരംഭത്തിൽ ചുറ്റുപാടുമുള്ള പഞ്ചായത്തുകളിൽ മൃഗാശുപത്രികളും ഉണ്ടാവുകയും കൃത്രിമ ഗർഭോല്പാദനം അനായാസമാവുകയും ചെയ്തു. ഇതിനെത്തുടർന്ന് മാടുകളുടെഎണ്ണം വീണ്ടും വർദ്ധിച്ചു. പക്ഷേ, ഇതൊരു താല്ക്കാലിക വർദ്ധനവ് മാത്രമായിരുന്നു. കാലിത്തീറ്റകളുടെ വില വീണ്ടും ഉയർന്നു. ആനുപാതികമായി പാൽവില വർദ്ധിച്ചില്ല. കുളമ്പുരോഗം, അടപ്പൻ തുടങ്ങിയ വ്യാധികളും അത്യുല്പാദന ശേഷിയുള്ള പശുക്കളെ സാരമായി ബാധിച്ചു. അങ്ങനെ മാടുകളുടെ എണ്ണം വീണ്ടും കുറഞ്ഞു. മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റികളും പഞ്ചായത്തിന്റെ എല്ലാ ഓഫീസുകളിലും സ്ഥാപിക്കുന്നതിൽ കർഷകർ ഉത്സുകരായി. കാലിത്തീറ്റ സബ്സിഡിയോടെ സൊസൈറ്റികളിൽ നിന്നും ലഭിച്ചിരുന്നു. മിൽമായുടെ മൃഗഡോക്ടർമാരുടെ സേവനവും ലഭ്യമായി. ഈ കാലഘട്ടത്തിൽ ആറ് മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റികളും ഈ പഞ്ചായത്തിൽ നിലവിൽവന്നു. പക്ഷേ, മിൽമ കുറഞ്ഞ വിലയ്ക്കു മാത്രമേ ഈ സൊസൈറ്റികളിൽ നിന്ന് പാൽ വാങ്ങുവാൻ തയ്യാറായുള്ളൂ. കർഷകരെ വീണ്ടും നിരുത്സാഹപ്പെടുത്തുകയാണ് ഇതുമൂലം സംഭവിച്ചത്, അങ്ങനെ മാടുകളുടെ എണ്ണം വീണ്ടും കുറഞ്ഞു.

ഇന്നത്തെ കണക്കുകൾ പ്രത്യാശയ്ക്കു വഴിനല്കുന്നതല്ല. ഈ പഞ്ചായത്തിലെ റിസോഴ്സ് പേഴ്സൺസ് നടത്തിയ സാമ്പിൾ സർവ്വെയുടെ ഫലം ചുവടെ ചേർക്കുന്നു. [ഈ പഞ്ചായത്തിലെ മൃഗാശുപത്രിയിൽ മാടുകളുടെ എണ്ണവും ഉല്പാദനക്ഷമതയും ലഭ്യമല്ല.]

1.	പശുക്കളുടെ ആകെ എണ്ണം	2950
2.	എരുമകളുടെ എണ്ണം	87
3.	പോത്തുകളുടെ എണ്ണം	ഇല്ല
4.	ആടുകളുടെ എണ്ണം	1675
5.	പന്നികളുടെ എണ്ണം	73
6.	മൊത്തം പാലുല്പാദനം, പ്രതിദിനം പ്രതിദിന ഉല്പാദന ക്ഷമത പശു ഒന്നിന്	4400ലിറ്റർ 3 ലിറ്റർ

മേൽ വിവരിച്ച കണക്കുകളിൽ നിന്നും ഈ പഞ്ചായത്തിന്റെ ഈ രംഗത്തുള്ള ഇന്നത്തെ ശോചനീയാവസ്ഥ വ്യക്തമാണല്ലോ. വികസിത രാജ്യങ്ങളിലെ പശുക്ക

ളുടെ ഉല്പാദന ക്ഷമത 15 ലിറ്ററാണ്. ഇന്ത്യയിൽ തന്നെ ഉല്പാദന ക്ഷമത 12ലിറ്റർ എന്നത് ബാംഗ്ലൂർ, മദ്രാസ് തുടങ്ങിയ പട്ടണങ്ങളിൽ ഉള്ളതായറിയുവാൻ കഴിഞ്ഞിട്ടുണ്ട്. മാടുകളുടെ എണ്ണം കുറവായതിനാൽ ഉല്പാദനവും കുറവുതന്നെ. അതുകൊണ്ട് മാടുകളുടെ എണ്ണം കൂട്ടി ഉല്പാദനം വർദ്ധിപ്പിക്കുകയും, നല്ല കാലിത്തീറ്റകൊടുത്തും രോഗ പ്രതിരോധശക്തി വർദ്ധിപ്പിച്ചും നല്ലയിനങ്ങളുടെ ക്രോസ്ബ്രീഡ് ഉണ്ടാക്കിയും ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യേണ്ടതും ഒരു ആവശ്യകതയാണ്.

കറവ വറ്റിയ പശുക്കളെ തീറ്റിപ്പോറ്റാൻ ചെലവേറിയതിനാൽ കുറഞ്ഞ വിലയ്ക്കു വില്ക്കുന്ന പ്രവണത കർഷകരുടെ ഇടയിൽ സാധാരണമാണ്. ഒരിക്കൽ വിറ്റാൽ പിന്നെ പശുക്കളെ വാങ്ങുന്നതിനുള്ള സാമ്പത്തികശേഷി കർഷകനില്ല. 1989-90_ൽ ഈ പഞ്ചായത്തിൽ ഒരു മൃഗാശുപത്രി നിലവിൽ വന്നെങ്കിലും അത് ഒരു വാടകക്കെട്ടിടത്തിലാണ് ഇന്നും പ്രവർത്തിക്കുന്നത്. ഇവിടെ ഇലക്ട്രിസിറ്റിയില്ല; തന്മൂലം ഫ്രിഡ്ജുമില്ല; വേണ്ടത്ര ഫർണിച്ചറുകളുമില്ല. ഈ കെട്ടിടത്തിന്റെ ചുറ്റുപാടുകളിൽ മൃഗങ്ങളെ നിരീക്ഷിക്കുന്നതിനും ചികിത്സയ്ക്കുമായി കെട്ടിനിർത്താനുള്ള സൗകര്യങ്ങളില്ല. മൃഗഡോക്ടർക്കു താമസിക്കുവാൻ ക്വാർട്ടേഴ്സില്ല. മരുന്നുകളുടെ ലഭ്യതയും ശോചനീയമാണ്. ഇവിടെ പശുക്കൾക്ക് കൃത്രിമ ഗർഭോല്പാദനം നടത്തുന്നതിന് ഈടാക്കുന്ന ഫീസിന്റെ പകുതി മാത്രമാണ് സമീപത്തുള്ള തമിഴ്നാട് പ്രദേശത്ത് മൃഗാശുപത്രി ഈടാക്കുന്നത്. ഈ മൃഗാശുപത്രിയുടെ സബ്-സെൻറർ പ്രവർത്തിക്കുന്ന ശൂരവക്കാണിയിൽ 68 പശുക്കളെയുള്ളൂ. കൂടാതെ പശുക്കളുടെ കേന്ദ്രീകരണമുള്ള സ്ഥലത്താണ് ഈ സബ്-സെൻറർ പ്രവർത്തിക്കേണ്ടത്. തീറ്റ പുല്ലുല്പാദനം ലവലേശം പോലും ഈ പഞ്ചായത്തിലില്ല എന്നെ ലാഭം നല്കുന്ന റബ്ബർ മരങ്ങൾ വച്ചുപിടിപ്പിക്കുവാനാണ് കർഷകർക്ക് ഉത്സാഹം.

പട്ടികവർഗ്ഗക്കാർ, മറ്റു ചെറുകിട കർഷകർ, കർഷകത്തൊഴിലാളികൾ തുടങ്ങിയവരാണ് ആടുവളർത്തലിൽ മുഖ്യമായും ഏർപ്പെട്ടിരിക്കുന്നത്. ഇവരുടെ കുഞ്ഞുങ്ങൾക്ക് ആടുവളർത്തൽ ഒരു ഹോബിയും ജീവിത മാർഗ്ഗവുമാണ്. പാലിനേക്കാളുപരി, ആട്ടിൻകുട്ടികളെ വളർത്തി വിറ്റു ലാഭമുണ്ടാക്കുക എന്നതാണ് ഇവരുടെ ലക്ഷ്യം. വിലപിടിപ്പുള്ള തീറ്റകളൊന്നും ഈ ആടുകൾക്കു കൊടുക്കുന്നില്ല. മനുഷ്യാഹാരത്തിന്റെ അവശിഷ്ടവും വേലികളിലും പുരയിടങ്ങളിലും കാണുന്ന പച്ചിലയുമാണിവയുടെ ആഹാരം. ആടുവളർത്തൽ പ്രായേണ ലാഭകരമാണെങ്കിലും ഇടത്തരം കർഷകരും ചെറുകിട കർഷകരും ഇതിൽ ഏർപ്പെടുന്നില്ല. മുളച്ചുവരുന്ന കാർഷിക വിളകളും തിന്നുന്ന പ്രവണത ആട്ടിൻകുട്ടികളിൽ കാണുന്നതുകൊണ്ടാണിത്. ചെറുകിട കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെയും സാമ്പത്തികനില മെച്ചപ്പെടുത്തുന്നതിന് ആടുക്കും മിട്ടയോടും കൂടിയ ആടുവളർത്തൽ സഹായകരമായിരിക്കും.

മാംസഭുക്കുകൾ ധാരാളമായി നിവസിക്കുന്ന പഞ്ചായത്താണിത്. ഇവിടെ സസ്യഭുക്കുകളില്ലെന്നുതന്നെ പറയാം. മാട്ടിറച്ചിയാണ് പ്രധാന മാംസാഹാരം. ഈ പ്രദേശത്തുള്ള ഏറ്റവും ചെറിയ ഹോട്ടലുകളിൽ പോലും ബീഫ് കറി സുലഭമാണ്. മാട്ടിറച്ചി സമീപത്തുള്ള പനച്ചമൂട്, കുറ്റിച്ചൽ എന്നീ സ്ഥലങ്ങളിൽ നിന്ന് ദിനംപ്രതി ഇവിടത്തെ ഹോട്ടലുകളിലെത്തുന്നു. കൂടാതെ എല്ലാ ഞായറാഴ്ചകളിലും 12 ഇടത്തരം മാടുകളെ അറുത്ത് വില്പന നടത്തുന്നു. ഇതിനുപുറമേ, പനച്ചമൂട്ടിൽ നിന്ന് ഇറച്ചിക്കോഴികളെയും എത്തിക്കുന്നു. ആട്ടിറച്ചി വിരളമായേ ഉപയോഗിക്കുന്നുള്ളൂ.

ഈ പഞ്ചായത്തിലെ ഇറച്ചിയുടെ ഉപഭോഗത്തെക്കുറിച്ചുള്ള ഒരു സാമ്പിളം സർവ്വെ താഴെപ്പറയുന്ന വിവരങ്ങളും നല്കുന്നു.

മാട്ടിറച്ചിയുടെ പ്രതിദിന ഉപഭോഗം	490	കി.ഗ്രാം
കോഴിയിറച്ചിയുടെ പ്രതിദിന ഉപഭോഗം	120	
ആട്ടിറച്ചിയുടെ പ്രതിദിന ഉപഭോഗം	15	
മൊത്തം ഇറച്ചിയുടെ പ്രതിദിന ഉപഭോഗം	625	,,
പ്രതിദിന പ്രതിശീർഷ ഉപഭോഗം	40	ഗ്രാം

ഈ ഇറച്ചിയിൽ 95% വും തമിഴ്നാട്ടിൽ നിന്നും കൊണ്ടുവരുന്ന മാടുകളിൽ നിന്നും കോഴികളിൽ നിന്നുമാണ് ലഭിക്കുന്നത്. അങ്ങനെ ഇറച്ചിയുടെ കാര്യത്തിൽ ഈ പഞ്ചായത്ത് മറ്റ് പലതിലുമെന്നപോലെ തമിഴ്നാടിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ സ്ഥിതി മാറേണ്ടതാണ്. കൂടുതൽ ഇറച്ചിമാടുകളേയും ഇറച്ചിക്കോഴികളേയും മുട്ടനാടുകളേയും ഇവിടെ വളർത്തേണ്ടതുണ്ട്.

കോഴി, താറാവ് തുടങ്ങിയ വീട്ടിൽ വളർത്തുന്ന പക്ഷികളുടെ എണ്ണം വളരെ കുറവാണ്. ധാരാളം റബ്ബർ തോട്ടങ്ങളുള്ളതിനാൽ ബാക്ക്യാർഡ് സിസ്റ്റത്തിൽ കൂടുതൽ കോഴികളേയും താറാവുകളേയും വളർത്താനുള്ള സാധ്യതയുണ്ട്. സാമ്പിളം സർവ്വെയിലൂടെ ലഭിച്ച ഈ പഞ്ചായത്തിലെ കോഴികളുടെയും താറാവുകളുടെയും എണ്ണം ചുവടെ ചേർക്കുന്നു.

മൊത്തം കോഴികളുടെ എണ്ണം	21108
താറാവുകളുടെ എണ്ണം	82
മൊത്തം മുട്ടയുടെ പ്രതിദിന ഉല്പാദനം	14345
മുട്ടയുടെ ഉപഭോഗം	16345
പുറത്തുനിന്നും വരുന്ന മുട്ടകളുടെ എണ്ണം	2000

അങ്ങനെ രണ്ടായിരത്തോളം മുട്ടകളാണ് ഈ പഞ്ചായത്തിൽ പുറത്തുനിന്നുമെത്തുന്നു. ഇതും തമിഴ്നാട്ടിൽ നിന്നു മാണെത്തുന്നത്. ഈ കാര്യത്തിലും നാം സ്വയംപര്യാപ്തതയിൽ എത്തിയിട്ടില്ല. രണ്ടു മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളാരംഭിച്ചാൽ മുട്ടയുടെ കാര്യത്തിൽ സ്വയം പര്യാപ്തത നേടും.

താറാവു വളർത്തലിനു പറ്റിയ ജലാശയങ്ങളാണ് ഈ പഞ്ചായത്തിൽ കുറവാണ്. എന്നാലും കരതാറാവുകളെ വളർത്താൻ ബുദ്ധിമുട്ടുണ്ടാവുകയില്ല. സിമൻറു വാർത്ത പെറിയ ടാങ്കുകളോ വിസ്താരമുള്ള പാത്രങ്ങളോ ഉണ്ടെങ്കിൽ താറാവുകൾക്ക് കൂടെ സമയം ജലത്തിൽ കഴിയാൻ സാധിക്കുന്നു. കോഴിമുട്ടയുടെ ഏതാണ്ട് ഒരിരട്ടി വിലയാണ് താറാവിൻെറ മുട്ടയ്ക്ക്. കൂടാതെ ഔഷധവീര്യമുള്ളതാണ് താറാവിൻമുട്ടയെന്നതും പയിൽസ് രോഗമുള്ളവർക്ക് ഇതിൻെറ ഉപയോഗം നല്ലതാണെന്നതും സത്യമാണല്ലോ. അതുകൊണ്ട് താറാവു വളർത്തലും ഇവിടെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

മൃഗസംരക്ഷണ രംഗത്ത് ഇന്നു നിലവിലുള്ള സ്കീമുകളൊന്നും തന്നെ പ്രായോഗികമല്ലാത്തതാണ്. ഉദാഹരണമായി ഊർജ്ജിത കന്നുക്കുട്ടി വളർത്തൽ പദ്ധതി ഒരു തികഞ്ഞ പരാജയമാണ്. ഈ പദ്ധതി പ്രകാരം പ്രതിമാസം 900 രൂപയിൽ താഴെ വരുമാനമുള്ള കുടുംബങ്ങൾക്ക് കന്നുകുട്ടി വളർത്തലിന് 4000/-രൂപയോളം ആനുകൂല്യം നൽകുന്നു. 900/-രൂപയിൽ കുറഞ്ഞ വരുമാനമുള്ള കുടുംബങ്ങൾ കേരളത്തിൽ ഇല്ലെന്നുതന്നെ പറയാം. 900/-രൂപ വരുമാനമെന്നുള്ളത് 1600/- എങ്കിലും ആക്കിയാൽ കുറച്ചു കുടുംബങ്ങൾക്കെങ്കിലും ഇതു കൊണ്ടു പ്രയോജനമുണ്ടാകും. നിലവിലുള്ള മറൊരു പദ്ധതി ഷെഡ്യൂൾഡ് ബാങ്കുകളും കോ-ഓപ്പറേറീവ് ബാങ്കുകളും കറവ പശുവിനെ വാങ്ങാൻ ലോൺ കൊടുക്കുന്നതാണ്. ഇത്രയധികം ദുരുപയോഗപ്പെടുത്തിയ പദ്ധതി മറൊന്നില്ല തന്നെ. അടുത്ത വീട്ടിലെ പശുവിനെ കാണിച്ച് വേണ്ടപ്പെട്ടവരെ വേണ്ട വിധത്തിൽ കണ്ട് പശു ലോൺ എടുക്കുക എന്നത് ഒരു സാധാരണ സംഭവമായി മാറി. ലോണിൻെറ 60% വരെ മാത്രമേ കർഷകൻെറ കൈകളിൽ എത്തുന്നുള്ളൂ. യഥാർത്ഥഗുണഭോക്താവിനെ കണ്ടെത്തിഗുണഭോക്താവിനു ബുദ്ധിമുട്ടുകളൊന്നും കൂടാതെ തന്നെ തുക ചെക്കായോ, ഡി. ഡി. ആയോ രജിസ്റേർഡ് പോസ്റ് ആയി കർഷകൻെറ വീട്ടിൽ എത്തിക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ സജീവ സഹകരണം ഈ രംഗത്തെ ദുഷ്പ്രവണതകളും തുടച്ചു നീക്കുന്നതിന് സഹായിക്കും.

പ്രശ്നങ്ങൾ

1. അത്യുത്പാദന ശേഷിയുള്ള പശുക്കളെ ന്യായമായ വിലയ്ക്കു ലഭിക്കുന്നില്ല.
2. കാലിതീറ്റ വിലയിലെ ക്രമാതീതമായ വർദ്ധനവ്.
3. രോഗ പ്രതിരോധ കുത്തിവയ്പുകളുടെ അഭാവം.
4. കൃത്രിമ ഗർഭോത്പാദനത്തിനുള്ള സൗകര്യങ്ങളുടെ കുറവ്.
5. പാൽവില കർഷകനു ആദായകരമല്ല.
6. കറവ വറ്റിയ പശുക്കളെ ചെലവു കുറച്ചു വളർത്താൻ കഴിയുന്നില്ല.
7. പശുലോൺ കിട്ടുന്നതിനുള്ള വർണ്ണനാതീതമായ ബുദ്ധിമുട്ടുകൾ.
8. ഇറച്ചിമാടുകളെ വളർത്തുന്നതിന് കർഷകനു പ്രോത്സാഹനം ലഭിക്കുന്നില്ല.
9. നല്ലയിനം എരുമകളെ കിട്ടാനില്ല.
10. നല്ലയിനം ആടുകളുടെ ദൗർലഭ്യം.
11. നല്ലയിനം പന്നികളുടെ ദൗർലഭ്യം.
12. നിലവിലുള്ള സ്കീമുകളെപ്പറ്റി ഒരു പ്രചാരവുമില്ലാത്തതുകൊണ്ട് കർഷകനുള്ള അജ്ഞത.
13. നല്ലയിനം കോഴികളെയും താറാവുകളെയും കിട്ടാനില്ല.
14. കോഴിവളർത്തലിന് ഒരു പ്രോത്സാഹനവും ലഭ്യമല്ല.
15. മൃഗഡോക്ടറുടെ സേവനം അപര്യാപ്തമാണ്.

പരിഹാരമാർഗ്ഗങ്ങൾ

1. പഞ്ചായത്തിലെ മൃഗാശുപത്രി സുസജ്ജമാക്കുക, അതിനായി ഒരു കെട്ടിടവും മറ്റു സൗകര്യങ്ങളും ഒരുക്കുക.
2. കൃത്രിമ ഗർഭോല്പാദനം വ്യാപകമാക്കുക.
3. നല്ലയിനം വിത്തുകാളകളെ വളർത്തുന്നതിന് പ്രോത്സാഹിപ്പിക്കുക. വേണ്ടിവന്നാൽ അങ്ങനെയുള്ള കർഷകർക്കു ഗ്രാൻറു നല്കുക.
4. പ്രതിരോധ കുത്തിവയ്പുകൾ നിയമംമൂലം നിർബന്ധമാക്കുക.
5. മാടുകളുടെ ഇൻഷ്വറൻസിന് കർഷകരെ നിർബന്ധിക്കുക.
6. ഇറച്ചിമാടുകളെ വളർത്തുന്നവർക്ക് പ്രോത്സാഹനം നല്കുക.
7. കാലിത്തീറ്റ ഉല്പാദനത്തിന് ഓരോ മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റിക്കും പ്രോത്സാഹനവും സഹായവും നൽകുക.
8. കറവ വറ്റിയ മാടുകളെ അടുത്ത പ്രസവം വരെ പരിപാലിക്കുന്നതിന് വിതുര, നെടുമങ്ങാട് മോഡലുകളിൽ ഫാമുകൾ സ്ഥാപിക്കുക.
9. തീറ്റപ്പുൽ വിത്ത് സൗജന്യമായി വിതരണം ചെയ്യുക
10. തൊടുമല വാർഡിൽ റിസർവ്വ് ഫോറസ്റ്റിൽ ഉൾപ്പെട്ടുകിടക്കുന്ന ഇടവനത്തിൽ പുൽകൃഷി നടത്തി വിതരണം ചെയ്യുന്നതിന് സ്വകാര്യ ഏജൻസി ഉൾപ്പെടെയുള്ളവർക്ക് അനുവാദം നൽകുക.

11. പരിസരശുചീകരണം മുന്നിൽ കണ്ടുകൊണ്ടുള്ള ഞാഴുത്തുകൾ നിർമ്മിക്കുന്നതിന് കർഷകരെ സഹായിക്കുക.

12. വർഷത്തിലൊരിക്കലെങ്കിലും നല്ല കന്നുകാലികളുടെ പ്രദർശനം ഒരുക്കി നല്ല കർഷകർക്കു സമ്മാനങ്ങൾ നല്കുക.

13. കണ്ടംതിട്ട, കാരിക്കുഴി എന്നിവിടങ്ങളിൽ ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ ആരംഭിക്കുക.

14. നല്ലയിനം ഏരുമകളെയും വിത്തുപോത്തുകളെയും അടുത്ത സംസ്ഥാനങ്ങളിൽ നിന്നും വാങ്ങിക്കൊണ്ടുവരുന്നതിന് സാമ്പത്തിക പ്രോത്സാഹനം നല്കുക.

15. പാൽവിലയിൽ 25% വർദ്ധനവ് ഓരോ വർഷവും നല്കുക.

16. പാൽ സംഭരിക്കുന്ന കേന്ദ്ര ഏജൻസി സബ്സിഡിയോടുകൂടിയ കാലിത്തീറ്റയുടെ വിതരണം നടത്തുക. അല്ലെങ്കിൽ ഇവിടെ കാലിത്തീറ്റ ഉല്പാദനത്തിന് ധനസഹായം ചെയ്യുക.

17. മൃഗഡോക്ടർ നല്ലയിനം മാടുകളെ വളർത്തുന്ന കർഷക ഗൃഹങ്ങൾ സന്ദർശിച്ച് അവർക്കു നിർദ്ദേശങ്ങൾ നല്കുക.

18. നല്ലയിനം ആട്ടിൻകുട്ടികളെ കാർഷിക സർവ്വകലാശാലയിൽ നിന്നോ മറ്റു സ്ഥലങ്ങളിൽ നിന്നോ കർഷകർക്കു വിതരണം ചെയ്യുക.

19. പാലിൽനിന്ന് മധുരപലഹാരങ്ങൾ, ഐസ്ക്രീം തുടങ്ങിയവ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സൊസൈറ്റികൾക്കും വ്യക്തികൾക്കും കുറഞ്ഞ പലിശയിൽ ലോൺ നല്കുക.

20. തിരുവനന്തപുരത്തുള്ള ഹാച്ചറിയുടെ പ്രവർത്തനം ഗ്രാമങ്ങളിലേയ്ക്കും വ്യാപിപ്പിക്കുക.

21. മുയൽ വളർത്തൽ, കാട വളർത്തൽ എന്നിവയിൽ കർഷകർക്കു പരിശീലനം നല്കുക.

22. നല്ലയിനം കോഴി, താറാവ് തുടങ്ങിയവയുടെ മുട്ടകൾ പ്രത്യുല്പാദനത്തിനായി കർഷകർക്കു വിൽക്കുക.

23. മുട്ടക്കോഴി, ഇറച്ചിക്കോഴി ഫാമുകൾ സ്ഥാപിക്കുന്നതിന് ഓരോ വാർഡിലും തെരഞ്ഞെടുക്കപ്പെട്ട കർഷകന് സബ്സിഡിയോടു കൂടിയ ലോൺ നല്കുക.

24. റബ്ബർ തോട്ടങ്ങളിൽ ആവരണ ചെടിയായി വിഷമില്ലാത്ത പയർചെടി വളർത്താൻ വേണ്ട വിത്തുകൾ കർഷകർക്കു നൽകിയാൽ ഇതൊരു നല്ല കന്നുകാലി തീറ്റയായി ഉപയോഗിക്കാം. ഇന്ന് വിഷമുള്ള പയറുകളാണ് ആവരണചെടിയായി വളർത്തുന്നത് ഇത് വിഷമദ്യ ഉത്പാദനത്തിനു ഉപയോഗിക്കുന്നു. നിയമംമൂലം ഇത്തരം വിഷചെടികളുടെകൃഷി നിരോധിക്കേണ്ടതാണ്. ഈ ചെടികൾ ആടുമാടുകൾക്കും മാരകമാണ്.

25. പാരമ്പര്യ മൃഗ ചികിത്സ വർഷങ്ങളായി തുടർന്നുവരുന്ന മാട്ടു വൈദ്യൻമാർക്ക് പ്രതിമാസ ഗ്രാൻറ് അനുവദിക്കുക.

മത്സ്യബന്ധനം

മത്സ്യം ദിവസേന ഉപയോഗിക്കുന്ന വീടുകളാണ് ഈ പഞ്ചായത്തിലുള്ളത്. മത്സ്യക്കറിയില്ലാത്ത ഊണ് ഉപ്പില്ലാത്ത കറിപോലെയാണ് നാട്ടുകാർ കരുതുന്നത്. ഈ പഞ്ചായത്തിലുള്ള മൂന്നു ദിവസ ചന്തകളിലും 7 വലുതും ചെറുതുമായ ചന്തകളിലുമായി രണ്ടരമെട്രിക് ടൺ മത്സ്യം വിറ്റഴിക്കുന്നു. പഞ്ചായത്തിനു പുറത്തുള്ള ചന്തകളിൽ നിന്നും അനേകം പേർ മത്സ്യം വാങ്ങുന്നുണ്ട്. പ്രതിശീർഷ പ്രതിദിന മത്സ്യ ഉപഭോഗം 150 ഗ്രാമിനു മുകളിലാണ്. ഈ മത്സ്യം മുഴുവൻ ഇവിടെ വന്നെത്തുന്നത് വിഴിഞ്ഞം, മേടവിളാകം, ചവറ, കർണ്ണാടകയിലെ മംഗലാപുരം, തൂത്തുക്കുടി എന്നീ സ്ഥലങ്ങളിൽ നിന്നുമാണ്. മത്സ്യ വിലയിൽ കൂടെക്കൂടെ ഏറ്റക്കുറച്ചിലുകളുണ്ടാകുമെങ്കിലും ശരാശരി വില കിലോഗ്രാമിന് 40 രൂപാവരെയാണ്. മത്സ്യത്തിന്റെ ഇനം, പഴക്കം എന്നീ ഘടകങ്ങളാണ് വില യ്ക്കടിസ്ഥാനം.

ഈ പഞ്ചായത്തിന്റെ ഏതാണ്ട് 6 ച. കി. മീറ്റർ റോളം സ്ഥലം നെയ്യാർഡാമിന്റെ ജലസംഭരണിയാണെങ്കിലും ഒരു ചെറിയ മത്സ്യം പോലും ഇവിടെ നിന്നും ലഭ്യമല്ല. അനധികൃതമായ മത്സ്യബന്ധനത്തിൽ അപൂർവ്വം ചിലർ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അവരുടെ ഉത്പാദനം തുച്ഛമാണ്. മത്സ്യ വളർത്തലിനു ഇത്രയധികം സാധ്യതയുള്ള ഈ പഞ്ചായത്തിൽ ഇതിനു വിലങ്ങു തടിയായി നില്ക്കുന്നത് നെയ്യാർഡാം, ഫോറസ്റ്റ് ഇറിഗേഷൻ അധികൃതരുടെ തൊട്ടുകൂടാ, തീണ്ടിക്കൂടാ എന്ന നയമാണ്. വന്യമൃഗസങ്കേതമായി നെയ്യാർഡാമിനെ പ്രഖ്യാപിച്ചിട്ടുണ്ട് എന്ന ഏകകാരണം കൊണ്ട് ഇവിടെ മത്സ്യബന്ധനം പാടില്ല എന്ന തീരുമാനത്തിൽ എന്താണർത്ഥം? വന്യമൃഗങ്ങളെ സംരക്ഷിക്കാനുള്ള സംവിധാനം നിലനിർത്തിക്കൊണ്ടു തന്നെ ഇവിടെ ഫിഷറീസ് ഡിപ്പാർട്ടുമെൻറ് നേരിട്ട് മത്സ്യബന്ധനം നടത്തുകയോ പ്രൈവറ്റ് ഏജൻസികളെ അതിനനുവദിക്കുകയോ ചെയ്യേണ്ടതാണ്. ഈ പഞ്ചായത്തിനാവശ്യമായ മത്സ്യം ഉത്പാദിപ്പിക്കുവാൻ 6 ച. കി. മീ. വരുന്ന ജലാശയം ഉപയോഗപ്പെടുത്തിയാൽ ധാരാളം മതിയാകും. ഇന്ന് ഈ നാട്ടുകാർ ദിനം പ്രതി 75000/ രൂപ മത്സ്യത്തിനു വേണ്ടി ചെലവാക്കുന്നു. ഈ പണം മുഴുവൻ ഈ പഞ്ചായത്തിനു പുറ

വിദ്യാഭ്യാസം

1930-40 കളിൽ മാത്രം പരിഷ്കൃത മനുഷ്യന്റെ പാദസ്പർശമേറ്റു തുടങ്ങിയ ഈ പഞ്ചായത്തിന് പരമ്പരാഗത വിദ്യാഭ്യാസ ചരിത്രങ്ങളൊന്നും അവകാശപ്പെടാനില്ല. അതുകൊണ്ട് ദേശീയ പ്രസ്ഥാനത്തിന്റെ അലയടികളോ, പാശ്ചാത്യ സംസ്ക്കാരത്തിന്റെ സ്വാധീനമോ പാരതന്ത്ര്യ ഭാരത കാലഘട്ടത്തിൽ വിദ്യാഭ്യാസ രംഗത്ത് ഇവിടെ യാതൊരു ചലനങ്ങളും സൃഷ്ടിച്ചിട്ടില്ല. രണ്ട് പതിറ്റാണ്ടുകളോളം ഇവിടെ ചില കുടിപ്പള്ളിക്കൂടങ്ങളും, അംഗീകൃതമല്ലാത്ത പഠന കേന്ദ്രങ്ങളും മാത്രമായിരുന്നു ഉള്ളത്. ഇത് അകലം കൊണ്ടും അസൗകര്യംകൊണ്ടും പലർക്കും അപ്രാപ്യവുമായിരുന്നു. ഇന്നും കണ്ടംതിട്ട പ്രദേശത്തുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാൻ ഏറ്റവും അടുത്തുള്ള സ്കൂളിലെത്താൻ നാല് കിലോമീറ്ററിലധികം ദൂരം സഞ്ചരിക്കണം.

1954-ലാണ് ഈ പഞ്ചായത്തിൽ ആദ്യമായി ഒരു സ്കൂൾ പ്രവർത്തനമാരംഭിച്ചത്. അമ്പൂരി സെന്റ് ജോർജ്ജ് ചർച്ച് ഇടവകക്കാരുടേയും മിഷനറിമാരുടേയും നാട്ടുകാരുടേയും ശ്രമഫലമായി പള്ളിക്കാർ സംഭാവന ചെയ്ത സ്ഥലത്ത് ഒരു L.P.സ്കൂൾ ആരംഭിക്കുകയും ക്രമേണ അത് ഒരു U.P.സ്കൂളായി വളരുകയും 1966-ൽ അതൊരു ഹൈസ്ക്കൂളായി പടർന്ന് പന്തലിക്കുകയും ചെയ്തു. 1969-ൽ ആദ്യമായി S S L C ബാച്ച് ആരംഭിച്ച ഈ സ്ക്കൂൾ 1971-ൽ നെയ്യാറിൻകര വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ വിജയിപ്പിച്ചതിനുള്ള മെറിറ്റ് സർട്ടിഫിക്കറ്റ് നേടി ഈ നാടിനെ ശ്രദ്ധേയമാക്കി.

ഇതുപോലെ തന്നെ മായത്തും പള്ളിവികസ്ഥലത്ത് സെന്റ് മേരീസ് ചർച്ച് ഇടവകക്കാരുടേയും നാട്ടുകാരുടെയും ശ്രമഫലമായി

ത്തേയ്ക്ക് ഒഴുകുന്നു. നെയ്യാർ ജലസംഭരണിയിൽ മത്സ്യബന്ധനം നടത്തിയാൽ ഏറ്റവും കുറഞ്ഞത് 100 പേർക്കെങ്കിലും തൊഴിൽ ലഭിക്കുകയും, ഉപഭോക്താക്കൾക്ക് നല്ല പച്ച മത്സ്യം ലഭിക്കുകയും ചെയ്യും ഇന്നു ലഭ്യമാകുന്ന മത്സ്യം പലതരത്തിലുള്ള രാസവസ്തുക്കൾ പ്രയോഗിച്ച് വലിപ്പവും തൂക്കവും വർദ്ധിപ്പിച്ചാണ് മാർക്കറ്റിൽ വിൽപന നടത്തുന്നത്. ഇതുകൊണ്ട് പല രോഗങ്ങളുമുണ്ടാകുന്നു. മുലയൂട്ടുന്ന അമ്മമാർ ഇത്തരം മത്സ്യം കേഷിച്ചാൽ കുഞ്ഞുങ്ങൾക്കുണ്ടാകുന്ന ആരോഗ്യഹാനി ഊഹിക്കാവുന്നതേയുള്ളൂ.

ഈ പഞ്ചായത്തതിർത്തിക്കുള്ളിൽസ്ഥിതിചെയ്യുന്ന 7 പൊതുകുളങ്ങൾക്കു പുറമേ 10 സ്വകാര്യ കുളങ്ങളുമുണ്ട്. ഇവയിൽ 15 എണ്ണത്തിലെങ്കിലും മത്സ്യകൃഷി ആരംഭിക്കാവുന്നതാണ്. മത്സ്യകൃഷിയിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട പല കാര്യങ്ങളുമുള്ളതിനാൽ ഇതിനെപ്പറ്റിയുള്ള ബോധവൽക്കരണം ഫിഷറീസ് ഉദ്യോഗസ്ഥന്മാർ നല്കേണ്ടതാണ്. കൃത്രിമ മാർഗ്ഗങ്ങളുപയോഗിച്ചുള്ള വംശവർദ്ധനയേക്കാൾ പ്രകൃതിദത്തമായ വംശവർദ്ധനയായിരിക്കും ഈ പ്രദേശത്തെ മത്സ്യം വളർത്തലിനു ചേരുന്നത്.

പ്രശ്നങ്ങൾ

1. നെയ്യാർഡാമിൽ മത്സ്യം വളർത്തുന്നതിൽ ഇന്നു ഗവൺമെന്റ് പിൻതുടരുന്ന 'പുൽത്തൊട്ടിയിലെ നായ' എന്ന നയം മത്സ്യബന്ധനത്തിനു വിലങ്ങുതടിയായി നില്ക്കുന്നു.
2. മത്സ്യക്കുഞ്ഞുങ്ങൾ അടുത്തെങ്ങും ലഭ്യമല്ല.
3. മത്സ്യം വളർത്തുന്നതിനെക്കുറിച്ചുള്ള അറിവ് കർഷകർക്കില്ല.

പരിഹാര മാർഗ്ഗങ്ങൾ

1. നെയ്യാർ ജലസംഭരണിയിൽ മത്സ്യം വളർത്തുന്നതിനുള്ള അവകാശം ലേലം ചെയ്തു കൊടുക്കുക. വന്യമൃഗസങ്കേതം സംരക്ഷിക്കുന്നതിന് പ്രത്യേക ഏർപ്പാടുകൾ ചെയ്യുക.
2. വെള്ളവും ഓക്സിജനും നിറച്ച പായ്ക്കറ്റുകളിൽ വിവിധയിനം മീൻ കുഞ്ഞുങ്ങളെ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക.
3. മത്സ്യകൃഷി നടത്താനുദ്ദേശിക്കുന്ന കർഷകർക്കു വേണ്ട ബോധവൽക്കരണത്തിന് ലഘുലേഖകൾ ഇറക്കുക. ഫിഷറീസ് ഉദ്യോഗസ്ഥന്മാരെക്കൊണ്ട് ക്ലാസുകൾ നടത്തിക്കുക.
4. മത്സ്യകുളം വികസിപ്പിക്കാനുദ്ദേശിക്കുന്ന കർഷകർക്ക് സബ്സിഡിയോടുകൂടിയ വായ്പ നൽകുക.

1 സ്കൂൾആരംഭിച്ചു. 1958-ൽ കണ്ണന്നൂർ പ്രദേശത്ത് ഒരു വിദ്യാലയം ആരംഭിച്ചു. അംഗീകാരം ഒന്നും ഇല്ലാതെ മാർത്തോമ്മ ശാലേം പള്ളിയുടെ ഹാളിൽആണ് അദ്ധ്യയനം ആരംഭിച്ചത്. ടൈയിനിംഗ് ഒന്നുംഇല്ലാത്ത ഒരു അദ്ധ്യാപകൻ മാത്രമേ അന്നുണ്ടായിരുന്നുള്ളൂ. തുടർന്ന് പള്ളിയോടു അടുത്തുതന്നെയുള്ള സൗകര്യപ്രദമായ മറ്റൊരു സ്ഥലത്ത് ഷെഡ് കെട്ടി അദ്ധ്യയനം അങ്ങോട്ടുമാറ്റി. തുടർന്ന് ഈ സ്കൂളിന് അംഗീകാരം ലഭിച്ചു. ഈ സ്കൂൾ ആരംഭിക്കുന്നത് അന്ന് വെള്ളറട പഞ്ചായത്തിലെ കാണിക്കര വാർഡിന്റെ മെമ്പറായിരുന്ന ശ്രീ. റ്റി. റ്റി. വർക്കി ആണ്. എന്നാൽ ഇദ്ദേഹം ഈ സ്കൂൾ വികസിപ്പിക്കുന്നതിനായി ശ്രീ. ജി. വേദനായകം എന്നൊരാൾക്ക് കൈമാറി. തുടർന്ന് കെട്ടിടങ്ങൾ പണിയുകയും സ്കൂളിന് അംഗീകാരം ലഭിക്കുകയും ചെയ്തു. ഈ സ്കൂളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളിൽ ചിലരൊക്കെ ഇന്ന് ബിരുദാനന്തര ബിരുദമുള്ള ഡോക്ടർമാരും, ഇംഗ്ലണ്ടിൽ മെഡിസിനിൽ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും ആണ്. എഞ്ചിനീയറുമാർ അഡ്വക്കേറ്റുമാർ തുടങ്ങിയവരും വിരളമല്ല. സാമാന്യം നല്ല നിലയിൽ അദ്ധ്യയനം നടക്കുന്നുവെങ്കിലും ഇതു ഒരു U. P. സ്കൂൾ ആയി ഇന്നും ഉയർന്നിട്ടില്ല. ഈ സ്കൂളിൽ നിന്നും നാലാം ക്ലാസ് പാസാകുന്ന കുട്ടികൾ അപ്പർ പ്രൈമറി വിദ്യാഭ്യാസത്തിനായി മൂന്നു കിലോമീറ്റർ അകലമുള്ള അമ്പൂരി സ്കൂളിൽ പോയേപറ്റൂ. ഈ സ്കൂൾ ഒരു U.P. സ്കൂൾ ആയി ഉയർത്തണമെന്ന് വളരെനാളായി നാട്ടുകാർ ആഗ്രഹിക്കുന്നു.

ഈ പഞ്ചായത്തിൽ ആകെ രണ്ട് സർക്കാർ സ്കൂളുകളാണുള്ളത്. കുട്ടമല യു. പി. സ്കൂളും പുരവിമല ട്രൈബൽ സ്കൂളും. 1956-ൽ ആരംഭിച്ച സർക്കാർ ഉടമസ്ഥതയിലുള്ള കുട്ടമല യു. പി. സ്കൂളിന്റെ അവസ്ഥ ഇന്നും പരമദയനീയമാണ്. ഇടത്തരക്കാരുടെയും സാധുക്കളുടെയും കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. നാലു ക്ലാസു മുറികളുള്ള ഒരു ആസ്ബറോസ് കെട്ടിടവും രണ്ട് ചെറിയ മുറികളുള്ള ഒരു ചെറിയ പ്രീ-പ്രൈമറി കെട്ടിടവുമാണ് സ്ഥിരമായ കെട്ടിടം. 450-ലധികം കുട്ടികൾ പഠിക്കുന്ന ഈ സ്കൂളിൽ ടൂറിസ്റ്റ് ക്ലാസ്സുകളും ഇന്നും രണ്ട് താല്കാലിക ഓലഷെഡുകളിലാണ് പ്രവർത്തിക്കുന്നത്. ചുറ്റുമതിലുകൾ ഇല്ലാത്തതുകാരണം ഇവിടെ സാമൂഹ്യവിരുദ്ധർ വിഹരിക്കുന്നു. ഈ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ഹൈസ്കൂൾ വിദ്യാഭ്യാസം നേടണമെങ്കിൽ ഏറ്റവും അടുത്തുള്ള അമ്പൂരി സെന്റ് തോമസ് ഹൈസ്കൂളിൽ പോകാൻ നാലുകിലോമീറ്റർ ദൂരം പോകണം. ഇത് ഒരു ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. ഈ ആവശ്യം വളരെക്കാലമായി നാട്ടുകാർ ഭരണാധികാരികളുടെ മുമ്പിൽ ഉന്നയിച്ചിട്ടും പ്രയോജനമുണ്ടായില്ല.

മറ്റൊരു സർക്കാർ സ്കൂളായ പുരവിമല ട്രൈബൽ സ്കൂളിന് അതിമനോഹരമായ ഒരു കെട്ടിടമുണ്ടെങ്കിലും ആദിവാസികൾ തിങ്ങിപാർക്കുന്ന വന മേഖലയായതിനാൽ വേണ്ട രീതിയിൽ ഉള്ള അദ്ധ്യായനം നടക്കുന്നില്ല ഇവിടെ വന്ന് ജോലിചെയ്യാൻ അദ്ധ്യാപകർക്കും ആദിവാസി വിദ്യാർത്ഥികൾക്കും താല്പര്യകുറവാണ്. പുതിയതായി പണിത കെട്ടിടം ഇതുവരേയും ഉത്ഘാടനം ചെയ്തിട്ടില്ല.

ഇവയെകൂടാതെ അമ്പൂരിയിൽ തന്നെ ഒരു എൽ. പി. സ്കൂൾ (സെന്റ് ജോർജ് എൽ. പി. എസ്.) തേക്കുപാറ സെൻമേരീസ് എൽ. പി. എസ്., രണ്ട് അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം ലോവർ പ്രൈമറി സ്കൂളുകളും ഉണ്ട്. അമ്പൂരി ഹൈസ്കൂളിൽ ഈ വർഷം മുതൽ ഇംഗ്ലീഷ്മീഡിയം ക്ലാസ്സുകളും ആരംഭിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ വിവിധ സ്കൂളുകളെ കുറിച്ചുള്ള വിശദവിവരങ്ങൾ അനുബന്ധം 1 ലും 2 ലും കൊടുത്തിരിക്കുന്നു.

കണ്ടംതിട്ട പ്രദേശത്തുള്ള പിഞ്ചുവിദ്യാർത്ഥികൾ ദൂരക്കൂടുതൽ മൂലവും യാത്രാക്ലേശം മൂലവും ഇന്നനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് കണ്ടംതിട്ട കേന്ദ്രമാക്കി പഞ്ചായത്തിന്റെയോ, സർക്കാരിന്റെയോ, പ്രൈവറ്റായിട്ടോ ഒരു എൽ. പി. സ്കൂളും, തുടിയംകോണം ഭാഗം കേന്ദ്രമാക്കി ഒരു എൽ. പി. സ്കൂളും ആരംഭിച്ചേ മതിയാകൂ.

വിദ്യാഭ്യാസം ഒരു സാമൂഹിക പ്രക്രിയ എന്നുള്ള വിലയിരുത്തലിന്റെ ഭാഗമായി സമൂഹത്തിന്റെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന പ്രതിബദ്ധമായ ഒരു തലമുറയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി 1966-ൽ കോത്താരി കമ്മീഷൻ ശുപാർശ ചെയ്ത സ്കൂൾ കോംപ്ലക്സുകൾ ലക്ഷ്യപ്രാപ്തിയിലെത്തിയിട്ടില്ല. സ്കൂളുകൾ തമ്മിലുള്ള അകൽച്ച അവസാനിപ്പിച്ച്, പരസ്പരം ചേർന്ന് ചെറുഗ്രൂപ്പുകളായി തിരിഞ്ഞ് വിദ്യാഭ്യാസ വകുപ്പിൽ കേന്ദ്രീകരിച്ചിരിക്കുന്ന അധികാരം വികേന്ദ്രീകരിച്ച് വിദ്യാഭ്യാസരംഗത്തെ സാമൂഹ്യവത്ക്കരിക്കുകയെന്ന ഈ സംവിധാനം, പ്രാദേശിക രേണകൂടങ്ങളുടെ അധികാര പരിമിതിയും, കടുത്ത ഉദ്യോഗസ്ഥ നിയന്ത്രണവും ജനകീയ സഹകരണത്തിന്റെ അഭാവവും മോണിറ്ററിംഗിന്റെ കുറവും കൊണ്ടാണ് പരാജയപ്പെട്ടത്.

തുടർന്ന് പിന്നോക്കം നിലയ്ക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി, അവരിൽ വിദ്യാഭ്യാസാടിത്തറ പാകുവാൻവേണ്ടി 1982-മുതൽ അതാതു ജില്ലകളിൽ പല പരിപാടികളും ആവിഷ്ക്കരിച്ചു നടപ്പാക്കിയിട്ടുണ്ട്. അക്ഷരപ്പുലരി, അക്ഷരദീപം, വിജ്ഞാനവേദി, തുടങ്ങിയ ചില ജില്ലാതല പരിപാടികളും വിദ്യാഭ്യാസ രംഗത്ത് ഈടുറ്റ പല സംഭാവനകളും നല്കിയിട്ടുണ്ട്. അതിന്റെ ചുവടുപിടിച്ചാണ് തിരുവനന്തപുരം ജില്ലയിൽ വിദ്യാജ്യോതി പരിപാടി ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഇപ്പോൾ ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. ഈ പദ്ധതിപ്രകാരം, ഏറ്റവും ചെറിയ ഭരണയൂണിറ്റായ പഞ്ചായത്തും, സന്നദ്ധജനകീയ നേതൃത്വവും , അദ്ധ്യാപക രക്ഷകർത്താക്കളുടെ സഹകരണവും ഒത്തുചേർത്ത് പ്രീ-പ്രൈമറി രംഗത്തും, തുടർവിദ്യാഭ്യാസ രംഗത്തും അതാത് പ്രദേശത്തിന് അനുയോജ്യമായ പരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കാൻ കഴിയുന്ന ഈ നൂതന സംവിധാനം ഏറെ ഫലപ്രദമാവുമെന്ന ഭാവുക ധാരണയാണ് പൊതുവേയുള്ളത്.

ഈ പഞ്ചായത്തിലെ ഒരേയൊരു ഹൈസ്ക്കൂൾ ആയ സെന്റ്തോമസ് H.S.അമ്പൂരിയിൽ 46 അദ്ധ്യാപകർ പഠിപ്പിക്കുന്നു. 4 നോൺ ടീച്ചിംഗ് സ്റ്റാഫുകൾ ഉണ്ട്. എല്ലാവരും ആത്മാർത്ഥതയോടുകൂടി പണിയെടുക്കുന്നു. 1263 കുട്ടികളാണിപ്പോൾ പഠിക്കുന്നത്. സർവ്വസജ്ജമായ ക്ലാസ്മുറികളും ലാബോറട്ടറിയുമുണ്ട്, പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം സ്റ്റാഫ് റൂമുകളും, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം പ്രത്യേകം യൂറിൻ ഷെഡുകളും കക്കൂസുകളുമുണ്ട്. കുട്ടികൾക്ക് ഉച്ചഭക്ഷണം മുടക്കം കൂടാതെ വിതരണം ചെയ്യുന്നു. അദ്ധ്യാപകരുടെ പോസ്റ്റുകളെല്ലാം ഫിൽ ചെയ്തിട്ടുണ്ടെങ്കിലും മൂന്നു വർഷമായി ക്ലാർക്ക് പോസ്റ്റ് ഒഴിഞ്ഞു കിടക്കുന്നു. മൂന്നു പ്യൂൺസും, ഒരു തൂപ്പുകാരിയുമുണ്ട്.

റേഡിയോയും, ടേപ്പുറിക്കാർഡറും, മൈക്കു സെറ്റുമുണ്ടെങ്കിലും ടി.വി., വി. സി. ആർ. സിനിമ പ്രൊജക്ടർ, സ്ലൈഡ് പ്രൊജക്ടർ, (ഓവർഹെഡ് പ്രൊജക്ടർ) കമ്പ്യൂട്ടർ എന്നിവയൊന്നും തന്നെയില്ല.

എല്ലാ അദ്ധ്യയന ദിവസങ്ങളിലും കൃത്യമായി ക്ലാസുകൾ നടക്കുന്നു. വിദ്യാർത്ഥിയൂണിയനുകൾ ഇല്ലാത്ത ഈ സ്കൂളിൽ പഠിപ്പുമുടക്കമോ, രാഷ്ട്രീയ ബന്ധുകൾ പോലുമോ ബാധിക്കാറില്ലെന്നുള്ളത് ആശാസകരമാണ്. തെരഞ്ഞെടുക്കപ്പെടുന്ന ക്ലാസ് ലീഡറന്മാരുടെ ഇടയിൽ നിന്നാണ് സ്കൂൾ ലീഡറെ തെരഞ്ഞെടുക്കുന്നത്.

30%-ത്തിൽ താഴെ വിദ്യാഭ്യാസ നിലവാരമുള്ള കുട്ടികളാണധികവും. ഇവർ 60% ത്തോളം വരും. 60%ത്തിന് മേൽനിലവാരമുള്ള കുട്ടികൾ 15% മാത്രമാണ്. കുട്ടികളുടെ പഠന നിലവാരം പ്രോത്സാഹിപ്പിക്കുന്നതിനായി അവാർഡുകളും എൻഡോവ്മെന്റുകളും ഏർപ്പെടുത്തിയിട്ടുണ്ട്, കലാകായിക രംഗത്ത് ഈ വിദ്യാലയം പലപ്പോഴും പാറശാല വിദ്യാഭ്യാസ ജില്ലയിൽ ഒന്നാം സ്ഥാനത്തെത്തിയിട്ടുണ്ട്. സ്പോർട്സിൽ ജില്ലാ—സംസ്ഥാനതലങ്ങളിൽ സമ്മാനങ്ങൾ നേടിയിട്ടുമുണ്ട്.

ഈ കഴിഞ്ഞവർഷം ശാസ്ത്രസാഹിത്യ പരിഷത്തിന്റെ ആഭിമുഖ്യത്തിൽ ജില്ലാതലത്തിൽ നടത്തിയ എന്തുകൊണ്ട്? എന്തുകൊണ്ട്? എന്ന ചോദ്യമത്സരത്തിൽ ഈ സ്കൂളിലെ 10-ാം സ്റ്റാൻഡേർഡിൽ പഠിക്കുന്ന പ്രിയാതങ്കപ്പനാണ് ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സമ്മാനം ലഭിച്ചത്.

നല്ല രീതിയിൽ പ്രവർത്തിക്കുന്ന ഒരു ലൈബ്രറി സ്കൂളിന്റെ അഭിമാനമാണ്. റഫറൻസ് ഗ്രന്ഥങ്ങളും, മഹാനിഘണ്ടുക്കളും ഉൾപ്പെടെ നാലായിരത്തിലധികം പുസ്തകങ്ങളും ഇവിടെ ഉണ്ട്. ഉന്നതനിലവാരം പുലർത്തുന്ന ഒരു സ്കൗട്ട് ഗ്രൂപ്പാണിവിടെയുള്ളത്. ഈ സ്കൂളിൽ പഠിച്ചിരുന്ന മനോജ് ഹെൻട്രി സ്കൗട്ടിനുള്ള ഇന്ത്യൻ പ്രസിഡൻറിന്റെ പുരസ്കാരം നേടിയിട്ടുണ്ട്. കഴിഞ്ഞവർഷം ഇന്ത്യൻ പ്രസിഡൻറിൽ നിന്നും കുട്ടികളുടെ ധീരതയ്ക്കുള്ള അവാർഡു നേടിയ ശാന്തകുമാരി ഈ സ്കൂളിലെ 9-ാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിനിയാണ്.

പ്രശസ്തനിയമാംവിധം പ്രവർത്തിക്കുന്ന ഒരു പി. റ്റി. എ-യും മാതൃസംഗമവും ഈ സ്കൂളിന്റെ സർവ്വതോന്മുഖമായ വികസനത്തിൽ ദ്വിതീയമല്ലാത്ത പങ്കുവഹിക്കുന്നുണ്ട്. ഇപ്പോൾ ഈ സ്കൂളിൽ +2 ആരംഭിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

1986-88-ൽ നടന്ന കേരളായൂണിവേഴ്സിറ്റിയുടെ M.Sc. ജിയോളജി പരീക്ഷയിൽ റാങ്ക് കരസ്ഥമാക്കിയ സാബുജോസഫ് കലൈത്താക്കലും, 1996-ലെ കേരളാ യൂണിവേഴ്സിറ്റിയുടെ BA ഫിലോസഫി പരീക്ഷയിൽ ഒന്നാം റാങ്ക് കരസ്ഥമാക്കിയ E A ആൻറണി ഇളംപുരയിടവും അമ്പൂരിസെൻറ്തോമസ് ഹൈസ്കൂളിൽ പഠിച്ചിരുന്ന ഈ നാടിന്റെ അഭിമാനഭാജനങ്ങളാണ്.

ഈ പഞ്ചായത്തിലെ 9 വാർഡുകളിലും അംഗനവാടികൾ പ്രവർത്തിയ്ക്കുന്നുണ്ട്. മിക്ക അംഗനവാടികൾക്കും സ്വന്തമായി കെട്ടിടമുണ്ട്. സ്വന്തമായി കെട്ടിടമില്ലാതെ പ്രവർത്തിക്കുന്ന അംഗനവാടികളും ഈ പഞ്ചായത്തിൽ കുറവല്ല. ഈ അംഗനവാടികളിൽ ഇന്നുള്ള സൗകര്യങ്ങൾ തൃപ്തികരമെന്നുപറയാനാവില്ല. ആവശ്യത്തിനുകളിപ്പാട്ടങ്ങളും മറ്റുസാമഗ്രികളും ഇല്ല. ഈ അംഗനവാടികളിൽ ജോലിചെയ്യുന്ന വർക്കർക്കും ഹെൽപ്പർക്കും അവർചെയ്യുന്ന ജോലിയ്ക്കനുസരിച്ചുള്ള വേതനം ഇന്ന് കിട്ടുന്നില്ല. ഈ അംഗനവാടികൾ കേന്ദ്രമാക്കി വനിതകളുടെ ക്ഷേമത്തിനുവേണ്ടി സർക്കാർ നടപ്പിലാക്കുന്ന വിവിധ പരിപാടികൾ വനിതകൾക്ക് എത്തിയ്ക്കുന്നതിനുള്ള സംവിധാനം ചെയ്യേണ്ടതാണ്. ഇതുകൂടാതെ തെന്മലയിലും, കുന്നത്തുമലയിലും ഹരിജൻ വെൽഫെയർ വകുപ്പ് നടത്തുന്ന രണ്ട് പ്രീപ്രൈമറി സ്കൂളുകളുമുണ്ട്. വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിലും വളരെ കുറവല്ലാത്തതരത്തിൽ പ്രവർത്തിക്കുന്ന P T A, മാതാക്കളുടെ സംഘടനകൾ, മറ്റ് പൊതുജനങ്ങൾ എന്നിവരുടെ സഹകരണം കിട്ടുന്നുണ്ട്. ഇതു പൂർണ്ണമായി തൃപ്തികരമെന്ന് പറയാനാവില്ല. സ്കൂളുകളിൽ ഉച്ചക്കഞ്ഞിവിതരണവും നടത്തുന്നുണ്ട്. എല്ലാ സ്കൂളുകളിലും കക്കൂസ് മൂത്രപ്പുര സൗകര്യങ്ങളുമുണ്ട്. കുടിവെള്ളക്ഷാമം സ്കൂളുകളിലെങ്കിലും മെച്ചപ്പെടുത്തുവാനുണ്ട്. ആരോഗ്യ ലൈബ്രറി മുതൽ—റേഡിയോവരെ ഇല്ലാത്ത സ്കൂളുകളാണധികവും. ആരോഗ്യപരിശോധനയും, ബാലകലോത്സവങ്ങളും, കായികമത്സരങ്ങളും, വാർഷിക ആഘോഷങ്ങളും നടത്താറുണ്ട്.

ഈ പഞ്ചായത്തിലെ 5 സ്കൂളുകൾ പാറശാല വിദ്യാഭ്യാസ ജില്ലയിലും, മായം സെൻറ് മേരീസ് U P.S, കുട്ടമല ഗവൺമെൻറ് U.P.S. എന്നിവ കാട്ടാക്കട വിദ്യാഭ്യാസ ജില്ലയിലുമാണ് സ്ഥിതിചെയ്യുന്നത്. 1992-93 ൽ പാറശാല ഉപജില്ലാ വിദ്യാഭ്യാസ കലോത്സവത്തിൽ അമ്പൂരി സെൻറ് ജോർജ് L.P.S. ഓവറോൾ ചാമ്പ്യൻഷിപ്പും ഈ സ്കൂളിലെ തന്നെ ജോയിജോസ് കലാപ്രതിഭാപട്ടവും കരസ്ഥമാക്കി. 1994-95ലെ കാട്ടാക്കട ഉപജില്ലാ മത്സരത്തിൽ മായം സെൻറ് മേരീസ് U.P.S-ലെ അഭിലാഷ് A. ആൽബർട്ടിനെയാണ് കലാപ്രതിഭയായി തിരഞ്ഞെടുത്തത്.

ഔപചാരിക വിദ്യാഭ്യാസം ''മുറപോലെ'' നടക്കുന്നുണ്ടെങ്കിലും, അനൗപചാരിക വിദ്യാഭ്യാസരംഗം പൊതുവേ ആശാവഹമല്ല. പഠനസഹായ ശില്പകലകളും കവിസമ്മതസരങ്ങളും, ക്രിയേറ്റീവ് കോർണറുകളും, ചർച്ചാക്ലാസുകളും, സാഹിത്യസമാജങ്ങളും കൈയെഴുത്തു മാസികകളും പ്രബന്ധാവതരണ ചർച്ച തുടങ്ങിയവയൊന്നും സോഷ്യൽ ക്ലബ്ബുകളും മുഖേനയോ, പഞ്ചായത്തു തലത്തിലോ ഇവിടെ നടക്കുന്നില്ല. പത്രവും, ടി.വി. യും റേഡിയോയും മാത്രമാണ് പ്രധാന മാധ്യമങ്ങൾ. അതിൽതന്നെ മാസികകളിലെ പൈങ്കിളി സാഹിത്യത്തിലും ടി.വി.—റേഡിയോകളിലെ സിനിമാ-സംഗീതങ്ങളിലുമാണ് അധികം പേരും ശ്രദ്ധിക്കുന്നത്.

പഠന സഹായികളായ ദൃശ്യ—ശ്രവ്യ വായന മാധ്യമങ്ങളിലെ വിഷയങ്ങൾ മിക്കവാറും തഴയുകയാണധികമാളുകളും ചെയ്യുന്നത്. ബോധവത്കരണത്തിലൂടെയും പ്രോത്സാഹനങ്ങൾ നല്കിയും പഞ്ചായത്തുതലത്തിൽ വളരെയേറെ ശ്രദ്ധ ചെലുത്തിയില്ലെങ്കിൽ അനൗപചാരിക വിദ്യാഭ്യാസരംഗത്ത് നേട്ടമൊന്നും ഉണ്ടാകാൻ ഇടയില്ല. ആയതിനാൽ ഈ രംഗത്ത് നൂതനങ്ങളായ ആസൂത്രണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്.

വിദ്യാഭ്യാസ രംഗത്ത് പദ്മനിയിട്ടുള്ളവരും പ്രൊഫഷണൽ വിദ്യാഭ്യാസം പൂർത്തിയാക്കിയിട്ടുള്ളവരുമായ പലരുമിവിടെയുണ്ട്. ഡോക്ടേഴ്സ്, ഇഞ്ചിനീയേഴ്സ് അഡ്വക്കേറ്റ്സ് തുടങ്ങിയ സമർത്ഥരായവരും, പോളിടെക്നിക്ക് I.T.I., I.T.C. തുടങ്ങിയ സാങ്കേതിക വിദ്യാഭ്യാസം പൂർത്തിയാക്കിയ നൂറിലധികം യുവജനങ്ങളും ഇവിടെയുണ്ട്. എന്നാൽ ഉന്നത വിദ്യാഭ്യാസത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും ഇവിടെയൊരു സൗകര്യവുമില്ല. ശ്രീ. ആന്റോ G.B.യുടെ നിയന്ത്രണത്തിൽ നടത്തുന്ന ASHIN കമ്പ്യൂട്ടർ സെന്റർ മാത്രമാണ് അതിനൊരപവാദമായി ആകെയുള്ള സ്ഥാപനം. ശ്രീ. കെ.സി. വർഗ്ഗീസിന്റെ മാനേജ്മെന്റിന്റെ കീഴിലുള്ള ലോണേഴ്സ് കോളേജ് മാത്രമാണ് ഈ പഞ്ചായത്തിലുള്ള ഏക പാരലൽ വിദ്യാസ്ഥാപനം. P.D.C. വരെയുള്ള ക്ലാസുകൾ മാത്രമാണ് ഇവിടെ നടക്കുന്നത്.

1971-ലെ S.S.L.C. വിജയ ശതമാനത്തിൽ അന്നത്തെ നെയ്യാറ്റിൻകര വിദ്യാഭ്യാസ ജില്ലയിലെ ഏറ്റവുമധികം വിദ്യാർത്ഥികളെ വിജയിപ്പിച്ചതിനുള്ള മെറിറ്റ് സർട്ടിഫിക്കറ്റ് കരസ്ഥമാക്കി പ്രശോഭിച്ചിട്ടുള്ള ഒരു വിദ്യാസ്ഥാപനമാണ്, അമ്പൂരിയുടെ തിലകക്കുറി എന്നറിയപ്പെടുന്ന സെന്റ്. തോമസ് H.S. 1969-ലാണ് SSLC യ്ക്ക് ആദ്യമായി ഈ സ്ക്കൂളിൽ നിന്നും പരീക്ഷയെഴുതിയതെന്നു കൂടി ഓർക്കുമ്പോൾ രണ്ടുവർഷംകൊണ്ട് ഈ സ്കൂൾ കൈവരിച്ച ആ നേട്ടം പിന്നീടും നിലനിറുത്താനായില്ലെങ്കിലും പരിശ്രമിച്ചാൽ അത് സുസാധ്യമാണെന്ന് ഇവിടുത്തെ മുൻ തലമുറക്കാർ ദൃഢമായി വിശ്വസിക്കുന്നു.

പ്രശ്നങ്ങൾ

1. അടുത്ത് സ്ക്കൂളുകളില്ലാത്തതുകാരണം കണ്ടംതിട്ട, തുടിയംകോണം തുടങ്ങിയ ഭാഗത്തുള്ള കുട്ടികൾ വളരെദൂരം യാത്രചെയ്തു വിദ്യാഭ്യാസം ചെയ്യേണ്ടിവരുന്നു.

2. ആവശ്യത്തിനുള്ള ബസ്സ് സർവ്വീസുകളില്ലാത്തതും, ഉള്ള സർവ്വീസുകൾ യഥാസമയം വരാത്തതും വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബുദ്ധിമുട്ടുണ്ടാക്കുന്നു.

3. സർക്കാർ സ്ക്കൂളുകളുടെ സൗകര്യക്കുറവും ശ്രദ്ധയില്ലായ്മയും വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നു.

4. കലാകായിക രംഗത്ത് വിദ്യാർത്ഥികൾക്ക് ആവശ്യമായരീതിയിൽ ഉള്ളപരിശീലനം നടത്താനുള്ള സ്ഥലസൗകര്യങ്ങളോ, വിദഗ്ദ്ധരായ പരിശീലകരോ ഇല്ല.

5. അദ്ധ്യാപക രക്ഷകർത്താക്കളുടെ ആത്മാർത്ഥതക്കുറവ് വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നു.

6. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും താമസിച്ച് പഠിപ്പിക്കാനും പഠിക്കാനുമുള്ള സൗകര്യം പുരവിമല ട്രൈബൽ സ്ക്കൂളിൽ ഇല്ല.

7. ആംപ്രമോഷൻ സംവിധാനം വിദ്യാർത്ഥികളുടെ പഠന നിലവാരത്തെ ബാധിക്കുന്നു.

8. ഈ പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ പഠനകേന്ദ്രങ്ങളില്ല.

9. മോശമായ ഗൃഹാന്തരീക്ഷം കുട്ടികളുടെ വിദ്യാഭ്യാസത്തെ ബാധിക്കുന്നു.

10. അനൗപചാരിക വിദ്യാഭ്യാസം ഈ പഞ്ചായത്തിൽ വേണ്ടത്ര ഫലം ചെയ്തില്ല.

11. പല L P, U P. സ്ക്കൂളുകളിലേയും വിദ്യാർത്ഥികൾക്ക് അടുത്ത ക്ലാസ്സുകൾക്ക് കിലോമീറ്ററുകളോളം ദൂരംപോയി പഠിക്കേണ്ടിവരുന്നു.

12. P T A യുടേയും, നാട്ടുകാരുടെയും താൽപര്യക്കുറവ് സ്ക്കൂളിന്റെയും വിദ്യാർത്ഥികളുടെയും ഭാവിയെ ബാധിക്കുന്നു.

13. എയിഡഡ് സ്ക്കൂളുകളുടെ ഭൗതികവും വിദ്യാഭ്യാസപരവുമായ ആകർഷകമില്ലായ്മ കുട്ടികളെ അൺഎയിഡഡ് സ്ക്കൂളുകളിലേയ്ക്ക് ആയക്കാൻ മാതാപിതാക്കളെ പ്രേരിപ്പിക്കുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1. കണ്ടെത്തിട്ട, തുടിയംകോണം എന്നീ സ്ഥലങ്ങൾ കേന്ദ്രമാക്കി ഓരോ സ്ക്കൂളുകൾ ആരംഭിക്കണം.

2. നിലവിലുള്ള ബസ്സ് സർവ്വീസുകൾ കാര്യമായി നടത്തുകയും, പുതിയതായി കൂടുതൽ സർവ്വീസുകൾ പുതിയ റൂട്ടുകളിലൂടെ ആരംഭിക്കുകയും ചെയ്യണം.

3. നിലവിലുള്ള സർക്കാർ സ്ക്കൂളുകളായ കുട്ടമല സ്ക്കൂളിൽ കെട്ടിടങ്ങൾ പണിയുകയും കോമ്പൗണ്ട് വാൾ കെട്ടുകയും, ആവശ്യത്തിനുള്ള ഫർണിച്ചറുകൾ ഉണ്ടാക്കുകയും മറ്റ് ആവശ്യമായ ഭൗതിക സൗകര്യങ്ങൾ ചെയ്യുകയും പുരവിമല ട്രൈബൽ സ്ക്കൂളിലും മേല്പറഞ്ഞ കാര്യങ്ങളും വിദ്യാർത്ഥികൾക്ക് താമസിച്ചു പഠിക്കാനുള്ളസൗകര്യവും അദ്ധ്യാപകർക്കു കൃത്യമായിവരാനും പഠിപ്പിക്കാനും ഉള്ള സൗകര്യങ്ങളും ഏർപ്പെടുത്തി ആകർഷകമാക്കണം.

4. ഈ പഞ്ചായത്തിൽ ഒരു പൊതു കളിസ്ഥലം ഉണ്ടാക്കുകയും വിദ്യാർത്ഥികൾക്കു വേണ്ടി വിദഗ്ധരായ കലാകായിക പരിശീകരേയും നിയമിക്കുകയും ചെയ്യണം.

5. കൃത്യസമയത്തുവരാനും ആത്മാർത്ഥമായി പഠിപ്പിക്കാനും അദ്ധ്യാപകരും, അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സ്ഥാപനത്തിനും വേണ്ട എല്ലാവിധ സഹായവും സഹകരണവും നല്കാൻ രക്ഷകർത്താക്കളും തയ്യാറാകണം.

6. നല്ലൊരുശതമാനം വിദ്യാർത്ഥികളിലും ഇന്നു കാണുന്ന എഴുതാനും വായിക്കാനുമറിയാത്ത അവസ്ഥയും പഠനനിലവാരത്തിലുള്ള പിന്നോക്കാവസ്ഥയും നിയന്ത്രിയ്ക്കാൻ ആംപ്രമോഷൻ സിസ്റ്റം നിർത്തലാക്കണം.

7. സാങ്കേതിക വിദ്യാഭ്യാസം ചെയ്യാൻ താൽപര്യമുള്ള വിദ്യാർത്ഥികൾക്കു വേണ്ടി അമ്പൂരി ഗ്രാമ പഞ്ചായത്തിൽ ഒരു I T I, പോളിടെക്നിക്ക് ഇങ്ങനെയുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കണം.

8. ദാരിദ്ര്യവും, മോശമായപെരുമാറ്റവും വിദ്യാർത്ഥികളെ ബാധിക്കാതിരിക്കാൻ സഹായങ്ങളും ബോധവൽക്കരണവും നടത്തണം.

9. അനൗപചാരിക വിദ്യാഭ്യാസം ഒരു സമയബന്ധിത പരിപാടിയാക്കി ഈ പഞ്ചായത്തിൽ നടപ്പിലാക്കണം.

10. കുട്ടമല ഗവ: U P സ്ക്കൂൾ ഹൈസ്ക്കൂളായും, കോവിലൂർ L P S — U P S ആയും തേക്കുപാറ സെൻറ്മേരീസ് L P S U P S ആയും അപ്ഗ്രേഡ് ചെയ്യുകയും, അമ്പൂരി സെൻറ് തോമസ് ഹൈസ്കൂളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുകയും ചെയ്യണം.

11. P T A യും നാട്ടുകാരും സ്ക്കൂളുകളുടെ ഭൗതികവും, വിദ്യാഭ്യാസപരവുമായ കാര്യത്തിൽ നിർബന്ധമായും സഹകരിക്കുകയും ശ്രദ്ധിക്കുകയും ചെയ്യണം.

12. നിലവിലുള്ള സർക്കാർ സ്ക്കൂളുകളിലേയും മറ്റ് എയിഡഡ് സ്ക്കൂളുകളിലേയും കെട്ടിടങ്ങളുടെയും പഠന സൗകര്യങ്ങളിലും ഉള്ളകുറവുകൾ പരിഹരിച്ച് അദ്ധ്യാപനത്തിലും ആകർഷകമായ പെരുമാറ്റത്തിലൂടെയും വിദ്യാർത്ഥികളേയും രക്ഷകർത്താക്കളേയും താല്പര്യമുണ്ടാക്കി വിദ്യാർത്ഥികളെ എയിഡഡ് സ്ക്കൂളുകളിൽ പഠിപ്പിക്കാൻ പ്രേരിപ്പിക്കണം, ഇങ്ങനെ ചെയ്താൽ അൺഎയിഡഡ് സ്ക്കൂളുകളോടുള്ള താല്പര്യം കുറയുക മാത്രമല്ല സ്ക്കൂളുകളിൽ ഡിവിഷൻ ഫാം ഒരുപരിധിവരെ നിയന്ത്രിക്കാനും കഴിയും.

അനുബന്ധം I

ക്രമ നമ്പർ	സ്കൂളിന്റെ പേര്	സർക്കാർ/ മാനേജ്മെന്റ്	കുട്ടികളുടെഎണ്ണം ആൺ	പെൺ	ആകെ	അധ്യാപകർ
1.	St. തോമസ് H.S. അമ്പൂരി	എയിഡഡ്	627	639	1266	46
2.	St. മേരീസ് U.P.S. മായം	എയിഡഡ്	111	102	213	8
3.	ഗവ: U P.S. കുട്ടമല	സർക്കാർ	207	213	420	16
4.	കോവില്ലൂർ L.P.S. കുടപ്പനമൂട്	എയിഡഡ്	112	122	234	9
5.	ഗവ: L.P.S. പുരവിമല	സർക്കാർ	15	22	37	3
6.	St. ജോർജ് L.P.S. അമ്പൂരി	എയിഡഡ്	311	285	596	15
7.	St.മേരീസ് L.P.S. തേക്കുപാറ	എയിഡഡ്	69	71	140	5

വിദ്യാലയ സൗകര്യങ്ങൾ

അനുബന്ധം II

ക്രമ നമ്പർ	സ്കൂളിന്റെ പേര്	വിസ്തീർണ്ണം	ഓഫീസ്മുറി	സ്റ്റാഫ് മുറി	ലൈബ്രറി	ലൈബ്രറി	മൂത്രപ്പുര	കക്കൂസ്	പാചകമുറി	വൈദ്യുതി	കളിസ്ഥലം	കിണർ
1.	St. തോമസ് H S. അമ്പൂരി	4 ഏക്കർ	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	പരിമിതം	ഉണ്ട്
2.	St മേരീസ് U.P.S. മായം	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്	ഉണ്ട്
3.	ഗവ U P S.	2 ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്
4.	കോവിള്ളൂർ L.P.S.	1 ഏക്കർ 10 സെൻറ്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്
5.	ഗവ L P S. പുരവിമല	2½ ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഉണ്ട്	ഉണ്ട്
6.	St. ജോർജ് L.P.S. അമ്പൂരി	3 ഏക്കർ	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഇല്ല
7.	St. മേരീസ് L.P.S	1½ ഏക്കർ	ഉണ്ട്	ഇല്ല	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല	ഉണ്ട്	ഉണ്ട്	ഇല്ല	ഉണ്ട്

കുടിവെള്ളവും പൊതുജനാരോഗ്യവും

വെള്ളം വെള്ളം സർവ്വത്ര വെള്ളം പക്ഷെ, കുടിക്കുവാനൊരു തുള്ളി വെള്ളമില്ല എന്നതാണ് ഈ പഞ്ചായത്തിന്റെ അവസ്ഥ. ഈ പഞ്ചായത്തിന്റെ അതിർത്തിയ്ക്കുള്ളിൽ 6 ചതുശ്ര കിലോമീറ്ററോളം നെയ്യാർഡാമിന്റെ ജലസംഭരണിപരന്നു കിടക്കുന്നു ആതമഹത്യയ്ക്കും അപകടമരണങ്ങൾക്കുമല്ലാതെ ഈ വെള്ളക്കെട്ട് മറ്റൊന്നിനും ഉപകരിക്കുന്നില്ല. ദൂരസ്ഥലങ്ങളിൽ നിന്നുപോലും കുറ്റകൃത്യങ്ങളാലും മറ്റുകാരണങ്ങളാലും കൊല്ലപ്പെടുന്നവരുടെ ശവശരീരങ്ങൾകൊണ്ടിടാനുള്ള സ്ഥലമായി ഈ വെള്ളക്കെട്ടു ഉപയോഗിച്ചിട്ടുണ്ട്. ഈ വൻ ജലസംഭരണി കൂടാതെ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ശക്തിയേറിയ പല നീരുറവകളുമുണ്ട്. വേനൽക്കാലത്തും ഈ ഉറവകളിൽ വെള്ളം സുലഭമാണെന്നത് ആശാവഹമാണ്.

രണ്ടുമുതൽ 35 മീറ്റർ വരെ താഴ്ചയിൽ തട്ടുപാറയുള്ള ഭൂപ്രദേശമാണ് ഈ പഞ്ചായത്തിന്റേത്, തന്മൂലം കിണറുകൾ കുഴിക്കുന്നവർ, വൻതുകമുടക്കിയാലും പാറപൊട്ടിച്ചോ ഡ്രില്ലിംഗ് ചെയ്താലോ വെള്ളം കണ്ടെത്തുന്നതിനു കഴിയുന്നില്ല. പല സ്ഥലങ്ങളിലും ഈ തട്ടുപാറകളുടെ കനം 3000 അടി ആണെന്നാണ് ഭൂഗർഭവിദഗ്ധരുടെ അഭിപ്രായം. എന്നിരുന്നാലും ഈ പഞ്ചായത്തിൽ 3235 കിണറുകളുണ്ട്. ഈ കിണറുകളിൽ 90 ശതമാനത്തിലും നാല് വേനൽ മാസങ്ങളിൽ ഒരു തുള്ളി വെള്ളംപോലും ലഭ്യമല്ല.

റബ്ബർ

മരങ്ങളും കുട്ടായിനില്ക്കുന്ന സ്ഥലമാകയാൽ കിണറ്റിൽ ഇലകളും കൊഴിഞ്ഞുവീണ് അഴുകി ജലം ഉപയോഗയോഗ്യമല്ലാതായി തീരുന്നു.

വേനൽ മാസങ്ങളിൽ വെള്ളം കോരുന്നതിനുള്ള കുടങ്ങളുമായ് വീട്ടമ്മമാർ വെള്ളമുള്ള കിണറുകളിലേക്കും, ഉറവകളിലേക്കും നടന്നുനീങ്ങുന്നത് ഈ പഞ്ചായത്തിൽ പരക്കെ കാണാവുന്നതാണ്. ഒന്നര കിലോമീറ്ററിലധികം ദൂരത്തിൽ വെള്ളത്തിനുവേണ്ടി സ്ത്രീകൾ നടക്കേണ്ട ചില പോക്കറ്റുകളും [കുറെ ആളുകൾ തിങ്ങിപ്പാർക്കുന്ന സ്ഥലം] ഈ പഞ്ചായത്തിലുണ്ട്. 3,4,9 എന്നീ വാർഡുകളുൾപ്പെടുന്ന ചീനിക്കാല, കണ്ടംതിട്ട എന്നീ പ്രദേശങ്ങൾ ഇതിലുൾപ്പെടും. ഈ സ്ഥലങ്ങളിൽ കുഴൽകിണറുകൾ 300 അടിയോളം താഴ്ത്തിയിട്ടും ജലം സുഗമമായി ലഭിക്കുന്നില്ല. കൂടാതെ 6,8 വാർഡിൽ കണ്ണമംമൂട് തെന്മല, കുന്നത്തുമല 5 വാർഡിലെ കുരിശുമലയിലും 9-ാം വാർഡിലെ മണ്ണാംകോണം, കുറിച്ചി, അലവൂർ, കാക്കണംവിള, മാടശേരി, വാഴിമ്പൽതേരി എന്നീ ഭാഗങ്ങളിലും വേനൽക്കാലത്തു രൂക്ഷമായ കുടിവെള്ളം ദുർലഭ്യം അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിലെ മിക്ക വീട്ടമ്മമാരും ഈ പ്രദേശങ്ങളുടെ ഒരു ശാപമായി ഇതിനെ കണക്കാക്കുന്നു. ഇതിൽ നിന്നുള്ള ശാപമോക്ഷത്തിനായി കേണപേക്ഷിക്കുന്ന വീട്ടമ്മമാരെ ഈ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പരിശീലകരും തങ്ങളുടെ പഞ്ചായത്തുകളിലൂടെയുള്ള തലങ്ങും വിലങ്ങുമായ നടപ്പിൽ സമാശ്വസിപ്പിക്കേണ്ടതായി വന്നിട്ടുണ്ട്. ''ഞങ്ങൾക്കുകുടിവെള്ളം തരൂ ബാക്കിയെല്ലാം പിന്നെയാകാം'' എന്നാണ് അവരൊക്കെ കേണപേക്ഷിച്ചത്.

കുടിവെള്ള ക്ഷാമം എന്ന ശാപത്തിൽ നിന്നും ഈ പഞ്ചായത്തിന് ശാപമോക്ഷം നല്കണമെന്ന ദൃഢനിശ്ചയമുള്ളവരാണ്, ഈ പഞ്ചായത്തിലെ ജനപ്രതിനിധികളെല്ലാം തന്നെ. നിശ്ചയദാർഢ്യവും കഠിനപ്രയത്നവും കുറച്ചുസാമ്പത്തികവുമുണ്ടെങ്കിൽ നടക്കാത്തതെന്താണ്.

രണ്ടുതരത്തിലുള്ള ശുദ്ധജലവിതരണ പ്രക്രിയയാണ് ആലോചനയിലുള്ളത്.

ഒന്നാമതായി നെയ്യാർഡാമിന്റെ പരിസരത്തുള്ള കുമ്പിച്ചലിൽ ഒരു വലിയ കിണർ കുഴിച്ച് അതിനു സമീപം ഒരു ടാങ്ക് നിർമ്മിച്ചും ആ ടാങ്കിലേയ്ക്കു വെള്ളം പമ്പു ചെയ്തു കയറ്റുക. തുടർന്ന് ആലം പ്രയോഗിച്ചു ഉപരിപ്ലവമാലിന്യങ്ങൾ നീക്കിയതിനുശേഷം മണൽതിട്ടകളിലൂടെ അരിച്ചെടുത്ത് കുരിശുമലയിൽ സ്ഥാപിക്കുന്ന രണ്ടാം ഘട്ട ടാങ്കിലെത്തിച്ച് ക്ലോറിനൈസ് ചെയ്തു പഞ്ചായത്തിൽ മുഴുവൻ വിതരണം നടത്തുക.

രണ്ടാമത്തെ മാർഗ്ഗം നിലവിലുള്ള നീരുറവകളെ വേണ്ട വിധത്തിൽ ചൂഷണം ചെയ്യുക എന്നതാണ്.

റോഡുകളുടെ അപര്യാപ്തത ഉൾഗ്രാമങ്ങളിൽ പൈപ്പ് ലൈനുകളിലൂടെ വെള്ളം എത്തിക്കാൻ തടസ്സമാണ്.

നീരുറവകളുടെ സ്ഥാനം താഴെപ്പറയുന്നു.

	നീരുറവ	വാർഡുകൾ
1.	നെല്ലിക്കാമല സ്വകാര്യവ്യക്തി	1. കുടപ്പനമൂട്
2.	ഞവരയ്ക്കാട്ട് 2 എണ്ണം	IV മായം
3.	ഞവരയ്ക്കാട്ട് 1 എണ്ണം	V അമ്പൂരി
4.	തട്ടാംമുക്ക് 2 എണ്ണം	IV മായം
	തട്ടാംമുക്ക്	III കുട്ടമല
5.	മഞ്ഞക്കുന്ന് 2 എണ്ണം	V അമ്പൂരി
6.	ചെറുക്കുപാറ	V അമ്പൂരി
7.	കുമ്പിച്ചൽ പാട്ടേക്കോണം	VI തൊടുമല
8.	കുന്നത്തുമല	VI
9.	അയ്യവിളാകം	VI ,,
10.	തുടിയംകോണം	II തുടിയംകോണം
11.	കൊണ്ടകെട്ടി	VIII തേക്കുപ്പാറ
12.	നെടുംപുല്ലി	III കുട്ടമല
13.	ചിറയക്കോട്	IX കണ്ടംതിട്ട
14.	കുറിച്ചി	IX കണ്ടംതിട്ട
15.	അലവൂർ (ചിലന്തിക്കുഴി)	
16.	കാക്കണംവിള (പൂമ്പറാംകോണം)	,, ,,
17.	തെക്കെചെന്ത	IV മായം
18.	ചീനിക്കാല	IV മായം
19.	കൊച്ചുവയൽമുക്ക്	IX കണ്ടംതിട്ട
20.	അമ്മത	VII കൂട്ടപ്പു

കുമ്പിച്ചൽ നിന്നും കുരിശുമലയിലേയ്ക്ക് പമ്പു ചെയ്യുന്നവെള്ളം ഈ പഞ്ചായത്തിന്റെ എല്ലാ സ്ഥലങ്ങളിലും എത്തിക്കുക എന്നത് ഭീമമായ ചെലവുവേണ്ടി വരുന്നതാണ്. സമീപത്തുള്ള വെള്ളറട പഞ്ചായത്തുകൂടെ സഹകരിച്ചു, സ്ലോക്കുപഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, സംസ്ഥാന സർക്കാർ തുടങ്ങിയ ഏജൻസികൾ സഹായിച്ചാൽ മാത്രമേ ഈ ഭീമമായ ചെലവുകൾ വഹിച്ചു പദ്ധതി നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

ഈ പഞ്ചായത്തിൽ 1991-ലെ സെൻസസ്സ് കണക്കു പ്രകാരം 3546 കുടുംബങ്ങളാണുള്ളത്. എന്നാൽ അതിനുശേഷം വന്ന വീടുകളുടെയും കണക്കിൽപ്പെടാതെ പോയ കുടിലുകളുടെയും ആകമാനകണക്കെടുത്തപ്പോൾ 5489 കുടുംബങ്ങളാണ് പഞ്ചായത്തിലുള്ളതെന്ന് മനസ്സിലാക്കുവാൻ കഴിഞ്ഞു. ശരാശരി അംഗസംഖ്യ ഒരു വീട്ടിന് നാല് എന്ന് കണക്കാക്കിയാൽ ഈ പഞ്ചായത്തിലെ ഇപ്പോഴുള്ള ജനസംഖ്യ 21,956 ആണ്. കേരളത്തിലെ ജനങ്ങളുടെ വെള്ളത്തിന്റെ ഉപഭോഗതോതനുസരിച്ച് പ്രതിദിനം പ്രതിശീർഷ വെള്ളത്തിന്റെ ഉപഭോഗം ഒരാൾക്ക് ഏകദേശം 75 ലിറ്ററാണ്. അപ്പോൾ 21,956 പേർക്കുവേണ്ടിവരുന്ന വെള്ളത്തിന്റെ ഉപഭോഗം പ്രതിദിനം 16,46,700 ലിറ്ററാണ്. കന്നുകാലികൾക്കും മറ്റു ആവശ്യങ്ങൾക്കും വേണ്ടിവരുന്നതും ഇതിനുപുറമേയാണ്. ഇത്രയും ജലം പ്രതിദിനം സംഭരിക്കുന്നതും വിതരണം ചെയ്യുന്നതും ഒരു നിസ്സാരകാര്യമല്ലല്ലോ.

ജലജന്യമായ രോഗങ്ങൾ ഈ പഞ്ചായത്തിൽ സാധാരണമാണ്. ഇന്നുനിലവിലുള്ള പല കിണറുകളും കുത്തനെയുള്ള മലഞ്ചരിവുകളിലും താഴ്വര പ്രദേശങ്ങളിലുമാണ്. തന്മൂലം ബാഹ്യ ജലം ഒലിച്ചു കിണറുകളിലിറങ്ങുന്നു. വൃക്ഷങ്ങൾ കൂടുതലുള്ള നാടായതിനാൽ ഇലപൊഴിയും കാലത്തു ധാരാളം പഴുത്ത ഇലകൾ കിണറുകളിൽ നിക്ഷിപ്തമാകുന്നുണ്ട് കൂടാതെ, സെപ്റ്റിക് ടാങ്കുകൾ ചില വീടുകളിൽകുഴിക്കുന്നത് പലപ്പോഴും കിണറുകളിൽ നിന്നും നിശ്ചിത അകലത്തിലല്ല. ഭൂമിയുടെ ലഭ്യതയിലുള്ള കുറവും മണ്ണിന്റെ മേൽത്തട്ടിൽ തന്നെ പാറയുള്ളതുമാണ് ജനങ്ങളെ ഇങ്ങനെ സെപ്റ്റിക് ടാങ്ക് എടുക്കുന്നതിനു പ്രേരിതരാക്കുന്നത്.

പലതരത്തിലുള്ള മഞ്ഞപിത്തം, ടൈഫോയിഡ്, ഡിസെന്ട്രി, തുടങ്ങിയ രോഗങ്ങളും ഉണ്ടാകാറുണ്ട്. ചില കിണറുകളിലെ വെള്ളത്തിന്റെ സാമ്പിളും മണത്തും കുടിച്ചും പരിശോധിച്ചാൽ അരോചകമായിതോന്നും. അതുകൊണ്ട് ശുദ്ധജല വിതരണമെന്നത് 9 ാം പദ്ധതി കാലത്ത് ഈ പഞ്ചായത്തിൽ യുദ്ധകാലടിസ്ഥാനത്തിൽ നടപ്പിലാക്കിയേപറ്റൂ.

പ്രശ്നങ്ങൾ

1. ഈ പഞ്ചായത്തിൽ ശുദ്ധജലവിതരണ പദ്ധതി ഇല്ല.
2. ഈ പഞ്ചായത്തിലെ 90 ശതമാനം കിണറുകളിലും നാലുവേനൽ മാസങ്ങളിൽ വെള്ളമില്ല.
3. ഗതാഗത സൗകര്യമില്ലാത്തതിനാൽ ഉൾഗ്രാമങ്ങളിൽ കുഴൽകിണറുകളും കുഴിയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഇരുമ്പ് ഓരുചുവ ഇവകൊണ്ട് പല കുഴൽ കിണറുകളിലെ വെള്ളവും കുടിക്കാൻ യോഗ്യമല്ല.
4. വെള്ളം നിറച്ച കുടങ്ങളും ചുമന്നുകൊണ്ട് മലഞ്ചരിവുകളിലൂടെ നടക്കുന്ന വീട്ടമ്മമാർ അപകടങ്ങളിൽപ്പെട്ടു ആശുപത്രിയിൽ അടയും പ്രാപിക്കേണ്ടതായിവരുന്നു
5. ജലലഭ്യതയുടെ കുറവുകൊണ്ട് പല വീടുകളിലും ആടുമാടുകളെ വളർത്തുന്നില്ല. തന്മൂലം കന്നുകാലികളുടെ എണ്ണം കുറഞ്ഞുവരുന്നു
6. കുടിവെള്ളംതേടി ഒന്നരകിലോമീറ്ററിലധികവും നടക്കേണ്ടിവരുന്നതിനാൽ വിലയേറിയ സമയം അവർക്കുപാഴായി പോകും.
7. ശുദ്ധജലത്തിന്റെ അപര്യാപ്തത പൊതുജനാരോഗ്യത്തെ സാരമായി ബാധിക്കുന്നു.
8. ജലജന്യരോഗങ്ങളും അങ്ങിങ്ങായി കണ്ടുവരുന്നു
9. ജലദൗർലഭ്യം കൊണ്ട് കക്കൂസ് നിർമ്മിയ്ക്കാത്തവരും ഉണ്ട്.

പരിഹാരം

1. അമ്പൂരി ഗ്രാമപഞ്ചായത്തിൽ അടിയന്തിരമായി ഒരു ശുദ്ധജലപദ്ധതി ആരംഭിക്കുക.
2. നീരുറവകളിൽ നിന്ന് വെള്ളം സംഭരിച്ച് പമ്പിംഗ് നടത്തി ഉറവകൾക്കടുത്തുള്ള പ്രദേശങ്ങളിൽ വിതരണം നടത്താവുന്ന മിനിവാട്ടർസപ്ലൈസ് പദ്ധതികളും നടപ്പിലാക്കുക.
3. നിലവിലുള്ള സ്വകാര്യകിണറുകളും കുളങ്ങളും ആഴവും വീതിയും കൂട്ടുന്നതിനും വൃത്തിയായി സൂക്ഷിക്കുന്നതിന് വേണ്ട സാമ്പത്തിക സഹായം നല്കണം..
4. വെള്ളത്തിലൂടെ രോഗങ്ങളും ഉണ്ടാകാതിരിക്കാൻ ആരോഗ്യവകുപ്പുകാർ കിണറുകളും കുളങ്ങളും പരിശോധിച്ച് മുൻ കരുതൽ നടപടി സ്വീകരിക്കുക.

സാധ്യതകൾ

1. പൊതുജനാരോഗ്യം മെച്ചപ്പെടുന്നു.
2. വീട്ടമ്മമാർക്കുള്ള സമയം ലഭിക്കുന്നു. അങ്ങനെ ഉല്പാദന പ്രക്രിയയിൽ പങ്കാളികളാകാൻ കഴിയുന്നു.
3. ആടുമാടുകളുടെ എണ്ണം വർദ്ധിക്കുന്നു.
4. വീടുകളിൽ വെള്ളം നല്കുന്നതുവഴി പഞ്ചായത്തിന് വരുമാനമുണ്ടാകും.

പൊതുജനാരോഗ്യം

കടുത്ത മഞ്ഞും ഇടയ്ക്കിടെ പേമാരിയും ഉണ്ടാകുന്ന പ്രദേശമാണ് ഈ പഞ്ചായത്തിന്റേത് കുത്തനെയുള്ള മലയുടെ കിടപ്പും ദുർഘടമായ വഴികളും അപകടങ്ങളും അപകട മരണങ്ങളും ഉണ്ടാകുന്നതാണ്. ജലജന്യമായ രോഗങ്ങളും പഞ്ചായത്തിനെ ഇടയ്ക്കിടെ സന്ദർശിക്കാറുണ്ട്. മഞ്ഞിന്റെ കാഠിന്യം നിമിത്തം ആസ്മ, ബ്രോങ്കൈറ്റിസ് തുടങ്ങിയ രോഗങ്ങളും ബാധിക്കുന്നു. ശ്വാസകോശ സംബന്ധമായവ (ക്ഷയരോഗം ഉൾപ്പെടെ) അസാധാരണമല്ല ഈ പഞ്ചായത്തിൽ പ്രത്യേകസീസണിൽ രണ്ട് മൂന്ന് മാസങ്ങളിൽ അന്തരീക്ഷത്തിലും ഭൂമിയിലും കൂടുതൽ ഈർപ്പം ഉണ്ടാകുന്നതുകൊണ്ട് ആർത്തറൈറ്റിസ്, റൊമാറ്റിസം തുടങ്ങിയ രോഗങ്ങളും പരക്കെ ഉണ്ടാകുന്നു. കാറ്റ്, മഴ, മഞ്ഞ് എന്നിവയിൽ നിന്ന് പൂർണ്ണ സംരക്ഷണം നൽകാത്തതാണ് ഈ പഞ്ചായത്തിലെ 1500 വീടുകളും. ഇത്തരം വീടുകളിൽ പാർക്കുന്നതുകൊണ്ട് വിവിധതരം രോഗങ്ങളും ബാധിക്കുന്നു. രോഗങ്ങളും മനുഷ്യ ശേഷിയെ ദുർബലപ്പെടുത്തി ഉല്പാദനക്ഷമത കുറയ്ക്കുന്നു. ഈ പഞ്ചായത്തിന്റെ ചെറിയൊരു ഭാഗത്ത് നിവസിക്കുന്നവരിൽ ഏതാണ്ട് 1% പേർ കുഷ്ഠം രോഗബാധിതരാണ്. ഇത് അത്തരം രോഗികൾക്ക് തന്നെ അറിഞ്ഞുകൂടാത്തതുമാണ് ഈ പഞ്ചായത്തിലെ ജനങ്ങളുടെ ശരാശരി ആയുസ് സംസ്ഥാന ശരാശരിയേക്കാളും കുറവാണെന്ന സത്യം ഞെട്ടിപ്പിക്കുന്നതാണ്.

പാരമ്പര്യ വൈദ്യന്മാർ ഈ പ്രദേശത്ത് വളരെ കുറവാണ് ആശുപത്രികളുടെ കാര്യത്തിൽ ജനസംഖ്യ തോത് വച്ച് നോക്കുമ്പോൾ 4250 പേർക്ക് ഒരു ആശുപത്രി എന്നതാണ് കണക്ക്. ഈ ആശുപത്രികളിൽ മൊത്തമുള്ള ഡോക്ടർമാരുടെ എണ്ണവും 4 മാത്രമാണ്. മൊത്തം ആശുപത്രി കിടക്കകളുടെ എണ്ണം വെറും 35 ആണ്. അങ്ങനെ 486 പേർക്ക് ഒരു കിടക്ക എന്ന തോതിലെയുള്ളൂ. ഇതും സംസ്ഥാന ശരാശരിയേക്കാളും വെറും പിന്നിലാണ് ഈ പഞ്ചായത്തിലെ ജനനനിരക്ക് വർഷത്തിൽ 100 പേർക്ക് 1.75 എന്നതാണ്. അപ്പോൾ ഒരു വർഷം 350 പ്രസവങ്ങളും ഈ പഞ്ചായത്തിൽ നടക്കുന്നു. ശരാശരി ഗർഭഛിദ്രം 54 കേസുകളിലാണ് ഇതിൽ ഭൂരി

രോഗവും ആശുപത്രികളും ഒന്നും തന്നെ അറിയുന്നില്ല. പ്രസവ സൗകര്യങ്ങളുള്ള ഒരു ഒറ്റ ആശുപത്രി പോലും പഞ്ചായത്തിലില്ല. അതിന് സൗകര്യമുള്ള ആശുപത്രി ഇവിടെ നിന്നും 20 കി. മീറ്റർ അകലെയാണ്.

ഈ പഞ്ചായത്തിൽ ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഉണ്ടെങ്കിലും അത് ഇതിന്റെ വടക്കേയറ്റത്താണ്. അതുകൊണ്ട് തെക്കേയറ്റത്തുള്ളവർ ഈ ആശുപത്രിയിലെത്തണമെങ്കിൽ 9 കിലോമീറ്റർ യാത്രചെയ്യണം. ഈ ഹെൽത്ത് സെന്ററിൽ ആഴ്ചയിൽ മൂന്നുദിവസമേ ഡോക്ടർ എത്താറുള്ളൂ. മാത്രവുമല്ല നിലവിലുള്ള ആരോഗ്യകേന്ദ്രത്തിൽ മരുന്നുവിതരണം നടത്തുന്നതിന് നാളിതുവരെ ഒരു ഫാർമസിസ്റ്റിനെ നിയമിച്ചിട്ടില്ല. ഹെൽത്ത് വിസിറ്റേഴ്സ് ഉണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനം നാളിതുവരെയുണ്ടായിട്ടില്ല. കൂടാതെ, എല്ലാവാർഡുകളിലും സബ് സെന്ററുകൾ സ്ഥാപിച്ചു ആരോഗ്യപരിപാലനം ഉറപ്പുവരുത്തുന്നതിന് സബ് സെന്ററുകളിലെ പ്രവർത്തനം ഈ പഞ്ചായത്തു മുഴുവൻ പ്രദേശത്തിനൊത്തവണ്ണം പ്രവർത്തിക്കേണ്ടതാണ്.

ജനങ്ങളിൽ മേൽ വിവരിച്ച പരിസ്ഥിതിയിൽ 80% രോഗികളും പഞ്ചായത്തിന് പുറത്തുള്ള ആശുപത്രികളെയാണ് ആശ്രയിക്കേണ്ടിവരുന്നത്. ആയതുകൊണ്ട് മായം വാർഡിൽ ഇന്നുള്ള പ്രൈമറി ഹെൽത്ത് സെന്റർ സർവ്വസജ്ജമായ ആശുപത്രിയായി മാറ്റുന്നതിനോടൊപ്പം ഈ പഞ്ചായത്തിന്റെ കേന്ദ്രപ്രദേശമായ അമ്പൂരിയിൽ മറ്റൊരു പബ്ലിക് ഹെൽത്ത് സെന്റർ സ്ഥാപിക്കേണ്ടതാണ്.

മായം വാർഡിൽ ഇന്നുള്ള ഹെൽത്ത് സെന്റർ മായം വാർഡിനോട് തൊട്ടുകിടക്കുന്ന തൊടുമലവാർഡിലുള്ള പട്ടികവർഗ്ഗക്കാർക്ക് ഉപയോഗമുള്ള കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുകയും ചെയ്യണം. തൊടുമല വാർഡിൽ പട്ടികവർഗ്ഗക്കാർ കൂട്ടത്തോടെ താമസിക്കുന്നതിനാൽ അവിടെയൊരു ഹെൽത്ത് സബ് സെന്റർ സ്ഥാപിച്ച് ആഴ്ചയിൽ മൂന്നുദിവസമെങ്കിലും ഡോക്ടർ എത്തുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്. ഒരു ഗൈനക്കോളജിസ്റ്റിന്റെ അഭാവം ഈ പഞ്ചായത്തിന്റെ ഏറ്റവും വലിയ ബുദ്ധിമുട്ടുകളിലൊന്നാണ്. മാതൃത്വത്തോടുള്ള അവഗണനയുടെ ഒരുത്തമ ഉദാഹരണമാണ് ഇത്. 40 വയസ്സ് കഴിഞ്ഞ ഒരു വലിയ പങ്ക് അമ്മമാർ ഗർഭാശയ സംബന്ധമായ രോഗം ബാധിച്ചവരാണ്. അവരിൽ പലരും ഇന്ന് ആയുർവേദ ചികിത്സ നടത്തി രോഗത്തിന് ശാന്തികാണാതെ കഷ്ടപ്പെടുകയാണ്. മറ്റു ചിലർ രോഗം രഹസ്യമായി വച്ച് രോഗം മൂർച്ഛിക്കുന്നതിനുള്ള അവസരം നൽകുന്നു. പഞ്ചായത്തിന്റെ കേന്ദ്രസ്ഥാനത്ത് തന്നെ ഒരു ഗൈനക്കോളജിസ്റ്റിനെ നിയമിക്കുകയും അവർ വിവിധ സബ് സെന്ററുകളും സന്ദർശിച്ച് രോഗികളെ പരിശോധിച്ച് ചികിത്സ നിർണ്ണയിക്കേണ്ടതുമാണ്.

പരിസര ശുചീകരണത്തിൽ വേണ്ടവിധത്തിലുള്ള ബോധവത്ക്കരണം ഈ പഞ്ചായത്തിൽ നടന്നിട്ടില്ല എന്നത് ഒരു വസ്തുതയാണ്. ഇന്നും 1700-റോളം വീടുകളിൽ കക്കൂസില്ല. ഇവർ വിസർജനത്തിനായി ഉപയോഗിക്കുന്നത് കൃഷി ഭൂമികളും കുളം, തോട് എന്നിവയുടെ കരകളുമാണ്. ചുരുക്കം ചില കുടുംബങ്ങൾക്ക് അതിനും സൗകര്യമില്ല. അവരുടെ കാര്യമാണ് ഏറ്റവും പരിതാപകരം. പാള, പേപ്പർ തുടങ്ങിയവയിൽ വിസർജനം ചെയ്ത് എവിടെയെങ്കിലും കൊണ്ട് എറിയുകയാണ് ഇവർ ചെയ്യുന്നത്. സ്വന്തമായി കക്കൂസ് പണിയുവാൻ സാമ്പത്തിക ശേഷിയില്ലാത്തവർക്ക് അതിനുള്ള ധനസഹായം ചെയ്യുകയോ അല്ലെങ്കിൽ ഏതെങ്കിലും ഒരു ഏജൻസിയെ കൊണ്ട് കക്കൂസുകൾ പണിയിച്ച് നൽകുകയോ ചെയ്യണം. അഞ്ചോ, ആറോ കൊത്തന്മാരെ തെരഞ്ഞെടുത്ത് ഒന്നോ, രണ്ടോ പ്ലംബറന്മാരുടെ സഹായത്തോടെ ആറുമാസം കൊണ്ട് പൂർത്തിയാക്കാവുന്ന ഒരു പരിപാടിയാണിത്. കക്കൂസിനാവശ്യമായ സാധനങ്ങൾ മൊത്തത്തിൽ വാങ്ങിയാൽ ഇതിന്റെ ചിലവ് ഏതാണ്ട് 20% കുറയും. ഇത്രയെല്ലാം ചെയ്തു കഴിഞ്ഞാൽ പൊതുസ്ഥലങ്ങളിലുള്ള വിസർജനം ഒരു കുറ്റമായിതന്നെ കാണേണ്ടതാണ്.

ചായക്കടകൾ, ഹോട്ടലുകൾ, വീടുകൾ, സ്കൂളുകൾ തുടങ്ങിയവയിൽ നിന്നും ബഹിർഗമിക്കുന്ന മലിനജലം റോഡിലേയ്ക്കും, അടുത്തുള്ള കുളങ്ങളിലേക്കും ഒഴുകി വീഴുന്ന കാഴ്ച അസഹനീയമാണ്. വേണ്ട ബോധവത്ക്കരണം വഴി ഇങ്ങനെയുള്ള ജലം പച്ചക്കറി കൃഷി തുടങ്ങിയവയ്ക്കുള്ള ജലസേചന മാർഗമായി ഉപയോഗിക്കാവുന്നതാണ്. ഇതിന് സാധ്യത ഇല്ലാത്ത സ്ഥലങ്ങളിൽ വെള്ളം സെപ്റ്റിക്ക് ടാങ്കിലേയ്ക്ക് തിരിച്ചു വിടാനുള്ള സംവിധാനം ഉണ്ടാക്കാൻ നിർബന്ധിച്ചേ മതിയാവൂ.

പരിസര ശുചീകരണത്തിനുപുറമേ ശുചീകരണ കാര്യങ്ങളിൽ അനാസ്ഥ കാണിക്കുന്നവരെ ശിക്ഷണ നടപടികൾക്ക് വിധേയമാക്കാൻ ഹെൽത്ത് ഇൻസ്പെക്ടർ പ്രത്യേകം ശ്രദ്ധിക്കണം. കൂടാതെ വാക്സിനേഷൻ, വിവിധ തരത്തിലുള്ള പ്രതിരോധകുത്തിവയ്പ് നടത്തുന്നതിനും ചില സാഹചര്യങ്ങളിലുണ്ടാകുന്ന പകർച്ച വ്യാധികളെയും തടയണം. കടകൾ കൂടുതലുള്ള റോഡുകളിലും, ജംഗ്ഷനുകളിലും വലിച്ചെറിഞ്ഞ മലിന വസ്തുക്കൾ നിരന്ന് കിടക്കുന്നത് അസഹ്യമായ ഒരു കാഴ്ചയാണ്. ഈ മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിനായി കുപ്പതൊട്ടികൾ സ്ഥാപിക്കുകയും ദൈനംദിനം ചവറുകൾ ശേഖരിച്ച് കമ്പോസ്റ്റ് കുഴികളിലേയ്ക്ക് മാറ്റുകയും ചെയ്യേണ്ടതാണ്. മാർക്കറ്റുകളിലും മറ്റും ഇന്ന് വൃത്തിയാക്കുന്നതിന് നിയമിച്ചിട്ടുള്ളവരെ കൊണ്ട് ഈ ജോലി ചെയ്യിപ്പിക്കേണ്ടതാണ്. വൃത്തിയില്ലാത്ത കടപ്പുറത്ത് നിന്ന് വരുന്ന

മത്സ്യം കഴിക്കുന്നത് കൊണ്ട് ഡിസെന്ററി തുടങ്ങിയ രോഗങ്ങൾ ഉണ്ടാകുന്നതായും സ്ഥലത്തെ ഒരു പ്രധാന ആശുപത്രിയിലെ ഡോക്ടർ പറയുകയുണ്ടായി. ചീഞ്ഞ് തുടങ്ങിയതും വൃത്തിഹീനവുമായ മത്സ്യങ്ങൾ നിരോധിക്കുകയും മത്സ്യ ഉല്പാദനം ഇവിടെ വർദ്ധിപ്പിക്കേണ്ടതാണ്.

കൊച്ചു കുഞ്ഞുങ്ങൾക്കായുള്ള പ്രതിരോധ കുത്തിവയ്പ് നടത്തുന്നതിന് ഇന്ന് നാമമാത്രമായേ സൗകര്യങ്ങളേയുള്ളൂ. സാമ്പത്തിക സൗകര്യങ്ങളുള്ള വീട്ടിലെ കുട്ടികളെ 19 കിലോമീറ്റർ അകലെലുള്ള ആശുപത്രികളിലേയ്ക്ക് കൊണ്ടുപോകുന്നു. ചുരുക്കം ചില കുട്ടികളെ അംഗനവാടികളിൽ എത്തിച്ച് കുത്തിവയ്പ് നടത്തും. ഇത്തരം കുത്തിവയ്പ് നിയമം മൂലം നിർബന്ധമാക്കുകയും അതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

അലഞ്ഞ് തിരിയുന്ന നായ്ക്കൾ ധാരാളം ഈ പ്രദേശത്തുണ്ട്. കെട്ടിയിടാതെയും കൂട്ടിൽ വളർത്താതെയും സ്വതന്ത്രമായി വിട്ടിരിക്കുന്ന രണ്ടും, മൂന്നും നായ്ക്കളുള്ള വീടുകൾ ധാരാളമുണ്ട്. പേ വിഷബാധ ഇത് കൊണ്ട് ഒരു ഭീഷണിയായി മാറുന്നു. റോഡുകളിലൂടെ അലഞ്ഞ് തിരിയുന്ന നായ്ക്കൾ ഗതാഗതത്തിന് ഒരു ഭീഷണിയായി മാറുന്നു. നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് നിർബന്ധമാക്കേണ്ടതാണ്. ഒന്നിൽ കൂടുതൽ നായ്ക്കൾ ഒരു വീട്ടിലുണ്ടെങ്കിൽ കൂടുതലുള്ള ഓരോ നായ്ക്കൾക്കും നികുതി ഈടാക്കുന്നത് നന്നായിരിക്കും.

ഈ പഞ്ചായത്തിൽ ഒരു പൊതു സ്മശാനം ഇല്ല. വെറും ഒന്നും രണ്ടും സെന്റുകളിൽ വീടുകൾ വച്ച് താമസിക്കുന്ന കുടുംബങ്ങൾ ഇവിടെയുണ്ട്. ഈ കുടുംബങ്ങളിൽ ആരെങ്കിലും മരിച്ചാൽ അവരെ സംസ്കരിക്കുന്നത് തൊട്ടടുത്ത വീടുകളുടെ സമീപമോ, കിണറുകളുടെ അടുത്തോ ചിലപ്പോൾ വഴിവക്കിലോ ആണ്. സൗകര്യപ്രദമായ സ്ഥലത്ത് അര ഏക്കറെങ്കിലുമുള്ള ഒരു പൊതു സ്മാശനം സ്ഥാപിക്കേണ്ടതാണ്. ഇവിടെ ആധുനിക രീതിയിലുള്ള വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ദഹന സംവിധാനം ഉണ്ടാക്കുന്നത് നന്നായിരിക്കും.

പ്രശ്നങ്ങൾ

1. ആകെ ഒരു പ്രൈമറി ഹെൽത്ത് സെന്ററും 3 നാമമാത്രമായ പ്രൈവറ്റ് ആശുപത്രികളും മാത്രമേ ഈ പഞ്ചായത്തിലുള്ളൂ. ഇത് പതിനായിരത്തിലധികം ജനങ്ങൾ തിങ്ങിപാർക്കുന്നത് ഈ പഞ്ചായത്തിന് അപര്യാപ്തമാണ്.

2. ആശുപത്രി കിടക്കകളുടെ എണ്ണം തുലോം പരിമിതമാണ്. 486 പേർക്ക് ഒന്ന് എന്ന തോതിലേ ആശുപത്രി കിടക്കയുള്ളൂ.

3. ഗൈനക്കോളജിസ്റ്റ്, പീഡിയട്രീഷൻ തുടങ്ങിയവരുടെ സേവനം ഈ പഞ്ചായത്തിന് ലഭ്യമല്ല.

4. പട്ടിക വർഗക്കാരുടെ താമസ സ്ഥലം പെന്നത്താൻ ദുർഘടമായതിനാൽ അവർക്ക് വേണ്ട ചികിൽസ ലഭിക്കുന്നില്ല.

5. നാമമാത്രമുള്ള ഒരു പബ്ലിക് ഹെൽത്ത് സെന്ററിൽ പ്രധാന മരുന്നുകളൊന്നുമില്ല.

6. ഹെൽത്ത് വിസിറ്റേഴ്സിന്റെ ഭവന സന്ദർശനം ഊർജ്ജിതമാക്കേണ്ടതുണ്ട്.

7. പബ്ലിക് ഹെൽത്ത് സെന്ററിൽ ഡോക്ടർ ആഴ്ചയിൽ മൂന്നു ദിവസമേ വരുന്നുള്ളൂ.

8. മലയോര പ്രദേശമായതിനാൽ ആശുപത്രിയിൽ എത്തിച്ചേരാൻ രോഗികൾക്ക് വളരെദൂരം സഞ്ചരിക്കേണ്ടി വരുന്നു.

9. അയ്യിരത്തിലധികം വരുന്ന വീടുകളിൽ 1700 ഓളം വീടുകൾക്ക് കക്കൂസുകൾ ഇല്ല.

10. റോഡ് ജംഗ്ഷനുകളിലും കടകൾ കൂടുതലുള്ള സ്ഥലങ്ങളിലും ചപ്പ് ചവറുകൾ നിറഞ്ഞ് കിടക്കുന്നു. മലിനജലം വീടുകളിൽ നിന്നും, കടകളിൽ നിന്നും കുളങ്ങളിലേയ്ക്കും, റോഡുകളിലേയ്ക്കും, തോടുകളിലേക്കും ഒലിച്ചിറങ്ങുന്നു.

11. എല്ലാ വാർഡുകളിലും സബ്സെന്റർ സ്ഥാപിച്ചു പൊതുജനാരോഗ്യം ഉറപ്പു വരുത്തിയിട്ടില്ല.

12. മലയോര പ്രദേശമായ ഈ ആരോഗ്യസെന്ററിൽഒരു വാഹനം അത്യാവശ്യമാണ്.

13. ഈ പഞ്ചായത്തിൽ പൊതു സ്മശാനമില്ല. പകർച്ച വ്യാധികൾ പകർത്തുന്ന കൊതുകുകളെ നശിപ്പിക്കുന്ന സംവിധാനമില്ല.

14. കുട്ടമലയിൽ കെട്ടിട സൗകര്യം ഉണ്ടായിട്ടും ആയൂർവേദ ആശുപത്രി സ്ഥാപിച്ചിട്ടില്ല.

പരിഹാര മാർഗ്ഗങ്ങൾ

1. മായം പ്രൈമറി പബ്ലിക് സെന്ററിനെ സർവ്വ സജ്ജമായ സെന്ററാക്കി മാറ്റുക.

2. പഞ്ചായത്തിന്റെ മദ്ധ്യഭാഗമായ അമ്പൂരിയിൽ ഒരു പബ്ലിക് ഹെൽത്ത് സെന്റർ സ്ഥാപിക്കുക.

3. ഗൈനക്കോളജിസ്റ്റ്, പീഡിയാട്രിഷൻ എന്നിവരുടെ സേവനം ലഭ്യമാക്കുക.

4. സബ് സെന്ററുകൾ എല്ലാവാർഡുകളിലും സ്ഥാപിച്ചു ആഴ്ചയിൽ രണ്ടുദിവസം ഡോക്ടർ സന്ദർശിക്കുക.

വ്യവസായം

അമ്പൂരിയുടെ തൊഴിൽ മേഖലമൊത്തമായി ശോധിച്ചാൽ, വ്യാവസായികമായി ഈ പഞ്ചാ ത്തുലോം പിന്നോക്കമാണെന്നു കാണാം. കളിൽ കുടിയേറ്റം ആരംഭിച്ച ഈ പഞ്ചായ ത്തിൽ പരമ്പരാഗത വ്യവസായങ്ങളും ഒന്നും തന്നെ 1976-ൽ അമ്പൂരി ഗ്രാമപഞ്ചായത്ത് രൂപീ കരിക്കുന്നതിനുമുമ്പ് 1966-ൽ തുടങ്ങിയ ഒരു പുനെയ്ത്തുശാലമാത്രമാണ് ഇവിടെ ഉണ്ടാ യിരുന്നത്. അത് ഇന്ന് ബാംബൂ കോർപ്പറേഷ ന്റെ സഹകരണത്തോടുകൂടി 188 അംഗങ്ങളും ഒരു സഹകരണ കുടിൽ വ്യവസായ സ്ഥാപ നമായി വികാസം പ്രാപിച്ചിരിക്കുന്നു. അംഗ സംഖ്യയുമുണ്ടെങ്കിലും നാല്പതുകുടുംബ ങ്ങളിലായി എൺപതുപേർ ഇപ്പോഴും ഈ തൊഴിൽ കൊണ്ട് ജീവിക്കുന്നു. റീഡൺ റാട്ടർ വർക്കേ ഴ്സ് കോട്ടേജ് ഇൻഡസ്ട്രീയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി C.J.N.D. (T) 240 എന്ന പേരിൽ അമ്പൂരി കേന്ദ്രമാക്കി ഇപ്പോഴും ഈ പ്രവർത്തി പ്പിക്കുന്നു.

നൂല്, ചൂരൽ, പ്ലാസ്റ്റിക് എന്നിവയുടെ പരിശീലന കേന്ദ്രങ്ങളും തൊടുമലയിലും, മലയിലും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രണ്ടി ടത്തുകൂടി 15 പുരുഷന്മാരും, 13 സ്ത്രീകളും ഉൾപ്പടെ 28പേർ വരുമാന മാർഗ്ഗം കണ്ടെത്തി വരുന്നു. ഇതിൽ കുട്ടമലയിലുള്ള പ്ലാസ്റ്റിക് ചൂരൽ പരിശീലന കേന്ദ്രം I.T.D P. യുടെ കീഴിലും തൊടുമലയിലുള്ള നൂൽ നൂല്പ് പരിശീലന കേന്ദ്രം K.E.D A.S.ന്റെ മേൽ നോട്ട ത്തിലുമാണ്. ഇതിൽ നൂൽ നൂല്പ് കേന്ദ്രം ഇപ്പോൾ പ്രവർത്തനക്ഷമമല്ല. അമ്പൂരി കേന്ദ്ര മാക്കി K. E. D. A. S. ഒരു തയ്യൽ പരിശീലന കേന്ദ്രത്തിന്റെ യന്ത്രോപകരണങ്ങളും സ്ഥാപി ച്ചിട്ടുണ്ട്. അതിപ്പോൾ പ്രവർത്തനക്ഷമമാണ്. പുളിങ്കുടിത്തിലാണ് പ്രവർത്തിക്കുന്നത് 15 മിഷ്യനുകളിലായി 20 സ്ത്രീകൾ പരിശീലനം നേടുന്നു.

എന്നാൽ ആറുതൊഴിലാളികൾ പണിയെടു ക്കുന്ന വാഴിച്ചലുള്ള വ്യക്തിഗത തടിമില്ലും കെ. കെ. രവി മുണ്ടൻപാറയുടെ 15 തൊഴിലാളി കൾ ജോലിചെയ്യുന്ന നെയ്ത്തു സഹകരണ സം ഘവും വിജയകരമായി പ്രവർത്തനം തുടരുന്നു. പഞ്ചായത്തിൽ എടുത്തു പറയത്തക്ക മറ്റൊരു വ്യവസായ യൂണിറ്റാണ് കുടപ്പനമൂട്ടിൽ പ്രവർ ത്തിച്ചു വരുന്ന പ്ലൈവുഡ് ഫാക്ടറി. ഒരു വ്യക്തിയുടേതാണ് ഇതിന്റെ മൂലധനം. പഞ്ചാ യത്തിൽ സുലഭമായി ലഭിക്കുന്ന റബ്ബർത്തടി യാണ് ഈ ഫാക്ടറിയിലെ അസംസ്കൃത വസ്തു. 22 സ്ത്രീകളും 13 പുരുഷന്മാരും ഇവിടെ പണിയെടുക്കുന്നുണ്ട്. സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്ന ഈ സ്ഥാപനം നേരിടുന്ന പ്രധാന ഭീഷണി വിപണന സൗകര്യ ക്കുറവ് മാത്രമാണ്.

സബ് സെന്ററുകളുടെ പ്രവർത്തനം ഈ പഞ്ചായ ത്ത് മുഴുപ്രദേശത്തിന്റെയും ഘടനയ്ക്കൊത്തവണ്ണമാ ക്കുക.

കുഞ്ഞുങ്ങളുടെ പ്രതിരോധ കുത്തിവയ്പ് കുറ വുകൾ പരിഹരിച്ച് മറ്റതാക്കുക.

പട്ടികവർഗ്ഗക്കാർക്കുള്ള സബ് സെന്ററിൽ ഡോക്ടറുടെ സേവനം ആഴ്ചയിൽ മൂന്നുദിവസ മാക്കുക.

ഈ പഞ്ചായത്തിലെ കക്കൂസില്ലാത്ത പാവപ്പെട്ടവ രായ 1700 ഓളം കുടുംബങ്ങൾക്ക് കക്കൂസ് നിർ മ്മിച്ചുകൊടുക്കുക.

ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പരിസര ശുചീകരണം ഉറപ്പ് വരുത്തുക.

വളർത്ത് നായ്ക്കൾക്ക് ലൈസൻസ് ഏർപ്പെടു ത്തുക.

11. അലഞ്ഞ് തീരിയുന്ന പട്ടികളെ കൊന്നൊടുക്കുക.
12. കുട്ടമലയിൽ ആയുർവേദ ആശുപത്രി സ്ഥാപി ക്കുക. പൊതുസ്മശാനം സ്ഥാപിക്കുക.
13. കണ്ടംതിട്ടയിൽ ഒരു ഹെൽത്ത് ഡിസ്പെൻസറി സ്ഥാപിക്കണം.

സാധ്യതകൾ

1. ആരോഗ്യവും ബുദ്ധിയുമുള്ള കുഞ്ഞുങ്ങൾ ജനിച്ച് വളരുന്നു.
2. പ്രായപൂർത്തിയായവർ സമ്പത്തിന്റെ ഉല്പാദന ത്തിൽ രോഗ നിവാരണത്തിലൂടെ കൂടുതൽ കാര്യ ക്ഷമമായ പങ്കാളിത്തം വഹിക്കുന്നു. പകർച്ചവ്യാധി കൾ അകറ്റിനിർത്തുന്നു.
3. പേ വിഷബാധയെന്ന ഭയം ഇല്ലാതെ ആകുന്നു.

അമ്പൂരിയിലെ ഓയിൽ മില്ലിൽ 3 തൊഴിലാളികളും കുടപ്പനമൂട്, കുട്ടമല, കൂട്ടപ്പു എന്നിവിടങ്ങളിൽ ഓരോ ഫ്ളവർ മില്ലുകളും അമ്പൂരിയിൽ 2 ഫ്ളവർ മില്ലുകളും തൊഴിലാളികൾക്ക് ജീവിത മാർഗം നൽകി പ്രവർത്തിക്കുന്നുണ്ട്.

രണ്ട് ഫർണിച്ചർ മാർട്ടുകളാണ് പഞ്ചായത്തിലുള്ളത്. വനിതാ വ്യവസായ കേന്ദ്രത്തിന്റെ ധനസഹായത്തോടെ ശ്രീമതി. സുമംഗലാമോഹൻ കുട്ടമല-പാമ്പരം കാവിൽ നടത്തുന്ന ഡിഷ്ണ് ഫർണിച്ചർ മാർട്ടിൽ 5 തൊഴിലാളികളും, ശ്രീ. അപ്പുക്കുട്ടൻ സ്വയം മുതൽ മുടക്കി തേക്കുപാറ-ചപ്പാത്തിൽ നടത്തുന്ന മരോപകരണശാലയിൽ 2 തൊഴിലാളികളും ജോലിനോക്കുന്നു. ഇവയും നേരിടുന്ന പ്രധാന പ്രശ്നം വിപണന മേഖലയുടെ അപര്യാപ്തതയാണ്. എന്നാൽ ഓർഡറുകൾ തരപ്പെടുത്തിയും തവണ വ്യവസ്ഥയിലും സാധനങ്ങൾ വിറ്റഴിച്ചാണ് ഈ സ്ഥാപനങ്ങൾ കഷ്ടിച്ചു പിടിച്ചുനിൽക്കുന്നത്.

ആകെയുള്ള ഒരു തടിമില്ല് പ്രവർത്തിക്കുന്നത് വാഴിച്ചലാണ്. തടികൾ വട്ടവാളിന് അറുത്തുകൊടുക്കുന്ന ഈ വ്യക്തിഗത സ്ഥാപനത്തിൽ 6 തൊഴിലാളികൾ പണിയെടുക്കുന്നു.

തുച്ഛമായ വാടകയ്ക്ക് അമ്പൂരി സർവ്വീസ് സഹകരണ സംഘം നല്കിയിരിക്കുന്ന കെട്ടിടത്തിൽ 10 സ്ത്രീകൾ ചേർന്ന് I. R. D.P യുടെ ധനസഹായത്തോടെ ഒരു ബുക്ക് ബയൻറിംഗ് സെൻറർ അമ്പൂരി കേന്ദ്രമാക്കി പ്രവർത്തിക്കുന്നു.

അമ്പൂരിയിലുള്ള റോമൻ കാത്തലിക് ഫൊറോനപ്പള്ളിയുടെ കെട്ടിടത്തിൽ A S M I സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ ഒരു പ്രിൻറിംഗ് പ്രസ് പ്രവർത്തിക്കുന്നുണ്ട് ഇവരെ കൂടാതെ 3 സ്ത്രീകൾ കൂടി ഇവിടെ പണിയെടുക്കുന്നു.

വനിതാ വ്യവസായ കേന്ദ്രത്തിന്റെ ലോൺ വാങ്ങി അമ്പൂരിയിൽ നടത്തുന്ന ടോം സോഡാ ഫാക്ടറിയിൽ 2 പുരുഷന്മാരും 3 സ്ത്രീകളും തൊഴിൽ ചെയ്യുന്നു.

ഈ പഞ്ചായത്തിൽ എടുത്തുപറയത്തക്ക മറെറാരു വ്യവസായമാണ് റോക്ക് ക്രഷർ യൂണിറ്റുകൾ. കൂട്ടപ്പു, കുട്ടമല, കണ്ടംതിട്ട എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന ഈ 3 സ്ഥാപനങ്ങളിലും കൂടി 60 തൊഴിലാളികളാണുള്ളത്. പരിസ്ഥിതി പ്രശ്നത്തിന്റെ പേരിൽ ഈ സ്ഥാപനങ്ങൾ വൻ ഭീഷണിയാണ് നേരിട്ടുകൊണ്ടിരിക്കുന്നത് എന്ന് ചിലർക്ക് അഭിപ്രായമുണ്ടെങ്കിലും നിയമത്തിന്റെ പിൻബലത്തിൽ ഇവയും പ്രവർത്തനം തുടരുന്നുണ്ട്.

പഞ്ചായത്തിലെ വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിശദവിവരങ്ങൾ അനുബന്ധം 1-ൽ കൊടുത്തിരിയ്ക്കുന്നു.

N.B. അമ്പൂരി കേന്ദ്രമാക്കി 2 ഓട്ടോ ടൊബൈൽ വർക്ക്ഷോപ്പുകൾ പ്രവർത്തിക്കുന്നു. 6 തൊഴിലാളികൾ ഇവിടെ പണിയെടുക്കുന്നു.

ആകെ 14 വിഭാഗങ്ങളിലുള്ള 21 വ്യവസായ യൂണിറ്റുകളിലും കൂടി 131 പുരുഷന്മാരും 117 സ്ത്രീകളും ഉൾപ്പെടെ 268 പേരാണ് ഈ പഞ്ചായത്തിലെ വ്യവസായ മേഖലയിൽ പ്രവർത്തിക്കുന്നത്. 1991-ലെ സെൻസസ്സ് അനുസരിച്ച് ഇവിടത്തെ ജനസംഖ്യ 16335 ആണ്. ആകെ ജനസംഖ്യയുടെ 1.5% മാത്രമാണിത്. ഇതിൽ നിന്നും ഈ പഞ്ചായത്തിന്റെ വ്യാവസായിക പിന്നോക്കാവസ്ഥയുടെ ഉത്കണ്ഠാകുലമായ ചിത്രം വ്യക്തമാണെന്നു കരുതുന്നു.

ഉദ്ദേശം 11 ഓളം സ്കീമുകൾ വ്യവസായ വികസനത്തിനായി നടപ്പിൽ വരുത്തിയിട്ടുണ്ടെങ്കിലും ഇവയെല്ലാം ജില്ലാപഞ്ചായത്ത് ബ്ലോക്ക് പഞ്ചായത്ത് തലങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നതിനാൽ തിരുവനന്തപുരം ജില്ലയുടെ തെക്കു കിഴക്കനതിർത്തിയിൽ സ്ഥിതി ചെയ്യുന്ന ഈ പഞ്ചായത്തിൽ ഈ പദ്ധതികളൊന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. 11 പദ്ധതികളിൽ 7 എണ്ണം പട്ടികജാതി, പട്ടിക വർഗക്കാർക്കായി നീക്കിവച്ചിട്ടുള്ളതാണ് എന്തുകൊണ്ട് ഈ വിഭാഗക്കാർ ഈ പദ്ധതിയിലൊന്നും ആകൃഷ്ടരായില്ല എന്നുള്ള അന്വേഷണം ചെന്നെത്തിച്ചത് ചില ദുഃഖസത്യങ്ങളിലാണ്. അവയിൽ പല പരിഹാര മാർഗങ്ങളും ചുവടെ ചേർക്കുന്നു.

1. സംസ്ഥാന വ്യാപകമായി ഇതിനുവേണ്ടി നീക്കിവച്ചിട്ടുള്ള തുക തുലോം തുച്ഛമാണ്

2. ഏതെങ്കിലും ഒരു പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങളം ലഭിക്കണമെങ്കിൽ സാമ്പത്തികവും വിദ്യാഭ്യാസ പരവുമായി പിന്നണിയിൽ നിൽക്കുന്ന പട്ടികജാതി/പട്ടിക വർഗ്ഗക്കാർ ജില്ലാ-ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് തുടങ്ങിയ ഓഫീസുമായി പരിചയമുള്ള ഒരു ഇടനിലക്കാരനേയും ചേർത്തു കൊണ്ട് പലവുരു (പലപ്രാവശ്യം) യാത്ര ചെയ്യേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ഈ പഞ്ചായത്തിൽ നിന്നും 22 km അകലെയും ജില്ലാ പഞ്ചായത്ത് 45 km അകലെയുമായിട്ടാണ് സ്ഥിതിചെയ്യുന്നത്. വകുപ്പുമേധാവിത്വവും ചുവപ്പുനാടയും, മറ്റ് അത്തരം ദുർഘടാവസ്ഥകളും ആനുകൂല്യം അനുവദിച്ചുകിട്ടുന്നതിനായി പോകുന്നവരെ നിരുൽസാഹപ്പെടുത്തുന്നു. വീണ്ടും ഒരു ദിവസം വരും എന്ന പല്ലവി ആവർത്തിക്കപ്പെടുന്നതിനാൽ സംരംഭകർ നിരുൽസാഹരാകുന്നു. പല യാത്രകളിൽ കൂടിയുള്ള സാമ്പത്തിക നഷ്ടമല്ലാതെ ഒന്നും നേടാൻ കഴിയാതെ അവർ നിരാശരാകുന്നു.

3. നടപ്പിലുള്ള സ്കീമുകൾക്ക് വേണ്ട വിധത്തിലുള്ള പരസ്യം നൽകാത്തതിനാൽ ഗുണഭോക്താക്കൾ വിശദവിവരം പോലും അറിയുവാൻ കഴിയാതെ അജ്ഞരായിരിക്കുന്നു.

ഇന്നും ബ്ലോക്ക് തലത്തിൽ നടപ്പിൽ വരുന്ന പദ്ധതികളും എല്ലാം തന്നെ ചെറിയ തോതിലെങ്കിലും ഗ്രാമ പഞ്ചായത്തുകളും നടത്തുന്നതിനുള്ള അധികാരം നൽകണം. ബ്ലോക്ക് തലത്തിലെ വികസന ഓഫീസർ ബ്ലോക്കിലെ 9 പഞ്ചായത്തുകളിലും വേണ്ട മുന്നറിയിപ്പോടെ വന്നിരുന്ന് ഗുണഭോക്താക്കൾക്ക് സഹായഹസ്തം നീട്ടണം ഫയലിൽ നിന്നും പഞ്ചായത്ത് മുറ്റത്തേക്ക് എന്ന ആശയം ഇവർ നടപ്പിൽ വരുത്തിയേ പറ്റൂ. രണ്ടോ മൂന്നോ പഞ്ചായത്തുകൾക്കായി ഒരു വികസന ഓഫീസറെ നിയമിക്കുക എന്നതും പരിഗണനാർഹമാണ് ഒരു പദ്ധതി ഒരു ഗുണഭോക്താവ് ആരംഭിച്ചു കഴിഞ്ഞാൽ വികസന ഓഫീസർക്ക് പിന്നെ ഒന്നും ചെയ്യാനില്ല എന്ന അവസ്ഥമാറി വേണ്ട ഫ്ളോഅപ്പ് ആക്ഷനും വികസന ഓഫീസർ തയ്യാറാക്കിയിരിക്കണം. അതുപോലെ തന്നെ വിപണന രംഗങ്ങളിലും മാർഗ്ഗനിർദ്ദേശിയായി പ്രവർത്തിക്കേണ്ടചുമതല ബ്ലോക്ക് പഞ്ചായത്തും ജില്ലാ പഞ്ചായത്തും ഏറെടുക്കേണ്ടതാണ്.

കരകൗശല രംഗത്ത് പ്രാവീണ്യമുള്ളവരെ ക്ലാസ്സുകളെടുക്കുന്നതിനായി ഗ്രാമ പഞ്ചായത്തുകളിലേക്ക് നിയോഗിക്കേണ്ടതാണ്.

നടപ്പിലുള്ള പദ്ധതികളിലൊന്ന് പുതിയ വ്യവസായ എസ്റ്റേറ്റുകളം സ്ഥാപിക്കുക എന്നതാണ്. മിനി വ്യവസായ എസ്റ്റേറ്റുകളം ജില്ലാ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ ഓരോ ഗ്രാമപഞ്ചായത്തിനും സ്ഥാപിക്കേണ്ടതാണ്. ഈ എസ്റ്റേറ്റുകളം ആധുനിക സൗകര്യങ്ങളോടുകൂടിയതും വ്യവസായ വികസന ഓഫീസറുടെ നേരിട്ടുള്ള മേൽ നോട്ടത്തിലും നടത്തേണ്ടതാണ്. എസ്റ്റേറ്റിന്റെ വിവിധ ഭാഗങ്ങളം ഫയർ പർച്ചെയ്സ് വ്യവസ്ഥയിലും, വാടക വ്യവസ്ഥയിലും ഗുണഭോക്താക്കൾക്ക് നൽകേണ്ടതാണ്.

തൊഴിലുപകരണങ്ങളും മറ്റും വാങ്ങുവാൻ പണം നല്കാതെ ഉപകരണങ്ങളം വാങ്ങികൊടുക്കുകതന്നെ ചെയ്യേണ്ടതാണ്. ഇങ്ങനെ ഉപകരണങ്ങളം വാങ്ങുന്നതിനും, വിതരണം ചെയ്യുന്നതിലും ചില ദുഷ്പ്രവർത്തനങ്ങളം ഉണ്ടെന്നുള്ളത് ഒരു നഗ്നസത്യമാണ്. ഇതൊഴിവാക്കുന്നതിനുള്ള നടപടികളം അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

ജില്ലാപഞ്ചായത്ത് നടപ്പാക്കുന്ന പല സ്കീമുകളിലും ഗുണഭോക്താക്കൾ, വ്യവസായ വകുപ്പ് ഡെപ്യൂട്ടി ഡയക്ടറെ സമീപിയ്ക്കേണ്ടതായിവരുന്നു. ഈ ഡെപ്യൂട്ടി ഡയക്ടർ തിരുവനന്തപുരം ഓഫീസിൽ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ. ഓരോ മാസത്തിന്റെ നിശ്ചിത ദിവസങ്ങളിൽ വിവിധ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ 6 മണിക്കൂറെങ്കിലും വന്നിരിക്കേണ്ടതാണ്.

ഗുണഭോക്താക്കളുമായുള്ള സൗഹൃദസംരക്ഷണം ഈ ഓഫീസറെ ഗുണഭോക്താക്കളുടെ ഒരു സ്നേഹിതനായി മാറ്റും. ഇത്തരത്തിലുള്ള ഉന്നത ഉദ്യോഗസ്ഥന്മാർക്ക് സാധാരണ ജനങ്ങളോട് പ്രത്യേകിച്ച് ഗ്രാമീണരോട് എങ്ങനെ ഇടപെടണമെന്നുള്ള ട്രെയിനിംഗ് കാലാകാലങ്ങളിൽ നല്കേണ്ടതുമാണ്.

കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ കോർപ്പറേഷൻ, ഷെഡ്യൂൾഡ് ബാങ്ക്, ഇൻഡസ്ട്രിയൽ ഡെവലപ്മെൻറ് ബാങ്ക് ഓഫ് ഇൻഡ്യ തുടങ്ങിയവ ഗ്രാമീണ വ്യവസായങ്ങൾക്ക് കടം നല്കുന്നതിനുള്ള പ്രത്യേക രൂപരേഖ തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്. കടം വാങ്ങിച്ചാൽ തിരിച്ചുകൊടുക്കേണ്ടിവരില്ല എന്ന ചിന്ത സംരംഭകരിൽ നിന്നു തുടക്കത്തിലെ തുടച്ചു മാറ്റേണ്ടതാണ്. ഒരു ലക്ഷം രൂപ കടം വാങ്ങിയ ഒരു സംരംഭകൻ അതിന്റെ അഞ്ചിരട്ടിയും തിരിച്ചുകൊടുക്കേണ്ടിവരുന്ന അവസ്ഥയ്ക്ക് മാറ്റം വരുത്തിയേ പറ്റൂ.

കാലാകാലങ്ങളിൽ സംരംഭകരിൽ നിന്നും പിരിഞ്ഞുകിട്ടേണ്ടതുക പിരിച്ചെടുക്കുവാനുള്ള സംവിധാനം ഉണ്ടാക്കിയാൽ പലിശയും പലിശയുടെ പലിശയുമായി തുക വർദ്ധിക്കുന്നത് തടയുവാൻ കഴിയും. തവണകളടയ്ക്കുന്നതിനായി ദൂരസ്ഥലങ്ങളിൽ പോകാതെ തന്നെ ഈ പഞ്ചായത്തിനുള്ളിലുള്ള ബാങ്കുകളിൽ തുകയടയ്ക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തുതലത്തിൽ തന്നെ ഒരു വ്യവസായവികസന സമിതിക്ക് രൂപം നല്കേണ്ടതുണ്ട്. വ്യവസായവുമായി ഏതെങ്കിലും തരത്തിൽ ബന്ധമുള്ള ഒരു മെമ്പർ ചെയർമാനായും ഒരു റിസോഴ്സ് പേഴ്സൺ കൺവീനർ ആയും വ്യവസായവുമായി എന്തെങ്കിലും ബന്ധമുള്ള കുറേ ആളുകളും രാഷ്ട്രീയപരിഗണനയ്ക്ക് അതീതമായി അംഗങ്ങളായും ഉള്ള സമിതിയായിരിക്കണമിത്. മാസത്തിലൊരിയ്ക്കെലെങ്കിലും സമ്മേളിച്ച് വ്യവസായ വികസനത്തിന്റെ പുരോഗതി വിലയിരുത്തി മേവിപ്രവർത്തനങ്ങളും തടസ്സമെന്യേ നടക്കുന്നതെങ്ങനെയെന്ന തീരുമാനങ്ങളെടുക്കുകയും വേണം. ഈ സമിതി ആ രംഗത്ത് അഴിമതിക്കെതിരെ പോരാടുന്ന ഒരു സംഘടന കൂടിയായിരിയ്ക്കണം. ഇത്തരം സമിതികളും മറ്റു മേഖലകളിലുമുണ്ടാക്കാവുന്നതാണ്.

ഗ്രാമീണ വ്യവസായങ്ങളുടെ പരസ്യത്തിനായി കുറഞ്ഞ നിരക്ക് നടപ്പിൽ വരുത്തുന്നതിനു മാദ്ധ്യമങ്ങളുടെ മേൽ സർക്കാർ സമ്മർദ്ദം ചെലുത്തേണ്ടതാണ്. എന്നാൽ മാത്രമേ വൻകിടക്കാരുടെ കടന്നാക്രമണങ്ങളിൽ നിന്നും ഗ്രാമീണ വ്യവസായങ്ങൾക്ക് കടന്നുകയറാൻ പറ്റൂ.

പാരമ്പര്യ വ്യവസായങ്ങൾ ഇല്ലാത്തതുപോലെ തന്നെ ആധുനിക വ്യവസായങ്ങളും എത്തിനോക്കാത്ത ഒരു പഞ്ചായത്താണിത്. എന്നാൽ ചെറുതും, വലുതുമായ നിരവധി വ്യവസായങ്ങൾ തുടങ്ങുവാനുള്ള പല അസംസ്കൃത സാധനങ്ങളും ഈ പഞ്ചായത്തിൽ സുലഭവുമാണ്. അവയിൽ പലതും മറ്റു പഞ്ചായത്തുകളിൽ മാത്രമല്ലാ സംസ്ഥാനത്തിന്റെ അതിർത്തി പഞ്ചായത്തുകളിലും ഇവിടെനിന്നും തമിഴ്നാട്ടിലും മറ്റും കൊണ്ടുചെന്ന് വ്യവസായസ്ഥാപനങ്ങൾ തുടങ്ങുന്നത് നോക്കിനിന്ന് വീർപ്പടക്കുവാനേ നാളിതുവരെ നമ്മൾക്ക് കഴിഞ്ഞിട്ടുള്ളൂ.

ഉദാഹരണമായി 85% സ്ഥലത്ത് റബ്ബർ കൃഷിചെയ്യുന്ന മലനാടൻ പഞ്ചായത്തിൽ 35 പേർ ജോലിചെയ്യുന്ന ഒരു പ്ലൈവുഡ് ഫാക്ടറി ഉണ്ടെന്നല്ലാതെ വളരെ സുലഭമായി കിട്ടുന്ന ഈ അസംസ്കൃതവസ്തു ഉപയോഗിച്ച് ഇവിടെ തുടങ്ങാവുന്ന ഒരു വൻകിട പ്ലൈവുഡ് ഫാക്ടറിയുടെ സാദ്ധ്യത തള്ളിക്കളയാനാവുമോ? അതുപോലെതന്നെ കേവലം അഞ്ചുകൊല്ലം കൊണ്ട് മുറിച്ചു മാറ്റാവുന്ന അൽപ്പിസിയ തുടങ്ങിയ നിരവധി സോഫ്റ്റ് വുഡുകളും കാർഷികോല്പന്നമായി ലഭിക്കുന്ന ഇവിടെ ഒരു തീപ്പെട്ടി ഫാക്ടറി ആരംഭിക്കുവാൻ ബുദ്ധിമുട്ടുണ്ടെന്നുപറഞ്ഞ് തള്ളിക്കളയാവുന്ന കാര്യമാണോ? ആയിരക്കണക്കിനു ഏക്കർ തരിശുപാറകളുള്ള ഈ പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന മെറ്റൽ, പാറപ്പൊടി തുടങ്ങിയവ ആധുനിക വ്യവസായ രംഗത്ത് വിപ്ലവാത്മകമായ പുരോഗതി കൈവരിക്കുവാനുള്ള അമൂല്യ

നിധിശേഖരങ്ങളാണെന്നതിൽ ആർക്കാണ് അഭി പ്രായൈക്യം തോന്നാത്തത്. 100-ൽ അധികം മോട്ടോർ വാഹനങ്ങളും അമ്പൂരിയിലുണ്ടെന്നുള്ള തുകൂടാതെ അത്രത്തോളമോ, അതിലധികമോ വാഹനങ്ങളും മറ്റു സ്ഥലങ്ങളിൽനിന്നും വന്നു പോവുകയും ചെയ്യുന്ന ഈ പഞ്ചായത്തിൽ ആധുനികരീതിയിലുള്ള ഒരു ആട്ടോമൊബൈൽ വർക്കുഷോപ്പും ഒരു സർവ്വീസ് സ്റ്റേഷനും അത്യന്താപേക്ഷിതമല്ലെന്ന് കരുതുവാനാകുമോ?

കുരുമുളക്, മാങ്ങ, ഇഞ്ചി, നെല്ലിയ്ക്ക തുടങ്ങിയവയുടെ ലഭ്യത കണക്കിലെടുക്കുമ്പോൾ കൂടിൽ വ്യവസായമായി ഇവിടെ തുടങ്ങാവുന്ന നല്ലൊരു വ്യവസായമാണ് അച്ചാറിന്റെ നിർമ്മിതി. സസ്യശ്യാമളമായ ഈ സഹ്യപർവ്വത പാർശ്വപ്രദേശത്ത് തേനീച്ച വളർത്തൽ ഒരു വൻ കുടിൽ വ്യവസായമായി വളർത്തിയെടുക്കുവാൻ യാതൊരു ബുദ്ധിമുട്ടുമുണ്ടാവുകയില്ല തന്നെ.

തയ്യൽ പരിശീലനം പൂർത്തിയാക്കിയ 150-ൽ പരം യുവതി-യുവാക്കളും ITI ട്രെയിനിംഗ് കഴിഞ്ഞ 100-ൽപ്പരം ചെറുപ്പക്കാരും തൊഴിൽ രഹിതരായി അലയുന്ന ഈ പഞ്ചായത്തിൽ പല തരം വ്യവസായ യൂണിറ്റുകൾ തുടങ്ങുവാനുള്ള സാങ്കേതിക പരിജ്ഞാനികരം ലഭ്യമാണെന്നുള്ളതും പ്രത്യേകം പ്രസ്താവ്യമത്രേ.

പ്രശ്നങ്ങൾ

1. തൊഴിൽ സാദ്ധ്യത വളരെയുണ്ടെങ്കിലും തൊഴിൽ അവസരങ്ങൾ വിരളമാണ്.
2. വ്യവസായങ്ങൾ സ്ഥാപിക്കുവാനുള്ള സ്ഥലസൗകര്യവും സാങ്കേതിക വിജ്ഞാനികളുമുണ്ടെങ്കിലും വ്യവസായ സംരംഭകർ മുന്നോട്ട് വരുന്നില്ല.
3. ഇലക്ട്രിഫൈഡ് പഞ്ചായത്താണെങ്കിലും വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്നു.
4. വ്യവസായ മോഹികൾപോലും നേരിടുന്ന വ്യാവസായിക അജ്ഞത ഒരു മൂലകാരണമാണ്.
5. റബ്ബർ ധാരാളമായി ഉല്പാദിപ്പിക്കുന്ന ഒരു പഞ്ചായത്താണെങ്കിലും റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾ യാതൊന്നുമില്ല.
6. 6%ത്തോളം പട്ടികവർഗക്കാരും, 6%ത്തിൽ അധികം പട്ടികജാതിക്കാരും നിവസിക്കുന്ന ഒരു മലയോര പഞ്ചായത്താണെങ്കിലും 100% സാക്ഷരരും, ധാരാളം സാങ്കേതിക വിജ്ഞാനികളുണ്ടെങ്കിലും സർക്കാരിന്റെയോ, പഞ്ചായത്തിന്റെയോ മുതൽ മുടക്കിൽ ഇവിടെ യാതൊരുവിധ വ്യവസായ സ്ഥാപനങ്ങളും തുടങ്ങിയിട്ടില്ല.
7. ഇവിടുത്തെ കർഷകരുടെ രണ്ടാമത്തെ പ്രധാനവിളയായ നാളികേരം ഒരു വ്യവസായ പ്രക്രിയയ്ക്കും ഇവിടെ ഉപയോഗിക്കുന്നില്ല. ഓല മുതൽ പിണ്ണാക്കു വരെ വ്യാവസായികമായി ഉപയോഗിക്കാവുന്നതാണ്.

പരിഹാര മാർഗ്ഗങ്ങൾ

1. ഇലക്ട്രിസിറ്റിക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ ട്രാൻസ്ഫോർമറുകളും സബ് സ്റ്റേഷനും സ്ഥാപിക്കണം.
2. ട്രാൻസ്പോർട്ടിംഗ് സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.
3. ആകർഷണീയമായ സബ്സിഡിയും, കുറഞ്ഞ പലിശനിരക്കിൽ മൂലധനവും ലഭ്യമാക്കുക.
4. തൊഴിൽ പരിശീലന ക്ലാസ്സുകൾ പഞ്ചായത്തുതലത്തിൽ നടപ്പിലാക്കുക.
5. വിപണന മാർഗ്ഗങ്ങൾ സർക്കാർ തലത്തിൽ വിപുലമാക്കുക.
6. വനത്തിൽനിന്നും ലഭിക്കുന്ന അത്യപൂർവ്വമായ ഔഷധച്ചെടികൾ കൃഷിചെയ്യുന്നതിനും സംഭരിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ആവശ്യമായ അനുവാദവും പരിശീലനങ്ങളും ആദിവാസിക്കുടുംബങ്ങൾക്ക് നൽകുക.
7. വ്യവസായം തുടങ്ങുന്നതിനുള്ള അനുമതി തേടി തലസ്ഥാന നഗരിയിലുള്ള വിവിധ ഡിപ്പാർട്ടുമെൻറുകളുടെ പടിവാതിലുകൾ കയറിയിറങ്ങാതെ സിംഗിൾവിൻഡോ സിസ്റ്റം പഞ്ചായത്തിൽ സ്ഥാപിക്കുക.

8. സാങ്കേതിക പരിജ്ഞാനികളായ തൊഴിൽ രഹിതർക്ക് സ്വയം തൊഴിൽകണ്ടെത്തുന്നതി നാവശ്യമായ ലോൺവ്യവസ്ഥകളിൽ ഇന്ന് അനുഭവപ്പെടുന്ന സങ്കീർണതകളും ഇല്ലാതാ ക്കുന്നതിനുള്ള നിയമഭേദഗതികളും വരു ത്തുക.

9. റബ്ബർ അധിഷ്ഠിത വ്യവസായങ്ങളും ആരംഭി ക്കുന്നതിന് റബ്ബർ ബോർഡിന്റെ സഹക രണം, പരിശീലനം, മുതൽമുടക്കൽ, വിപ ണനം എന്നീ രംഗങ്ങളിൽ നേടിയെടുത്ത് റബ്ബർ വ്യവസായ യൂണിറ്റുകളും ആരംഭി ക്കുക.

10. കേരഫെഡ് എന്ന സംഘടന ഇവിടെ ഒരു വ്യവസായശാല തുടങ്ങുന്നതിന് വേണ്ട നടപടികളും സ്വീകരിക്കുക. കൂടാതെ സ്വ കാര്യ വ്യക്തികളും ഇതിനായി മുന്നോട്ടു വരുന്നെങ്കിൽ വേണ്ട പ്രോത്സാഹനം നല്കുക.

11. ഈ പഞ്ചായത്തിലെ പ്രധാന അസംസ്കൃത വസ്തുവായ റബ്ബർതടി ഉല്പാദനത്തിലുള്ള വിവിധയിനം തടികളും അറുത്ത് സംസ്ക രിക്കുന്നതിന് ഇന്ന് ഫോറസ്റ്റ് ഡിപ്പാർ ട്ടുമെന്റ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നിയമവിലക്ക് പിൻവലിക്കുക.

12. പതിനായിരക്കണക്കിന് ടൺ റബ്ബർതടികളും കൊണ്ടുപോകുന്നതിനും, അസംസ്കൃത വസ്തുക്കളും എത്തിക്കുന്നതിനും മറ്റു മായി ആറു കിലോമീറ്ററിലധികമുള്ള റോഡുകളും നന്നാക്കി ടാറിടുക.

സാധ്യതകൾ

1. ഗ്രാമം വ്യാവസായികമായി വളരുന്നു.

2. പുറത്തുനിന്നും പണം പഞ്ചായത്തിലെ ത്തുന്നു.

3. ധാരാളം പേർക്ക് ആഗ്രഹിക്കുന്ന തൊഴിൽ ലഭിക്കുന്നു.

4. കാർഷികോല്പന്നങ്ങൾക്ക് നല്ല വില ലഭി ക്കുന്നു.

5. പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്നു.

6. ധാരാളമായി ലഭ്യമായ റബ്ബർ എന്ന അസം സ്കൃതവസ്തു വ്യവസായ ഉല്പന്നങ്ങ ളായി മാറുന്നതുകൊണ്ട് കൂടുതൽ പേർക്ക് തൊഴിൽ ലഭിക്കുന്നു. പഞ്ചായത്തിനു പുറ ത്തുനിന്നും പണം വരുന്നു. കൂടാതെ റബ്ബർ കർഷകന് ന്യായമായ വിലയും ലഭി ക്കുന്നു.

7. തെങ്ങുകർഷകർക്ക് പ്രോത്സാഹനം എന്ന തിനുപുറമേ ധാരാളം പേർക്ക് തൊഴിൽ സാദ്ധ്യതയും കർഷകന് നാളികേരത്തിനും മറ്റ് ഉല്പന്നങ്ങൾക്കും ന്യായമായ വില ലഭിക്കുന്നു.

അനുബന്ധം I

വ്യവസായ യൂണിറ്റുകളെ സംബന്ധിച്ച വിവരങ്ങൾ

വിഭാഗം	തൊഴിലാളികളുടെ എണ്ണം പുരുഷൻ	സ്ത്രീ	മൊത്തം യൂണിറ്റുകളും	മൊത്തം തൊഴിലാളികളും
ആട്ടോമൊബൈൽ വർക്ക്ഷോപ്പ്	6	—	2	6
കയ്യൽ പരിശീലന കേന്ദ്രം — അമ്പൂരി	—	20	1	20
തടിമില്ല്	6	—	1	6
പ്രിൻറിംഗ് പ്രസ്	—	3	1	3
പ്ലൈവുഡ് ഫാക്ടറി	3	22	1	25
ഓയിൽ മില്ല്	3	—	1	3
ഫ്ളവ്വർമില്ല്	10	—	6	10
ഫർണിച്ചർ മാർട്ട്	6	1	2	7
പ്ലാസ്റ്റിക് & ചൂരൽ പരിശീലന കേന്ദ്രം	15	5	1	20
നൂൽനൂല്പ് പരിശീലന കേന്ദ്രം	—	8	1	8
നെയ്ത്തു സഹകരണ സംഘം	—	15	1	15
റീഡൻ റാട്ടേഴ്സ് ഇൻഡസ്ട്രിയൽസ്	30	50	1	80
സോഡാ ഫാക്ടറി	2	3	1	5
ബുക്ക് ബയൻറിംഗ് സെൻറർ	—	10	1	10
ക്രഷർ യൂണിറ്റ് (പാറ)	40	20	3	60
ആകെ	137	137+22	20+2+22	252+6+22

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

1940_കളിൽ ഈ പഞ്ചായത്തിൽ ജനവാസം ആരംഭിക്കുമ്പോഴും ആകെ ഉണ്ടായിരുന്നത് ഒരേ ഒരു റോഡു മാത്രം. നെടുമങ്ങാട് ഷൊറളൂകോട് എന്നറിയപ്പെടുന്ന ഈ റോഡിന്റെ രണ്ട് കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിന്റെ പടിഞ്ഞാറേ അതിർത്തിവഴിയാണ് കടന്നു പോകുന്നത്. അങ്ങനെ 56 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണം വരുന്ന ഈ പഞ്ചായത്തിന് വെറും 2 കിലോമീറ്റർ റോഡു മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്നാൽ പ്രയത്ന ശീലരായ കുടിയേറ്റക്കാർ കൈയ്യും കെട്ടിയിരുന്നില്ല. എന്നാൽ ശ്രമദാനം മാത്രം കൈമുതലാക്കി അവർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റോഡുകൾ വെട്ടി തുറന്നു. ഈ റോഡുകൾക്കെല്ലാം ആവശ്യമായ സ്ഥലം കർഷകർ ദാനമായി നൽകി. ശ്രമദാനത്തിലൂടെയുള്ള വികസനത്തിന്റെ ഒരു ഉത്തമ ഉദാഹരണമായിരുന്നു ഇത്. ഇന്ന് ഈ പഞ്ചായത്തിലൂടെ തലങ്ങും വിലങ്ങും കാണുന്ന റോഡുകളുടെ ഒരു സമ്പൂർണ്ണ വിവരണം താഴെകൊടുക്കുന്നു.

റോഡുകളുടെ തരം	നീളം--കിലോമീറ്ററിൽ
കച്ചാറോഡുകൾ	79
പക്കാറോഡുകൾ	11
മെറ്റൽ റോഡുകൾ	2

ഇത്രയധികം റോഡുകൾ ഉണ്ടെങ്കിലും ഇവയിലധികവും മനുഷ്യർക്ക് സമാധാനത്തോടെ നടന്ന് പോകാൻ പോലും പറ്റാത്തതാണ്. 79 കിലോമീറ്ററോളം റോഡുകൾ കച്ചാറോഡുകളാണെന്ന് മേൽ സൂചിപ്പിച്ചുവല്ലോ? റോഡുകളുടെ ഈ ശോചനീയാവസ്ഥയ്ക്ക് കാരണങ്ങൾ പലതാണ്.

1. കുത്തനെയുള്ള മലഞ്ചരിവുകളിലൂടെയാണ് ഈ റോഡുകൾ കടന്നു പോകുന്നത് ഓടകളില്ലാത്ത ഈ കച്ചാറോഡുകൾ മഴവെള്ളപാച്ചിലിൽ തകർന്ന് തരിപ്പണം ആകും. റോഡുകളുടെ നടുവിൽ ഓടകൾ രൂപംകൊള്ളുകയും അങ്ങിങ്ങായി ഗർത്തങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു.

2. ഈ റോഡുകളെല്ലാം വേണ്ടവണ്ണം നന്നാക്കാൻ ഫണ്ട് ലഭ്യമല്ല

3. ഒരു കാലത്ത് ശ്രമദാനത്തിനിറങ്ങിയിരുന്ന തലമുറ ഇന്നില്ല. പലരുടെയും ചിന്ത ഇത്രയധികം ശ്രമദാനം നൽകിയിട്ടും ബന്ധപ്പെട്ടവർ ഈ റോഡുകൾ തിരിഞ്ഞു നോക്കിയില്ല എന്നതാണ്.

യഥാർത്ഥ വികസനം എന്നത് റോഡുകളുടെ നിർമ്മാണം അല്ലെങ്കിലും വികസനത്തിന് അത്യന്താപേക്ഷിതമായ ഘടകങ്ങളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതാണ് റോഡുകൾ. നല്ല റോഡുകളില്ലാതെ എന്ത് വികസനമാണ് സാധ്യമാക്കുക?

വ്യവസായികമേഖലയിൽ ഈ പഞ്ചായത്ത് ഏറ്റവും പിന്നിലാണ്. കാർഷിക ഉല്പാദനക്ഷമതയിലും അപ്രകാരം തന്നെ. യഥാർത്ഥത്തിൽ മനുഷ്യവാസയോഗ്യമല്ലാത്ത അനേകം വീടുകൾ ഈ പഞ്ചായത്തിലുള്ളതിന് പ്രധാനകാരണം റോഡുകൾ തന്നെ വിവിധതരം വ്യവസായങ്ങളുള്ള അസംസ്കൃത വസ്തുക്കളായ അൽപിസായ, റബ്ബർതടികൾ, റബ്ബർ ഉത്പന്നങ്ങൾ, കരിമ്പാറകൾ തുടങ്ങിയവ ഈ പഞ്ചായത്തിൽ സുലഭമാണ്. എന്നാൽ ഈ വ്യവസായങ്ങൾ ഒന്നും തന്നെ നിലവിലില്ല. ഇതിനു കാരണം പ്രധാനമായും റോഡുകളുടെ അഭാവം തന്നെയാണ്.

അസംസ്കൃത വസ്തുക്കൾ ചുമന്ന് തലച്ചുമടായി വ്യവസായശാലകളിൽ എത്തിക്കാൻ കഴിയുന്നതല്ല. അതുപോലെ തന്നെ വ്യവസായശാലകളിൽ ഉല്പാദിപ്പിക്കപ്പെട്ട വസ്തുക്കൾ തലച്ചുമടായി കൊണ്ടുപോകാൻ പറ്റുകയില്ലല്ലോ?

കാർഷികമേഖലയെടുത്താൽ സ്ഥിതി ഇതിലും ഭേദമാണ്. ഒരു ചാക്ക് വളം കൃഷിസ്ഥലത്ത് എത്തിക്കുന്നതിന് കൂലി ശരാശരി 25 രൂപയാണ്. ഒരുകുട്ട ചാണകം കൃഷിസ്ഥലത്ത് എത്തിക്കുന്നതിന് ചുമട്ട് കൂലി 3 രൂപ മുതൽ 5 രൂപ വരെയാണ്. കാർഷിക വിളകൾ വണ്ടി പോകുന്ന വഴിയിലെത്തിക്കാൻ ചെലവ് മേൽപ്പറഞ്ഞ പ്രകാരമാണ്. അരയേക്കർ റബ്ബർതോട്ടത്തിൽ മുറിച്ച് മാറ്റുന്ന തടികൾക്ക് റോഡുള്ള പ്രദേശത്ത് കിട്ടുന്നതിന്റെ ½വില മാത്രമാണ് റോഡില്ലാത്ത സ്ഥലത്തുകിട്ടുന്നത്. ഇതിൽ നിന്നും കർഷകനുണ്ടാകുന്ന നഷ്ടം ഊഹിക്കാവുന്നതാണ്.

വീടുപണിയാണ് നാട്ടുകാരെ അലട്ടുന്ന മറ്റൊരു പ്രശ്നം. ഇഷ്ടിക, സിമന്റ്, ഓട് തുടങ്ങിയവ ചുമന്ന് എത്തിക്കുന്നതിൽ ഭീമമായ ചെലവ് മാത്രമല്ല വസ്തുക്കളുടെ നഷ്ടവും നാട്ടുകാരെ ബാധിക്കുന്നു. ഇലക്ട്രിക്ക് ലൈയിൻ വലിക്കൽ പൈപ്പ് ലൈയിൻ ഇടൽ തുടങ്ങിയവയും അസാദ്ധ്യമാണ്.

തക്കസമയത്ത് തന്നെ രോഗം മൂർച്ഛിച്ചവരെ ആശുപത്രിയിൽ കൊണ്ടുപോകണമെങ്കിൽ ചുമന്ന് കൊണ്ട് പോകുകയേ പറ്റൂ.

വികസനം എന്നത് ദ്രുതഗതിയിലും നീതിപൂർവ്വവും ആകണമെങ്കിൽ നല്ല റോഡുകൾ ഉണ്ടായേപറ്റൂ. അതുകൊണ്ട് ഈ പഞ്ചായത്തിലുള്ള പതിനൊന്നു കിലോമീറ്റർ പക്കാറോഡുകൾ അടുത്ത പദ്ധതിയുടെ ആദ്യ വർഷംതന്നെ കട്ടിത്ത പ്രതലമുള്ളതാക്കി മാറ്റണം. ഇത് കോൺക്രീറ്റ് ചെയ്യുകയോ ടാർ ചെയ്യുകയോ ആകാം. തുടർന്നുള്ള വർഷങ്ങളിൽ 79 കിലോമീറ്റർ വരുന്ന കച്ചാറോഡുകൾ എല്ലാം തന്നെ ടാർ റോഡുകളാക്കി മാറ്റണം. രണ്ടു കിലോമീറ്റർ വരുന്ന മെറ്റൽ റോഡ് ഈ വർഷം തന്നെ ടാർ ചെയ്യുമെന്ന് പ്രതീക്ഷിക്കാം.

പുതിയ റോഡുകൾ വെട്ടുന്നതിന് ഗ്രാമസഭകളിൽ വന്ന നിർദ്ദേശങ്ങൾ കണക്കിലെടുത്ത് ഭാഗമായി ഭൂമി ലഭിച്ച് ശ്രമദാനത്തോടെ റോഡുകൾ വെട്ടാമെന്ന് കരുതുന്നു.

താഴെപ്പറയുന്ന സ്ഥലങ്ങളിൽ പാലങ്ങളുടെ പണി ഗതാഗതത്തെ കാര്യമായി സഹായിക്കും.

1. പന്തപ്പാമൂട്
2. കുമ്പിച്ചൽ
3. കരിമൺകുളം
4. പുരവിമല
5. തെക്കെപന്ത (ഇവിടെയിപ്പോൾ നടപാലം ഉണ്ട്. ഇത് വലിയപാലമാക്കി മാറ്റണം.)

ഈ പഞ്ചായത്തിലെ ഏറ്റവും പിന്നോക്കം നില്ക്കുന്ന പ്രദേശമാണ് തൊടുമല വാർഡ്. വനത്തിന്റെയും, വെള്ളത്തിന്റെയും ഇടയിൽ കിടക്കുന്ന ഈ പ്രദേശത്ത് പെന്നെത്തുകയെന്നത് ദുർഘടമാണ്. വികസനം കാര്യമായി എത്താത്ത ഈ പ്രദേശത്തേക്കുള്ള ഗതാഗത സൗകര്യം വർദ്ധിക്കുകയെന്നത് ഒരാവശ്യം തന്നെയാണ്. കടവുകൾ കടന്നുവേണം ഇവിടെ വന്നെത്താൻ. വാടകയ്ക്കെടുത്ത കടത്തുവള്ളമാണ് ഇവിടുത്തെ നാലുകടത്തുകളിലൊന്നായ പന്തപ്പാമൂട്ടിൽ ഉപയോഗിയ്ക്കുന്നത്.

ഈ പഞ്ചായത്തിലുള്ള 27 കിലോമീറ്റർ ടാർ റോഡുകളുള്ളതിൽ 20 കിലോമീറ്റർ ടാർ റോഡിൽ കൂടി മാത്രമേ ബസ്സ് സർവ്വീസുള്ളൂ. അതും പലപ്രദേശങ്ങളിലേയ്ക്കും വല്ലപ്പോഴും ഒരിക്കൽ മാത്രം ക്യാൻസൽ ചെയ്യപ്പെടുന്ന ഷെഡ്യൂളുകളിലധികവും ഈ പഞ്ചായത്തിലെ പ്രദേശത്തേക്കുള്ളതാണ് നിലവിലുണ്ടായിരുന്ന പല ഷെഡ്യൂളുകളും റദ്ദുചെയ്യപ്പെട്ടു. അതുകൊണ്ട് ജനങ്ങളുടെ ആശ്രയം ആളുകളെ കുത്തിനിറച്ചുകൊണ്ടു പോകുന്ന തുറന്ന ജീപ്പുകളിലാണ്. ഇതിനുകാരണം ട്രാൻസ്പോർട്ട് ബസുകളുടെ അഭാവമാണ് ഇതുമൂലം ഈ പ്രദേശത്തുനിന്നും കെ. എസ്. ആർ. ടി. സിയ്ക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ കൂടുതൽ ബസ് സർവ്വീസുകളും, നിലവിലുണ്ടായിരുന്നതും ഇപ്പോൾ ഇല്ലാത്തതുമായ ബസ് സർവ്വീസ് പുനരാരംഭിച്ചു യാത്രാക്ലേശം പരിഹരിക്കേണ്ടതാണ്.

റെയിൽവേ ലെയിൻ, നാഷണൽ ഹൈവേ. സ്റ്റേറ്റ് ഹൈവേ എന്നിവയുമായി ബന്ധിക്കുന്ന റോഡുകളും ശോചനീയമാണ്. ഈ പ്രദേശത്തെ റോഡുകളുടെ ശോചനീയാവസ്ഥ നെയ്യാർഡാം ടൂറിസ്റ്റ് മേഖലയെ കാര്യമായി ബാധിക്കുന്നു.

പ്രശ്നങ്ങൾ

1. റോഡുകളിലധികവും കച്ചാറോഡുകളാണ്. കാൽനടക്കാർക്കുപോലും സഞ്ചരിക്കാൻ ബുദ്ധിമുട്ടാണ്.
2. പക്കാറോഡുകളുടെ സ്ഥിതിയും പരമദയനീയമാണ്. മഴയത്ത് ചെളിയും, വെയിലത്ത് പൊടിയും ശല്യമായി തീരുന്നു.
3. മെറ്റൽ റോഡുകൾ ആകെ രണ്ട് കിലോമീറ്ററേയുള്ളൂ.
4. ടാറിട്ട റോഡുകൾ വളരെ കുറവാണ്. ഉള്ളവയുടെ ഓടകൾ അടഞ്ഞുകിടക്കുന്നു.
5. ടാറിട്ട റോഡുകളിൽ പലതും കുണ്ടും, കുഴിയും ആയിട്ടുണ്ട്.
6. ലോറിസഞ്ചാരം കച്ചാ, പക്കാ റോഡുകളിലൂടെ അസാധ്യമായതുകൊണ്ട് വ്യവസായ സ്ഥാപനങ്ങൾ ഉണ്ടാകുന്നില്ല. ഇതേ കാരണംകൊണ്ട് അസംസ്കൃത കാർഷിക ഉല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നതും വളം കൃഷിയിടങ്ങളിൽ എത്തിക്കുന്നതും ചുമട്ടുകൂലി കൊടുത്തുകൊണ്ടാണ്.
7. നല്ല പാർപ്പിടങ്ങൾ ഈ പഞ്ചായത്തിൽ കുറവാണ്. അതിന് പ്രധാനമായ ഒരു കാരണം കെട്ടിട നിർമ്മാണവസ്തുക്കൾ കെട്ടിടം നിർമ്മിക്കേണ്ട സ്ഥലത്ത് എത്തിക്കുക എന്നത് ഗതാഗത അസൗകര്യങ്ങൾ ഉള്ളതുകൊണ്ടാണ്. എത്തിച്ചാൽ തന്നെ ചുമട്ട് കൂലി നൽകേണ്ടതായി വരുന്നു.
8. ടൂറിസം മേഖലയായ ഈ പ്രദേശത്ത് റോഡുകളുടെ ശോചനീയമായ അവസ്ഥയിൽ ടൂറിസ്റ്റുകളെ ആകർഷിക്കുന്നില്ല.
9. രോഗികളെ ആശുപത്രിയിലെത്തിക്കുന്നതിന് കട്ടിലും, കസേരയിലുമായി ചുമക്കേണ്ടിവരുന്നു.
10. കൊച്ചു കുട്ടികൾക്ക് സ്കൂളിലേയ്ക്ക് മഴക്കാലത്ത് നടന്ന് പോകാൻ ബുദ്ധിമുട്ടാണ്.
11. ബസ് സർവീസ് കുറവാണ് അതുകൊണ്ട് യാത്രാക്ലേശം ഉണ്ടാക്കുന്നു.
12. പ്രധാന സ്റ്റോപ്പുകളിലൊന്നിലും വെയിറ്റിംഗ് ഷെഡില്ല.

പരിഹാര മാർഗ്ഗങ്ങൾ

1. കുത്തനെ ചരിവുള്ളതും മഴകൂടുതലുള്ളതുമായ പ്രദേശം ആയതിനാൽ റോഡുകളെ എല്ലാംതന്നെ ടാർ ചെയ്യുകയോ, കോൺക്രീറ്റ് ചെയ്യുകയോ ചെയ്യണം
2. എല്ലാം ഓടകളും സൈഡ്വാൽ കെട്ടി വെള്ളമൊഴിക്ക് സുഗമമാക്കണം.
3. കെ.എസ്.ആർ ററി.സി. കൂടുതൽ സർവ്വീസുകൾ ആരംഭിക്കണം.
4. അമ്പൂരി, കുടപ്പനമൂട് എന്നീ പ്രധാന ബസ് സ്റ്റോപ്പുകളിൽ വെയിറ്റിംഗ് ഷെഡുകൾ പണിയിക്കണം.

സാധ്യതകൾ

1. വ്യവസായങ്ങൾ നിലവിൽവരുന്നു.
2. കാർഷികോല്പന്നങ്ങൾ മാർക്കറ്റിൽ എത്തിക്കുന്നത് സുഗമമാകുന്നു.
3. വളം കൃഷിഭൂമിയിലെത്തിക്കുന്നതിനുള്ള ചെലവ് കുറയും.
4. രോഗികൾക്കും, കുട്ടികൾക്കും സഞ്ചാരം എളുപ്പമാകുന്നു.
5. യാത്രക്ലേശം കുറയുന്നു.
6. ടൂറിസ്റ്റുകൾ കൂടുതലായി എത്തുന്നു.
7. ജീപ്പ് വാടകയ്ക്ക് പിടിക്കാതെ ബസിൽ യാത്ര ചെയ്യുന്നതുകൊണ്ട് ജനങ്ങൾക്ക് യാത്ര ചെലവ് കുറയുന്നു

ഊർജ്ജം

ഈ പഞ്ചായത്തിനാവശ്യമായ വൈദ്യുതി വിതരണം ചെയ്യുന്നത് നെയ്യാറിൻകര മുനിസിപ്പാലിറ്റിയിൽ സ്ഥിതി ചെയ്യുന്ന 110/66 KV സബ്സ്റ്റേഷനിൽ നിന്നാണ്. ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 8 ട്രാൻസ്ഫോർമറുകളിൽ എല്ലാം തന്നെ അവയിൽ നിക്ഷിപ്തമായിരിക്കുന്ന ശേഷിയേക്കാൾ അധികഭാരം വഹിക്കുന്നവയാണ്. മാത്രമല്ല, അവയിൽ നിന്നുള്ള വൈദ്യുത ശൃംഖല യാതൊരു തത്വവുമില്ലാതെ ബന്ധിപ്പിക്കപ്പെട്ടവയാണ്. തന്മൂലം വോൾട്ടേജ് ക്ഷാമം അതിരൂക്ഷമായി ഈ പ്രദേശത്ത് അനുഭവപ്പെടുന്നു. ഈ പഞ്ചായത്തിൽ ആകെയുള്ള 5435 വീടുകളിൽ 2205 വീടുകൾക്ക് മാത്രമാണ് നാളിതുവരെ വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. കൂടാതെ 61 വ്യാപാരസ്ഥാപനങ്ങൾക്കും, 9 വ്യാവസായിക സ്ഥാപനങ്ങൾക്കും, 38 കാർഷികാവശ്യങ്ങൾക്കും വൈദ്യുതി കണക്ഷൻ നിലവിലുണ്ട്. ഇതിനുപുറമേ 371 തെരുവ് വിളക്കുകൾക്കും കണക്ഷൻ നൽകിയിട്ടുണ്ട്. ഈ പഞ്ചായത്തിനുകീഴിൽ ഒരു തടിമില്ലും 3 വെൽഡിംഗ് വർക്ക്ഷോപ്പുകളും, 4നെല്ല് കുത്തുന്നതും ധാന്യങ്ങൾ പൊടിക്കുന്നതുമായ സ്ഥാപനങ്ങളും ഇതിനെല്ലാം പുറമേ ജർമ്മൻ ചാന്സ്ലർ മിഷ്യൻ ഉപയോഗിച്ച് പ്ലൈവുഡ് നിർമ്മിക്കുന്ന ഒരു ചെറിയ ഫാക്ടറിയുമുണ്ട്. ഈ പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള 8 ട്രാൻസ്ഫോർമറുകളുടെ ആകെ ശേഷി 652KVA ആണ്. പകൽ സമയത്ത് ഈ പ്രദേശത്തെ വോൾട്ടേജ് വെറും 170 ആണ് (77%) പീക്ലോഡ് സമയത്ത് ചില ഭാഗങ്ങളിൽ 10 വോൾട്ടേജുമാണ്. വോൾട്ടേജ് കുറവിനെപ്പററി അന്വേഷിച്ചപ്പോൾ നെയ്യാറിൻകര സബ്സ്റ്റേഷനിൽ തന്നെ ലഭിക്കുന്ന വോൾട്ടേജ് യഥാർത്ഥത്തിൽ ലഭിക്കേണ്ട വോൾട്ടേജിന്റെ 90%മാത്രമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞു. കൂടാതെ, ഓരോ ട്രാൻസ്ഫോർമറുകളിൽ നിന്നും ഘടിപ്പിച്ചിട്ടുള്ള വൈദ്യുതി ലൈനുകൾ തുല്യഭാഗം വഹിക്കുന്ന രീതിയിലാക്കിയാൽ ഒരു ചെറിയ പരിധിവരെ വോൾട്ടേജ് കുറവ് പരിഹരിക്കാൻ സാധിക്കും. ഓരോ ലൈനിന്റെയും ദൈർഘ്യവും അതായത് ട്രാൻസ്ഫോർമറുകളിൽ നിന്നും നിയമാനുസൃതമാക്കിയാൽ (അംഗീകരിച്ച ദൈർഘ്യം) വീണ്ടും ഒരു പരിധി വരെ വോൾട്ടേജ് കുറവ് മെച്ചപ്പെടുത്തുവാൻ സാധിക്കും. ഇന്ന് ഈ പഞ്ചായത്തിലെ പൂച്ചമൂക്ക് ട്രാൻസ്ഫോർമറിൽ നിന്ന് മൂന്നര നാലു കിലോമീറ്റർ ദൂരംവരെ ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്, തൽഫലമായി പ്രസ്തുത ലൈനിലുണ്ടാകുന്ന വോൾട്ടേജ് നഷ്ടവും, വോൾട്ടേജ് കുറവിന് ഒരു കാരണമാണ്. ഇതിനുപുറമേ, നിബിഡമായ വൃക്ഷലതാദികളുള്ള ഈ പഞ്ചായത്തിൽ വൈദ്യുതി ലൈനുകളിൽ മരച്ചില്ലകളും, പടർപ്പുകളും വളർന്ന് കിടക്കുന്നത് യഥാസമയം മുറിച്ച് നീക്കം ചെയ്യുകയാണെങ്കിൽ വീണ്ടും ഒരു പരിധി വരെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാവുന്നതാണ്. കൂട്ടാല, മായം എന്നീ വാർഡുകളിൽ ഒരു ട്രാൻസ്ഫോർമർ സ്ഥാപിച്ചാൽ മാത്രമേ ഇന്ന് പീക് ലോഡ് സമയത്ത് 10 വോൾട്ട് ഉള്ള കോക്കോട്ടുപാറ, നെടുമ്പുല്ലി, ഷെഡുനട പുട്ടകല്ല്, ഞവരയ്ക്കാട് എന്നീ സ്ഥലങ്ങളിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാനാവൂ. അല്ലാതെവേറെ യാതൊരു മാർഗ്ഗവുംകാണുന്നില്ല.

ഈ പഞ്ചായത്തിൽ 1974 കാലഘട്ടത്തിലാണ് വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടുള്ളത്. അന്ന് സ്ഥാപിച്ചിട്ടുള്ള ഭൂരിഭാഗം ലൈനുകളാണ് നിലവിലുള്ളത് അവയുടെ അറകുറപ്പണികൾ ശരിയാം വണ്ണം നടത്തുകയാണെങ്കിൽ അതായത്:

1. ഗാർഹിക ആവശ്യങ്ങൾക്കും മറ്റും നൽകുന്ന കണക്ഷനുകൾ ലൈനുമായി ഭദ്രമായി ബന്ധിപ്പിക്കുക.
2. ലൈനുകൾ തമ്മിൽ യോജിപ്പിക്കുന്ന (ജംബർ) കണക്ഷൻ ഭദ്രമായി നൽകുക.
3. വണ്ണം കുറഞ്ഞ കമ്പികൾ മാററി വണ്ണംകൂടിയ കമ്പികൾ ആവശ്യാനുസരണം ആക്കുക.

4. സ്റ്റാൻഡേർഡ് ദൂരത്തിനപ്പുറം പോകുന്ന ഭാഗത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക മുതലായവ നടപ്പിലാക്കുകയാണെങ്കിൽ ഇപ്പോഴും അനുഭവപ്പെടുന്ന വോൾട്ടേജ് ക്ഷാമത്തെ നല്ല പരിധിവരെ കുറവ് ചെയ്യാൻ സാധിക്കും.

കേരളത്തിലെ എല്ലാപഞ്ചായത്തുകളിലും വൈദ്യുതി എത്തി എന്നത് അഭിമാനകരമാണ്. എല്ലാഭാഗത്തും എത്തിയിട്ടില്ല എന്നുള്ളതാണ് ഒരു നിത്യസത്യമാണ്. ഈ പഞ്ചായത്തിന്റെ ഭാഗമായ തൊടുമല വാർഡിൽ അംഗീകരിക്കപ്പെട്ട പട്ടിക വർഗ്ഗക്കാരുടെ കോളനികളായ അയ്യവിളാകം, കള്ളുകുടി, കുന്നത്തുമല, കണ്ണാംമൂട്, തെന്മല, കൊമ്പൈ എന്നീഭാഗങ്ങളിൽ ജല വൈദ്യുതി എത്തിയിട്ടില്ല പ്രസ്തുത സെറ്റിൽമെന്റുകളിൽ യഥാക്രമം 10, 10, 30, 10, 40, 5 കുടുംബങ്ങളാണ് നിലവിലുണ്ട്. ഈ ഭാഗങ്ങളിലൊന്നും ജലവൈദ്യുതി എത്തിയിട്ടില്ല. I H D P കോളനിയായ ചാക്കപ്പാറ ഗിരിജൻ സെറ്റിൽമെന്റിൽ വൈദ്യുതി എത്തിയിട്ടുണ്ടെങ്കിലും ട്രാൻസ്ഫോർമർ അമ്പൂരിയിലാണ് സ്ഥാപിച്ചിട്ടുള്ളത് ഇതുമൂലം പദ്ധതി പ്രദേശത്ത് രൂക്ഷമായ വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു. തെന്മല ഗിരിജൻ സെറ്റിൽമെന്റിൽ 23 വീടുകൾക്ക് കേരള ഗവൺമെന്റ് സ്ഥാപനമായ അനെർട്ട് സൗരോർജ്ജവിളക്കുകൾ സ്ഥാപിച്ചു എന്നാൽ ഇവയിൽ മിക്കതും ഇപ്പോൾ ഉപയോഗശൂന്യമായി മാറിയിരിക്കുന്നു. ഈ വിളക്കുകൾ കേടുപാടു തീർക്കുന്നതിന് 55 കി. മീ. അകലത്തിൽ സ്ഥിതിചെയ്യുന്ന തിരുവനന്തപുരത്തുള്ള ഓഫീസുകളിൽ എത്തിക്കേണ്ടതായിരിക്കുന്നു. വഴിസൗകര്യമോ, യാത്രാസൗകര്യമോ ഇല്ലാത്ത ഈ തെന്മലയിൽ നിന്ന് കേടായ ഉപകരണം തിരുവനന്തപുരത്ത് എത്തിക്കാനുള്ള ബുദ്ധിമുട്ടുകാരണമാണ് അവ ഇന്നും ഉപയോഗശൂന്യമായി നിലകൊള്ളുന്നത്. ഇവ ഉപയോഗപ്രദമാക്കണമെങ്കിൽ തൊടുമല വാർഡിന്റെ സൗകര്യപ്രദമായ ഭാഗത്ത് ഇവ റിപ്പയർ ചെയ്യുന്നതിനുള്ള അനർട്ടിന്റെ വക ഏതെങ്കിലും ഏജൻസി പ്രവർത്തിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം കുടുംബങ്ങളും പാചകത്തിനും മറ്റുമായി വിറകിനെയാണ് ആശ്രയിക്കുന്നത്. എന്നാൽ തീരെ പാവപ്പെട്ടവർ തെങ്ങുല്പന്നങ്ങളും, റബ്ബർകായുടെ തൊണ്ട് മുതലായവും പാചക ഊർജ്ജമായി ഉപയോഗിച്ചുവരുന്നു,

1990-ാമാണ്ടോടുകൂടി ഈ പഞ്ചായത്തിൽ പാചകത്തിന് പാചകവാതക ഊർജ്ജം എത്തിച്ചേർന്നു. ഏതാണ്ട് നൂറോളം സമ്പന്ന കുടുംബങ്ങളാണ് പാചക ഇന്ധനമായി പാചകവാതകമായ LPG ഉപയോഗിക്കുന്നു. എന്നാൽ, വെള്ളം തിളപ്പിക്കുന്നതിനും, നെല്ല് പുഴുങ്ങുന്നതിനും, മരിച്ചീനി വാട്ടുന്നതിനും തെങ്ങുല്പന്നങ്ങളോ, കാർഷികാവശിഷ്ടങ്ങളോ, വിറകോ ആണ് പലപ്പോഴും ഉപയോഗിക്കുന്നത്.

ഈ പഞ്ചായത്തിൽ പാചകത്തിനും വെളിച്ചത്തിനുമായി ബയോഗ്യാസ് ചില സമ്പന്ന കുടുംബങ്ങളിൽ പാചക ഇന്ധനമായി ഉപയോഗിച്ചുവരുന്നു.

വൈദ്യുതി വോൾട്ടേജ് കുറവുള്ള സമയങ്ങളിലാണ് ബയോഗ്യാസ് വെളിച്ചത്തിനുള്ള ഊർജ്ജമായി ഉപയോഗിക്കുന്നത്. വോൾട്ടത കുറവുമൂലമുണ്ടാകുന്ന വെളിച്ചക്കുറവ് പരിഹരിക്കാൻ എല്ലാ കുടുംബങ്ങളിലും മണ്ണെണ്ണ ഉപയോഗിച്ചുള്ള വിളക്കുകളും ഉപയോഗിച്ചുവരുന്നുണ്ട്. എല്ലാ ദിവസങ്ങളിലും ½ മണിക്കൂർ സമയം പ്രഖ്യാപിത പവർകട്ട് നിലനില്ക്കുന്നതുമൂലവും, അപ്രഖ്യാപിത പവർകട്ട് ഇടയ്ക്കിടെ ഉണ്ടാകാറുള്ളതുകൊണ്ടും വെളിച്ചത്തിനുവേണ്ടി മണ്ണെണ്ണ അനിവാര്യമായി തീർന്നിരിക്കുന്നു. ആയതിനാൽ ഈ പ്രദേശത്തെ മണ്ണെണ്ണ ഉപഭോഗം ഭീമമാണ്.

പാചകത്തിന് ആവശ്യമായ ഊർജ്ജം ലാഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇപ്പോഴും വിറക് കിട്ടാനില്ലാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ മെച്ചപ്പെട്ട അഥവാ ദക്ഷതയേറിയ പരിഷ്കൃത അടുപ്പുകളും പോലുള്ള പുകയില്ലാത്ത അടുപ്പുകളും സ്ഥാപിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കൂടാതെ പാചകത്തിനുപയോഗിക്കുന്ന പാത്രങ്ങളും ലോഹനിർമ്മിതവും, ഘനം കുറഞ്ഞതും, അടിഭാഗം പരന്നതുമാകയാൽ പാചക ഊർജ്ജം നഷ്ടമാകാതെ വളരെയധികം ലാഭിക്കാവുന്നതാണ്. അടിഭാഗം പരന്നതാകയാൽ ഇന്ധനത്തിൽ നിന്നും ഉണ്ടാകുന്ന തീ ഒട്ടുംതന്നെ പാഴായി പോകുന്നില്ല ഇന്ധനം ലാഭിക്കുന്നതിൽ നിന്നും വരുമാനത്തിന്റെ ചെറിയൊരു ശതമാനം മിച്ചം കണ്ടെത്താനാവുന്നതാണ്.

മാർക്കറ്റ്

ഈ പഞ്ചായത്ത് ഭൂപ്രദേശത്ത് ജനവാസം ആരംഭിച്ച കാലഘട്ടങ്ങളിൽ പഞ്ചായത്തിന്റെ കേന്ദ്രമായ അമ്പൂരിയിൽനിന്ന് 19 കിലോമീറ്റർ അകലമുള്ള കാട്ടാക്കട ചന്തയിലും 12 കിലോമീറ്റർ അകലമുള്ള പനച്ചമൂട് ചന്തയിലുമാണ് സാധനങ്ങൾ വില്ക്കുന്നതിനും വാങ്ങുന്നതിനും കർഷർ പോയിരുന്നത്. എന്നാൽ, കാലക്രമേണ ഈ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും വളരെ ചെറിയ തരത്തിലുള്ള ചന്തകൾ ആരംഭിച്ചു. ഇവയിൽ പ്രധാനമായവ അമ്പൂരി, വാഴിച്ചൽ തുടങ്ങിയ പ്രദേശങ്ങളിലെ ചന്തകളാണ്. ഇവ രണ്ടും ഇന്ന് പഞ്ചായത്ത് വക ചന്തകളാണ്. ഇതുകൂടാതെ, പഞ്ചായത്തിന്റെ ഭാഗങ്ങളിലായി 4 അന്തിചന്തകൾ പോലുള്ള ചന്തകൾ നടക്കുന്നുണ്ട്. ഇവയിൽ പ്രധാനമായത് കുടപ്പനമൂട് ചന്തയാണ്. ഈ ചന്തകളിലെല്ലാം കൂടെ പ്രതിദിനം അയ്യായിരത്തിലധികം ആളുകൾ സാധനങ്ങൾ വാങ്ങുന്നതിനായി മാത്രം വന്നുപോകുന്നുണ്ട് വില്ക്കാൻ വരുന്നവരുടെ എണ്ണത്തിൽ അധികമാളുകളും പുറത്തുനിന്നു കൊണ്ടുവരുന്ന മത്സ്യം,

പച്ചക്കറി എന്നിവ കൊണ്ടു വരുന്നവരാണ്. ഈ പഞ്ചായത്തിനുള്ളിൽ തന്നെ ഉല്പാദിപ്പിക്കുന്ന വിഭവങ്ങളും കൊണ്ടു വരുന്നവരുടെ എണ്ണം വളരെ കുറവാണ്. മത്സ്യം ഇവിടെ ഉല്പാദിപ്പിക്കുന്നേയില്ല. പച്ചക്കറികളുടെ ഉല്പാദനം വളരെ പരിമിതമായ തോതിലേയുള്ളൂ. പഴവർഗ്ഗങ്ങളുടെ കാര്യത്തിലും അപ്രകാരം തന്നെ. സാധനങ്ങളും വില്ക്കാൻവരുന്നവരുടെ പ്രതിദിന മൊത്ത എണ്ണം ആയിരത്തിൽ കവിയുകയില്ല.

രണ്ടു പഞ്ചായത്തുചന്തകളിൽ നിന്ന് പഞ്ചായത്തിനുണ്ടാകുന്ന പ്രതിവർഷവരുമാനം താഴെ പറയും പ്രകാരമാണ്.

അമ്പൂരിചന്ത	—	15650/-
വാഴിച്ചൽചന്ത	—	12200/-

മറ്റുചന്തകളിൽ നിന്ന് പഞ്ചായത്തിന് ഒരുവരുമാനവുമില്ല. ഇതിൽ കുടപ്പനമൂട് ചന്ത തീരെ ചെറുതല്ല. സ്വകാര്യ ഉടമയിലുള്ളതാണ് ചന്ത സ്ഥലമെങ്കിലും ഇതിൽനിന്നും പഞ്ചായത്തിന് ഒരു വരുമാനമുണ്ടാകേണ്ടതാണ്.

രണ്ട് പഞ്ചായത്തുവക ചന്തകളുടേയും ഇന്നത്തെ സ്ഥിതി അത്ര നല്ലതല്ല. അമ്പൂരിചന്ത വളരെ താണ പ്രദേശത്താണ്. ഈ ചന്ത സ്ഥലം മൂന്നടിയോളമെങ്കിലും മണ്ണിട്ട് ഉയർത്തേണ്ടിയിരിക്കുന്നു. അങ്ങനെ ഉയർത്തി മീതേ കരിങ്കല്ല് പാകേണ്ടതാണ്. ഈ ചന്തയോടു ചേർന്നുകിടക്കുന്നതും മുൻഭാഗത്തുള്ളതുമായ രണ്ടോ മൂന്നോ സെൻറു സ്ഥലം എപ്പോഴും വെള്ളം കെട്ടിക്കിടക്കുന്നു. വേണ്ടാത്ത സാധനങ്ങളും വലിച്ചെറിയാനും ഓലചീയിക്കാനും ഉപയോഗിക്കുന്നതുകൊണ്ട് ഈ വെള്ളത്തിൽ നിന്നും ദുർഗന്ധം വമിക്കുന്നു. ഈ സ്ഥലം ഒന്നുകിൽ അതിൻെറ ഉടമസ്ഥനെ കൊണ്ട് നികത്തുകയോ അല്ലെങ്കിൽ പഞ്ചായത്ത് ന്യായമായ വിലയ്ക്ക് വാങ്ങുകയോ ചെയ്യേണ്ടതാണ്. ഇതു രണ്ടും സാധ്യമാകാതെ വന്നാൽ ഈ സ്ഥലം അകപയർ ചെയ്യുക തന്നെ ചെയ്യണം.

ഈ രണ്ടുചന്തകളിലും കാര്യമായി സ്റ്റാളുകളൊന്നും പണികഴിപ്പിച്ചിട്ടില്ല. അമ്പൂരി ചന്തയിലെ ചെറിയ സ്റ്റാൾ ആവശ്യത്തിനു മതിയാകുന്നില്ല. രണ്ടുചന്തകൾക്കും ചുറ്റോടുചുറ്റും ഇടയ്ക്കിടെ കുറെ സ്ഥലം വിട്ട് നാലുനില കെട്ടിടങ്ങൾ പണിയേണ്ടതാണ്. ഇത് ഒറ്റയടിക്ക് പണിയണം എന്നില്ല. ഓരോ കെട്ടിടങ്ങളായി വർഷംതോറും ഓരോ നിലമാത്രം പണിതാൽ മതിയാകുന്നതാണ്. ഇവയുടെ അടിയിലത്തെ നിലകൾ സ്റ്റാളുകളായും മുകളിലത്തെ നിലകൾ വാടകയ്ക്കുകൊടുക്കാനുള്ള ഷോപ്പിംഗ് കോംപ്ലക്സുകളായും പണിയാവുന്നതാണ്. ഇതുകൊണ്ട് പഞ്ചായത്തിന് വരുമാനമുണ്ടാകുന്നതിനുപുറമേ സാധനങ്ങൾ വില്ക്കുന്നവർക്കും വാങ്ങിക്കുന്നവർക്കും പ്രയോജന പ്രദവുമാണ്.

ഈ പഞ്ചായത്തിൽ ആഴ്ച ചന്തകളില്ല. സാധാരണഗതിയിൽ ആഴ്ച ചന്തകളിലാണ് പഞ്ചായത്തിനു പുറത്തുനിന്നുള്ളവർ സാധനങ്ങൾ വാങ്ങാൻ വരുന്നത്. അടുത്തുള്ള പ്രദേശങ്ങളിൽ ആഴ്ച ചന്തകളില്ലാത്ത ഒരു ദിവസം അമ്പൂരി, വാഴിച്ചൽ ചന്തകളിൽ ആഴ്ച ചന്ത ആരംഭിക്കേണ്ടതാണ്. എന്നാൽ മാത്രമേ പഞ്ചായത്തിനു പുറത്തുനിന്നും പഞ്ചായത്തിനകത്തെയ്ക്ക് സാമ്പത്തികം എത്തുകയുള്ളൂ. കച്ചവടക്കാരെ ആകർഷിക്കുന്നതിനായി തുടക്കത്തിൽ ഫീസൊന്നും ഈടാക്കാതെ തന്നെ ചരക്കുകൾ കൊണ്ടുവരുന്നതിനും കൊണ്ടുപോകുന്നതിനും അനുവദിക്കേണ്ടതാണ്.

രണ്ടുപഞ്ചായത്തു ചന്തകളിലും അനുവദിച്ചിട്ടുള്ള ഫീസ് നിലവാരം ബോർഡുകളിൽ എഴുതി വയ്ക്കേണ്ടതാണ്. അധികഫീസ് പിരിക്കുന്നവരെ കർശനമായി നിയന്ത്രിക്കണം. മത്സ്യം, മാംസം എന്നിവവില്ക്കുന്ന സ്റ്റാളുകൾ വൃത്തിയായി സൂക്ഷിക്കുന്നതിനുള്ള മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. കടൽപ്പുറങ്ങളിൽ സാധാരണ കണ്ടുവരുന്ന പകർച്ച വ്യാധികൾ ഇങ്ങോട്ടു വ്യാപിക്കുന്നത് ഇതുകൊണ്ട് തടയാൻ കഴിയും. പഞ്ചായത്ത് മാർക്കറ്റിൻെറ കവാടത്തിലും, മറ്റു ഭാഗങ്ങളിലും പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നല്കുന്നതുകൊണ്ട് പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ കഴിയും. കാർഷിക വിളകളുടെ ഉല്പാദനത്തിൽ വരും വർഷങ്ങളിൽ കാര്യമായ വർദ്ധനവ് ഉണ്ടാകാൻ ഇടയുള്ളതുകൊണ്ട് ചന്തകൾ സുസജ്ജമാക്കുക എന്നത് പരമപ്രധാനമായ നടപടിയാണ്.

പ്രശ്നങ്ങൾ

1. ചന്തസ്ഥലം വികസിതമായിട്ടില്ല.
2. ചന്തയ്ക്കടുത്ത് മലിനജലം കെട്ടിക്കിടക്കുന്നു.
3. വേണ്ടത്ര സ്റ്റാളുകളില്ല.
4. ചന്തകളിൽ നിന്നുള്ള പഞ്ചായത്തിൻെറ വരുമാനം തുച്ഛമാണ്.
5. പഞ്ചായത്തിനു പുറത്തുനിന്നും ആളുകളെത്തി കാർഷിക വിഭവങ്ങൾ വാങ്ങിക്കൊണ്ടു പോകുന്നില്ല.
6. മത്സ്യം വില്ക്കുന്ന സ്ഥലത്ത് ശുചീകരണം പോരാ.
7. ചന്തകൾക്കു കമ്പോസ്റ്റുകുഴികൾ ഇല്ല.

പരിഹാര മാർഗ്ഗങ്ങൾ

1. കുഴിഞ്ഞു കിടക്കുന്ന ചന്തസ്ഥലം പൊക്കമുള്ളതാക്കുക.
2. മലിനജലം കെട്ടിക്കിടക്കുന്ന സ്ഥലം മണ്ണിട്ടുനികത്തുകയോ വാങ്ങുകയോ അകപയർ ചെയ്യുകയോ ചെയ്യുക.
3. കെട്ടിടങ്ങൾ പണിതു മൂന്നിരപ്പിലുള്ള നില സ്റ്റാളുകളാക്കി വാടകയ്ക്ക് നല്കുക.

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

ഈ പഞ്ചായത്ത് അതിർത്തിക്കുള്ളിൽ ആകെ 5489 കെട്ടിടങ്ങളും ഉള്ളതായി പഞ്ചായത്തിലെ ബന്ധപ്പെട്ട രജിസ്റ്റർ കാണിക്കുന്നു. എന്നാൽ 1991-ലെ സെൻസസ് റിപ്പോർട്ടു പ്രകാരം 3518 വീടുകളാണ് ഈ പഞ്ചായത്തിലുള്ളത്. 91-നു ശേഷമുള്ള വർഷങ്ങളിൽ ധാരാളം പുതിയ കെട്ടിടങ്ങളും നിലവിൽ വന്നു എന്നത് ഇതിൽ നിന്നും വ്യക്തമാണ്. കുത്തിമറച്ച ചെറുകുടിലുകളും തുടങ്ങി 4 നിലയുള്ള കോൺക്രീറ്റു കെട്ടിടങ്ങളും വരെ ഈ പഞ്ചായത്തിലുണ്ട്. ഈ പഞ്ചായത്തിൽ നിലവിലുള്ള വീടുകളെ അഞ്ചായി തരം തിരിക്കാം.

1.	ആകെ ഓലമേഞ്ഞ മാത്രമുള്ള ചെറുകുടിലുകളും	180
2.	പച്ചകട്ടകൊണ്ട് മിത്തികെട്ടി കമ്പുകളും കഴുക്കോലമായി നിർമ്മിച്ച് ഓല, പുല്ല് ഇവ മേഞ്ഞവ	950
3.	വിലകുറഞ്ഞ ആസ്ഫാൽറ്റിക്സ് ഷീറ്റുകളും മേഞ്ഞ വീടുകളും	1400
4.	ഓടുമേഞ്ഞവ അല്ലെങ്കിൽ ആസ്ബസ്റ്റോസ് മേഞ്ഞവ	2289
5.	കോൺക്രീറ്റു കെട്ടിടങ്ങളും	670

പാർപ്പിടമില്ലാതെ വാടക വീടുകളിലും ബന്ധുക്കളുടെ വീടുകളിലും താമസിക്കുന്ന കുടുംബങ്ങളുടെ എണ്ണം 46 ആണ്. ആദ്യം വിവരിച്ച മൂന്നു തരത്തിൽപ്പെട്ട വീടുകളും കൊടുങ്കാറ്റിലും പേമാരിയിലും ഇടിഞ്ഞു വീഴാൻ സാദ്ധ്യതയുള്ളവയാണ്. കഴിഞ്ഞ മഴയിൽ ഏതാണ്ട് 55 വീടുകളും പൂർണ്ണമായി തകർന്നുപോയി. ഭാഗികമായി തകർന്നവയുടെ എണ്ണം 18 ആണ്. കോൺക്രീറ്റു വീടുകളിൽ അധികവും വൻകിട കർഷകരുടേയും ഗവൺമെന്റ് ഉദ്യോഗസ്ഥരുടേയും കച്ചവടക്കാരുടേയും, ഗൾഫിലും മറ്റു വിദേശ രാജ്യങ്ങളിലും ജോലി ചെയ്യുന്നവരുടേതുമാണ്.

കെട്ടിടനിർമ്മാണ സാമഗ്രികൾ

കെട്ടിട നിർമ്മാണ സാമഗ്രികളും ഈ പഞ്ചായത്തിൽ നിലവിലുള്ളത്, ലഭ്യമായത് വെറും കരിങ്കല്ലുമാത്രമാണ്. ഇഷ്ടിക, മണൽ, ഇരുമ്പ് കമ്പി, പെയിന്റുകളും, തടി തുടങ്ങിയവ പുറത്തുനിന്നാണ്. റോഡില്ലാത്തിടത്തും കുന്നിൻ പുറത്തും വീടുകളും വയ്ക്കേണ്ടതുള്ളതുകൊണ്ട് കെട്ടിടം പണി സാമഗ്രികളും യഥാസ്ഥാനത്തെത്തിക്കുന്നതിനു വലിയ ചെലവ് നേരിടുന്നു.

വിദഗ്ദ്ധ കെട്ടിട നിർമ്മാണ തൊഴിലാളികളും ഈ പഞ്ചായത്തിൽ കുറവാണ്. മറ്റു പഞ്ചായത്തുകളിൽ നിന്നും, തമിഴ്നാട്ടിൽ നിന്നും പണിക്കാരെ കൊണ്ടുവരേണ്ടി വരുന്നു. തന്മൂലം ചെലവ് വർദ്ധിക്കുകയും യഥാസമയം പണി തീരാതെയും വരുന്നു. കൂടാതെ നാശനഷ്ടങ്ങളും സംഭവിക്കുന്നു. കൂടുതൽ മഴയുള്ള ഈ

---

4. പുറത്തു നിന്നുള്ളവരെ ആകർഷിക്കാൻ കൊടുക്കൽ വാങ്ങലുകൾക്ക് ആരംഭത്തിൽ ഫീസ് ഈടാക്കാതിരിക്കുക.
5. രണ്ടു ചന്തകളിലും ആഴ്ച ചന്തകളും ആരംഭിക്കുക.
6. മത്സ്യം വില്ക്കുന്ന സ്ഥലം വെടിപ്പോടും വൃത്തിയോടും കൂടി സൂക്ഷിക്കുക.

സാധ്യതകൾ

1. പഞ്ചായത്തിനു പുറത്തുനിന്നുള്ള ധനം പഞ്ചായത്തിലെത്തുന്നു.
2. പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കുന്നു.
3. കാർഷിക വിഭവങ്ങളുടെ വില്പന, മറ്റു വിഭവങ്ങളുടെ വാങ്ങൽ എന്നിവ എളുപ്പമാകുന്നു. കർഷകർക്ക് ലാഭം വർദ്ധിക്കുന്നു.

പ്രദേശത്ത് ഓല, പുല്ല് തുടങ്ങിയവകൊണ്ട് മേഞ്ഞ കെട്ടിടങ്ങളും മഴക്കാലത്ത് വാസയോഗ്യമല്ലാതെ മാറുന്നു. തണുത്ത കാറ്റും മഴവെള്ളവും വീട്ടിനുള്ളിലേയ്ക്ക് അടിച്ചു കയറുന്നതിനാൽ ഇത്തരം വീടുകളിൽ താമസിക്കുന്നവർക്ക് കൂടെ കൂടെ ജലദോഷം, പനി, വൈറൽഫീവർ തുടങ്ങിയ രോഗങ്ങളും സാധാരണമായുണ്ടാകുന്നു. ഗൃഹനിർമ്മാണത്തിനുള്ള ലോൺ ഇപ്പോൾ ഹൗസിംഗ് ബോർഡിൽ നിന്നു മാത്രമാണ് ലഭിക്കുന്നത്. ഹൗസിംഗ് ബോർഡിന്റെശാഖ നെയ്യാറ്റിൻകരയിൽ മാത്രമേയുള്ളൂ. ഈ പഞ്ചായത്തിൽ നിന്നും ഏതാണ്ട് 29 കിലോമീറ്ററാണ്. ഇതിലേക്കായി ഒരു ലോൺ ശരിയാക്കിയെടുക്കാൻ കർഷകർ വളരെയേറെ പ്രാവശ്യം നെയ്യാറ്റിൻകര വരെ പോകേണ്ടതായി വരുന്നു. ഇന്നു നടന്നുകൊണ്ടിരിക്കുന്ന നല്ല കെട്ടിടങ്ങളുടെ പ്രവർത്തനങ്ങളിൽ അധികവും ഗവ്മെന്റ് പോക്കറ്റുകളിൽ മാത്രമാണ്.

നിലവിലിരിക്കുന്ന 'മൈത്രി' ഭവൻ എന്ന ഗൃഹനിർമ്മാണ പദ്ധതി ഇതിന്റെ പ്രാരംഭദിശയിൽ മാത്രമാണ്. ഈ സ്കീമിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിൽ ആർക്കും തന്നെ വീട് ലഭ്യമായിട്ടില്ല. കൈരളി ഭവന പദ്ധതി എന്ന സ്കീം മുമ്പ് ഉണ്ടായിരുന്നെങ്കിലും അപേക്ഷയച്ചവരിൽ ഒരാൾക്കുപോലും വീട് വയ്ക്കുന്നതിനു ലോൺ കിട്ടിയിട്ടില്ല. മാത്രമല്ല അവരുടെ വസ്തുവിന്റെ രേഖകളും പ്രമാണങ്ങളും ഹൗസിംഗ് ബോർഡിന്റെ ആഫീസുകളിൽ കുടുങ്ങികിടക്കുകയാണ്. രേഖകളെങ്കിലും തിരിച്ചു കിട്ടിയാൽ മതിയെന്ന് അപേക്ഷകർ കരുതുന്നു— ഇത്തരം പദ്ധതികളും കൊണ്ടെന്നും പ്രയോജനമുണ്ടാകില്ലെന്നുള്ളത് സുവ്യക്തമാണല്ലോ.

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള ഭവന നിർമ്മാണ പദ്ധതികൾക്ക് ഗ്രാമപഞ്ചായത്തിന്റെ നേരിട്ടുള്ള ഉത്തരവാദിത്തത്തിനുള്ളിൽ നടത്തിയില്ലെങ്കിൽ പദ്ധതികളെല്ലാം തന്നെ കടലാസു പദ്ധതികളായി അവശേഷിക്കും. എന്തെങ്കിലും നടന്നാൽ തന്നെ ഉപഭോക്താക്കൾക്ക് ഭാരിച്ച സാമ്പത്തിക നഷ്ടത്തിനു ഇടയായിതീരുന്നു.

തുടക്കത്തിൽ വിവരിച്ച മൂന്ന് ഇനം വീടുകളിൽ താമസിക്കുന്നവർക്ക് സ്ഥിരമായി വീട് നിർമ്മിക്കുന്നതിന് പഞ്ചായത്ത് നിലവിലുള്ള സഹകരണ സ്ഥാപനങ്ങളും നിസാരനിരക്കിൽ സബ്സിഡിയോടു കൂടി ലോൺ നൽകേണ്ടതാണ്. ലോൺ നിർമ്മാണ പ്രവർത്തനത്തിനു ഉപയോഗിക്കുകയില്ല എന്നതും, പണം മറ്റാവശ്യങ്ങൾക്ക് ചെലവാക്കുമെന്നതും കടം കൊടുക്കുന്ന പദ്ധതിയുടെ ഒരു പോരായ്മയാണ്. ഘട്ടംഘട്ടമായി വായ്പ നൽകുന്നത് ഉപഭോക്താവിനു ഗുണപ്രദമാകുന്നില്ല. ഈ പഞ്ചായത്തിലെ പട്ടിക വർഗത്തിൽപ്പെട്ട പലരും സ്വന്തമായി നല്ല വീടുകളും ഇല്ലാത്തവരാണ്. ഇവർക്ക് സൗജന്യമായി വീട് വെച്ച് കൊടുക്കുന്ന പദ്ധതി നിലവിലുണ്ട്. എന്നാൽ ഓരോഘട്ടം പണികളും പൂർത്തിയായാൽ മാത്രമേ പണിതീർത്ത ഘട്ടത്തിന്റെ ചെലവുകളും കൊടുക്കുകയുള്ളൂ. ഇതു പട്ടികവർഗക്കാരിൽ പലരും വീടിന്റെ തറമാത്രം കെട്ടി അതിനു വന്ന ചെലവുമാത്രം കൈപ്പറ്റി ഭിത്തികെട്ടാൻ നിവൃത്തിയില്ലാതെ കെട്ടിയ തറകളും ഉപേക്ഷിക്കപ്പെട്ട നിലയിൽ ഇട്ടിരിക്കുന്നു. അതുകൊണ്ട് 'നിർമ്മിതി' തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ വീടുകളും നിർമ്മിച്ചു നൽകേണ്ടതാണ്. ഈ രംഗത്ത് ഉപഭോക്താക്കളും സ്വന്തം പ്രയത്നശേഷി ഏതാണ്ട് 5 മുതൽ 10% വരെ ഗൃഹനിർമ്മാണത്തിനു ഉപയോഗിക്കേണ്ടതാണെന്ന വ്യവസ്ഥ വക്കേണ്ടതാണ്. സ്വന്തം ഗൃഹനിർമ്മാണത്തിനു ഒരു സെൻറു ഭൂമിപോലുമില്ലാത്തവരും ഈ പഞ്ചായത്തിലെ ഓരോ വാർഡിലും 10 പേർ എന്ന കണക്കിലുണ്ട്. ഇവർക്ക് വീടുവെയ്ക്കുന്നതിനുള്ള ഭൂമി സൗജന്യമായി പഞ്ചായത്ത് വാങ്ങി കൊടുക്കേണ്ടതുണ്ട്.

പാർപ്പിടമെന്നതിന്റെ ഉദ്ദേശ്യം പ്രൗഢിപ്രകടിപ്പിക്കാനുള്ള ഒന്നല്ല എന്നും, മനുഷ്യ ജീവിതത്തിലെ വായുവെള്ളം, കേഷണം എന്നിവപോലെ ഒരു അത്യന്താപേക്ഷിക ഘടകമാണെന്നു മുന്നിൽ കണ്ടുകൊണ്ട് കഴിയുന്ത്ര ചെലവു കുറഞ്ഞ രീതിയിൽ കെട്ടിടങ്ങളുടെ രൂപകല്പനചെയ്യുക എന്ന ബോധവൽക്കരണമാണ് ഈ കാലഘട്ടത്തിന്റെ ആവശ്യകത. പക്ഷേ ഈ ചിന്താഗതി പാടേ മറന്നുകൊണ്ടുള്ള നിർമ്മാർണ പ്രവർത്തനങ്ങളാണ് നാം ചുറ്റുപാടും കാണുന്നത്. ലക്ഷങ്ങൾ മുടക്കി കടലാസുപെട്ടികൾ പോലുള്ള കോൺക്രീറ്റു കെട്ടിടങ്ങളിലേ താമ

സിക്കാവു എന്ന മിഥ്യാധാരണ നമ്മുടെ സംസ്ക്കാരത്തെ അന്ധമായി ബാധിച്ചിരിക്കുന്ന പ്രവണതയാണ്. ഇതിൽനിന്ന് മോചനംനേടി കാറ്റും വെളിച്ചവും കടക്കുന്ന ചെലവു കുറഞ്ഞ വീടുകൾ നിർമ്മിക്കുന്നരീതി നമുക്ക് അവലംബിക്കാവുന്നതാണ്. ഇതിനുവേണ്ടി സംസ്ഥാന നിർമ്മിതി കേന്ദ്രവുമായി ബന്ധപ്പെട്ട് വേണ്ട നിർദ്ദേശങ്ങൾ സ്വീകരിച്ചു കൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങളാണ് അഭികാമ്യം. തൊഴിലന്വേഷകരായ യുവതി യുവാക്കളെ കെട്ടിട നിർമ്മാണ മേഖലയിലേക്ക് ആകർഷിക്കേണ്ടത് പഞ്ചായത്തിന്റെ തന്നെ പ്രാഥമിക കടമയാണ്.

പ്രശ്നങ്ങൾ

1. വീടില്ലാത്തവരുടെ എണ്ണം ധാരാളമാണ്.
2. വീടുവെയ്ക്കാൻ ഭൂമിയില്ലാത്തവരും കുറവല്ല.
3. ധാരാളം വീടുകൾ ഓരോ വർഷവും കാറ്റിലും മഴയിലും പൂർണ്ണമായും ഭാഗികമായും തകരുന്നു.
4. റോഡിന്റെയും ഗതാഗത സൗകര്യത്തിന്റെയും ശോചനീയാവസ്ഥ മൂലം ആളുകൾ ഗ്രാമപ്രദേശങ്ങളിൽ നിന്നും പട്ടണപ്രദേശത്തിലേയ്ക്ക് വീടുകൾ വയ്ക്കാൻ താൽപര്യം കാണിക്കുന്നു.
5. മേൽപറഞ്ഞ അവസ്ഥ കെട്ടിടങ്ങളുടെ നിർമ്മാണ ചെലവ് വൻതോതിൽ വർദ്ധിക്കുന്നതിനും കാരണമാകുന്നു.
6. ആയിരത്തിയഞ്ഞൂറോളം വീടുകൾ ഏതു നിമിഷവും തകരുമെന്നുള്ള രീതിയിലാണ്.
7. കെട്ടിടം പണി സാധനങ്ങൾ മിക്കതും ഈ പഞ്ചായത്തിൽ തന്നെ ലഭ്യമല്ല.
8. വിദഗ്ദ്ധ തൊഴിലാളികളുടെ എണ്ണം കുറവാണ്.
9. തൊഴിലാളികളുടെ കൂലി നിരക്കുകൾ കൂടുതലാണ്.
10. അധികം ബുദ്ധിമുട്ടാതെ വായ്പ കിട്ടാനുള്ള മാർഗങ്ങളില്ല.
11. വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയ സർട്ടിഫിക്കറ്റുകൾക്ക് ഉപഭോക്താക്കൾ പല ഓഫീസുകളും കയറിയിറങ്ങേണ്ടി വരുന്നു ഇത് പണചെലവുള്ളതും ബുദ്ധിമുട്ടുള്ളതുമായ കാര്യങ്ങളാണ്. ചിലപ്പോൾ പല ദിവസങ്ങൾ തന്നെ ഇതിനായി യാത്രചെയ്യേണ്ടതായി വരും.

പരിഹാരങ്ങൾ

1. വീടില്ലാത്തവർക്കെല്ലാം അവരവരുടെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് സബ്സിഡിയോടു കൂടിയതും തുച്ഛമായ പലിശയോടു കൂടിയതുമായ വായ്പകൾ നൽകുക. അത് പരമാവധി ഇക്കാര്യത്തിനു തന്നെ ഉപയോഗിക്കുക.

2. വീടുവയ്ക്കാൻ വരുമാനം കുറഞ്ഞവരും ഭൂമിയില്ലാത്തവരുമായവരെ കണ്ടെത്തി 3 സെന്റ് ഭൂമിയെങ്കിലും സൗജന്യമായി നൽകുക.

3. ഈ റിപ്പോർട്ടിന്റെ ആദ്യഭാഗത്ത് വിവരിച്ച മൂന്നു തരത്തിൽപ്പെട്ടവർക്ക് വീട് ബലവത്തായി പുതുക്കി പണിയുന്നതിനു ആവശ്യമായ വായ്പ സബ്സിഡിയോടു കൂടി പലിശ കുറച്ച് അനുവദിക്കുക.

4. സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്നവർക്ക് സൗജന്യമായി വീടുകൾ നിർമ്മിച്ചു നൽകുക.

5. ഒരു കേന്ദ്രീകൃത ഏജൻസി മുഖാന്തിരം കെട്ടിടം നിർമ്മാണ സാധനങ്ങളെല്ലാം ഈ പഞ്ചായത്തിൽ ലഭ്യമാക്കുക. അല്ലെങ്കിൽ ഇത്തരം ബിസിനസുകളിൽ ഏർപ്പെടുന്നവർക്ക് തക്കതായ ജാമ്യത്തിൽ കടം അനുവദിക്കുക.

6. നിർമ്മിതിയുടെ നേതൃത്വത്തിൽ കെട്ടിടപണിയിൽ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് പരിശീലനം നൽകുക.

7. കൂടുതൽ വിദഗ്ദ്ധ തൊഴിലാളികളും ലഭ്യമാകുമ്പോൾ കൂലിനിരക്കും കുറയാൻ സാധ്യതയുണ്ട്.

8. വളരെ ലളിതമായ വായ്പാ പദ്ധതികളും പഞ്ചായത്തും സഹകരണ സ്ഥാപനങ്ങളും ചേർന്ന് ആവിഷ്ക്കരിച്ച് നടപ്പാക്കുക.

9. ഗ്രാമപ്രദേശങ്ങളിലുള്ള റോഡുകളെല്ലാം വാഹന ഗതാഗത സൗകര്യമുള്ളതാക്കി മാറ്റുക.

10. വരുമാന സർട്ടിഫിക്കറ്റ് തുടങ്ങിയവ വില്ലേജാഫീസുകളെ ആശ്രയിക്കാതെ തന്നെ ജനപ്രതിനിധികൾ നേരിട്ട് ഒരിക്കുന്ന പഞ്ചായത്താഫീസുകളിൽ നിന്നും നൽകുക. ഇത്തരത്തിലുള്ള അധികാരങ്ങളെല്ലാം വില്ലേജാഫീസുകളിൽനിന്നും മാറ്റി പഞ്ചായത്തിനു നൽകിയാൽ വില്ലേജാഫീസിലെ ജീവനക്കാരുടെ ജോലിഭാരം കുറയ്ക്കാവുന്നതാണ്. ഉപഭോക്താക്കൾ ഉദ്യോഗസ്ഥന്മാരെ ആശ്രയിക്കാതെ ജനപ്രതിനിധികളെ ആശ്രയിക്കുന്ന തരത്തിലുള്ള മാറ്റങ്ങൾ ഉണ്ടാക്കുക.

സാധ്യതകൾ

1. ഉറപ്പും മംഗിയുമുള്ള കെട്ടിടങ്ങൾ വരുന്നതോടെ പഞ്ചായത്തിന്റെ മുഖഛായ തന്നെ മാറുന്നു.

2. പ്രൈവസി, ഷെൽറ്റർ, സെക്യൂരിറ്റി എന്നീ നിർമ്മാണത്തിന്റെ മൂന്നാശയങ്ങൾ പൂരിതമാകുന്നു.

3. കാറ്റിലും മഴയിലും വീടുകൾ തകരുകയില്ലെന്നും ഉറപ്പു വരുത്താം. കുറഞ്ഞ വരുമാനക്കാർക്ക് സൗജന്യമായി വീടു നിർമ്മിച്ചു നൽകുന്നതു കൊണ്ട് സമ്പത്തിന്റെ നീതിപൂർവ്വമായ നിർമ്മാണം നടക്കുന്നു.

4. മഞ്ഞ്, മഴ, കാറ്റ് എന്നിവയേറ്റ് ആരോഗ്യം നഷ്ടപ്പെടുന്ന പാവങ്ങളെ രോഗങ്ങളിൽ നിന്ന് മുക്തരാക്കി ഉൽപ്പാദന പ്രക്രിയയിൽ പങ്കാളികളാക്കാം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമം എന്നത് ആ കാലത്ത് വിവിധമത സംഘടനകളുടെ പ്രവർത്തന രംഗം മാത്രമായിരുന്നു. സേവന സന്നദ്ധതയുള്ള ആർക്കും കടന്നു വന്ന് സമൂഹത്തിന്റെ നന്മയെ ലക്ഷ്യമാക്കി പ്രവർത്തിക്കാവുന്നതാണ്. അമ്പൂരി ഗ്രാമപഞ്ചായത്തിലെ കത്തോലിക്കാ മാർത്തോമ സി. എസ്. ഐ. പള്ളികൾ 1960 കളിൽ തന്നെ പാർപ്പിടമില്ലാത്തവർക്ക് പാർപ്പിടം നിർമ്മിച്ചു കൊടുക്കുകയും പാർപ്പിടത്തിന് ഭൂമിയില്ലാത്തവർക്ക് ഭൂമി വാങ്ങിച്ചു കൊടുക്കുകയും പരിമിതമായ തോതിൽ സാമ്പത്തികസഹായം നൽകുകയും ചെയ്തിട്ടുണ്ട്. അതുപോലെ തന്നെ മുസ്ലീം പള്ളിയുമായി ബന്ധപ്പെട്ട് സംഘടനകൾ വിവാഹ പ്രായമെത്തിയ പെൺകുട്ടികളെ കല്യാണം കഴിച്ച് അയയ്ക്കുന്നതിനായി ധനസഹായം നടപ്പിലാക്കി വരുന്നു.

എന്നാൽ കേരളം ഒരു ക്ഷേമരാഷ്ട്രം എന്ന രീതിയിൽ ഉയർത്തികൊണ്ടു വരണമെന്ന് ആഗ്രഹിച്ചു തന്നെ ഭരണാധികാരികൾ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തിയതും ഈ രംഗത്തിന് പുതുജീവൻ പകർന്നു. അങ്ങനെ താഴെപ്പറയുന്ന തരത്തിലുള്ള പെൻഷനുകൾ അനുവദിച്ചിട്ടുണ്ട്.

1. കർഷക തൊഴിലാളി പെൻഷൻ
2. വാർദ്ധക്യകാല പെൻഷൻ
3. വിധവാ പെൻഷൻ
4. വികലാംഗപെൻഷൻ
5. തൊഴിലില്ലായ്മ വേതനം

ഇതുകൂടാതെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന അസംഘടിതരായ തൊഴിലാളികൾക്ക് ക്ഷേമനിധികൾ ഏർപ്പെടുത്തി. ഈ സ്കീമുകൾ എല്ലാംതന്നെ ഏതാണ്ട് കാര്യക്ഷമമായി നടക്കുന്നുവെന്നുള്ളത് സ്തുത്യർഹമായ വസ്തുതയാണ്. എന്നാൽ പ്രശ്നത്തിന്റെ ഒരു കോണിൽമാത്രം തൊടാതെ ഈ സ്കീമുകൾക്ക് കഴിഞ്ഞിട്ടുണ്ട്. വിപുലമായ ഒരു സാമ്പത്തിക സർവ്വേയിലൂടെ മാത്രമേ സമൂഹത്തിൽ യാതനയനുഭവിക്കുന്ന യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിയൂ. കഷ്ടതയനുഭവിക്കുന്ന ജനവിഭാഗത്തിന് താങ്ങും തണലും നൽകുകയെന്നത് സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണത്തിന് ആക്കം കൂട്ടുന്നു. ചില പടിഞ്ഞാറൻ രാജ്യങ്ങളിൽ ഉദാഹരണമായി കാനഡയിൽ വിധവാപെൻഷന്റെ തുക ഇന്ത്യൻ രൂപയായി മാറുമ്പോൾ ഏതാണ്ട് 100000 വരെ കിട്ടുന്നു. അതുപോലെതന്നെ താല്ക്കാലികമായി തൊഴിലില്ലാതെ വരുന്നു. തൊഴിലാളികൾക്ക് അവർ വാങ്ങികൊണ്ടിരിക്കുന്ന വേതനത്തിന്റെ 90 ശതമാനത്തോളം 'ലേ-ഓഫ്' വേതനമായി ലഭിക്കുന്നു.

നമുക്ക് സാമ്പത്തികമായി പൂർണ്ണവളർച്ച പ്രാപിച്ച ഈ രാജ്യങ്ങളിൽ ഉള്ളതുപോലെ ഭീമമായ തുക ക്ഷേമ പ്രവർത്തനത്തിനായി ചെലവഴിക്കാൻ കഴിയുന്നില്ല. എന്നിരുന്നാലും കാലോചിതമായ വർദ്ധന ഓരോ വർഷവും വരുന്ന ബഡ്ജറ്റുകളിൽ ഉണ്ടാകേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിൽ സാമൂഹ്യ ക്ഷേമത്തിന്റെ വിപുലമായ പ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകൾ തന്നെ നേരിട്ടുള്ള അധികാരവും ധനവും നൽകേണ്ടതാണ്.

ക്ഷേമ പ്രവർത്തനങ്ങളുടെ പരിധിയിൽ വരേണ്ട പലരേയും ഇന്നതിൽ ഉൾപ്പെടുത്തിയിട്ടില്ല. നാമമാത്രമായ തുക മാത്രമാണ് പലപ്പോഴും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നത്. അതും പലപ്പോഴും വൻകുടിശ്ശികയും വരുത്തിയതിനു ശേഷമാണ്. വാർദ്ധ്യകാല പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ എന്നിവ ലഭിക്കുന്ന ചിലരെ നേരിട്ട് ഇൻറവ്യൂ ചെയ്തതിൽ നിന്നും താഴെ പറയുന്ന കാര്യങ്ങൾ വ്യക്തമായി.

1. പെൻഷൻ ലഭിക്കുന്നവരിൽ 70% ഈ പെൻഷൻകൊണ്ട് മാത്രം ഒരു നേരമെങ്കിലും ആഹാരം കഴിക്കണം.

2. മക്കൾ ഉപേക്ഷിച്ചിട്ടുള്ള മാതാപിതാക്കൾ പെൻഷന് അർഹരാകുമ്പോൾ അവരെ വീണ്ടും വീട്ടിൽ സ്വീകരിക്കുന്നു. കടയുടമകൾ യഥാകാലം പെൻഷൻ കിട്ടാത്തവർക്ക് ഒരളവു വരെ സാധനങ്ങൾ കടമായി കൊടുക്കുന്നു. കൂടിശ്ശികയായി പെൻഷൻ കിട്ടുമെന്നും അപ്പോൾ കടം മടക്കി കിട്ടുമെന്നും ഉള്ളതുകൊണ്ടാണ് കടയുടമകൾ ഇങ്ങനെ ചെയ്യുന്നത്.

3. ചില വൃദ്ധന്മാർ തങ്ങളുടെ മരണാനന്തര ചെലവുകൾക്കായി പെൻഷൻ തുകയുടെ ഒരു വിഹിതം മാറ്റിവെയ്ക്കുന്നു

മേൽ വിവരിച്ച വസ്തുതകൾ കണക്കിലെടുക്കുമ്പോൾ നിലവിലുള്ള വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, കർഷകതൊഴിലാളിപെൻഷൻ എന്നിവ കാലോചിതമായി ഉയർത്തേണ്ടതാണെന്ന വസ്തുത കാര്യമായി കണക്കിലെടുക്കേണ്ടതാണ്.

ഈ പ്രദേശത്തെ വരുമാനം കുറഞ്ഞ വീടുകളിലെ മുഴുപട്ടിണിക്കാരും കർഷക തൊഴിലിൽ ഏർപ്പെട്ടിരുന്ന വല്യമ്മമാരും ആരോഗ്യം ഏതാണ്ട് പൂർണ്ണമായും നശിച്ചവരാണ്. മേൽവിവരിച്ചതരത്തിൽപ്പെട്ട വനിതകളാണ് അവരുടെ ചെറുപ്പകാലത്ത് ഏറ്റവും കഠിനമായി ജോലികളിൽ ഏർപ്പെടുന്ന വരായിരുന്നു. കരിങ്കൽപ്പുടവ, റബ്ബർ തടിച്ചുമട് എന്നിവയാണ് ഇവർക്ക് അധികവും ലഭിക്കുന്ന ജോലി. ഒരു ക്യൂബിക് അടി വരുന്ന കരിങ്കല്ല് ചെറുപ്പകാരിയായ ഒരു സ്ത്രീതന്നെ അനായാസമായി ചുമന്നുകൊണ്ടു പോകുന്ന വസ്തുത ഈ പഞ്ചായത്തിൽ പരക്കെ ദൃശ്യമാണ്. അതുപോലെ തന്നെ 6 ക്യൂബിക് അടിയുള്ള റബ്ബർ, അൽപിസിയ തുടങ്ങിയ തടികകം സ്ത്രീകൾ ചുമന്ന് റോഡിനരുകിൽ കൊണ്ടുവരുന്നു. പലപ്പോഴും കുത്തനെയുള്ള കയറങ്ങളും ചുമടുമായി കയറേണ്ടി വരുന്ന സാഹചര്യമാണുള്ളത്. ഇത്തരത്തിലുള്ള ജോലികൾക്ക് ദിവസകൂലി 120 രൂപയോളമുണ്ട് എന്നതിൽ ആകൃഷ്ടരായാണ് ഇവർ ഈ ജോലികൾക്കായി വരുന്നത്. കനത്ത ചുമടുമായി വീണ് എല്ലുകൾ ഒടിഞ്ഞു തകരുന്ന പല സംഭവങ്ങളും ഉണ്ടായിട്ടുണ്ട്. തന്മൂലം ചെറുപ്പത്തിലെ തന്നെ ജോലി ചെയ്യാനുള്ള കഴിവ് പല സ്ത്രീകൾക്കും നഷ്ടപ്പെടുന്നു. മറ്റു ചിലർ 50 വയസ്സോടടുക്കുമ്പോൾ തന്നെ ആരോഗ്യം പൂർണ്ണമായി നഷ്ടപ്പെട്ടവരായി മാറുന്നു ഈ വസ്തുത കണക്കിലെടുത്ത് സ്ത്രീതൊഴിലാളികളുടെ പെൻഷനർഹമായ പ്രായം 50 ആയി കുറയ്ക്കേണ്ടതാണ്.

വിധവയെന്ന വാക്കിന്റെ വ്യാഖ്യാനത്തിന്റെ പരിധിയിൽ വരികയില്ലെങ്കിൽ പോലും ഭർത്താക്കന്മാർ ജീവിച്ചിരിക്കുന്ന 'വിധവകൾ' ഈ പഞ്ചായത്തിൽ ധാരാളമാണ്. സ്ത്രീധനത്തിന്റെ അപര്യാപ്തത, മദ്യപാനത്തിന്റെ കാഠിന്യം തുടങ്ങിയവ പല യുവതികളെയും അരോചകമായ വിവാഹ ബന്ധത്തിലേയ്ക്ക് എത്തിക്കുന്നു. ഭർത്താവ് തിരിഞ്ഞു നോക്കാത്ത ധാരാളം യുവതികളും ഈ പഞ്ചായത്തിലുണ്ട്. ഒന്നോ, രണ്ടോ കുഞ്ഞുങ്ങളുമായി പിതൃഗൃഹത്തിൽ തിരിച്ചുവന്നു പാർക്കുന്നു. അവിടെയും അവർ വേണ്ടാത്തവരായി മാറുന്നു. ഇങ്ങനെയുള്ള സ്ത്രീകളുടെ സംരക്ഷണം സമൂഹം ഏറെടുക്കേണ്ടതാണ്.

സ്ത്രീധനത്തിനേറയും സ്ത്രീധനപീഡനത്തിനേറയും കയ്പുകണ്ണീർ കുടിക്കുന്നവരുമായ സ്ത്രീകളും ഈ പഞ്ചായത്തിലുണ്ട്. ഈ രണ്ടു കാരണങ്ങളാൽ വിവാഹബന്ധം നിയമപരമായ്ല്ലെങ്കിലും വേർപ്പെടുത്തപ്പെട്ട അവസ്ഥയിൽ ധാരാളം പേരുണ്ട്. സമൂഹത്തിന്റെ സഹായഹസ്തം ഇവിടെയും എത്തേണ്ടതാണ്.

വാർദ്ധക്യത്തിൽ മക്കളാൽ ഉപേക്ഷിക്കപ്പെട്ട അച്ഛനമ്മമാരും ഇവിടെ എണ്ണത്തിൽ കുറവല്ല. ഈ പഞ്ചായത്തിൽ അവർക്കായേമേകുന്ന ഒരു വൃദ്ധസദനം തന്നെ നിർമ്മിക്കണമെന്ന് ഗ്രാമസഭകളിൽ നിർദ്ദേശങ്ങളുണ്ടായിട്ടുണ്ട്.

അംഗനവാടികളും ഈ പഞ്ചായത്തിൽ പലതുണ്ടെങ്കിലും മൂന്നു അംഗനവാടികൾക്ക് സ്വന്തമായ കെട്ടിടമില്ല. വളരെ മോശമായ വാടക കെട്ടിടങ്ങളിൽ ഇന്നും അവ പ്രവർത്തിക്കുന്നു. ഈ കാരണംകൊണ്ടു മാത്രം അംഗനവാടികളിൽ കുഞ്ഞുങ്ങളെ അയയ്ക്കാൻ ചില മാതാപിതാക്കൾ തയ്യാറാകുന്നില്ല. ഈ അംഗനവാടികൾക്കെല്ലാം സ്വന്തമായി കെട്ടിടങ്ങൾ ഉണ്ടായേ പറ്റൂ. ഗർഭിണികളും മുലയൂട്ടുന്നവരുമായ വീട്ടമ്മമാർക്ക് പോഷകാഹാരവും വൈറ്റമിൻ ഗുളികകളും മറ്റും നൽകേണ്ട പരിപാടികളും ഉണ്ടെങ്കിലും അതിന്റെ അപര്യാപ്തത ഏറെയാണ്.

പ്രശ്നങ്ങൾ

1. വിവിധ പെൻഷനുകളും കൃത്യമായും അത് ആവശ്യമായ സമയത്തും ലഭിക്കുന്നില്ല.

2. പഞ്ചായത്ത്‌രാജ് നിയമപ്രകാരം വിവിധയിനം പെൻഷനുകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി വിതരണം ചെയ്യാമെന്ന് അനുശാസിക്കുന്നുണ്ടെങ്കിലും പുതിയ അപേക്ഷ സ്വീകരിച്ചുകൊണ്ട് ഒരു വ്യക്തിക്കും നാളിതു വരെ പഞ്ചായത്തു വഴി പെൻഷൻ വിതരണം ചെയ്തിട്ടില്ല. പഞ്ചായത്തിനെ ഏല്പിച്ച ഈ അധിക ജോലി ചെയ്തു തീർക്കാൻ സ്റ്റാഫ് അനുവദിച്ചിട്ടില്ല.

3. വിവിധ പെൻഷനുകൾക്ക് അർഹതയുള്ള ചിലർക്കൊക്കെ നടപടിക്രമങ്ങളുടെ താമസംകൊണ്ട് പെൻഷൻ ലഭിക്കാതെ വരുന്നു

4. സ്ത്രീ കർഷക തൊഴിലാളികൾ 50 വയസിൽ തന്നെ പണിചെയ്യാൻ പ്രാപ്തരല്ലാതാകുന്നു.

5. സ്ത്രീധന പീഡനം അനുഭവിക്കുന്ന സ്ത്രീകൾക്ക് സാമൂഹ്യക്ഷേമ രംഗത്ത് പ്രത്യാശയ്ക്ക് വഴിയൊന്നുമില്ല.

6. അരുമസന്താനങ്ങളാൽ പുറംതള്ളപ്പെട്ട മാതാപിതാക്കൾക്ക് അഭയകേന്ദ്രമില്ല.

7. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരങ്ങളും വൈറ്റമിൻ ഗുളികകളും ക്രമാനുസൃതമായി സൗകര്യപ്രദമായ സ്ഥലത്ത് കിട്ടുന്നില്ല.

8. മൂന്ന് അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

9. അംഗൻവാടികളിൽ നല്ല കളിക്കോപ്പുകളും ഫർണിച്ചറുമില്ല.

10. വിവിധ പെൻഷനുകളുടെ തുക ജീവിതച്ചെലവ് വർദ്ധിച്ചതിനനുസരിച്ച് ഉയർന്നിട്ടില്ല.

11. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന് സൗകര്യങ്ങളില്ല.

12. സ്ത്രീകളിലും കുട്ടികളിലും കലാഭിരുചി വളർത്തുന്നതിന് ഒന്നും ചെയ്യുന്നില്ല.

13. അന്ധവിശ്വാസങ്ങൾക്കെതിരെ ബോധവൽക്കരണം നടക്കുന്നില്ല.

14. പെൺകുഞ്ഞുങ്ങൾ ഒരു ബാദ്ധ്യതയാണെന്നുള്ള തോന്നൽ ചുരുക്കം ചില മാതാപിതാക്കളിൽ കണ്ടുവരുന്നു.

15. സ്ത്രീധന നിരോധന നിയമം കാലോചിതമായി പരിഷ്കരിച്ച് നടപ്പിൽ വരുത്തുക.

16. ബുദ്ധിമാന്ദ്യം സംഭവിച്ചതും, വികലാംഗരുമായ കുട്ടികൾക്ക് നിലവിലുള്ള പദ്ധതി പ്രകാരം ലഭിക്കുന്ന അലവൻസ് അപര്യാപ്തമാണ്.

പരിഹാര മാർഗ്ഗങ്ങൾ

1. ഗ്രാമ പ്രദേശത്തെ നിവാസികൾക്കുള്ള എല്ലാത്തരം പെൻഷനുകളും കൃത്യസമയത്തുതന്നെ അനുവദിക്കുകയും നൽകുകയും ചെയ്യുക.

2. സ്ത്രീ കർഷകതൊഴിലാളികൾക്ക് 50 വയസുതികയുന്ന മുറയ്ക്കു തന്നെ പെൻഷൻ നൽകുക.

3. സ്ത്രീധന പീഡനം അനുഭവിക്കുന്ന സ്ത്രീകൾക്ക് വേണ്ട നിയമ സഹായം സൗജന്യമായി ചെയ്തു കൊടുക്കുക. രണ്ടോ മൂന്നോ പഞ്ചായത്തുകൾക്കായി വൃദ്ധസദനങ്ങൾ പണിയുക.

4. ഗർഭിണികൾക്കും മുലയൂട്ടുന്ന വനിതകൾക്കും പോഷകാഹാരങ്ങളും വൈറ്റമിൻ ഗുളികകളും ഹെൽത്ത് സബ്സെന്റർ വഴി കൃത്യമായി നൽകുക.

5. ആവശ്യമുള്ള സ്ഥലങ്ങളിൽ അംഗനവാടി കെട്ടിടങ്ങൾ പണിയുകയും കളിക്കോപ്പുകൾ ഫർണിച്ചറുകൾ മുതലായവ നൽകുകയും ചെയ്യുക.

6. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം അംഗനവാടികളിൽ തന്നെ ഒരുക്കുക.

7. അന്ധവിശ്വാസങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം ടി വി, റേഡിയോ മുതലായ മാദ്ധ്യമങ്ങളിലൂടെ നടത്തുക.

8. അമിതമായ ജനസംഖ്യാ വർദ്ധനവ് വരുത്തിവെയ്ക്കുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കാനായി പ്രചരണം ടി വി, റേഡിയോ മാദ്ധ്യമങ്ങളിലൂടെ നടത്തുക.

9. പെൺകുഞ്ഞ്—പൊൻകുഞ്ഞാണ് എന്ന ധാരണ ടി വി, റേഡിയോ മാദ്ധ്യമങ്ങളിലൂടെ പ്രചരിപ്പിക്കുകയും സ്ത്രീകൾക്ക് സമുദായത്തിലുള്ള സ്ഥാനം വർദ്ധിപ്പിക്കുന്നതിന് എല്ലാ സ്ഥാനങ്ങളിലും സ്ത്രീകൾക്ക് റിസർവേഷൻ നടപ്പാക്കുകയും ചെയ്യുക.

10. സ്ത്രീധനനിരോധന നിയമം കാലാനുസൃതം പരിഷ്കരിക്കുന്നതിന് നടപടിയെടുക്കുകയും ഇതിന്റെ നടത്തിപ്പ് സാമൂഹ്യക്ഷേമവകുപ്പിനെ തന്നെ ഏൽപ്പിക്കുകയും ചെയ്യുക.

11. വികലാംഗർക്കും ബുദ്ധിമാന്ദ്യം സംഭവിച്ചതുമായ കുട്ടികൾക്കും അലവൻസുകൾ വർദ്ധിപ്പിക്കുക.

സാധ്യതകൾ

1. സമൂഹത്തിൽ കഷ്ടത അനുഭവിക്കുന്ന ജനവിഭാഗത്തിന് ഉൽപാദന പ്രക്രിയയിൽ സജീവപങ്കാളിത്തം വഹിക്കുന്നതിന് ഇടയാകുന്നു.

2. വൃദ്ധജനങ്ങൾ ആർക്കും വേണ്ടാത്തവർ എന്ന തോന്നൽ മാറിയെടുത്ത് സമൂഹത്തിന് തങ്ങളെകൊണ്ട് ഇനിയും പ്രയോജനം ഉണ്ടെന്നധാരണ വളരുന്നു.

3. സമൂഹത്തിൽ ബലഹീനരായവരുടെ ആരോഗ്യം വർദ്ധിപ്പിച്ച് അവർ സമൂഹത്തിനൊരുഭാരമല്ലാതായി മാറുന്നു.

4. ഭർത്താവോ മാതാപിതാക്കളോ കൈവെടിഞ്ഞാൽപോലും സമൂഹം സംരക്ഷിക്കുമെന്നുള്ള ധാരണ വളരുന്നു. ആരോഗ്യവും ബുദ്ധിയുമുള്ള കുട്ടികൾ ജനിച്ചു വളരുന്നു.

സംസ്ക്കാരം

മാമല ഞൊറിയിട്ട പച്ചപട്ടുടയാട ചുറ്റി, വെൺതിങ്കൾക്കല സിന്ദൂരതിലകക്കുറിച്ചാർത്തി നക്ഷത്രക്കതിരുകൾ വാർമുടിക്കെട്ടിൽചൂടി, കാട്ടു പൂഞ്ചോലകൾ കാൽത്തളകൾകെട്ടി, രാക്കിളികളുടെ പാട്ടിൻറെ താളത്തിൽ കഥകളിച്ചുവടുകളാടിത്തളർന്ന"; അഗസ്ത്യമുനിയുടെ നെയ്യഭിഷേകം തീർത്ത പുണ്യസരിത്തിൽ പാദാരവിന്ദങ്ങളൂന്നി അംബര ചുംബികളായ സഹ്യസാനുക്കളുടെ മടിത്തട്ടിൽ സുഖസുഷുപ്തിയിലാണ്ട് കിടന്നിരുന്ന, അചുംബിതയായ ഈ ഗ്രാമസുന്ദരിയുടെ സംപുഷ്ടമായ ആകാരസൗഷ്ഠവത്തിൽ ആകൃഷ്ടരായി അവളെ വരമാലചാർത്തി സ്വന്തമാക്കുവാൻ ആർത്തിയോടെ വന്നെത്തിപ്പരാജയപ്പെട്ട കർഷകകാമുകന്മാരുടെ തിക്താനുഭവത്തിൻറെ കഥകളും, വരിക്കുവാൻ കഴിഞ്ഞവർക്കനുഭവിക്കേണ്ടിവന്ന ത്യാഗോജ്ജ്വലരായ ധീരകഥകളും കൂട്ടിച്ചേർത്തതാണ് അമ്പൂരി ഗ്രാമ പഞ്ചായത്തിൻറെ സാംസ്ക്കാരിക ചരിത്രപശ്ചാത്തലം കുറിക്കുന്ന കാതലായ കഥാതന്തു!

വന്യമൃഗങ്ങളുടെ കേളീരംഗമായിരുന്ന ഈ വനാന്തരത്തിലേയ്ക്ക് പരിഷ്കൃത മർത്ത്യൻറെ പാദസ്പർശം ആദ്യമായി ഉണ്ടായത് 1930കെ്ടോബർ മാസത്തിലാണ്, കാട്ടാക്കട-കളളിക്കാട് വഴി വന്നെത്തിയ ആദ്യസംഘം, ഈ പഞ്ചായത്തിലെ IV-ാം വാർഡായ ''മായം'' കേന്ദ്രമാക്കി കുടിയേറ്റത്തിന് നാന്ദി കുറിച്ചു. അദ്ധ്വാനശീലരായ ഈ കർഷകർ കാടുകൾ വെട്ടിതെളിച്ച് കൃഷിയിറക്കുവാൻ തുടങ്ങിയപ്പോൾ അനുഭവപ്പെട്ട വന്യമൃഗങ്ങളുടെ ശല്യവും, മഹാരോഗങ്ങളുടെ ഭീഷണിയും അവരെ ആകെ തളർത്തിക്കളഞ്ഞു. പലരും പൊരുതിമരിച്ചുവീണു. ശേഷിച്ചവർ ചെറുത്തുനില്ക്കുവാനാകാതെ സർവ്വതും ഉപേക്ഷിച്ചു സ്ഥലംവിട്ടുപോയി.

മണ്ണിനോടുള്ള മനുഷ്യൻറെ അഭിനിവേശം അസ്തമിക്കില്ലെന്നത് ഘോഷിച്ചുകൊണ്ട് 1932-ൽ മൈലുകൾ താണ്ടി വടക്കൻ നാടുകളിൽ നിന്നും അമ്പതോളംകുടുംബങ്ങൾ വീണ്ടും ഇവിടെ വന്നെത്തി. അവരും മാസം കേന്ദ്രമാക്കിയാണ് താമസമുറപ്പിച്ചത്. ഹിംസ്രജന്തുക്കളുടെ ക്രൂരമായ ആക്രമണങ്ങളിൽ നിന്നും രക്ഷനേടുവാൻ വന്മരക്കൊമ്പുകളിൽ ''ഏറുമാടങ്ങൾ'' കെട്ടിതാമസിച്ചുകൊണ്ട് അവർ മണ്ണിനോട് മല്ലിടുവാൻ തുടങ്ങി. അപ്പോൾ വന്നെത്തിയ മലമ്പനി തുടങ്ങിയ മഹാരോഗങ്ങൾ അക്ഷരാർത്ഥത്തിൽ തന്നെ ഇഞ്ചിഞ്ചായി മനുഷ്യനെ കാർന്നുതിന്നുവാൻ തുടങ്ങി. രാത്രിയും പകലും ഒന്നുപോലെ വന്യമൃഗങ്ങളുടെ നിരന്തര ഭീഷണി മറുവശത്തും, സംഹാരതാണ്ഡവമാടി ഉറഞ്ഞു തുള്ളുന്ന മഹാരോഗങ്ങളുടെ ആക്രമണം മറുവശത്തും നേരിടേണ്ടിവന്നു. മണ്ണിനോട് മല്ലിടച്ച് ജീവിതം കെട്ടിപ്പടുക്കുന്നതിനുള്ള തീവ്രയത്നത്തിനിടയിൽ സാംസ്ക്കാരിക മേഖലയിൽ നയനങ്ങളൂന്നുവാൻ പോലും അന്നത്തെ കുടിയേറ്റ കർഷകർക്ക് കഴിഞ്ഞിരുന്നില്ല. എന്നാൽ അന്നും ആദിവാസികളായ കാണിക്കാരുടെ തനതായ കലാരൂപങ്ങളെ ആദരവോടെ നോക്കിനിന്ന് അവർ കോരിമയിർകൊണ്ടിട്ടുണ്ട്. അവയിൽ നാമാവശേഷമാവാതെ ഇന്നും അവതരിപ്പിച്ചുപോരുന്ന ഒരു പൗരാണിക കലയാണ് ''ചാറ്റ്''! വളരെ അപൂർവ്വമായി റേഡിയോയിലും, വിശിഷ്ടവ്യക്തികളുടെ സന്ദർശനവേളകളിലും മാത്രമായി ഇന്ന് ചാറ്റ്പാട്ട് ഒതുങ്ങിപോയിരിക്കുന്നു. അലിഖിതമായ പാട്ടുകളും കാണിക്കാരുടെതായ പ്രാകൃത രീതിയിൽ തലമുറകളും പകർന്നു സൂക്ഷിക്കുന്നു എന്നല്ലാതെ ആ കലാരൂപത്തിൻറെ സംരക്ഷണത്തിനും, പ്രോത്സാഹനത്തിനും ആവശ്യമായ സഹായ-സഹകരണങ്ങളും അവർക്കു ലഭിക്കുന്നില്ല.

മലദൈവങ്ങളാണ് അവരുടെ ആരാധനാമൂർത്തികളും. അതിൽ പ്രധാന ദൈവമായ കാലാട്ടുതമ്പുരനാണ് സർവ്വശക്തനെന്നു അവർ വിശ്വസിക്കുന്നു. പേമാരിയും, ഉരുൾപൊട്ടലുകളും, രോഗപീഡനങ്ങളും വന്യമൃഗങ്ങളുടെ ആക്രമണങ്ങളുമെല്ലാം മലദൈവങ്ങളുടെ കോപം കൊണ്ടാണെന്നും, അവരെ സംപ്രീതരാക്കിയാലെ സ്വസ്തജീവിതം നയിയ്ക്കാനാവൂ എന്നും കരുതുന്നു. അതിനായി മലദൈവങ്ങളെ കുടിയിരുത്തിയിരിക്കുന്ന കാവുകളിൽ നടന്നുവരാറുള്ള ''കൊടുതി''യാണ് അവരുടെ പ്രധാന ഉത്സവം. കല്ലിൽ കുടിയിരുത്തിയ കാലാട്ടുതമ്പുരാൻറെ തിരുമുമ്പിൽ തിരിയിട്ടു കൽവിളക്ക് കത്തിച്ച് കോഴിയും മദ്യവും ദേവന് നിവേദിക്കുന്നു. ചിലപ്പോൾ ഇത് പല ദിവസങ്ങളിലും നീണ്ടുനില്ക്കാറുണ്ട്. തദവസരത്തിൽ അഗ്നി കൂട്ടി അതിനുചുറ്റും ഉടുക്കുതാളത്തിനൊപ്പം സ്ത്രീപുരുഷന്മാർ ചുവടുവച്ചാടുന്ന പ്രാകൃത നൃത്തം അത്യന്താധുനിക നൃത്തരൂപങ്ങളെക്കാൾ അതിമനോഹരമായ ഒരു കലാരൂപം തന്നെയാണ്.

പക്ഷെ ഈ തനതായ കല ഇന്ന് ഏതാണ്ട് നിന്നുപോയിരിക്കുന്നു എന്നാൽ അതിൻറെ ചില വേരുകൾ അന്യം നിന്നുപോയില്ലെന്നുവേണം കരുതുവാൻ പക്ഷികളുടെ വിവിധ വർണ്ണങ്ങളിലുള്ള തൂവലുകൾ തലയിൽ തിരുകി, പലതരംമുള്ള മാലകൾ മാറിൽച്ചാർത്തി ആണും, പെണ്ണും ഒന്നുചേർന്നാടുന്ന ഈ നൃത്തകലയുടെ ചില വേരുകൾ ഇന്നും അപൂർവ്വമായെങ്കിലും ചിലരിൽ അവശേഷിക്കുന്നുണ്ട്. അവയെ ചികഞ്ഞെടുത്ത് പരിപോഷിപ്പിച്ചാൽ ആധുനിക മനുഷ്യൻറെ കലാശേഖരത്തിൽ

അമൂല്യമായ ഒരു നാടൻ കലകൂടി ദ്വിതീയമല്ലാത്ത സ്ഥാനത്ത് പ്രതിഷ്ഠിക്കാനാകുമെന്ന് നിസംശയം കരുതുവാനാകും. അതിനുപകരം സിനിമകളിലും, നാടകങ്ങളിലും മറ്റും ചിലകലാകാരൻമാർ തങ്ങളുടെ ഭാവനയിൽ തോന്നുന്നതും കേട്ടറിഞ്ഞിട്ടുള്ളതുമായ ചില തെറ്റായ വസ്തുതകൾവച്ചുകൊണ്ട് സാമാന്യവികതയുടെ ലവലേശം പോലും തീണ്ടാതെ ഈ മനോഹരമായ പ്രാകൃത നൃത്തരൂപത്തെ ആധുനികവത്കരിച്ച് താറടിക്കുന്നതുകാണുമ്പോൾ, അവയുടെ അടിവേരു കണ്ടെത്തി സംരക്ഷിച്ച് തനതായരീതിയിൽ സൂക്ഷിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ച് ചിന്തിക്കാതിരിക്കുന്നതെങ്ങനെ? വില്ലുപാട്ടാണ് അവരുടെ മറ്റൊരു പ്രധാന കലാപ്രകടനം. ഗ്രാമങ്ങളിലും, പട്ടണങ്ങളിലും മറ്റും മുമ്പ് കണ്ടിരുന്ന വില്ലടിച്ചാൻ പാട്ടിനോട് ഏറെ സാമ്യമുണ്ടിതിന്. പക്ഷേ വ്യക്തമായ ഒരു കഥപറഞ്ഞു ഫലിപ്പിക്കുന്ന സമ്പ്രദായമില്ല മലദൈവങ്ങളെ കുറിച്ചുള്ള പാട്ടാണ് പ്രധാനം. ഉടുക്ക്, കലം, കുടം തുടങ്ങിയവയാണ് താളങ്ങൾക്ക് ഉപയോഗിക്കുന്നത്. മിക്കവാറും പുരുഷൻമാർ മാത്രമാണ് പങ്കെടുക്കുന്നത് ഇതിൽ പങ്കെടുക്കുന്നവർ തലയിൽകെട്ടും, മുഖത്ത് ചായങ്ങളും പുരട്ടാറുണ്ട്. ഏഴുപേരാണ് സാധാരണയായി പങ്കെടുക്കുന്നത്. ചിലപ്പോൾ എണ്ണം കൂടാറുമുണ്ട്. കൂട്ടത്തിൽ പ്രധാനി രണ്ടു കൈകളിലും പിടിച്ചിരുന്ന നീളംകുറഞ്ഞ കമ്പുകൾ കൊണ്ട് മുമ്പിലിരിക്കുന്ന ചിലങ്കകെട്ടിയ വില്ലിൽ തല്ലി പാടികൊടുക്കുന്ന പാട്ടിന്റെ ഈരടികൾ മറ്റുള്ളവർ ഏറ്റുപാടിയാണ് ഈ കലാരൂപം അവതരിപ്പിക്കുന്നത്.

കാണിക്കാരുടെ എല്ലാ കലാരൂപങ്ങളിലും പൊതുവെകാണുന്ന പ്രകടമായ കാര്യം അവയെല്ലാം മലദൈവങ്ങളെ കുറിച്ചുള്ള പാട്ടുകളാണെന്നാണ്. അതിലും പ്രധാനപ്പെട്ട ശ്രദ്ധേയമായ വേറൊന്നുള്ളത് മിക്കവാറും എല്ലാം അലിഖിതങ്ങളാണെന്നതാണ്. ആ ഒരു ഒറ്റകാരണത്താൽത്തന്നെ അവരിൽ തന്നെ ഇന്നു ചുരുക്കം ചിലർക്കു മാത്രം അറിയാവുന്ന ആ നാടൻ പാട്ടുകളും കലാപ്രകടനങ്ങളും ചികഞ്ഞെടുത്ത് റിക്കാർഡ് ചെയ്ത് സൂക്ഷിയ്ക്കേണ്ടത് അത്യാവശ്യമാണ്.

ഓരോ ദിവസങ്ങളും കഴിയുന്തോറും അവ അറിയാവുന്ന ആളുകളും മൺമറഞ്ഞുകൊണ്ടിരിക്കുന്നു എന്ന വസ്തുത കണക്കിലെടുത്ത് ഒരു നിമിഷം പോലും വൈകാതെ അവയെ സംരക്ഷിക്കുവാൻ ബന്ധപ്പെട്ടവർ സത്വരനടപടികളും സ്വീകരിച്ചില്ലെങ്കിൽ വളരെ കുറച്ചു നാളുകൾക്കുള്ളിൽത്തന്നെ അവ അന്യം നിന്നുപോകുമെന്നതിൽ സംശയമില്ല. നാടൻ കലകളെ പ്രോത്സാഹിപ്പിക്കുന്നു എന്ന് പെരുമ്പറകൊട്ടിഘോഷിക്കുന്ന അക്കാഡമിയും, സർക്കാരും മറ്റും ഈ അമൂല്യകലകളെ അനശ്വരമായി സംരക്ഷിക്കുവാൻ വേണ്ടി എന്തുചെയ്യുന്നു എന്നറിയുവാൻ അതിനു താത്പര്യമുള്ളവർ ആകാംക്ഷാഭരിതരായി കാത്തിരിക്കുന്നു.

കാണിക്കാരെ ജനകീയസർക്കാരിന്റെ ഭാഗമാക്കി അംഗീകരിക്കുന്നതിനുമുൻപുവരെ അവർക്ക് അവരുടെതായ ആചാരനുഷ്ഠാനങ്ങൾകൂടാതെ സ്വന്തമായ ഒരു ഭരണസംവിധാനമുണ്ടായിരുന്നു. ഓരോ മേഖലയിലും താമസിക്കുന്ന നൂറോളം കുടുംബങ്ങൾ ഒരു മൂട്ടുകാണിയുടെ വരുതിയിലാണ് ചരിച്ചിരുന്നത് പൊല്ലിനും കൊലയ്ക്കും വരെ അധികാരമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നു മൂട്ടുകാണിയ്ക്ക്. ഒരു മൂട്ടുകാണി മരണമടഞ്ഞാൽ അദ്ദേഹത്തിന്റെ മൂത്തമകളുടെ ഭർത്താവിനാണ് അടുത്തമൂട്ടുകാണിയാകാനുള്ള അവകാശം. ആ അവകാശം ഒരിയ്ക്കലും മക്കൾക്ക് ലഭിച്ചിരുന്നില്ല.

പിഴച്ച പെണ്ണിന് കഠിനമായ ശിക്ഷകളാണ് നല്കിയിരുന്നത് അവളെ നാട്ടുകാർക്കൊപ്പം സ്വന്തം വീട്ടുകാരും ചേർന്ന് മൂട്ടുകാണിയുടെ മുമ്പിലെത്തിക്കുന്നു. അദ്ദേഹം വിധിക്കുന്ന ഏതൊരു ശിക്ഷയും ശിരസ്സാവഹിക്കുവാൻ അച്ചടക്കമുള്ള ആ ആദിവാസികൾ സർവ്വാത്മനാ തയ്യാറായിരുന്നു. കാർക്കിച്ചുതുപ്പുന്ന കഞ്ഞികുടിപ്പിക്കുന്നതുമുതൽ ഉഴംവനത്തിൽ ഉപേക്ഷിക്കുന്നതുവരെയുള്ള ഏതൊരു ശിക്ഷയും അവരംക്ക് നല്കിയിരുന്നു. ഒപ്പം സ്ത്രീയ്ക്കും പുരുഷനും ചൂരൽ പ്രയോഗവും നല്കുമായിരുന്നു.

പ്ലാത്തിയാണ് അവരുടെ കാർമ്മികനും വൈദ്യനും. ജനനം, മരണം, തെരണ്ടുകല്യാണം വിവാഹം, കൊടുതി തുടങ്ങിയ എല്ലാക്കാര്യങ്ങളിലും പ്രധാന കാർമ്മികൻ പ്ലാത്തിയാണ് രോഗങ്ങൾ മാറാൻ പ്ലാത്തിയെവിളിച്ച് മന്ത്രമോതിച്ചു മലദൈവങ്ങളുടെ അനുഗ്രഹം തേടുന്ന പതിവ് അവരിലിന്നുമുണ്ടെങ്കിലും മിക്കവാറുമാളുകളും ഇന്നുപ്രധാനമായും ശരണംപ്രാപിക്കുന്നത് ആശുപത്രികളെയാണ്. എങ്കിലും മിക്കവാറും എല്ലാ രോഗങ്ങൾക്കും അവർക്കിന്ന് ഒറ്റമൂലിമരുന്നുകളുണ്ട്. ഔഷധച്ചെടികളുടെ ഈറ്റില്ലമായ അഗസ്ത്യാർകൂട താഴ്വരയിൽ വസിക്കുന്ന ഇവരിൽ ചിലർക്കിന്നും പാമ്പുകടിയ്ക്കെതിരെ പ്രയോഗിയ്ക്കേണ്ട പച്ചിലമരുന്നുവരെ അറിയാമെന്നുള്ളതും സത്യമാണ്, പക്ഷെ, അവരുടെ കലകളെപ്പോലെത്തന്നെ ഈ ഒറ്റമൂലിപ്രയോഗങ്ങളും ഇന്നു തലമുറ-തലമുറ കൈമാറി ഏതാണ്ട് അന്യം നിന്നുപോകുന്നതിന്റെ വക്കോളമെത്തിയിട്ടുണ്ട്. അമൂല്യമായ അവരുടെ അറിവുകളും അടിയന്തിരമായി സംരക്ഷണം അർഹിക്കുന്നു.

നെല്ല്, കപ്പ, വാഴ, കുരുമുളക്, കശുമാവ് തുടങ്ങി റബ്ബർ കൃഷിവരെ ഇന്ന് സെറ്റിൽമെന്റ് ഏരിയാകളിൽ താമസിക്കുന്ന കാണിക്കാർ നടത്തുന്നുണ്ട്. പക്ഷെ കാട്ടുമൃഗങ്ങളുടെ ശല്യം അവരെ അലസരാക്കുന്നു. തേൻശേഖരണം ഇന്ന് അവരുടെ ഒരു മുഖ്യ തൊഴിലാണ്. മഴക്കാലങ്ങളിൽ മിക്കവാറും കാട്ടുകിഴങ്ങുകളാണ് ആഹാരമാക്കുന്നത്.

പുരവിമല ട്രൈബൽസ്കൂൾ, മൂന്ന് അംഗൻവാടികൾ, രണ്ട് ക്രഷ്സെന്ററുകൾ, വിദ്യാസമാഹരണ സൊസൈറ്റി, കമ്മ്യൂണിറ്റിഹാൾ, വായനശാല, കാവുകൾ, പോസ്റ്റാഫീസ് തുടങ്ങിയവ കൂടാതെ ചില സെന്ററിൽ മെൻറുകളിൽ ഇന്ന് വൈദ്യുതിയും എത്തിയിരിക്കുന്നു.

ചുരുക്കത്തിൽ അമ്പതുവർഷങ്ങൾക്കു മുമ്പുവരെ വെറും കാട്ടുമനുഷ്യരെപോലെ കഴിഞ്ഞിരുന്ന അവർ മാറിമാറി വന്ന ജനകീയ സർക്കാരുകളുടെയും അമ്പൂരി ഗ്രാമ പഞ്ചായത്തിൻെറയും പ്രത്യേക ശ്രദ്ധയുടെ ഫലമായി പരിഷ്കൃതവർഗ്ഗത്തെപോലെ കുറേശെ മാറിക്കൊണ്ടിരിക്കുന്നു എന്നത് ആശ്വാസകരമാണ്.

രാജ്യത്ത് എങ്ങും ഉള്ളതിനേക്കാൾ തികച്ചും മതസൗഹാർദ്ദം നിലനിൽക്കുന്ന ഒരുപഞ്ചായത്താണ് അമ്പൂരിയെന്നുള്ളത് ഇന്നാട്ടിലെ സർവ്വജാതിമതസ്ഥർക്കും ഒരുപോലെ അഭിമാനകരമാണ്. പ്രാചീന ക്ഷേത്രങ്ങളുടെ അവശിഷ്ടങ്ങളും സ്മരണകളും ഇന്നും ഇവിടെയുണ്ട്. അമ്പൂരി, കൂട്ടപ്പൂ, ചീനക്കാല കുടപ്പനമൂട് തുടങ്ങിയ ഇടങ്ങളിലുള്ള ക്ഷേത്രങ്ങളിൽ പൂജകളും ഉത്സവങ്ങളും നടത്തുന്നുണ്ട്. കുട്ടമലയിലും, കുടപ്പനമൂട്ടിലും മൂങ്ങോട്ടും, പന്തയിലുമായ് നാല് (4) മോസ്ക്കുകളുണ്ട്. വലുതും ചെറുതുമായ നാല്പതോളം പള്ളികളും ഈ പഞ്ചായത്തിലുണ്ട്. അവയിൽ ചില പള്ളികളിൽ ആഘോഷമായ പെരുന്നാളുകളും നടത്തുന്നുണ്ട്. ക്ഷേത്രങ്ങളിലെ ഉത്സവമായാലും പള്ളികളിലെ പെരുന്നാളായാലും തിരുകർമ്മങ്ങളൊഴികെ മറെറല്ലാക്കാര്യത്തിലും നാട്ടിലുള്ള എല്ലാമതവിഭാഗത്തിൽപ്പെട്ടവരും ഒത്തൊരുമിച്ച് സഹകരിച്ച് അവയെ നാടിൻെറ തന്നെ ആഘോഷമേളകളാക്കി മാറ്റുകയാണ് ചെയ്യുന്നത്. എന്നാൽ പരിഷ്കൃതമനുഷ്യൻ അമ്പൂരിയിൽ കാലുകുത്തിയതിനുശേഷം ആദ്യമായി ഒരു പെരുന്നാൾ നടത്തിയത് 1951-ൽ ആയിരുന്നു. നാട്ടിൽ രോഗപീഡനങ്ങളും ഇല്ലാതായിത്തീരണമെന്ന പ്രാർത്ഥനയോടെ നടത്തപ്പെട്ട ''വസന്തപ്പെരുന്നാൾ'' ആയിരുന്നു അത്.

അമ്പൂരിയുടെ തിലകക്കുറിയായി പ്രശോഭിക്കുന്ന സെൻറ്തോമസ് ഹൈസ്ക്കൂൾ ഉൾപ്പെടെ 7 പാഠശാലകളാണ് ഈ പഞ്ചായത്തിലുള്ളത്. അതിൽ രണ്ട് ഇംഗ്ലീഷ്മീഡിയം സ്ക്കൂൾ ഉൾപ്പെടെ അഞ്ച് L P സ്ക്കൂളുകളും രണ്ട് U P സ്ക്കൂളുകളുമുണ്ട്. ഇതിൽ പുരവിമല ട്രൈബൽ L P സ്ക്കൂളും കുട്ടമല U P സ്ക്കൂളും മാത്രമാണ് സർക്കാർ അധീനതയിലുള്ളത്. അമ്പൂരി സെൻറ്തോമസ് H S ൽ ഈ വർഷം മുതൽ ഇംഗ്ലീഷ് മീഡിയം ക്ലാസ് ആരംഭിച്ചിട്ടുണ്ട്. ''വായിച്ചു വളരുക, ചിന്തിച്ചു പ്രബുദ്ധരാവുക'' എന്ന ആപ്തവാക്യം ഉത്ഘോഷിക്കുന്ന ഗ്രന്ഥശാലകളുടെ അവസ്ഥ ഈ പഞ്ചായത്തിൽ വളരെ ദയനീയമാണ്. അമ്പൂരി, മൂങ്ങോട്, മായം, പന്ത, കുടപ്പനമൂട്, കാരിക്കുഴി എന്നീ സ്ഥലങ്ങളിൽ ഗ്രന്ഥശാലകളും പ്രവർത്തിക്കുന്നു. അമ്പൂരിസെൻറ്ജോർജ് ഫൊറോനാപള്ളി സംഭാവന ചെയ്ത രണ്ടുസെൻറ് സ്ഥലത്ത് പ്രവർത്തിക്കുന്ന സെൻറ്തോമസ് ലൈബ്രറിയിൽ അയ്യായിരത്തോളം ഗ്രന്ഥശേഖരമുണ്ട്. ഗ്രന്ഥശാല ഗ്രാൻറും ലഭിക്കുന്നു. പഞ്ചായത്തുവക സ്ഥലത്ത് സർക്കാരിൻെറ പതിനൊന്നിന പരിപാടിയനുസരിച്ച് പണികഴിപ്പിച്ച കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മൂങ്ങോട് ലൈബ്രറി മൂവായിരത്തോളം ഗ്രന്ഥശേഖരവും വായനശാലയുമായി പ്രവർത്തിച്ചുവരുന്നു.

2000ത്തോളം പുസ്തകങ്ങളുടെ സമാഹരണത്തോടെ ആരംഭിച്ച പന്ത ലൈബ്രറി സ്വന്തമായ കെട്ടിടമില്ലാത്ത അവസ്ഥയിൽ പ്രവർത്തനരഹിതമാണിത്. ആയിരത്തോളം പുസ്തകങ്ങൾ മാത്രമാണിന്നിവിടുള്ളത്. ബാക്കിയുണ്ടായിരുന്നവ വിവിധതരത്തിൽ നഷ്ടപ്പെട്ടിരിക്കുന്നു.

പഞ്ചായത്തുവക മിനികമ്മ്യൂണിറ്റി ഹാളിൽ പ്രവർത്തിച്ചുവന്നിരുന്ന കുടപ്പനമൂട്ടിലെ കൈരളി ഗ്രന്ഥശാല ഇപ്പോൾ 1500-ൽ പരം പുസ്തകങ്ങളുമായി പ്രവർത്തനം തുടരുന്നു. ഒപ്പം വായനശാലയും പ്രവർത്തിക്കുന്നു.

മായം സെൻറ്മേരീസ് ചർച്ചിൻെറ യുവജനവിഭാഗം നടത്തുന്നതാണ് ഈ പഞ്ചായത്തിലെ മറെറാരു ലൈബ്രറി. കാരിക്കുഴിയിലെ വായനശാല ഇപ്പോഴും പ്രവർത്തനരഹിതമാണ്. കൂടാതെ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നടത്തിയിരുന്ന പല വായനശാലകളും ഇപ്പോൾ പ്രവർത്തിക്കുന്നില്ല. പത്രമാസികകളുടെ താങ്ങാനാവാത്ത വിലയാണിതിനുമുഖ്യകാരണമായി ചൂണ്ടിക്കാണിയ്ക്കപ്പെടുന്നത്. എന്നാൽ വ്യക്തികൾ വീടുകളിൽ വരുത്തിവായിക്കുന്ന പത്രമാസികളുടെ എണ്ണം അല്പം ആശാവഹമാണ്.

പത്രങ്ങൾ		എണ്ണം
മലയാള മനോരമ	—	580
കേരളകൗമുദി	—	47
മാതൃഭൂമി	—	43
ഇന്ത്യൻ എക്സ്പ്രസ്	—	9
ദേശാഭിമാനി	—	17
ദീപിക	—	34
ആകെ	—	730

ഇവ കുടുംബങ്ങളിൽ വരുത്തുന്ന പത്രങ്ങളായതുനാൽ ഏകദേശം പത്തുപേരെങ്കിലും ഒരു പത്രം വായിക്കുമെന്ന് കണക്കാക്കിയാൽ ഈ പഞ്ചായത്തിൻെറ പകുതിയിലധികമാളുകളും പത്രം വായനശീലമുള്ളവരെന്നു കാണാം.

ആഴ്ചപതിപ്പുകളും ദൈവാരികകളും മാസികകളും

മനോരമ	—	550
മംഗളം	—	610
ടി വീക്ക്	—	5
വനിത	—	108
രാഷ്ട്രദീപിക	—	5
ബാലരമ	—	115
ചിത്രകഥ	—	11
ബാലമംഗളം	—	55
കർഷകശ്രീ	—	42
കളികൂടുക്ക	—	15
ആകെ	—	1716
സിനിമാ മാസികകളും	—	51
		1767

പത്രപാരായണത്തേക്കാളും സ്ത്രീകളും കൂടുതൽ വായിയ്ക്കാൻ ഇഷ്ടപ്പെടുന്നത് മറ്റുള്ള സമകാലിക പ്രസിദ്ധീകരണങ്ങളാണ്. പ്രസിദ്ധീകരണശാലകളും ഒന്നും തന്നെ ഇല്ലാത്ത ഈ പഞ്ചായത്തിൽ സാഹിത്യപരമായ കഴിവുകളും പ്രകടമാക്കുന്നവർ തുലോം വിരളമാണ്.

ഈ പഞ്ചായത്തിൽ ഇദംപ്രഥമമായി ഒരു ഗ്രന്ഥം എഴുതി പ്രകാശനം ചെയ്തിട്ടുള്ളത് ശ്രീ. എസ്. ജി. അലക്സാണ്ടർ മണിമന്ദിരമാണ്. ജോൺമാർപ്പാപ്പയുടെ ജീവചരിത്രമാണ് അദ്ദേഹമെഴുതിയിട്ടുള്ളത്. അദ്ദേഹം ഇന്നു ജീവിച്ചിരിപ്പില്ല.!

വി.സി. വർഗീസ് വെട്ടുകാട്ടിൽ മറ്റൊരു പുസ്തകം എഴുതി പബ്ലിഷ്ചെയ്തിട്ടുണ്ട്. എന്നാൽ തുടർന്ന് അദ്ദേഹം സാഹിത്യരംഗത്ത് സംഭാവനകളൊന്നും നല്കിയിട്ടില്ല. ജോലിത്തിരക്കാണ് കാരണം.

സഹാറാ, ഹിരോഷിമ, സഹ്യപുത്രി തുടങ്ങിയ നാടകങ്ങളും സമകാലിക സാഹിത്യ രചനകളും നടത്തി ഈ പഞ്ചായത്തിലെ കലാസാഹിത്യരംഗത്ത് ഇന്നും സജീവമായി പ്രവർത്തിക്കുന്ന ഈ പഞ്ചായത്തിലെ ഒരു വ്യക്തിയാണ് കുമാരപുരം ജെ. വർഗ്ഗീസ്. പ്രഭാത് പബ്ലിക്കേഷൻസാണ് സഹാറാ പ്രകാശനം ചെയ്തത്. ഹിരോഷിമയും സഹ്യപുത്രിയും പാലാഴി പബ്ലിക്കേഷൻസാണ് പ്രകാശനം ചെയ്തത്.

കേരളത്തിൽ പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, പാലക്കാട്, കോഴിക്കോട് തുടങ്ങിയ ജില്ലകളിൽ പബ്ലിഷിങ് & സെല്ലിങ് യൂണിറ്റുകളും സ്ഥാപിച്ച് ബാലസാഹിത്യങ്ങളും മുതൽ അമൂല്യങ്ങളായ ഡിക്ഷനറികളും വരെ സ്വന്തമായി അച്ചടിച്ച് വിതരണം ചെയ്തിരുന്ന M. G. M. പബ്ലിക്കേഷൻസിന്റെ മാനേജിംഗ് ഡയറക്ടർ ശ്രീ. ജോസ് ജോർജ്ജ് വെട്ടുകല്ലിൽ ഈ പഞ്ചായത്തിലെ കലാസാഹിത്യ വേദികളിലൂടെ വളർന്നുവന്ന ഒരു യുവസാഹിത്യ പ്രവർത്തകനാണ്. അതുപോലെ തന്നെ ജേർണലിസം ഡിപ്ലോമ പാസായി കേരളത്തിലെ ഒരു പ്രമുഖപത്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാവിതലമുറയുടെ വാഗ്ദാനമായ ഒരു പത്രപ്രവർത്തകനാണ് ശ്രീ. ജോസഫ് ആൻറണി. അവകാശപ്പെടാൻ അധികമില്ലെങ്കിലും, പ്രോത്സാഹനം കലാപ്രതിഭകളും ധാരാളമുള്ളൊരു പഞ്ചായത്താണിതെന്നത് അല്പം അഭിമാനത്തോടെതന്നെ പ്രതിപാദിച്ചുകൊള്ളട്ടെ വാർഡുകമ്മറ്റിയും ആർട്സ് ക്ലബുകളോ വീടുകമ്മറ്റിയും പ്രതിഭകളോ ഇല്ലെങ്കിലും വളരെ പരിമിതമായി മാത്രം ലഭിക്കുന്ന സാഹചര്യങ്ങളും, പഠനപരീക്ഷണശാലകളാക്കി അതിലൂടെ പ്രതിഭകളായി ഉയരുവാൻ കഠിനപ്രയത്നം ചെയ്യുന്ന വലിയൊരു തലമുറ ഈ പഞ്ചായത്തിലുണ്ടെന്നാണ് പഠനങ്ങളിലൂടെ മനസ്സിലാവുന്നത്, പാടാനും, ആടാനും, അഭിനയിയ്ക്കുവാനും, ചിത്രമെഴുതുവാനും, സംഗീതോപകരണങ്ങളും കൈകാര്യം ചെയ്യുവാനും മറ്റും നല്ലപ്രാവിണ്യം പ്രാപിച്ച കലാകാരന്മാരും, കലാകാരികളും ഇവിടെയുണ്ട്.

ആറുവയസിനു താഴെയുള്ള പിഞ്ചുകുട്ടികളും മുതൽ അറുപതുവയസിനു മേലെ പ്രായമുള്ള വന്ദ്യവയോധികരുവരെ ഇവിടെ കല ആസ്വദിക്കുന്നു, പങ്കിടുന്നു, പങ്കെടുക്കുന്നു. നേഴ്സറി സ്ക്കൂളിലെ കുഞ്ഞുങ്ങളും മുതൽ അറുപതിനുമേൽ പ്രായമുള്ള മുൻപഞ്ചായത്ത് പ്രസിഡൻറ് ശ്രീ. P C തോമസ്സാറിനെ അഭിമാനപുരസരം അരങ്ങത്തെത്തി അഭിനയിക്കാൻ തയ്യാറാകുന്നു.

സബ്ജില്ലാ സ്ക്കൂൾ കലോത്സവങ്ങളിൽ പാറശാല ഉപവിദ്യാഭ്യാസ ജില്ലയിൽ L P വിഭാഗത്തിൽ 1992 93-ൽ ഓവറോൾ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കിയത് അമ്പൂരി സെൻറ് തോമസ് L P സ്ക്കൂളാണ്. ഇതേ സ്ക്കൂളിലെ ജോബി ജോസായിരുന്നു ആ വർഷത്തെ കലാപ്രതിഭയും. 1995-96 സ്ക്കൂൾ വർഷത്തിൽ കാട്ടാക്കട സബ്ജില്ലാ കലോത്സവത്തിൽ U P വിഭാഗത്തിൽ കലാപ്രതിഭയായി തെരഞ്ഞെടുത്ത അഭിലാഷ് ഈ പഞ്ചായത്തിലെ മായം സെൻറ്മേരീസ് U P സ്ക്കൂളിലെ വിദ്യാർത്ഥിയാണ്. ഈ പഞ്ചായത്തിൽ ആകെയുള്ള മൂന്ന് (3) ആർട്സ് ക്ലബ്ബുകളും ആളൊഴിഞ്ഞ അരങ്ങുപോലെ ബോർഡുകളിൽ മാത്രം തൂങ്ങിക്കിടക്കുന്നു. പിന്നെയുള്ളത് ചില കേന്ദ്രസംഘടനകളുടെകീഴിൽ പ്രവർത്തിക്കുന്ന കലാരംഗമാണ്. സൺഡേസ്സ്ക്കൂൾ, K C S, മിഷ്യൻലീഗ്, മാതൃസംഘം തുടങ്ങിയവ കലാപരമായ കഴിവുകളും അവതരിപ്പിക്കുവാൻ അവസരങ്ങളും, മത്സരങ്ങളും നടത്തി സമ്മാനങ്ങളും വിതരണം ചെയ്യാറുണ്ട്. പക്ഷേ ഇവയുടെ പ്രയോജനം ഒരു പ്രത്യേക മതവിഭാഗത്തിനുമാത്രമേ ലഭിക്കുന്നുള്ളൂ. ചുരുക്കത്തിൽ നാട്ടുകാരുടെ വകയായി എല്ലാവർക്കും ഒരുപോലെ സഹകരിച്ചു

പ്രവർത്തിക്കാനുള്ള കലാസംഘടനകളുടെ അപര്യാപ്തത വളർന്നുവരാൻ കൊതിക്കുന്ന യുവകലാപ്രതിഭകളെ സംബന്ധിച്ചിടത്തോളം വളരെ നിരാശജനകമാണ്.

എന്നാൽ പല കലാ-സാംസ്കാരിക സംഘടനകളും 1970-90 കാലഘട്ടത്ത് ഇവിടെ പ്രവർത്തിച്ചിരുന്നു. അതിലൂടെവളർന്ന് പന്തലിച്ച് വടവൃക്ഷങ്ങളായി പരിശോഭിക്കുന്ന ചില കലാകാരൻമാർ ഇവിടെയുണ്ട്. 1986 മുതൽ ഇന്നോളം ഏകദേശം ഇരുപതോളം റേഡിയോ നാടകങ്ങളിൽകൂടി വ്യത്യസ്ത കഥാപാത്രങ്ങളെ അവതരിപ്പിച്ച് ശ്രോതാക്കളുടെ ശ്രദ്ധ പിടിച്ചുപറ്റിയ ഈ നാട്ടിലെ ആദ്യത്തെ റേഡിയോ സ്റ്റാറായ അമ്പൂരി സുരേന്ദ്രൻനായർ, 1994 ലെ കേരള ഗവർണ്ണർ നടത്തിയ പ്രൊഫഷണൽ നാടക മത്സരത്തിൽ ഏറ്റവും നല്ല നടനുള്ള അവാർഡ് കരസ്ഥമാക്കിയ കുടപ്പനമൂട് സുദർശനൻ, പല പ്രൊഫഷണൽ ട്രൂപ്പുകളിലും അഭിനയിച്ചിട്ടുള്ള O T ജോസ്, നാലുവർഷങ്ങളായി കൊല്ലം അജന്തയിലും, തിരുവനന്തപുരം അശ്വതിയിലും അഭിനയിച്ചുവരുന്ന അമ്പൂരിജയൻ തുടങ്ങിപലരും ഇന്നാട്ടിലെ അമച്വർ നാടക സംഘടനകളിലൂടെ വളർന്നുവന്നിട്ടുള്ള വരാണ്. ലളിത ഗാനങ്ങളും, സമൂഹ ഗാനങ്ങളും, കഥാപ്രസംഗം, പദ്യപാരായണം തുടങ്ങിയ കലാപരിപാടികളും റേഡിയോയിലും, ടിവിയിലും അവതരിപ്പിച്ചുപോരുന്ന ഒരു സംഘം കുട്ടികളും ഈ നാട്ടിലുണ്ട്. രണ്ടു പ്രൊഫഷണൽ ട്രൂപ്പുകളും ഇവിടെ പ്രവർത്തിച്ചിരുന്നു. ഇതിൽ അമ്പൂരി തീയറേഴ്സിന്റെ 'കാൽവരിയുടെ സ്വപ്നം' എന്ന ബൈബിൾ ഡ്രാമാസ്കോപ്പ് നാടകം കണ്ണൂരുമുതൽ തമിഴ്നാടുവരെയുള്ള നിരവധി സ്റ്റേജുകളിൽ അവതരിപ്പിച്ച് പ്രശംസ കൈവരിച്ചിട്ടുണ്ട്. ഇതിൽ പങ്കെടുത്തിരുന്ന നടീ-നടൻമാരും, സാങ്കേതിക വിദഗ്ധരുമെല്ലാം നൂറുശതമാനവും അമ്പൂരിയിലെ കലാകാരൻമാർതന്നെയാണ്. നാടകവും, ഗാനങ്ങളും എഴുതി സംവിധാനം ചെയ്തത് കുമാരപുരം ജെ വർഗീസാണ്. ഇവിടെയുണ്ടായിരുന്ന മറ്റൊരു പ്രൊഫഷണൽ നാടക സംഘടനയായിരുന്നു ''അഗസ്ത്യം'' തീയറേഴ്സ് അമ്പൂരി. ചിറയ്ക്കത്തൊട്ടിയിൽ C D ജോർജിന്റെ മാനേജ്മെന്റിൽ ആരംഭിച്ച ഈ നാടകട്രൂപ്പിന്റെ ''ബലിപുരാണം'' എന്ന നാടകം രചിച്ചത് കുട്ടമലയിലുള്ള മധുകലാമിത്രയാണ്.

കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ രണ്ട് യൂണിറ്റുകളും (ശാഖ) ഇവിടെ സജീവമായി പ്രവർത്തിക്കുന്നുണ്ട്. സ്കൂൾ തലങ്ങളിൽ ശാസ്ത്രീയമായ കലാബോധം കുട്ടികളിൽ വളർത്തിയെടുക്കുന്നതിൽ ഈ സംഘടന നല്ല സംഭാവനകളും നല്കുന്നുണ്ട്. എന്തുകൊണ്ട്? എന്തുകൊണ്ട്? എന്ന ചോദ്യം ചോദിക്കുന്ന തിരുവനന്തപുരത്തു നടന്ന സ്കൂൾ വിജ്ഞാന ജില്ലാതല മത്സരത്തിൽ അമ്പൂരി സെന്റ് തോമസ് H. S-ലെ പ്രിയാതങ്കപ്പൻ എന്ന കുട്ടിയാണ് ഒന്നാം സമ്മാനം കരസ്ഥമാക്കിയത്.

ഗാനഭൂഷണം രാമചന്ദ്രൻനായരുടെ കലാക്ഷേത്രയിൽ സംഗീതം, നൃത്തം, വാദ്യോപകരണ പരിശീലനം തുടങ്ങിയവ അമ്പൂരി കേന്ദ്രമാക്കി നടത്തുന്നുണ്ട്.

ആർട്സിലേതെന്നപോലെ തന്നെ സ്പോർട്സിലും പ്രാവിണ്യം തെളിയിച്ചിട്ടുള്ള ചില പ്രതിഭകളും ഇവിടെയുണ്ട്. സ്പോർട്സ് ആൻറ് ഗെയിംസിൽ തല്പരരായ കുട്ടികളും, ചെറുപ്പക്കാരും ഒട്ടേറെയുണ്ടെങ്കിലും ഒരു പരിശീലനകളരി ഇന്നും മരീചികയാണ്. ബാറ്റ്മിന്റൺ, വോളീബോൾ, ബാസ്ക്കറ്റ് ബോൾ എന്നിവകൂടിക്കായി അമ്പൂരി സെന്റ് തോമസ് H.S-ന് ഗ്രൗണ്ടുകൾ ഉണ്ടെന്നുള്ളതല്ലാതെ മറ്റു ഗെയിംസുകൾ നടത്തുവാനോ, ട്രാക്ക് പ്രാക്റ്റീസിനോ ഇവിടെ ഒരു മിനി സ്റ്റേഡിയം പോലുമില്ല. അമ്പൂരി സെന്റ്തോമസ് H.S-ലെ ഫിസിക്കൽ എഡ്യൂക്കേഷൻ ടീച്ചറായിരുന്ന എൻ. രവീന്ദ്രസാറിന്റെ മേൽനോട്ടത്തിൽ പത്തു വർഷങ്ങൾക്ക് മുൻപ് അതിനായി ഒരു ശ്രമം നടത്തുകയുണ്ടായിയെങ്കിലും വിജയം കണ്ടില്ല. വോളീബോൾ, സിമ്മിങ്പൂൾ അത്തിലറ്റിക്സ് എന്നീ ഇനങ്ങളിൽ ഈ വിദ്യാഭ്യാസ ജില്ലയിൽ അമ്പൂരി സ്കൂളിനെ ഈ അദ്ധ്യാപകന്റെ ശ്രമഫലമായി പല പ്പോഴും ഒന്നാം സ്ഥാനത്തെത്തിച്ചിട്ടുണ്ട്. ജില്ലാതലത്തിലും, സംസ്ഥാനതലത്തിലും, അന്തർ സംസ്ഥാനതലത്തിലും മറ്റും വിദ്യാർത്ഥികളെ സ്പോർട്സിൽ പങ്കെടുപ്പിക്കുവാൻ ഈ പരിശ്രമശാലിയായ സ്പോർട്സ്മാന് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ ഫിസിക്കൽ എഡ്യൂക്കേഷൻ റിട്ടേഴ്സായി വിവിധ സ്കൂളുകളിൽ ജോലിനോക്കുന്ന മിനി മാലിയക്കൽ, ജോളി തുരുത്തേൽ, ജോർജ്ജ് തോമസ് കുറിയക്കൽ, പ്രകാശിനി തോമസ് കുഴിവേലിൽ എന്നിവർ രവീന്ദ്രൻ സാറിന്റെ ശിക്ഷണത്തിൽ വളർന്നുവന്ന ഈ നാടിന്റെ അഭിമാന ഭാജനങ്ങളാണ്. ഇതിൽ പ്രകാശിനി തോമസ് ആറാം ഇന്ത്യാ യൂണിവേഴ്സിറ്റി അത്ലറ്റിക് മീറ്റിൽ ലോങ്ജമ്പിന് സമ്മാനം കരസ്ഥമാക്കിയിട്ടുണ്ട്.

ഈ നാട്ടിലെ സ്പോർട്സ് പ്രേമികളായ യുവജനങ്ങൾക്ക് എന്നും അത്താണിയും ആവേശവുമായിവർത്തിക്കുന്ന ഒരു സംഘടനയാണ് C. Y. M. A. കലാ-കായിക വേദികൾ ഒരുക്കിക്കൊടുത്ത മത്സരങ്ങൾ സംഘടിപ്പിച്ചും സ്പോർട്സ് രംഗത്ത് പഞ്ചായത്തിന്റെ നിത്യ വസന്തമായി ഈ സംഘടന പ്രവർത്തിച്ചുവരുന്നു. C.Y.M.A. ഗ്രൗണ്ടിൽ വച്ച് വർഷംതോറും നടത്താറുള്ള ജില്ലാതല വോളീബോൾ ടൂർണമെന്റ് തദ്ദേശവാസികൾക്ക് ഹരംപകരുന്ന ഒരു മഹാമേളയായി മാറിയിട്ടുണ്ട്. ശ്രീ. ഒ റ്റി. തോമസ്, ചാക്കോ തുരുത്തേൽ തുടങ്ങിയവർ സാരഥ്യമരുളിയിരുന്ന C.Y.M.A.യ്ക്ക് സ്പോർട്സ് രംഗത്ത് ഇന്ന് നേതൃത്വം നല്കുന്നത് തുരുത്തേൽ ബേബിയാണ്. ആർട്സിലും, സ്പോർട്സിലും താത്പര്യമുള്ള യുവജനങ്ങൾക്ക് പങ്കെടുക്കാവുന്ന മറ്റൊരു സന്ദർഭം പഞ്ചായത്തുതലത്തിൽ നടത്തുന്ന കേര

ളോത്സവമാണ് വർഷംതോറും നിർദ്ദിഷ്ടസമയങ്ങളിൽ മൂന്ന് ദിവസങ്ങൾകൊണ്ട് നടത്താറുള്ള ഈ കലാകായികോത്സവം ഈ രംഗത്തുള്ളവർക്ക് ഉത്തേജനഘടകമായിത്തീർന്നിട്ടുണ്ടെന്ന് നിസംശയം പറയാവുന്നതാണ്.

ഈ നാട്ടിലെ പുരുഷന്മാരിൽ നല്ലൊരു പങ്ക് മദ്യപാനശീലമുള്ളവരാണ്. സാമ്പത്തിക ഭദ്രതയ്ക്കും, കുടുംബ സമാധാനത്തിനും മാത്രമല്ല ചിലപ്പോഴെങ്കിലും അത് നാട്ടിലെ സൈരജീവിതത്തിനും ഭീഷണിയായിത്തീരാറുണ്ടെന്നുള്ള വസ്തുതയും സന്ദർഭോചിതമായി ഇവിടെ സൂചിപ്പിച്ചുകൊള്ളുന്നു സാംസ്കാരിക പഠനകേന്ദ്രങ്ങളും, ഫിലിം സൊസൈറ്റികളും, വീഡിയോക്ലബുകളും, ഇൻഫർമേഷൻ സെൻറുകളും, കലാ സാഹിത്യ സംഘങ്ങളും തുടങ്ങിയവയൊന്നും ഇവിടെ പ്രവർത്തിക്കുന്നില്ല. അതിനാൽ ഗവൺമെൻറ് ഗ്രാൻറ് ലഭിയ്ക്കുന്ന കലാ-കായിക സാഹിത്യ സംഘങ്ങൾ ഒന്നുംതന്നെ ഇല്ല

സ്ത്രീപീഡനങ്ങളോ കൊലപാതകങ്ങളോ ഇല്ലെന്നു തന്നെ പറയാമെങ്കിലും അപൂർവ്വമായെങ്കിലും ചില സംഘർഷങ്ങൾ ഉണ്ടാവാറുണ്ട് എന്നാൽ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിലും ആവശ്യങ്ങൾ നേടിയെടുക്കുന്നതിലും പഞ്ചായത്തിൻെറ സർവ്വതോന്മുഖമായ ഉന്നമനത്തിനുമെല്ലാം പരസ്പരം സഹായ-സഹകരണങ്ങൾ പങ്കിട്ട് സഹവർത്തിത്തോടെ മുന്നേറുന്ന പരിശ്രമശാലികളായ ജനങ്ങളാണീ പഞ്ചായത്തിലുള്ളതെന്ന വസ്തുത തികച്ചും ആശാവഹമായ കാര്യമാണെന്നുള്ളതിൽ ആർക്കും രണ്ടുപക്ഷമുണ്ടാവില്ല.

പ്രശ്നങ്ങൾ

1. ആദിവാസികളുടെ പൗരാണിക നാടൻ കലാരൂപങ്ങൾ അന്യംനിന്നു പോകാനിടയുണ്ട്.
2. സ്പോർട്സ് ക്ലബ്ബുകൾ, വായനശാലകൾ, ഗ്രന്ഥശാലകൾ എന്നിവയുടെ അപര്യാപ്തത.
3. പത്രപാരായണശീലക്കുറവ്,
4. പത്രമാസികകളുടെ വിലവർദ്ധനവ്.
5. താത്പര്യമുള്ള കലാ-കായിക താരങ്ങൾക്ക് സംരംഭങ്ങളും, അർഹമായ പ്രോത്സാഹനങ്ങളും ലഭിക്കുന്നില്ല.
6. പ്രസിദ്ധീകരണ പദ്ധതികൾ ഇല്ല.

   വ്യക്തിഗത കലാസ്ഥാപനങ്ങൾക്ക് ഗ്രാൻറ് ലഭിക്കുന്നില്ല

   സ്റ്റേഡിയമോ, മറ്റു കളിസ്ഥലങ്ങളോ ഇല്ല

   പല വാർഡുകളിലും ഗ്രന്ഥശാലകൾക്ക് നല്ല കെട്ടിടങ്ങളോ ഫർണിച്ചറുകളോ ഇല്ല.

പരിഹാര മാർഗ്ഗങ്ങൾ

പത്രമാസികകളുടെ പരസ്യനിരക്ക് വർദ്ധിപ്പിച്ച് വരിസംഖ്യ കുറക്കുക.

2. വായനശാലകൾക്ക് പത്രമാസികകൾ സൗജന്യനിരക്കിൽ ലഭിക്കുവാൻ സൗകര്യം ഏർപ്പെടുത്തുക.
3. സ്പോർട്സ് & ആർട്സ് ക്ലബ്ബുകളെ സംരക്ഷിക്കുവാൻ പഞ്ചായത്ത് ഗ്രാൻറ് അനുവദിക്കുക.
4. അന്യം നിന്നുപോകാനിടയുള്ള ആദിവാസികളുടെ നാടൻ കലാരൂപങ്ങളെയും, ആചാരങ്ങളെയും പ്രോത്സാഹിപ്പിക്കുക
5. ഒപ്പം അവരുടെ മറ്റുകലകളെയും സംരക്ഷണത്തിനായി ഒരു മിനി ആർട്സ് മ്യൂസിയം നിർമ്മിക്കുക
6. പഞ്ചായത്തിൽ ഒരു നല്ലസ്റ്റേഡിയം നിർമ്മിക്കുകയും വാർഡുകൾതോറും മിനിസ്റ്റേഡിയങ്ങൾ നിർമ്മിക്കുവാൻ ധനം അനുവദിക്കുകയും അതിനുവേണ്ടിയുള്ള ഭൂമി അക്വയർ ചെയ്യുകയും ചെയ്യുക.
7. പ്രൊഫഷണൽ നാടക സംഘങ്ങൾ തുടങ്ങുവാൻ സർക്കാർ, ജാമ്യത്തിൽ ലോൺ അനുവദിക്കുക.
8. വ്യക്തിഗത കലാപഠനകളരികൾക്ക് ഗ്രാൻറ് അനുവദിക്കുക.
9. പ്രസിദ്ധീകരണശാല തുടങ്ങുവാനും, പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുവാനും ധനസഹായം ചെയ്യുക.
10. കലാ-കായിക മത്സരങ്ങളും, ടൂർണമെൻറുകളും സംഘടിപ്പിക്കുവാൻ ധനസഹായം ചെയ്യുക.
11. പഞ്ചായത്തുതല കേരളോത്സവങ്ങളിൽ പങ്കെടുത്തുവിജയിക്കുന്നവർക്ക് മേൽഘടകങ്ങളിൽപോയി മത്സരിക്കുവാൻ ആവശ്യമായ യാത്രാചിലവും, മറ്റു ചിലവുകളും നല്കുക.
12. പഞ്ചായത്തുതലംമുതൽ സംസ്ഥാനതലംവരെ സ്ത്രീകൾക്കുമാത്രമുള്ള സാഹിത്യസമാജങ്ങളും, ചർച്ചാക്ലാസുകളും സംഘടിപ്പിച്ച് മത്സരങ്ങൾ നടത്തി പ്രതിഭകളെ കണ്ടെത്തുക.
13. പത്രപാരായണം മുഖ്യവിഷയമാക്കി യുവജനങ്ങൾക്കും സ്കൂൾ കുട്ടികൾക്കുംവേണ്ടിയുള്ള ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക.
14. കലാ സാഹിത്യ പ്രവർത്തനങ്ങൾ നടത്തുന്ന സാംസ്കാരിക പ്രവർത്തകർക്ക് ഓരോ പഞ്ചായത്തിൽ നിന്നും ഒരേയാളെ തിരഞ്ഞെടുത്ത് പ്രതിവർഷ ഗ്രാൻറ് നല്കുക.
15. റേഡിയോ, ടി.വി കിയോസ്ക്കുകൾ എല്ലാ വാർഡുകളിലും ഏർപ്പെടുത്തുക.
16. മന്ദീഭവിച്ചു കിടക്കുന്ന സാക്ഷരതാ പഠനകേന്ദ്രങ്ങൾ പുനരുദ്ധരിപ്പിക്കുകയും പുതിയവ തുടങ്ങുകയും സാക്ഷരതാദ്ധ്യാപകർക്ക് മാന്യമായ വേതനം ഏർപ്പെടുത്തുകയും ചെയ്യുക.

വനിത

അമ്പൂരി ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ കൂടുതലും സ്ത്രീകളാണ്. 8218 സ്ത്രീകളും 8117 പുരുഷൻമാരുമാണ് ഉള്ളത്. ഇത് 1991-ലെ സെൻസസ് പ്രകാരമാണ്. അമ്പൂരി ഗ്രാമപഞ്ചായത്ത് വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്ന പഞ്ചായത്താണ്; അതിനാൽ വനിത പ്രസിഡണ്ടാണ് ഇവിടെ. 19 അംഗങ്ങളുള്ള ഈ ഗ്രാമപഞ്ചായത്തിൽ മൂന്നു വനിത മെമ്പർമാരുമുണ്ട്. ഈ 3 മെമ്പറമാരും വനിത സംവരണ വാർഡിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെട്ടത്. അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ ചരിത്രത്തിലാദ്യമായിട്ടാണ് ഈ ഗ്രാമപഞ്ചായത്തിന് മൂന്നു വനിത മെമ്പർമാരെ കിട്ടുന്നത്. മാത്രമല്ല വനിത പ്രസിഡണ്ടും ഇതാദ്യമായാണ്. അതിനാൽ വനിത പ്രാതിനിധ്യമുള്ള ഒരു പഞ്ചായത്താണ് അമ്പൂരി.

1991-ലെ സെൻസസ് പ്രകാരം 8218 സ്ത്രീകളും ഉണ്ടെന്നാണ്. ഇവരിൽ ഔദ്യോഗിക സ്ഥാനങ്ങളിൽ ഇരിക്കുന്നവർ വളരെ കുറവാണ്. കൂടുതലും കൂലി വേലക്കാരുടെ പട്ടികയിൽ പെടുന്നവരാണ്. മുൻകാലങ്ങളിൽ സ്ത്രീകളും കൂടുതലും കൂലി വേലക്കാരായിരുന്നെങ്കിലും ഇപ്പോൾ പല കാരണങ്ങൾ കൊണ്ടും കൂലിവേല പോലും ഇല്ലാത്ത സ്ഥിതിയിലാണ് വന്നിരിക്കുന്നത്. ഈ പഞ്ചായത്തിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്നവരുടെ ഏകദേശ രൂപം താഴെ കൊടുക്കുന്നു.

1.	അധ്യാപകർ	60
2.	നഴ്സുമാർ	94
3.	അംഗനവാടി വർക്കേഴ്സ്	28
4.	കെട്ടിട നിർമ്മാണ തൊഴിലാളികൾ	365

---

17. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധമാക്കിയിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാത്ത രക്ഷകർത്താക്കൾക്ക് സർക്കാർ പഞ്ചായത്തുതലങ്ങളിൽ യാതൊരുവിധ ധനസഹായങ്ങളും നല്കാതിരിക്കുക.
18. നാടകക്കളരികളും, അയോധനവിദ്യാലയങ്ങളും പഞ്ചായത്തുതലത്തിൽ സംഘടനകളേയും വ്യക്തികളേയും പ്രോത്സാഹിപ്പിക്കുക
19. റേഡിയോ, ടി വി തുടങ്ങിയമാദ്ധ്യമങ്ങൾ വാങ്ങുവാൻ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം കുറഞ്ഞ പലിശക്ക് അനുവദിക്കുക.
20. ഒന്നിലധികം ദിവസങ്ങളിൽ നടത്തുന്ന ഉത്സവ കേന്ദ്രങ്ങളിലും, പെരുന്നാൾസ്ഥലങ്ങളിലും ഒരു ദിവസമെങ്കിലും തദ്ദേശകലാകാരൻമാരുടെ കലാപരിപാടികൾ അവതരിപ്പിക്കുവാൻ നിർദ്ദേശം നല്കുക.
21. എല്ലാ സ്കൂളുകളിലും കലാ-കായിക അധ്യാപകരെ നിർബന്ധമായും നിയമിക്കുക.
22. സാഹിത്യ—കലകൾ ഒരു പാഠ്യവിഷയമായി ഉയർത്തുക.
23. സർക്കാരിന്റെ മദ്യനയം പുനപരിശോധിച്ച് വ്യാജ വിഷമദ്യവില്പനകൾ തടയുകയോ, മറ്റുനിയമാധിഷ്ഠിതമായ മാർഗ്ഗങ്ങൾ അവലംബിക്കുകയോ ചെയ്യുക.
24. ഗ്രന്ഥശാലകൾക്ക് കെട്ടിടങ്ങൾ ഇല്ലാത്തിടത്ത് കെട്ടിടങ്ങൾ നിർമ്മിക്കുകയോ, പൊളിച്ചുപണിയുകയോ, വലുതാക്കുകയോ ചെയ്യുക.
25. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകൾ സ്ഥാപിക്കുക.

സാധ്യതകൾ

1. അനന്യസാധാരണമായ പൗരാണിക ആദിവാസി കലകൾ അന്യം നിന്നുപോകാതെ കലാ-സാഹിത്യ ഭണ്ഡാഗാരത്തിലേക്ക് ഒരു വൻ മുതൽ കൂട്ടുണ്ടാക്കാവുന്നതാണ്.
2. കലാ-കായിക-സാഹിത്യ രംഗത്ത് ശോഭിതരായ മുൻതലമുറക്കുശേഷം ചുറുചുറുപ്പുള്ള പിൻതലമുറയെ വാർത്തെടുക്കുവാൻ കഴിയും.
3. വായനാശീലം വർദ്ധിക്കുന്നു.
4. വനിതാ സാംസ്കാരികമേഖല പുഷ്ടിപ്പെടുന്നു.
5. കലാ-കായിക-സാംസ്കാരിക പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ കൂടുതൽപേരെ പ്രേരിതരാക്കുന്നു.
6. തൊഴിൽ സാധ്യത വർദ്ധിക്കുന്നു.
7. കലാ-സാംസ്കാരിക പ്രവർത്തകർക്ക് അംഗീകാരവും, അഭിമാനവും വർദ്ധിക്കുന്നു.

5.	റബ്ബർ ടാപ്പിംഗ് തൊഴിലാളികൾ	85
6.	ചുമട്ടു തൊഴിലാളികൾ	240
7.	കൃഷി തൊഴിലാളികൾ	645
8.	തയ്യൽ തൊഴിലാളികൾ	215
9.	മറ്റു തരത്തിലുള്ള തൊഴിലുകൾ	260
10.	സാമൂഹ്യ പ്രവർത്തകർ	50

മേൽവിവരിച്ച പട്ടികപ്രകാരം ഏതെങ്കിലും തരത്തിൽ പണിയെടുക്കുന്നവർ 2042 പേർ മാത്രമാണുള്ളത്. സാമൂഹ്യ പ്രവർത്തകർ 50 പേരുമാണുള്ളത്. ഇതിൽ കൂടുതലും കൂലിവേലക്കാരാണ്. ബാക്കി വരുന്നവർ അധികവും വീട്ടമ്മമാരും തൊഴിൽരഹിതരുമാണ്. ഇവരിൽ തൊഴിൽ ആഗ്രഹിക്കാത്തവരും തയ്യാറാകത്തതുമായ വീട്ടമ്മമാരുമുണ്ട് ഇതിൽനിന്നും സ്ത്രീകളുടെ തൊഴിലില്ലായ്മയെ കുറിച്ചും ഒരു ചിത്രം വ്യക്തമാണല്ലോ?

അമ്പൂരി ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപെട്ട സ്ത്രീകൾ 547 പേർ ആണ്. ഇവരിൽ 36 പേർ ഗവൺമെൻറുതലങ്ങളിലും സ്വകാര്യമേഖലകളിലും ജോലി ചെയ്യുന്നുണ്ട്. ബാക്കിവരുന്നവർ വീട്ടമ്മമാരും, തൊഴിൽരഹിതരും മറ്റുമാണ്. മാത്രമല്ല, പട്ടിക ജാതിക്കാർ ഉള്ള പ്രദേശങ്ങളിലുള്ള വനിതകൾ കൂലിപ്പണി ചെയ്യാൻ തയ്യാറുള്ളവരാണെങ്കിലും പണികൾ കുറവായതു കാരണം നിത്യവൃത്തിയ്ക്കു പോലും ബുദ്ധിമുട്ടുന്നവരാണ്. കൂടാതെ മറ്റു വനിതകൾക്കായാലും ഈ സ്ഥിതി തന്നെ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു. മാത്രമല്ല പണികൾ കിട്ടിയാൽ തന്നെ പുരുഷന്മാരെക്കാൾ സ്ത്രീകൾക്കു കൂലിയും കുറവാണ്. ഇതുകാരണം മുഖ്യവനിതകളും സാമ്പത്തികമായി ബുദ്ധിമുട്ടുന്നവരുമാണ്.

പഞ്ചായത്തിലെ കാർഷിക മേഖലയിലെ മുരടിപ്പ് കാരണം വനിത കർഷക തൊഴിലാളികളുടെ തൊഴിലവസരം കുറയാൻ കാരണമായിട്ടുണ്ട്. മുൻകാലങ്ങളിൽ ഉണ്ടായിരുന്ന വയൽ കൃഷികൾ ഇന്നു അന്യാധീനപ്പെട്ടു പോയതും തൊഴിലവസരം ഇല്ലാതെ വന്നതിനു മറെറാരു കാരണമാണ്. ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു കൂടുതൽ വനിതകൾക്കും പഞ്ചായത്തുകൾ വഴിയും IRDP വഴിയും പശു, ആട് തുടങ്ങിയ മൃഗങ്ങളെ വളർത്തുന്നതിനു ലോണുകൾ നല്കണം. ലോണുകൾ കൊടുത്താൽ മാത്രം പോര അതു പ്രാവർത്തികമാക്കുന്നുണ്ടോ എന്നുകൂടി പരിശോധിക്കേണ്ടതുണ്ട്.

സഹ്യൻെറ സാനുക്കളിൽപെട്ട ഈ അമ്പൂരി ഗ്രാമപഞ്ചായത്ത് മുൻകാലങ്ങളിൽ ഔഷധസസ്യങ്ങളുടെകലവറയായിരുന്ന പ്രദേശമാണ്. എന്നാൽ ഇന്ന് ഈ പഞ്ചായത്തിൽ ഇത് തുലോം കുറവാണ്. ആയതിനാൽ ഔഷധസസ്യങ്ങൾ വച്ചുപിടിപ്പിച്ചു വളർത്തുന്നതിനനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തി ആ പ്രദേശങ്ങളിൽ ഔഷധ സസ്യങ്ങൾ നട്ടുവളർത്തുന്നതിനും അവയുടെ സംരക്ഷണങ്ങൾക്കും ഒരു വനിത ഗ്രൂപ്പ് ഫാമിംഗ് ആരംഭിക്കുകയാണെങ്കിൽ കുറെയധികം വനിതകൾക്കും ഒരു ഉപജീവന മാർഗവുമായിരിക്കുകയും ചെയ്യും. കൂടാതെ വീട്ടമ്മമാർക്കു പച്ചക്കറിതോട്ടം നിർമ്മിക്കുന്നതിനു കൃഷി വേനുകൾ, പഞ്ചായത്ത് തുടങ്ങിയവ വഴി നല്ലയിനം പച്ചക്കറി വിത്തുകൾ സൗജന്യമായി നല്കുകയും, പച്ചക്കറി തോട്ടം എങ്ങനെ നിർമ്മിക്കാം എന്നതിനെ കുറിച്ചുള്ള ക്ലാസുകളും (ഒരു മാതൃക കൃഷിതോട്ടം പഞ്ചായത്തു ഏറെറടുത്തു നടത്തുകയും വേണം.) നല്കിയാൽ അവരവരുടെ വീടിനു ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനു കഴിയുകയും ചെയ്യുന്നതോടൊപ്പം, പച്ചക്കറിയുടെ ഉല്പാദനത്തിൽ പഞ്ചായത്ത് സ്വയംപര്യാപ്തതയിൽ എത്തുകയും ചെയ്യുന്നു. മാത്രമല്ല വീട്ടമ്മമാർക്കൊരു തൊഴിലും കൈവരുന്നു എന്നതാണ് ഇതിൻെറ ഒരു പ്രത്യേകത.

അമ്പൂരി ഗ്രാമ പഞ്ചായത്തിൽ പൊതുവെ ഒരു വ്യവസായ സംരംഭവും ഇല്ല. തൊടുമലയിൽ വനിതകൾക്കായി ഒരു നൂൽ നൂൽപ്പ് കേന്ദ്രം കേഡസിൻെറ വകയായി ആരംഭിച്ചെങ്കിലും ഇന്ന് അത് പ്രവർത്തന രഹിതമായി കിടക്കുകയാണ്. തുടക്കത്തിൽ 24 വനിതകൾ നൂൽ നൂൽപ്പിനു ഉണ്ടായിരുന്നെങ്കിലും കൂലിയും സ്റെറപൻേറാ ഇവിടെ പണിയെടുക്കുന്ന വനിതകൾക്കു നൽകുവാൻ അധികൃതർ തയ്യാറാകാത്തതുമൂലവും, നൂൽ നൂൽപ്പിനു കൊണ്ടുവന്ന മെഷിനറികൾ

ഇരുമ്പിലുള്ളതും കൈകൊണ്ടുകറക്കാൻ പ്രയാസമുള്ളതുമായ പഴയമെഷിനറി സാധനങ്ങളായതിനാൽ എല്ലാവരും കൊഴിഞ്ഞുപോകാൻ കാരണമായിത്തീർന്നു. ഇത് വെറും അഞ്ചുമാസമാണ് പ്രവർത്തിച്ചത്. ആയതിനാൽ ഏത് ഏജൻസിയാണോ ഈ സംരംഭം നടപ്പിലാക്കിയത് ആ ഏജൻസിയെ കൊണ്ട് ഈ സ്ഥാപനം തുടർന്നു പ്രവർത്തിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ പഞ്ചായത്തിൽ നിന്നും ഉണ്ടാകണം,

കൂടാതെ കേഡസിന്റെ വകയായി ഒരു തയ്യൽ പരിശീലന കേന്ദ്രവും ഈ പഞ്ചായത്തിൽ നടക്കുന്നുണ്ട്. ഈ സ്ഥാപനം ഇന്നു അമ്പൂരി പള്ളിവക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിനു സ്വന്തമായി കെട്ടിടവും മറ്റു സംവിധാനങ്ങളും ഉണ്ടാക്കുന്നതിനു കേഡസിനുവേണ്ട സഹായസഹകരണങ്ങൾ പഞ്ചായത്തിൽ നിന്നും ചെയ്യുകയും വേണം.

മലയോര പ്രദേശമായതിനാൽ ഇവിടെ ധാരാളം റബ്ബറും, അൽബീസിയായും, മുരുക്കും മരങ്ങൾ ഉള്ളതുകൊണ്ട് പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പ്ലൈവുഡ് ഫാക്ടറി, തീപ്പെട്ടി കമ്പനി തുടങ്ങിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചാൽ വനിതകളുടെ തൊഴിലില്ലായ്മ ഒരു പരിധി വരെ നിയന്ത്രിക്കുകയും ചെയ്യുന്നതോടൊപ്പം നാടിനു വികസനം കൈവരുകയും ചെയ്യുന്നു. കൂടാതെ വനിതകൾക്കു തയ്യൽ പരിശീലനകേന്ദ്രങ്ങളും, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണശാലയും, എംബ്രോയിഡറി പരിശീലന കേന്ദ്രവും ആരംഭിച്ചാൽ ഒരുവിധം വിദ്യാഭ്യാസം കഴിഞ്ഞു വീടുകളിൽ വെറുതെയിരിക്കുന്ന പെൺകുട്ടികൾക്കു ഒരു തൊഴിലും അതിൽ നിന്നും വരുമാനമുണ്ടാവുകയും ചെയ്യുന്നു അതുപോലെ വനിതകൾ പരമ്പരാഗതമായി ചെയ്തുകൊണ്ടിരിക്കുന്ന പായ് നെയ്ത്ത്, കുട്ടവരിയൽ മറ്റുവസ്തുക്കൾ നിർമ്മിക്കൽ തുടങ്ങിയവ കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിക്കുകയും വേണ്ട സാമ്പത്തിക സഹായം ചെയ്യേണ്ടതും അത്യാവശ്യമായ കാര്യമാണ്. വനിതകൾക്കു ചെറുകിട വ്യവസായങ്ങൾ എങ്ങനെ നടത്താമെന്നും, ഇതിനുള്ള സാമ്പത്തിക സഹായങ്ങൾ എവിടെ നിന്നൊക്കെ കിട്ടുമെന്നും, ഈ ചെറുകിട വ്യവസായങ്ങൾ വഴി ഉല്പാദിക്കുന്ന ഉല്പന്നങ്ങൾ എങ്ങനെ വിപണനം ചെയ്യാം എന്നതിനെക്കുറിച്ചുമുള്ള ക്ലാസുകൾ പഞ്ചായത്തുതലത്തിൽ കൊടുക്കുകയും വേണം.

വിദ്യാഭ്യാസപരമായി പുരുഷൻമാരെക്കാൾ ഇവിടത്തെ വനിതകൾ പിന്നിലല്ല. എങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ എത്തിനോക്കിയിട്ടുള്ളവരുടെ എണ്ണം കുറവാണ്. ശരാശരി S.S.L.C. യാണ് ഇവിടുത്തെ വനിതാ വിദ്യാഭ്യാസം. സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് സ്ത്രീകൾ തുലോം കുറവാണ്.

ഈ പഞ്ചായത്തിൽ വനിതകൾക്കായുള്ള ഒരു വിദ്യാഭ്യാസ സ്ഥാപനവും ഇല്ല. ഉയർന്ന വിദ്യാഭ്യാസത്തിനും, സാങ്കേതിക വിദ്യാഭ്യാസത്തിനും മറ്റു ജില്ലകളെയോ, താലൂക്കുകളെയോ ആണ് ആശ്രയിക്കേണ്ടിവരുന്നത്. തൻമൂലം പല പെൺകുട്ടികളുടെയും തുടർന്നുള്ള പഠനത്തിനുസാധിക്കാതെയും വരുന്നു. ഇതു പരിഹരിക്കുന്നതിലേക്ക് മലയോര ഗ്രാമപഞ്ചായത്ത് എന്ന നിലയിൽ വനിതകൾക്കായി സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം സർക്കാർ തലത്തിൽ പഞ്ചായത്തിൽ നടപ്പിലാക്കണം.

ഈ പഞ്ചായത്തിൽ 14 അംഗൻവാടികൾ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനായി പ്രവർത്തിക്കുന്നുണ്ടെങ്കിലും ഈ അംഗനവാടികൾക്കൊന്നും അടിസ്ഥാനപരമായ സൗകര്യങ്ങൾ ഇല്ല. കുട്ടികൾക്കാവശ്യമായ കളികോപ്പുകൾ വിദ്യാഭ്യാസ ഉപകരണങ്ങൾ ഇവയൊന്നും ലഭിക്കാത്ത അംഗനവാടികളും ഉണ്ട്. ഈ അംഗനവാടികളുടെ പുരോഗമന പ്രവർത്തനങ്ങൾ ബ്ലോക്കു പഞ്ചായത്തുവഴി നടപ്പാക്കണം.

ഈ പഞ്ചായത്തിലെ വനിതകളുടെ വിദ്യാഭ്യാസം കുറയാൻ പ്രധാന കാരണം രക്ഷിതാക്കളിലെ സാമ്പത്തികശേഷി ഇല്ലായ്മയാണ്. സാമ്പത്തിക പ്രശ്നംമൂലം പ്രൈമറി വിദ്യാഭ്യാസം പോലും പൂർത്തിയാക്കാൻ കഴിയാതെ വരുന്ന വനിതകളാണ് കൂടുതൽ. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പെൺകുട്ടികൾക്കു സാമ്പത്തിക സഹായങ്ങൾ ജില്ലാപഞ്ചായത്തോ ബ്ലോക്കുപഞ്ചായത്തോ ഏറ്റെടുത്തുനടപ്പാക്കേണ്ട

താണ്. കാരണം ഈ പഞ്ചായത്തിലെ വിദ്യാഭ്യാസ നിലവാരം നോക്കുകയാണെങ്കിൽ പുരുഷൻമാരെക്കാളും സ്ത്രീകളാണ് മുൻപന്തിയിൽ.

ഈ പഞ്ചായത്തിൽ സ്ത്രീകൾക്കാണ് കൂടുതൽ രോഗങ്ങളും ഉണ്ടാകുന്നത്. ആരോഗ്യപരിപാലനത്തിനായി ഈ പഞ്ചായത്തിൽ ആകെയുള്ള ഒരു ഹെൽത്ത് സെൻറർ മായത്തു പ്രവർത്തിക്കുന്നുണ്ട്. ആവശ്യമായ മരുന്നുകളോ, മറ്റു സൗകര്യങ്ങളോ ഈ ഹെൽത്ത് സെൻററിനില്ല. ഈ അവസ്ഥ മാറ്റിയെടുക്കുന്നതിനു ബന്ധപ്പെട്ട അധികാരികൾ മുൻകൈയെടുക്കണം.

പ്രസവസംബന്ധമായ ആവശ്യങ്ങൾക്കു ഈ പഞ്ചായത്തിലെ വനിതകൾ പാറശ്ശാല, നെയ്യാറിൻകര, മെഡിക്കൽകോളേജ് തുടങ്ങിയ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. മാത്രമല്ല ഈ ആശുപത്രികൾ കിലോമീറ്ററുകൾ അകലെയുമാണ്.

ഈ പഞ്ചായത്തിലെ അംഗൻവാടികളിൽ മാസത്തിലൊരിക്കൽ ഹെൽത്ത് സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ സെൻററുകൾ വഴി ഇപ്പോൾ പ്രതിരോധ കുത്തിവയ്പും തുള്ളിമരുന്നുകളുമാണ് കുട്ടികൾക്കായി നൽകുന്നത്. ഇതോടൊപ്പം ഒരു ലേഡി ഗൈനക്കോളജിസ്റ്റ് ഡോക്ടറുടെ സേവനം കൂടി ലഭ്യമാക്കുകയാണെങ്കിൽ ഗർഭിണികൾക്കുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾക്കു പരിഹാരം കാണാൻ കഴിയും.

മലയോര ഗ്രാമപഞ്ചായത്ത് എന്ന പരിഗണനയിൽ ഈ പഞ്ചായത്തിൽ ഒരു P H C യും ഒരു ലേഡി ഗൈനക്കോളജിസ്റ്റിനെയും അനുവദിപ്പിക്കുകയും വേണം. വനിതകൾക്കായി ആരോഗ്യപരമായ ചർച്ചാ ക്ലാസുകൾ നല്കുകയും വേണം. ആരോഗ്യപരമായ ക്ലാസുകൾകൊണ്ട് പകർച്ചവ്യാധികളെ നിയന്ത്രിക്കുന്നതിനും ശുചിത്വമുണ്ടാക്കുന്നതിനും കഴിയുന്നു.

കൂടാതെ ഹൈസ്ക്കൂൾ തലങ്ങളിൽ പഠിക്കുന്ന പെൺകുട്ടികൾക്കു വിദഗ്ദ്ധരായ ഡോക്ടർമാരെകൊണ്ടു ആരോഗ്യപരമായ ക്ലാസുകൾ നല്കുകയും വേണം. ഈ ക്ലാസുകൾ വഴി പെൺകുട്ടികൾക്കു കൗമാരദശയിൽ ഉണ്ടാകുന്ന പ്രശ്നങ്ങൾക്കു പരിഹാരം കാണുന്നതിനു കഴിയുകയും ചെയ്യും.

ഈ പഞ്ചായത്തിലെ ഏറ്റവും വലിയ ഒരു ദുരന്തമായി മാറികൊണ്ടിരിക്കുന്ന ഒന്നാണ് വ്യാജവാറും, വ്യാജചാരായ വിപണനവും മദ്യപാനവും. ചാരായനിരോധനം കൊണ്ടു ആദ്യമൊക്കെ കുറെയെറെ കുറഞ്ഞെങ്കിലും, ഇന്ന് ഈ വിപത്ത് പൂർവ്വാധികം ശക്തി പ്രാപിക്കുകയും ചെയ്തു. മാത്രമല്ല ഈ പഞ്ചായത്തിൻെറ ഏതു മുക്കിലും മൂലയിലും വ്യാജചാരായ വിപണനം നടക്കുന്നത് കാണാൻ കഴിയുന്ന കാഴ്ചയാണ്. ഇതുകാരണം കുടുംബങ്ങളിൽ ദാരിദ്ര്യവും അക്രമവും പെരുകുന്നു. ഇതിൻെറ ദുരിതമനുഭവിക്കുന്നത് സ്ത്രീകളാണ്. കൂടാതെ ഈ മഹാവിപത്തുവഴി പല കുടുംബങ്ങളും ഇന്നു തകർന്നുകൊണ്ടിരിക്കുന്ന അവസ്ഥയാണ് കാണാൻ കഴിയുന്നത്. ഈ മഹാവിപത്ത് ഈ പഞ്ചായത്തിൽ നിന്നും എന്നെന്നേക്കുമായി തുടച്ചുനീക്കുന്നതിന് വനിതകളും പുരുഷൻമാരും ഒരുമിച്ചു മുൻകൈയെടുത്തു പ്രവർത്തിക്കണം. അതിലേയ്ക്കായി ജാതി മത വ്യത്യാസമില്ലാതെ ഒരു കമ്മിറ്റി രൂപീകരിച്ചു പ്രവർത്തിക്കുകയാണെങ്കിൽ ഈ മഹാവിപത്ത് ഇല്ലാതാക്കുന്നതിനു കഴിയും.

പിതാക്കൻമാരുടെ മദ്യപാനംമൂലം സ്ക്കൂൾ കുട്ടികൾക്കു പഠിക്കുന്നതിനുപോലും കഴിയാത്ത അവസ്ഥയാണ്. ഇതു മാനസികമായി പെൺകുട്ടികളെ ബുദ്ധിമുട്ടിക്കുന്ന പ്രശ്നങ്ങളിൽ ഒന്നാണ്.

മുൻകാലങ്ങളിൽ പുരുഷൻമാരെ പോലെ സ്ത്രീകൾക്ക് സ്വാതന്ത്ര്യം ഇല്ലായിരുന്നു. എന്നാൽ കാലം മാറിയതോടെ ആ അവസ്ഥയ്ക്കും മാറ്റം വന്നു അങ്ങനെ എല്ലാ മേഖലകളിലും സ്ത്രീ പങ്കാളിത്തം ഉണ്ടായെങ്കിലും നമ്മുടെ പഞ്ചായത്തിൽ സ്ത്രീ പീഢനവും സ്ത്രീധന പ്രശ്നങ്ങളും കാരണം പലരും ദുരിതമനുഭവിക്കുന്നവരാണ് 30% വനിതകളും സ്ത്രീധന പ്രശ്നംമൂലം പീഡനമനുഭവിക്കുന്നവരാണ്. സ്ത്രീധന പ്രശ്നംമൂലം ബന്ധം ഉപേക്ഷിക്കപ്പെട്ടവർ 15% വരും. ഇതെല്ലാം ഉണ്ടാകാൻ

പ്രധാന കാരണം മദ്യപാനമാണ്. ഈ ദുഷ് സ്ഥിതികളം ഒഴിവാക്കുന്നതിനു വനിതകളും പുരുഷൻമാരും ഒത്തൊരുമിച്ചു പ്രവർത്തിച്ചു ആശയ വിനിമയങ്ങളം വഴി ബോധവാൻമാരാകേണ്ടത് ആവശ്യമായ ഒരു കാര്യമാണ്.

രോഗാവുള്ളപ്പോളം വിധവകളാകേണ്ടിവരുന്ന വനിതകളും നമ്മുടെ പഞ്ചായത്തിൽ കുറവല്ല അവരുടെ ഉന്നമനത്തിനുവേണ്ടി കുടിൽ വ്യവസായങ്ങളം തുടങ്ങുന്നതിനു സൗജന്യ പ്രതിനിധിയും സാമ്പത്തിക സഹായവും പഞ്ചായത്തുതലങ്ങളം വഴി നടപ്പിലാക്കുകയും വേണം. മറ്റു അർഹരായ വിധവകളംക്കും ഈ ആനുകൂല്യങ്ങളം നൽകുകയും പെൻഷൻ ഏർപ്പെടുത്തുകയും ചെയ്യണം. ഇത് വിധവകളായവർക്കു ഒരു അനുഗ്രഹമായിത്തീരുകയും ചെയ്യും.

കൂടാതെ കർഷകതൊഴിലാളി പെൻഷനും, വാർദ്ധക്യ പെൻഷനും അർഹരായ എല്ലാവനിതകളംക്കും നൽകുകയും വേണം.

മലയോര ഗ്രാമപ്രദേശമായതിനാൽ അശ്ലീല പോസ്റ്ററുകളം വളരെയധികം ഇല്ലെങ്കിലും അങ്ങിങ്ങായി ചില പോസ്റ്ററുകളം കാണാവുന്നതാണ്. ഇതിനെ ഉൻമൂലനം ചെയ്യാൻ പഞ്ചായത്ത് അധികൃതർതന്നെ നടപടികളം എടുക്കണം.

അമ്പൂരി ഗ്രാമപഞ്ചായത്തിൽ മഹിളാസംഘടനകളം പലതും ഉണ്ടെങ്കിലും ഇവയ്ക്കൊന്നും അർഹമായ അംഗീകാരം കിട്ടുന്നില്ല. പല സംഘടനകളും ഒറ്റപ്പെട്ട പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഈ പഞ്ചായത്തിൽ ഒരുവിധം നല്ലരീതിയിൽ പ്രവർത്തിക്കുന്ന ഒരു മഹിളാസമാജമാണ് 'സ്നേഹാലയം കമ്മ്യൂണിറ്റി സർവ്വോദയ സെൻറർ' ഈ സമാജത്തിൻെറ കീഴിൽ നാലു സമാജങ്ങളം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ മഹിളാസമാജം വഴി നബാഡിൻെറ സഹായത്തോടെ പത്തുയൂണിറ്റുകളം പ്രവർത്തിക്കുന്നുണ്ട്. ഇതുവഴി വനിതകൾക്കു കോഴിവളർത്തലിനും ആടുവളർത്തലിനും വായ്പകളം കൊടുക്കുന്നുണ്ട്. കൂടാതെ ഒരു യൂണിറ്റിൽ മുപ്പതു വനിതകളം ഉണ്ട്. ഇവർക്കു ക്ഷേമനിധി ഏർപ്പെടുത്തിയിരിക്കുന്നു അതായത് അവരവർ നിശ്ചയിക്കുന്ന ഒരു തുക നിക്ഷേപിക്കുന്നുമുണ്ട്. ഇതൊക്കെയുണ്ടെങ്കിലും കൂടുതൽ വനിതകളെ പങ്കെടുപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങളം ചുരുക്കമാണ്.

മഹിളാ സംഘടനകളം വഴി ആരോഗ്യ ചർച്ചാ ക്ലാസുകളും, തയ്യൽ പരിശീലനവും ബുക്കു ബയൻറിംഗ് നിർമ്മാണം തുടങ്ങിയവയും നടത്തുന്നുണ്ട്. ഏതുരംഗത്തും സ്ത്രീ പങ്കാളിത്തം ഉറപ്പുവരുന്നതിനു ഏറ്റവും അനുയോജ്യമായ വേദികളാണ് മഹിളാ സംഘടനകളം. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത് പോലുള്ള ശാസ്ത്ര സംഘടനകളം അഖിലേന്ത്യാടിസ്ഥാനത്തിൽ സമത എന്ന പരിപാടികളം ആസൂത്രണം ചെയ്തുനടപ്പാക്കികൊണ്ടിരിക്കുന്ന ഈ അവസരങ്ങളിൽ ഈ സമതയുടെ പരിപാടികളും മഹിളാ സംഘടനകളം വഴി അതിൻെറ പ്രവർത്തനങ്ങളും ഈ പഞ്ചായത്തിൽ നടത്തുകയാണെങ്കിൽ വനിതകളം സാംസ്ക്കാരികമായും വിദ്യാഭ്യാസ പരമായും ഉയരുന്നതിനും പ്രവർത്തിക്കുന്നതിനും വഴി തെളിക്കും.

സാംസ്ക്കാരികമായും വിദ്യാഭ്യാസപരമായും ഉയരണമെങ്കിൽ സ്ത്രീകളംക്കു ഒരുമിച്ചു കൂടുന്നതിനുള്ള ഒരു സംവിധാനം ആവശ്യമാണ്. നമ്മുടെ പഞ്ചായത്തിൽ ഇങ്ങനെ ഒരു സംവിധാനം ഇല്ല. വനിതകളുടെ പ്രവർത്തനങ്ങളം ശരിയായ രീതിയിൽ നടത്തണമെങ്കിൽ മഹിളാ സംഘടനകളം മുന്നോട്ടുവന്നാൽ മാത്രമേ കഴിയുകയുള്ളൂ. അതിലേക്കായി എല്ലാ മഹിളാ സംഘടനകളും ഒരുമിച്ചു പ്രവർത്തിക്കേണ്ടതു് ആവശ്യമാണ്.

ഈ പഞ്ചായത്തിലെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവല്ല. സാമൂഹ്യരംഗത്ത് സ്ത്രീകളം കൂടുതലായി കടന്നുവരേണ്ടതു് രാഷ്ട്രത്തിൻെറ കെട്ടുറപ്പിനും, ഭാവി തലമുറയ്ക്കും അത്യന്താപേക്ഷിതമാണ്.

പ്രധാന പ്രശ്നങ്ങൾ

1. സ്ത്രീകളുടെ തൊഴിലില്ലായ്മ.
2. തൊഴിൽ മേഖലയിൽ സ്ത്രീകളോടുള്ള വിവേചനങ്ങളം.

പട്ടികജാതി, പട്ടികവർഗ്ഗം

പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ ആവിർഭാവത്തെക്കുറിച്ച് പല ഐതിഹ്യങ്ങളും നിലവിലുണ്ട്. അതിൽ പ്രബലമായ ഒന്ന് താഴെ പറയുന്നതാണ്.

ദ്രാവിഡ വർഗ്ഗത്തിൽപ്പെട്ട കൃഷിവലന്മാർ കൂട്ടമായി പാർത്തിരുന്ന പല സ്ഥലങ്ങളിലും ആര്യന്മാരുടെ കുടിയേറ്റത്തോടെ സംഘട്ടനങ്ങളുണ്ടായി. ആര്യന്മാരുടെ അധിനിവേശം ആദിദ്രാവിഡർ ശക്തമായി എതിർത്തിരുന്നു. എന്നാൽ, യുദ്ധമുറകളിലും മറ്റും പ്രാവീണ്യമുണ്ടായിരുന്ന ആര്യന്മാർ പ്രബലരായ ദ്രാവിഡരെ തെരഞ്ഞുപിടിച്ച് കൊല്ലുകയും മറ്റു പലരേയും വനാന്തരങ്ങളിലേയ്ക്ക് ആട്ടിപ്പായിക്കുകയും ചെയ്തു. അങ്ങനെ വനാന്തരങ്ങളിൽ കുടുങ്ങിപ്പോയ ആദിദ്രാവിഡരെയാണ് പട്ടികവർഗ്ഗക്കാർ എന്നു പറയുന്നത്. ആദിദ്രാവിഡരിൽ അത്ര കർക്കശ സ്വഭാവക്കാരല്ലായിരുന്ന ചിലരെ ക്രൂരകൃത്യങ്ങളിലും ഭീഷണികളിലും കൂടെ വരുതിയിൽ കൊണ്ടുവരാനും ആര്യന്മാർ ശ്രമിച്ചു. അങ്ങനെ വരുതിയിൽ കൊണ്ടുവന്നവരെ അടിമപ്പണികളും ചെയ്യുന്നവരാക്കി മാറ്റി. അവരാണ് ഇന്നത്തെ പട്ടികജാതിക്കാർ. ദ്രാവിഡർ അധിവസിച്ചിരുന്ന കാലഘട്ടത്തിൽ നിലവിലുണ്ടായിരുന്ന സംസ്കാരം നിലനിന്നിരുന്നു എന്നത് ചരിത്രസത്യമാണല്ലോ. ദ്രാവിഡരുമായി സഹകരിച്ച് അവർക്ക് വേണ്ട ഒത്താശകളും ചെയ്തുകൊടുത്ത മറ്റൊരു കൂട്ടർ ദ്രാവിഡർ മറ്റു പല ജാതികളായും ഇന്നറിയപ്പെടുന്നു.

തലമുറ തലമുറകളായി യാതനയനുഭവിച്ച് നാടിന്റെ സാമ്പത്തികവളർച്ചയ്ക്ക് കാര്യമായ സംഭാവന നൽകിയ പട്ടികജാതി, പട്ടികവർഗ്ഗക്കാരെ പുരോഗതിയുടെ പാതയിലേയ്ക്കു കൂട്ടിക്കൊണ്ടുവരാനുള്ള ശ്രമം സ്വാതന്ത്ര്യലബ്ധിക്കുശേഷം കാര്യമായി ആരംഭിച്ചു. അതിനുമുമ്പുതന്നെ ഈ വിഭാഗക്കാരെ സഹോദരങ്ങളായി തിരിച്ചറിഞ്ഞ യൂറോപ്യൻ മിഷനറിമാരുണ്ടായിരുന്നു. ഈ മിഷനറിമാർ ഇവരിൽ ചിലരെയൊക്കെ ക്രിസ്തുമതത്തിൽ ചേർക്കുകയും അങ്ങനെ ചേർത്തവരിൽ പലരേയും കുക്ക്, ബട്ലർ തുടങ്ങിയ ജോലികളിൽ നിയമിക്കുകയും ചെയ്തു. ഇങ്ങനെയുള്ളവരുടെ മക്കൾക്ക് വിദ്യാഭ്യാസം നല്കുന്നതിലും മിഷനറിമാർ മടികാണിച്ചില്ല. പല സ്കൂളുകളും ഇവർക്ക്

---

3. സ്ത്രീപീഡനം.
4. പൊതുരംഗത്ത് സ്ത്രീകളുടെ അദൃശ്യത.
5. സ്ത്രീധന സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.
6. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീയോടുള്ള അവഗണന.

പരിഹാര മാർഗ്ഗങ്ങൾ

1. സ്ത്രീകൾക്ക് കരകൗശല വിദ്യയിലും, കുടിൽ വ്യവസായങ്ങളിലും പഞ്ചായത്ത് തലത്തിൽ പരിശീലനം നൽകുക.
2. സ്ത്രീധന പീഡനവും, സ്ത്രീകളോടുള്ള വിവേചനവും അവസാനിപ്പിക്കുന്നതിനുള്ള ബോധവത്കരണവും, നിയമനടപടികളും കൈക്കൊള്ളുക.
3. പൊതു രംഗത്തേയ്ക്ക് സ്ത്രീകളെ ആകർഷിക്കാനുള്ള നടപടികളും സ്വീകരിക്കുക.
4. ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളിൽ സ്ത്രീകൾക്ക് മുൻതൂക്കം നൽകുക.
5. ഗൈനക്കോളജിസ്റ്റിനെ നിയമിച്ച് സ്ത്രീകളുടെ ആരോഗ്യം മെച്ചപ്പെടുത്തുക.

സാധ്യതകൾ

1. ആരോഗ്യവും ബുദ്ധിയുമുള്ള വീട്ടമ്മമാർ ഭാവി പൗരന്മാരെ വാർത്തെടുക്കുന്നു.
2. സ്ത്രീകളോടുള്ള വിവേചനം അവസാനിക്കുന്നു.
3. സ്ത്രീകളുടെ വരുമാനമാർഗ്ഗം വർദ്ധിച്ച് കുടുംബത്തിന് ഐശ്വര്യം കൈവരുന്നു.
4. സ്ത്രീകൾ കൂടുതലായി പൊതുരംഗത്തേയ്ക്ക് കടന്നുവരുന്നു.

യഥേഷ്ടം അഡ്മിഷൻ നല്കുന്നതിനായി സ്ഥാപിക്കുകയും ചെയ്തു. മഹാത്മാഗാന്ധി തന്റെ സേവന രംഗത്ത് പ്രധാനമായി കണക്കിലെടുത്തത് ഈ ജാതിക്കാരെയാണ്. അവരുടെ ഉന്നമനത്തിനുവേണ്ടി സ്വാതന്ത്ര്യലബ്ധിക്കു മുമ്പുതന്നെ അദ്ദേഹം ചെയ്തകാര്യങ്ങളും ശ്രദ്ധേയമാണല്ലോ. സ്വാതന്ത്ര്യ ലബ്ധിക്കു ശേഷം നിയമനിർമ്മാണം വഴി ഈ രണ്ടു ജാതിക്കാരുടെയും പുരോഗതിക്കായി ചെയ്ത നല്ല കാര്യങ്ങളിൽ പ്രാധാന്യമർഹിക്കുന്നതാണ് 'സംവരണം' എന്ന തത്വം. സംവരണത്തിലൂടെ പട്ടികജാതി പട്ടികവർഗ്ഗത്തിൽപെട്ട ഒരു ചുരുങ്ങിയ വിഭാഗം വിദ്യാസമ്പന്നർക്ക് വിവിധ നിലകളിലുള്ള ഗവൺമെന്റ് ജോലികളിൽ കടിച്ചു. കൃഷി, വ്യവസായം, സാമൂഹ്യക്ഷേമം, വേനനിർമ്മാണം തുടങ്ങിയ പല മേഖലകളിലായി ഇവർക്കുവേണ്ടി പല പദ്ധതികളും ആവിഷ്ക്കരിക്കുവാൻ കഴിഞ്ഞുവെങ്കിലും, ഇങ്ങനെയുള്ള പദ്ധതികളിലൂടെ മുന്നോക്കം വരാൻ കഴിഞ്ഞവരുടെ എണ്ണം തുലോം പരിമിതമാണ്. പല പദ്ധതികളും കടലാസു പദ്ധതികളായി അവശേഷിക്കുന്നു.

മത പരിവർത്തനം ചെയ്ത പട്ടികജാതിക്കാരെ ഗവൺമെന്റു നൽകുന്ന ആനുകൂല്യങ്ങൾക്കൊന്നും അർഹരാകാതെ മതത്തിന്റെ അടിസ്ഥാനത്തിൽ മാറ്റി നിർത്തുക എന്ന നയം കാലക്രമേണ പുനഃപരിശോധിക്കപ്പെട്ടു. ബുദ്ധമതം, സിക്കുമതം തുടങ്ങിയ വിശ്വാസങ്ങളിലേയ്ക്ക് പരിവർത്തന വിധേയരായവർ എല്ലാ ആനുകൂല്യങ്ങൾക്കും അർഹരായി. എന്നാൽ അത്ഭുതമെന്നു [illegible] പറയട്ടെ—ക്രിസ്തുമതത്തിലേയ്ക്ക് പരിവർത്തനം ചെയ്തവരെ അപ്പോഴും ആനുകൂല്യങ്ങൾക്ക് അർഹരാക്കാതെ മാറ്റി നിർത്തി. അങ്ങനെ, 'ഹൈന്ദവനായാൽ ഒരു നീതി, ക്രൈസ്തവനായാൽ മറെറാന്ന്' എന്ന മുദ്രാവാക്യം മുഴക്കുന്നതിലേയ്ക്ക് ഇവരെ കൊണ്ടെത്തിച്ചു.

നാം ഏഴു പഞ്ചവത്സര പദ്ധതികളും പിന്നിട്ടു കഴിഞ്ഞുവല്ലോ. എട്ടാം പദ്ധതി അതിന്റെ അവസാന കാലഘട്ടത്തിൽ എത്തി നിൽക്കുന്നു കോടികളാണ് ഈ പദ്ധതികളിലൂടെ ഈ ജാതിക്കാരുടെ ഉദ്ധാരണത്തിന് ചെലവഴിച്ചത്. എന്നിട്ടും സാമ്പത്തിക വളർച്ചയിൽ ഇവർ ഇന്നും പിന്നണിയിൽ തന്നെയാണ്. ചെലവുകുറഞ്ഞ വീടും കക്കൂസും നിർമ്മിച്ചു നല്കിയതു കൊണ്ടുമാത്രം എങ്ങനെ സാമ്പത്തിക വളർച്ചയുണ്ടാകും? നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികളും ആവിഷ്ക്കരിച്ചാൽ അവ കടലാസിൽ അവശേഷിക്കുകയേയുള്ളൂ. എന്തിനും ഏതിനും ഒരു നൂറുവട്ടം വിവിധ ഗവൺമെന്റ് ഓഫീസുകളുടെ വാതിലുകളിൽ ചെന്നുമുട്ടി സമയവും സമ്പത്തും നഷ്ടപ്പെടുത്തുന്ന എത്രയോ പേരുണ്ട്! ഇവരുടെ യഥാർത്ഥ ഉന്നമനമാണ് ലക്ഷ്യമെങ്കിൽ അവരെ സഹായിക്കേണ്ട ഓഫീസുകളും അവരുടെ അടുത്തേയ്ക്ക് എത്തണം. ''ഫയലിൽ നിന്ന് വയലിലേയ്ക്ക്'' എന്ന തത്വം ഈ രംഗത്ത് പ്രയോഗത്തിൽ കൊണ്ടുവരേണ്ടതാണ്.

ജാതി വ്യത്യാസം എന്നത് കേരളത്തിലില്ല എന്നു വീമ്പടിക്കുന്നവരാണ് നമ്മൾ. എന്നാൽ, നാമോരോരുത്തരുടെയും ഉള്ളിന്റെ ഉള്ളിലേയ്ക്കു കടന്നു നോക്കിയാൽ കാണുന്ന ചിത്രം ഭയാനകമാണ്! പ്രത്യേകിച്ചും, വിദ്യാഭ്യാസം സിദ്ധിച്ചവരുടെയിടയിൽ, ഇന്നും ചിലരെയെങ്കിലുമൊക്കെ കുറഞ്ഞ ജാതിക്കാർ എന്നു കാണുന്ന പ്രത്യേകത നമ്മുടെ ഹൃദയങ്ങളിൽ രൂഢമൂലമാണ്. നമ്മുടെ നാട്ടിൻ പുറങ്ങളിൽ [illegible] പട്ടണങ്ങളിൽ എത്ര പട്ടികജാതിക്കാർ ഹോട്ടലുകൾ നടത്തുന്നുണ്ട്? എത്രപേർ വെറും ചായക്കടകൾ നടത്തുന്നുണ്ട്? പെട്ടിക്കട രംഗത്തുപോലും ഇവരില്ല. ഇതിനുകാരണമെന്താണ്? പട്ടികജാതിക്കാരുടെ ചായക്കടയിൽ ചായകുടിക്കാൻ കയറുന്നതിനോട് പലർക്കും യോജിപ്പില്ല എന്നുള്ളതല്ലേ സത്യം? വാണിജ്യ രംഗത്ത് ഇക്കൂട്ടർ ഇല്ലേ ഇല്ല. നമ്മുടെ പഞ്ചായത്തു തന്നെ എടുക്കാം. ഇവരിൽ ആരെങ്കിലും റബ്ബർകട നടത്തുന്നുണ്ടോ? പലവ്യഞ്ജനക്കടകൾ നടത്തുന്നുണ്ടോ? ജൗളിക്കടകൾ നടത്തുന്നുണ്ടോ? ഇല്ലേ ഇല്ല. കാരണമെന്താണ്? അവർക്ക് അവരുടെ സാമ്പത്തികാവസ്ഥ വേണ്ടരീതിലാണെന്നുള്ളതല്ലേ പ്രധാന കാരണം. അതുപോലെ വാണിജ്യ വിഷയങ്ങളെക്കുറിച്ചുള്ള അവരുടെ അറിവ് പരിമിതമാണ്. കൃഷിരംഗമെടുക്കാം. പട്ടികജാതി, പട്ടികവർഗ്ഗക്കാരിൽ എത്ര വൻകിട കർഷകരുണ്ട്. വിരളിൽ എണ്ണാവുന്നവരേയുള്ളൂ. ഇവരിൽ മൂരിഭാഗവും ചെറുകിട കർഷകരും നാമമാത്ര കർഷകരുമാണ്. ഒരു വലിയ പങ്ക് കർഷകത്തൊഴിലാളികളും മാത്രമാണ്. ഇതിൽ നിന്നെല്ലാം കാര്യമായ സാമ്പത്തിക വളർച്ചയ്ക്ക് വേണ്ടതൊന്നും ചെയ്തിരുന്നില്ല എന്നാണു വ്യക്തമാകുന്നത്. തങ്ങളിൽ നിന്നും അധഃസ്ഥിതരാണെന്ന തെറ്റായ ധാരണ ഉയർച്ചയുടെ പടവുകൾ ചവിട്ടിക്കയറാൻ വിഘാതമായി നിൽക്കുന്നു.

1991-ലെ സെൻസസ് കണക്കുകളനുസരിച്ച് ഈ പഞ്ചായത്തിൽ 1013 പട്ടികജാതിക്കാരും 979 പട്ടികവർഗ്ഗക്കാരുമുണ്ട്. ഇവരിൽ ക്രിസ്തുമതം സ്വീകരിച്ചവരുടെ എണ്ണം ആറായിരത്തിലധികം വരും. അനതിവിദൂരമായ ഭാവിയിൽ ഈ മതിൽ ക്രൈസ്തവരും പട്ടികജാതിയിൽ ഉൾപ്പെടുത്തപ്പെടുമെന്ന് പ്രതീക്ഷിക്കാം. സമീപ പഞ്ചായത്തുകളിലും പട്ടികജാതിക്കാരുടെ എണ്ണം വളരെക്കൂടുതലാണ്. ഇന്ന് ഇവർക്ക് വേണ്ടിയുള്ള വെൽഫയറാഫീസ് ഇവിടെ നിന്ന് 29 കിലോ മീറ്ററകലെയുള്ള നെയ്യാറ്റിൻകരയിലാണ്. ഇത്രദൂരം യാത്രചെയ്ത് ആനുകൂല്യങ്ങളെപ്പറ്റിയറിയാൻ പോകുകയെന്നത്, അതും പലവുരു പോവുകയെന്നത് ഇവർക്ക് കടുത്ത സാമ്പത്തിക നഷ്ടവും സമയ നഷ്ടവു

മുണ്ടാക്കും. ദിവസേന കൂലിവേല ചെയ്ത് ജീവിക്കുന്ന ഇവർ ഇങ്ങനെയുള്ള സ്ഥലങ്ങളിലേയ്ക്ക് യാത്ര ചെയ്യുന്ന ദിവസത്തെ കൂലി നഷ്ടപ്പെടുന്നു. തൻ മൂലം കുടുംബം പട്ടിണിയിലാകുന്നു. ''കൈയിൽ നിന്ന് വായിലേയ്ക്ക്'' എന്ന പഴയ തത്വം തന്നെയാണ് നിർഭാഗ്യവശാൽ ഇന്നും ഇവർ പിൻതുടരേണ്ടി വരുന്നത്.

മിശ്രവിവാഹങ്ങളും അപൂർവ്വമായേ ഇവരുടെയിടയിൽ നടക്കുന്നുള്ളൂ. ഒരുജാതി, ഒരുമതം, ഒരുദൈവം മനുഷ്യനു് എന്ന ശ്രീനാരായണ ഗുരുവിന്റെ ലക്ഷ്യം കൈവരിക്കാൻ കേരളീയരിൽ ആരും തന്നെ കാര്യമായി ശ്രമിക്കുന്നില്ല എന്നത് ഇത്തരുണത്തിൽ ഓർക്കുന്നത് നന്നായിരിക്കും.

ഇരുപതിലധികം പദ്ധതികളും പട്ടികജാതി, പട്ടിക വർഗ്ഗക്കാരുടെ പുരോഗതിക്കായി കേന്ദ്ര സംസ്ഥാന സർക്കാരുകളും നടപ്പിലാക്കുന്നുണ്ട്. വിവിധ ഡിപ്പാർട്ടുമെന്റുകളും, വിവിധ ഗവൺമെന്റുകളും എന്നിവ വേണ്ടവണ്ണമുള്ള കോ-ഓർഡിനേഷനില്ലാതെ പദ്ധതികളും നടപ്പാക്കുന്നതുകൊണ്ട് പല പദ്ധതികളും വിജയത്തിലെത്തുന്നില്ല. പരിപൂർണ്ണമായും ഏകീകൃതമായ ഒരു ഏജൻസി ഇവരുടെ ഉന്നമനത്തിനായുള്ള പദ്ധതികളും നടപ്പിൽ വരുത്തേണ്ട ചുമതല ഏറ്റെടുക്കേണ്ടതാണ്. വിവിധ പഞ്ചായത്തുകളെത്തന്നെ ഈ ചുമതല ഏല്പിക്കുന്നത് നന്നായിരിക്കും. ഇതിനുവേണ്ടിത്തന്നെ ഓരോ പഞ്ചായത്തിലും ഓരോ പ്രത്യേക വിംഗ് സ്ഥാപിക്കുന്നത് നന്നായിരിക്കും. ജനപ്രതിനിധികളുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരായിരിക്കും ഈ വിംഗിലുള്ളത്. വിവിധ തരത്തിലുള്ള സഹായങ്ങൾക്കായി ഒരു ഗുണഭോക്തൃതാവ് പല ഓഫീസുകളും പല തവണ കയറിയിറങ്ങുക എന്നത് ഗുണഭോക്തൃതാക്കളെ നിരാശരാക്കുന്നു. ജാതി സർട്ടിഫിക്കറിനുവേണ്ടി തഹസീൽദാർ ഓഫീസിൽ പോവുകയും വരുമാന സർട്ടിഫിക്കറിനുവേണ്ടി വില്ലേജാഫീസിൽ പോവുകയും ചെയ്യുന്ന നടപടിക്രമങ്ങളും അവസാനിപ്പിച്ച് ഇതിന്റെയെല്ലാം ചുമതല പഞ്ചായത്തുകൾക്ക് നൽകാവുന്നതാണ്.

പലവിധത്തിലുള്ള ധനസഹായങ്ങളും ഇന്ന് ഗഡുക്കളായാണ് നൽകുന്നത്. വേനനിർമ്മാണ രംഗത്ത് പദ്ധതിയുടെ പരാജയത്തിന് പ്രധാന കാരണമിതാണ്. അതുപോലെതന്നെ, വനമേഖലയിൽ താമസിക്കുന്ന ആദിവാസികളായ കാണിക്കാർക്ക് സ്വന്തം ഭൂമിയിൽ നിന്ന് വീടുനിർമ്മാണത്തിനാവശ്യമായ തടിപോലും എടുക്കാൻ അവകാശമില്ല എന്നതും തീർത്തും ഖേദകരമായ വസ്തുതയാണ്. ഇക്കാരണംകൊണ്ട് പണി പൂർത്തിയാക്കാൻ കഴിയാത്ത അൻപതോളം പട്ടികവർഗ്ഗക്കാരുടെ വീടുകൾ ഈ പഞ്ചായത്തിലെ തൊടുമല വാർഡിലുണ്ട്. അവശരായ ജനവിഭാഗത്തിന് എല്ലാ സൗകര്യങ്ങളും പരിമിതമായെങ്കിലും ഉള്ള വീട് നിർമ്മിച്ചുകൊടുക്കുകയെന്നുള്ളതുതന്നെയായിരിക്കണം നയം. പലതരം പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള തുക അപര്യാപ്തമാണ് സഹായലബ്ധിക്കുള്ള വാർഷിക വരുമാനത്തിന്റെ തുക നിശ്ചയിക്കുന്നത് രൂപയുടെ മൂല്യത്തിൽ വന്നുകൊണ്ടിരിക്കുന്ന കുറവ് കണക്കിലെടുത്തുകൊണ്ടായിരിക്കണം. ഈ വിഭാഗക്കാർക്ക് വീടു പണിയുന്നതിന് 'പ്രീ-ഫാബ്രിക്കേറ്റഡ് ഹൗസസ്' എന്ന ആശയം നന്നായിരിക്കും. ഒന്നോ രണ്ടോ ലോറി കെട്ടിട സാമഗ്രികൾ കൊണ്ടിറക്കി ഏതാനും മണിക്കൂറുകൾകൊണ്ട് തീർത്തിട്ടുള്ള ധാരാളം വീടുകൾ കർണ്ണാടകയിലെ കോളാർ സ്വർണ്ണഖനിക്കു സമീപമുണ്ട് ഇത്തരം വീടുകൾ നിർമ്മിക്കുന്നതിനെപ്പറ്റി ചിന്തിക്കുന്നതു നന്നായിരിക്കും.

ജോലി ചെയ്യുന്ന സ്ത്രീകൾക്ക് അവരുടെ കുട്ടികളെ സംരക്ഷിക്കുന്നതിനുതകുന്ന ഡേ കെയർ സെന്ററുകൾ ഈ പ്രദേശത്തിനത്യാവശ്യമാണ്. കുട്ടനാട് പ്രദേശത്തുമാത്രം ഇത് സ്ഥാപിക്കാനുള്ള പദ്ധതിയാണുള്ളത് ഈ പഞ്ചായത്തിലെ രണ്ടു പട്ടികവർഗ്ഗ കേന്ദ്രങ്ങളിൽ മാത്രമാണ് ഹരിജൻ സേവക് സംഘിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓരോ ഡേ കെയർ സെന്റർ ഉള്ളത്. ഇത്തരം സെന്ററുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി ആരംഭിക്കുന്നത് നന്നായിരിക്കും.

പട്ടികവർഗ്ഗക്കാർക്ക് തൊഴിൽ പരിശീലനത്തിനായിട്ടുള്ള സ്ഥാപനങ്ങൾ 'കേഡസ്' എന്ന സംഘടന സ്ഥാപിക്കുന്നുണ്ടെങ്കിലും ഇവർ പരിശീലത്തിനെത്തുന്നില്ല. കാരണം, ഇങ്ങനെ പരിശീലനത്തിനെത്തുന്നവർക്ക് സ്റ്റൈപെൻറ് കൊടുക്കുന്നില്ല എന്നുള്ളതാണ്. നിത്യവൃത്തിക്ക് വകയില്ലാത്ത കുടുംബങ്ങളിൽ നിന്നാണ് പരിശീലനം ലഭിക്കേണ്ടവരെത്തുന്നത്. ചെറിയ ദിവസവരുമാനമെങ്കിലുമില്ലെങ്കിൽ ഇവർ പട്ടിണിയിലാകും. അതുകൊണ്ട് പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലന പദ്ധതി സ്റ്റൈപെന്റോടുകൂടിയായിരിക്കണം. നിസ്സാര ധനസഹായത്തിനുപോലും കിലോമീറ്ററുകൾ താണ്ടി ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ കാണുകയെന്നത് പ്രായോഗികമല്ലല്ലോ. ഉദാഹരണമായി, പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവേചനാധിഷ്ഠിത ഗ്രാന്റ് എന്നൊരു ഗ്രാന്റുണ്ട്. രോഗചികിത്സയ്ക്ക് ലഭിക്കുന്നതാണ് ഈ ഗ്രാന്റ് പരമാവധി സഹായം 200/- രൂപയാണ് ഈ പഞ്ചായത്തിൽ തൊടുമല വാർഡിൽ ധാരാളം പട്ടികവർഗ്ഗക്കാരുണ്ട്. ഇവർക്ക് ഈ ഗ്രാന്റുവേണമെങ്കിൽ ഇന്നത്തെ സ്ഥിതിയിൽ വനാന്തരത്തിലൂടെ കിലോമീറ്റർ താണ്ടി വളളവും വണ്ടിയും കയറി 18 കിലോമീറ്റർ യാത്ര ചെയ്താലേ ഏക്സ്റ്റൻഷൻ ഓഫീസിലെത്താൻ കഴിയൂ. ഒരത്യാവശ്യക്കാരൻ അവിടെയെത്തുമ്പോൾ

ഓഫീസർ ടൂറിലായിരിക്കും. വീണ്ടും വീണ്ടും ഈ 200 രൂപയ്ക്കുവേണ്ടി യാത്രചെയ്യുന്നതിന്റെ ബുദ്ധിമുട്ട് ആലോചിക്കാവുന്നതേയുള്ളൂ. ഇത്തരം സഹായങ്ങളും സഹകരണ സംഘങ്ങളും വഴിയോ മറ്റോ നൽകിയാൽ പ്രയോജന പ്രദമായിരിക്കും. ഇവർക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സഹകരണ സംഘം ഉണ്ട് (വിശദവിവരം അനുബന്ധം-1ൽ) അമ്പൂരി കേന്ദ്രമാക്കി ഒരു ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ഇത്തരുണത്തിൽ നാം ചിന്തിക്കുന്നത് നന്നായിരിക്കും.

ആധുനിക തൊഴിലുകളിൽ പട്ടികജാതി, പട്ടിക വർഗ്ഗക്കാർക്ക് പരിശീലനം നല്കുന്നത് നല്ലതാണെങ്കിലും പരമ്പരാഗതമായി അവർ ചെയ്തു വരുന്ന തൊഴിലുകളെ ശാസ്ത്രീയാടിസ്ഥാനത്തിൽ മെച്ചപ്പെട്ട രീതിയിൽ ചെയ്യുന്നതിനുള്ള പരിശീലനവും ഉപകരണങ്ങളും അവർക്ക് നല്കുന്നതും ഉത്തമമായിരിക്കും. ചെറുകിട കർഷകർക്ക് സൗജന്യമായി വിത്ത്, വളം എന്നിവ നൽകുക വഴി ഉൽപ്പാദനക്ഷമത വർദ്ധിപ്പിച്ച് അവരെ ഇടത്തരം കർഷകരാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തിയാൽ മാത്രമേ കാർഷിക രംഗത്ത് ഇവർ വിജയം കൈവരിക്കുകയുള്ളൂ. ഈ പഞ്ചായത്തിലെ പട്ടിക വർഗ്ഗക്കാർ കാർഷികരംഗത്തനുവേക്കുന്ന ബുദ്ധിമുട്ടുകളും നിസ്സാരമല്ല. വളക്കൂറുള്ള കൃഷിഭൂമിയുണ്ടെങ്കിലും വന്യമൃഗങ്ങളുടെ ഉപദ്രവം കാരണം കൃഷി അസാധ്യമായിരിക്കുന്ന ധാരാളം ആദിവാസി സങ്കേതങ്ങളുണ്ട്. വനമേഖലയിലെ ചുരുക്കം ചില സെറ്റിൽമെന്റുകളിൽ മുമ്പു പ്രവർത്തനക്ഷമമായിരുന്ന സോളാർ ഫെൻസിംഗ് പദ്ധതി പുനഃസംവിധാനം ചെയ്യുകയും മറ്റു സെറ്റിൽമെന്റുകളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും ചെയ്യേണ്ടത് ഈ മേഖലകളിലെ കാർഷിക വളർച്ചയ്ക്ക് അത്യാവശ്യമാണ്. വാണിജ്യ മേഖലയിൽ പരിശീലനം അർഹിക്കുന്നവർക്ക് പരിശീലനം നല്കി വാണിജ്യരംഗത്തേയ്ക്ക് ഇവരെ ആകർഷിക്കേണ്ടതാണ്. വ്യാവസായിക രംഗത്തിന്റെ കവാടങ്ങൾ ഇവർക്കായി തുറന്നുകൊടുത്ത് വ്യവസായരംഗത്തും പിടിച്ചു നില്ക്കുന്നതിനുള്ള കഴിവുണ്ടാക്കികൊടുക്കാവുന്നതാണ് തൊടുമല വാർഡിൽ പട്ടികവർഗ്ഗക്കാർ കൂട്ടത്തോടെ അധിവസിക്കുന്ന അഞ്ചോളം സെറ്റിൽമെന്റുകളിൽ ഇന്നുവരെയും വൈദ്യുതി എത്തിയിട്ടില്ല. രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന സെറ്റിൽമെന്റുകളും ഇക്കൂട്ടത്തിലുണ്ട്.

പ്രശ്നങ്ങൾ

1. പട്ടികജാതി, പട്ടികവർഗ്ഗക്കാർക്ക് ഗ്രാമീണതലത്തിൽ സാമ്പത്തിക വളർച്ച ഉണ്ടായിട്ടേയില്ല
2. പൊതുജനാരോഗ്യ രംഗത്ത് അവരുടെ നില ഇന്നും മോശമാണ്.
3. സാംസ്ക്കാരിക രംഗങ്ങളിലേയ്ക്ക് അവർ ആകർഷിക്കപ്പെടുന്നില്ല.
4. വിദ്യാഭ്യാസ രംഗത്ത് പുരോഗതിയൊന്നും കാര്യമായി കൈവരിക്കാൻ കഴിഞ്ഞിട്ടില്ലെന്നു മാത്രമല്ല പ്രൈമറി വിദ്യാഭ്യാസം പോലും പൂർണ്ണമായി ലഭിക്കാത്ത ധാരാളം കുട്ടികളും ഇന്നുമുണ്ട്.
5. കുട്ടികളെക്കൊണ്ടും പണിചെയ്യിപ്പിച്ച് ധനാഗമമാർഗ്ഗങ്ങളും ഉണ്ടാക്കിയാലേ ജീവിക്കാൻ പറ്റൂ എന്ന ധാരണ ഇന്നും അവരുടെ ഇടയിലുണ്ട്.
6. വൈദഗ്ദ്ധ്യം വേണ്ട ജോലികളിൽ അവരുടെ എണ്ണം കുറവാണ്.
7. വേണ്ട വണ്ണം പ്ലാനിംഗ് ഇല്ലാതെ വരുമാനം ചെലവാകുന്നതുകൊണ്ട് രോഗങ്ങളിലും ബുദ്ധിമുട്ടുകളിലും ചെലവാക്കാൻ പണം ഇല്ലാതാകുന്നു.
8. വെറും വീടും കക്കൂസും മാത്രം നിർമ്മിച്ചു നൽകിയതുകൊണ്ടു മാത്രം സാമ്പത്തിക വളർച്ച ഉണ്ടാകുന്നില്ല.
9. തൊഴിൽ പരിശീലനം നല്കാനുള്ള ചില പദ്ധതികളും ഉണ്ടെങ്കിലും സ്റ്റൈപൻറ് നൽകാതെയുള്ള പദ്ധതി ആകയാൽ പരിശീലനത്തിനു പോകുന്നില്ല.
10. വൈദ്യുതി ഇവർ താമസിക്കുന്ന പല സ്ഥലങ്ങളിലും എത്തുന്നില്ല. അതുപോലെ തന്നെ കുടിവെള്ളവും.
11. വാണിജ്യ വ്യവസായ രംഗങ്ങളിൽ ഉടമകളായി ഇവരെ കാണാനേയില്ല.
12. കാർഷിക വിളകളും പല വർഷങ്ങളിലേയ്ക്ക് എടുക്കുന്നതിനുള്ള അവകാശം നിസ്സാരവിലയ്ക്ക് മറ്റുള്ളവർക്ക് കൊടുക്കേണ്ടതായിവരുന്നു. (ഉദാ: കുരുമുളക്).
13. ദളിത് ക്രൈസ്തവർക്ക് ആനുകൂല്യങ്ങളൊന്നും തന്നെ ഇല്ല.
14. ആനുകൂല്യങ്ങൾക്കുവേണ്ടി മന്നും ചെയ്യാതെതന്നെ തങ്ങൾക്കു ലഭിക്കുമെന്ന മിഥ്യാബോധം പലരിലും നിലനില്ക്കുന്നു.
15. അപൂർവ്വമായെങ്കിലും ഇന്നും ചില ഉദ്യോഗസ്ഥതലങ്ങളിൽ നിന്നും മോശമായ പെരുമാറ്റമാണ് ഇവർക്കു ലഭിക്കുന്നത്.

പരിഹാര മാർഗ്ഗങ്ങൾ

1. SC/ST വിഭാഗക്കാർ കൂട്ടമായി താമസിക്കുന്ന ചികിത്സാ സൗകര്യം കുറഞ്ഞ പ്രദേശങ്ങളിൽ പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കുക.

2. പട്ടികവർഗ്ഗക്കാരുടെ തനതായ പരമ്പരാഗതകല കരം നിലനിർത്തുന്നതിനും പരിശീലിപ്പിക്കുന്ന തിനുമായി സാംസ്ക്കാരിക കേന്ദ്രം സ്ഥാപി ക്കുക.

3. വിദ്യാഭ്യാസ രംഗത്ത് കുട്ടികളുടെ കൊഴിഞ്ഞു പോക്ക് അവസാനിപ്പിക്കുന്നതിനായി ഇപ്പോഴും പുരവിമലയിലുള്ള ട്രൈബൽ സ്കൂളിന്റെ കാർട്ടേഴ്സ്, ബോർഡിംഗ് കെട്ടിടങ്ങളുടെ പണി എത്രയും വേഗം പൂർത്തീകരിക്കുകയും ഓരോ ഗിരിജൻ കോളനിയിലും ഏകാധ്യാപക വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

4. ഈ വിഭാഗക്കാരിൽ കുട്ടികളെക്കൊണ്ടു പണിയെ ടുപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിന് വേണ്ട ബോധവൽക്കരണം നടത്തുക.

5. വ്യാവസായിക-വാണിജ്യ രംഗങ്ങളിൽ പരിശീലനം നല്കി സബ്സിഡിയോടുകൂടിയ വായ്പകൾ ഉപയോഗിച്ച് സ്ഥാപനങ്ങൾ നടത്തുന്നതിന് സഹായിക്കുക.

6. പദ്ധതികളുടെ നടത്തിപ്പിനായുള്ള സഹായത്തിന് പല ഓഫീസുകൾ കയറിയിറങ്ങാതെ കഴിയു ന്നത്ര പഞ്ചായത്താഫീസിനെ മാത്രം ആശ്രയിച്ച് പദ്ധതി നടത്തിപ്പിന് സഹായകരമായ നടപടി സ്വീകരിക്കുക.

7. ജാതി, വരുമാന സർട്ടിഫിക്കറ്റുകൾ നല്കുന്നതി നുള്ള പൂർണ്ണമായ അധികാരം ഗ്രാമപഞ്ചായത്തു കൾക്ക് നല്കുക.

8 മിശ്രവിവാഹിതർക്ക് ഇന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുക.

9. അത്യാവശ്യമായ സാമ്പത്തിക സഹായങ്ങൾക്കായി ബന്ധപ്പെട്ട ഓഫീസറെ കാണാൻ കിലോമീറ്ററു കൾ സഞ്ചരിക്കാതെ സ്ഥലത്തുള്ള സഹകരണ സംഘത്തെയോ, പഞ്ചായത്താഫീസിനെയോ അധി കാരപ്പെടുത്തുക.

10. തൊഴിൽ പരിശീലനം കൊടുക്കുന്നവർക്ക് സ്റ്റൈപെൻറ് നല്കുക.

11. വൈദ്യുതി, കുടിവെള്ളം എന്നിവ എത്തിക്കുന്ന തിന് ഇവർ താമസിക്കുന്ന പ്രദേശങ്ങൾക്ക് മുൻ ഗണന നല്കുക.

സാധ്യതകൾ

1. സാമ്പത്തികവും, സാമൂഹ്യവും, വിദ്യാഭ്യാസപര വും സാംസ്ക്കാരികവുമായ രംഗങ്ങളിൽ ഈ ജാതി ക്കാർ മറ്റുള്ളവരോടൊപ്പം തന്നെ എത്തുന്നു.

2. ആരോഗ്യവും അറിവും ഉള്ള തലമുറ ജനിച്ചു വളരുന്നു.



FIG. III
ഗിരിവർഗ്ഗ സെറ്റിൽമെന്റ്
(വാർഡ് - 6)

സഹകരണം

ഒരു പഞ്ചായത്തിന്റെ പ്രാദേശിക പദ്ധതികളിൽ ഏറ്റവും നിർണ്ണായകമായ പങ്കുവഹിക്കുവാൻ സഹകരണ സംഘങ്ങൾക്ക് കഴിയുമെന്നുള്ള കാര്യത്തിൽ ആർക്കും അഭിപ്രായ ഐക്യമുണ്ടാകാതിരിക്കില്ലല്ലോ? ഉല്പാദന-വ്യാപാര രംഗങ്ങളിൽ ശക്തമായ ഒരു ഉപകരണമാണിതെന്ന് അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. എന്നാൽ അമ്പൂരിയെ സംബന്ധിച്ചിടത്തോളം അതെല്ലാം അനുഭവവേദ്യമായി തുടങ്ങിയിട്ടു 3 പതിറ്റാണ്ടു കാലമേ ആയിട്ടുള്ളൂ.

മൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സഹകരണ സംഘങ്ങൾ ഗ്രാമങ്ങളെ ഉദ്ധരിക്കുമെന്ന ആശയം നിലവിൽ വന്നു. പെരുങ്കടവിള N.E.S. ബ്ലോക്കിന്റെ നേതൃത്വത്തിൽ വിവിധോദ്ദേശങ്ങളിൽ സഹകരണ സംഘങ്ങൾ സ്ഥാപിക്കുവാനുള്ള പ്രയത്നമാരംഭിച്ചു. അങ്ങനെ അമ്പൂരിയിലും ഒരു സഹകരണ സംഘം ജന്മമെടുത്തു. 29-3-1965-ൽ T. 274-ാം നമ്പരായി രജിസ്റ്റർ ചെയ്യുകയുണ്ടായി. ഈ സംഘം 18-4-1965 മുതൽ അമ്പൂരി സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുകയും പിന്നീട് ഇതൊരു സഹകരണ ബാങ്കായി ഉയരുകയും ചെയ്തു.

ആദ്യ ഭരണസമിതിയിലേക്ക് ഫാ. ആൻറണി പുത്തൂർ, സർവ്വശ്രീ. T.T. വർക്കി, K.J. മാത്യു P P തോമസ്, E.M മാത്യു, M. മുഹമ്മദ്കണ്ണ് എന്നിവരെ തെരഞ്ഞെടുത്തു. സർവ്വശ്രീ. S.G. അലക്സാണ്ടർ, ദേവസ്യാച്ചാണ്ടി എന്നിവരെ സർക്കാർ നോമിനികളായി തെരഞ്ഞെടുക്കുകയും ചെയ്തു. തുടർന്ന് അമ്പൂരി സർവ്വീസ് സഹകരണ സംഘത്തിന്റെ പ്രഥമ പ്രസിഡൻറായി ശ്രീ. T.T. വർക്കിയേയും, ഓണററി സെക്രട്ടറിയായി P.P. തോമസിനേയും തെരഞ്ഞെടുത്തു.

അതിനുശേഷം രണ്ടു വർഷങ്ങൾ പിന്നിട്ടതിൽ പിന്നെയാണ് ഒരു തെരഞ്ഞെടുപ്പിലൂടെ ഭരണസമിതി രൂപീകൃതമായത്. അന്നും റവ.ഫാ. ആൻറണി പുത്തൂരിനെയാണ് പ്രസിഡൻറായി തെരഞ്ഞെടുത്തത്. തുടർന്ന് നടന്ന തെരഞ്ഞെടുപ്പുകളിലും പ്രസിഡൻറ് പദവിയലങ്കരിച്ച അദ്ദേഹം 1975 വരെ അതു തുടർന്നു. അതിനുശേഷം ശ്രീ. സൈലസ്മാർക്ക്, ശ്രീ. P.A. എബ്രഹാം ശ്രീ. O.T. തോമസ് എന്നിവർ പ്രസിഡൻറുമാരായി പല ഭരണസമിതികളും രൂപംകൊണ്ടു. ഇപ്പോൾ ശ്രീ. M.P. തോമസ് പ്രസിഡൻറായുള്ള 11 അംഗസമിതിയാണ് ഭരണം നടത്തുന്നത്. 8 ജീവനക്കാർ പണിയെടുക്കുന്നുമുണ്ട്.

ഇതിനിടയിൽ വിവിധ ഘട്ടങ്ങളേയും പ്രശ്നങ്ങളേയും തരണം ചെയ്തു മുന്നേറിയ ഈ സംഘം ഇപ്പോൾ 10 സെൻറ് സ്ഥലത്ത് മനോഹരമായ ഒരു ഇരുനില കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. 10 രൂപയ്ക്ക് ഒരു ഓഹരി നല്കുന്ന ഈ സ്ഥാപനത്തിൽ ഇപ്പോൾ 5098 അംഗങ്ങളും പൊതുജനങ്ങളിൽ നിന്നും ഹ്രസ്വ-ദീർഘകാലാടിസ്ഥാനത്തിൽ സ്വീകരിച്ച 48 ലക്ഷം രൂപയുടെ നിക്ഷേപവമുണ്ട്. ഒരു ഓഹരി ഉടമയ്ക്ക് 40 ഇരട്ടിവരെ പണം കടം കൊടുക്കുന്ന ഈ സഹകരണ സംഘത്തിൽ അംഗീകൃത ഓഹരി മൂലധനമായി 23,05,000 രൂപയാണുള്ളത്. കൂടാതെ സ്ഥാപനങ്ങളിൽ നിന്നും 78,44,371 രൂപാ സ്വീകരിച്ചിട്ടുണ്ട്.

ഈ ബാങ്കിനെപ്പറ്റിയുള്ള വിശദവിവരങ്ങൾ അനുബന്ധം 1-ൽ ചേർത്തിരിയ്ക്കുന്നു.

ദീർഘകാല വായ്പയായി റബ്ബർ, കുരുമുളക് തുടങ്ങിയ കൃഷികൾക്കും, മാടു വളർത്തൽ, കോഴി വളർത്തൽ, പമ്പുസെറ്റു സ്ഥാപിക്കൽ മുതലായവയ്ക്കും, വീടിന്റെ മേൽക്കൂര ഓടുമേയുന്നതിനും, റബ്ബർ റോളർ സ്ഥാപിക്കുന്നതിനും, കക്കൂസ് നിർമ്മാണത്തിനും വായ്പകൾ നല്കുന്നു.

ബാങ്കിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ-സഹകരണ ഡിപ്പാർട്ടുമെൻറുകൾ എന്നിവ ഉദാരമായ സഹായങ്ങൾ നല്കുന്നുണ്ട്.

മാറി മാറി വരുന്ന ഭരണസമിതി അംഗങ്ങളുടെ നിർദ്ദേശാനുസരണം ആത്മാർത്ഥ സേവനം നടത്തുന്ന ജീവനക്കാരും, സർവ്വോപരി സഹകാരികളുമെല്ലാം മൊത്തം ചേർന്നുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനാൽ അമ്പൂരി സർവ്വീസ് സഹകരണ സംഘം മേൽക്കുമേൽ പുരോഗമിച്ചു കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഈ പഞ്ചായത്ത് നിവാസികൾക്ക് കാണാൻ കഴിയുന്നത്.

ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന മറ്റൊരു സംഘമാണ് കുന്നത്തുമല ഗിരിജൻ സർവ്വീസ് സഹകരണ സംഘം T. 695. 27-8-1978-ൽ പ്രവർത്തനമാരംഭിച്ച സംഘത്തിൽ ഇപ്പോഴം 522 അംഗങ്ങളം ഉണ്ട്. 10 രൂപയുടെ ഓഹരികളാണ് നല്കുന്നത്. അംഗീകൃത ഓഹരി മൂലധനമായി 5250 രൂപായുണ്ട്. ആകെ പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 780000 രൂപയും സർക്കാർ ഓഹരി തുക 5000 രൂപയുമാണ്. ഓഹരികളുടെ പത്തിരട്ടി തുക വായ്പ നൽകുന്നു. പൊതുജനങ്ങളിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിച്ചിട്ടില്ലാത്ത ഈ സൊസൈറ്റി 1,28,503 രൂപാ കാർഷിക വായ്പ ഇനത്തിൽ നല്കിയിട്ടുണ്ട്. മുഖ്യമായും ആദിവാസികൾ അംഗങ്ങളായുള്ള ഈ സംഘം ഹ്രസ്വമദ്ധ്യ-ദീർഘകാല വായ്പകൾ നല്കുന്നു. അംഗങ്ങളുടെ സാമൂഹിക-സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കി അംഗങ്ങൾക്ക് വായ്പ കൊടുക്കുന്ന ഈ സംഘത്തിന്റെ പരമോന്നതമായ ലക്ഷ്യം സംഘങ്ങളെ ചൂഷണ വിമുക്തമാക്കുക എന്നുള്ളതാണ്. ഈ സ്ഥാപനത്തെ കുറിച്ചുള്ള വിശദ വിവരങ്ങൾ അനുബന്ധം 2-ൽ കാണിയ്ക്കുന്നു.

കൂടാതെ അമ്പൂരി, മായം, കുട്ടമല കുടപ്പനമൂട്, ശൂരവക്കാണി, തേക്കുപാറ എന്നിവിടങ്ങളിൽ മിൽമയുടെ സഹകരണ പാൽ സംഘങ്ങളും പ്രവർത്തിക്കുന്നു. എല്ലായിടത്തും തെരഞ്ഞെടുപ്പിലൂടെയാണ് ഭരണസമിതിയെ തെരഞ്ഞെടുക്കാനുള്ളത്. ഇവയിൽ ഒന്നുപോലും നഷ്ടത്തിലല്ലാ നടക്കുന്നതെന്ന സത്യം സന്തോഷപ്രദമാണ്.

റീഡ് ആൻഡ് റൈറ്റർ വർക്കേഴ്സ് കോട്ടേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നമ്പർ T 240 എന്ന ഒരു പനമ്പ് നെയ്ത്തു സഹകരണ സംഘവും ഈ പഞ്ചായത്തിലുണ്ട്. അംഗങ്ങൾക്കു നല്കുന്ന അസംസ്കൃത സാധനങ്ങൾ വീട്ടിലിരുന്ന് കുട്ട, വട്ടി, പായ തുടങ്ങിയവ നെയ്തു കൊണ്ടു വന്ന് സൊസൈറ്റിയിൽ ഏല്പിക്കുന്നു. പണിക്കൂലി മതിയാകുന്നില്ലെന്ന പരാതി അംഗങ്ങൾക്കുണ്ടെങ്കിലും ഇതും പ്രവർത്തനക്ഷമം തന്നെയാണ്.

വായ്പ തുക യഥാസമയങ്ങളിൽ തിരിച്ചടയ്ക്കുവാൻ ചുരുക്കം ചിലരെങ്കിലും വിമുഖത കാട്ടുന്നുണ്ടെന്നുള്ളത് സഹകരണ പ്രസ്ഥാനങ്ങൾക്കു തന്നെ കുഴി തോണ്ടുന്ന ഒരു പ്രവണത ആയിത്തീർന്നിരിക്കുന്നു. ഇതിനു തുടക്കം കുറിച്ചത് കാർഷിക കുടിശികകടം എഴുതിത്തള്ളുന്നു എന്ന കേന്ദ്രമന്ത്രി സഭയുടെ തീരുമാനത്തെ പലരും തെറ്റിദ്ധരിച്ചതിനാലാണ്. കാർഷിക കടങ്ങൾ തിരിച്ചടയ്ക്കണ്ടാ എന്ന ധാരണ ചിലരിലെങ്കിലും ഇന്നും നിലനില്ക്കുന്നു. കാലാവധി അവസാനിക്കുന്നതു മുതൽ വായ്പാതുക വസൂലാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് അതുപോലെ തന്നെ യാത്രാക്ലേശം തുടങ്ങിയ കാരണങ്ങളാൽ കയ്യിലെത്തുന്ന ചെറിയ തുകകൾ യഥാസമയം സൊസൈറ്റിയിൽ കൊണ്ടുപോയി അടയ്ക്കുവാൻ ചിലർക്ക് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. അങ്ങനെയുള്ളവർക്കു വേണ്ടി വാർഡുകൾ തോറും സൊസൈറ്റിയുടെ ബ്രാഞ്ചുകൾ തുറന്ന് തുക അടയ്ക്കുവാനുള്ള സംവിധാനം ചെയ്യുന്നത് കൂടുതൽ ഉപകാരപ്രദമായിരിക്കും. സേവിംഗ്സ് തുകകൾ വീടുവീടാന്തരം കയറിയിറങ്ങി പിരിക്കുന്ന ജീവനക്കാരെ കൊണ്ട് വായ്പത്തുക കൂടി പിരിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കുന്നത് പ്രായോഗികമായിരിക്കില്ലേ?

കാലാകാലങ്ങളിൽ സൊസൈറ്റി വഴി നൽകുവാനുദ്ദേശിക്കുന്ന മധ്യ-ദീർഘകാല വായ്പാപദ്ധതികളുടെ വിവരങ്ങൾ യഥാസമയം അതതു പ്രദേശത്തുള്ള അംഗങ്ങളെ അറിയിക്കുന്നതിനും കടം കുടിശ്ശിക സംഘത്തിൽ തിരിച്ചടയ്ക്കുന്നതിന് അംഗങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതി അംഗങ്ങൾ സഹൃദബന്ധം നിലനിർത്തിക്കൊണ്ടു തന്നെ

കൂടുതൽ താല്പര്യം കാണിക്കുന്നതും സഹകരണസംഘത്തിന്റെ ഉന്നമനത്തിനുതകുന്നഘടകങ്ങളാണ്. അതുപോലെ തന്നെ ലൈസൻസില്ലാതെ നടത്തുന്ന ധനമിടപാടു സ്ഥാപനങ്ങളും വ്യക്തികളും സഹകരണ പ്രസ്ഥാനത്തെ തളർത്തുന്ന കാര്യത്തിൽ വലിയൊരു പങ്കു വഹിക്കുന്നുണ്ടെന്നുള്ളതും വിസ്മരിക്കാവുന്നതല്ല.

തികച്ചും ജനാധിപത്യ സമ്പ്രദായം പാലിക്കേണ്ട സഹകരണ സംഘങ്ങളെ ദേശീയ ധനസമ്പാദനത്തിന്റെ ഉന്നത ശ്രേണിയിലെത്തുകയും ഇതര ധനസ്ഥാപനങ്ങളെ പോലും നിയന്ത്രിക്കുവാൻ പ്രാപ്തി നേടുകയും ചെയ്യേണ്ടതാണ്. ആ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുമെങ്കിൽ മാത്രമേ രാജ്യത്തെ ധനനിയന്ത്രണത്തിന്റെ ചുക്കാൻ സാധാരണക്കാരന്റെ കരങ്ങളിലെത്തുകയുള്ളൂ; എങ്കിൽ മാത്രമേ സമത്വസുന്ദര ഭാരത സൃഷ്ടിക്ക് ഉപയുക്തമാകണമെന്ന പരമോന്നത ലക്ഷ്യപ്രാപ്തിയിലേക്ക് സഹകരണ സ്ഥാപനങ്ങൾക്ക് എത്തിച്ചേരാൻ കഴിയുകയുള്ളൂ.

പ്രശ്നങ്ങൾ

1. കൃഷിക്കാരുടെ ആവശ്യങ്ങൾ അറിഞ്ഞുള്ള പുതിയ സ്കീമുകൾ തയ്യാറാക്കുന്നതിൽ വിമുഖത കാണിക്കുന്നു.
2. വനിതാ സഹകരണ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ ചില സ്ഥലങ്ങളിലുള്ളവർക്ക് പ്രാതിനിധ്യം കുറയുന്നു.
3. പണമ്പു നെയ്ത്തു സഹകരണ സംഘത്തിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുപോകുന്നില്ല.
4. സ്ഥിരമായി പ്രവർത്തിക്കുന്ന മാവേലി സ്റ്റോറുകളില്ല.
5. സുഗമമായ സേവിംഗ്സ് പദ്ധതികൾ നടപ്പിലാക്കുന്നില്ല.
6. ഷെയർ ഹോൾഡേഴ്സിനെ ആകർഷിക്കുന്ന തരത്തിലുള്ള നൂതനപദ്ധതികൾക്ക് രൂപം നല്കുന്നില്ല.
7. ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഈ പഞ്ചായത്തിലില്ല.
8. റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം ഈ പഞ്ചായത്തിലില്ല.
9. സഹകരണ സംഘത്തിലെ പ്രധാനപ്പെട്ട ജീവനക്കാർക്ക് റിഫ്രഷ്മിംഗ് കോഴ്സുകൾ നടത്തുന്നില്ല.
10. സഹകാരികൾ കടമെടുക്കുന്ന തുക യഥാർത്ഥ ആവശ്യത്തിനായി ഉപയോഗിക്കുന്നില്ല.
11. സ്വർണ്ണം പണയം വയ്ക്കുന്നതിന് ഇപ്പോഴും സഹകാരികൾ മറ്റു സ്ഥാപനങ്ങളെയും വ്യക്തികളെയും ആശ്രയിക്കുന്നു.

പരിഹാര മാർഗ്ഗങ്ങൾ

1. ജീവനക്കാർക്കുവേണ്ടി കാലാകാലങ്ങളിൽ റിഫ്രഷ്മിംഗ് കോഴ്സുകൾ ഏർപ്പെടുത്തി സഹകാരികളോട് കൂടുതൽ പെരുമാറ്റപ്പെടുവാൻ അവരെ പ്രാപ്തരാക്കുക.
2. ഷെയർ ഹോൾഡേഴ്സിനെ ആകർഷിക്കത്തക്ക വിധത്തിലുള്ള നൂതന പദ്ധതികൾക്കു രൂപം നല്കുക.
3. വായ്പതുക ലഭിക്കുന്നതിനുള്ള കാലതാമസം പരമാവധി കുറയ്ക്കുക.
4. അമ്പൂരി സർവ്വീസ് സഹകരണ സംഘത്തിന്റെ ബാഞ്ചുകളും വളം ഡിപ്പോകളും തുറന്ന് കർഷക സഹകാരികളുടെ ബുദ്ധിമുട്ട് ഒഴിവാക്കുക.
5. വായ്പതുക തിരിച്ചു പിടിക്കുന്നതിനുള്ള നിയമങ്ങൾ കർശനമായും പാലിച്ച് സൊസൈറ്റിയുടെയും സഹകാരികളുടെയും പില്ക്കാല പ്രശ്നങ്ങൾ ഒഴിവാക്കുക.
6. വാഹനങ്ങൾ, ഇലക്ട്രിക്കൽ ഉപകരണങ്ങൾ ഫർണിച്ചറുകൾ തുടങ്ങിയവ വാങ്ങുന്നതിനു നല്കുന്ന തുകയിൽ കുറവു വരുത്തി ഇരുമ്പുപണിക്കാർ, മരപ്പണിക്കാർ, സ്വർണ്ണപണിക്കാർ തുടങ്ങിയവർക്ക് പുതിയതായി വായ്പാ പദ്ധതി നടപ്പിലാക്കുക.

(ശേഷം 92-ാം പേജിൽ)

അനുബന്ധം I

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1)	സ്ഥാപനത്തിന്റെ പേര്	അമ്പൂരി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം) നമ്പർ T 274.
2)	പ്രവർത്തന പരിധി	അമ്പൂരി ഗ്രാമപഞ്ചായത്ത്
3)	ക്രെഡിറ്റ് / നോൺ ക്രെഡിറ്റ്	ക്രെഡിറ്റ്
4)	പ്രവർത്തനം ആരംഭിച്ച വർഷം	18-4-1965
5)	ആകെ അംഗങ്ങൾ	5098
6)	ഒരു ഓഹരിയുടെ വില	10 രൂപ
7)	അംഗീകൃത ഓഹരി മൂലധനം	2305000—
8)	പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	15 ലക്ഷം
9)	സർക്കാർ ഓഹരിയുണ്ടോ?	1 ലക്ഷം
10)	ഉണ്ടെങ്കിൽ ലഭിച്ച തുക	—
11)	പരമാവധി കടം എടുക്കാവുന്ന തുക	40 ഇരട്ടി

I പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങൾ

a) സ്ഥിരം
b) ഹ്രസ്വകാലം } 43 ലക്ഷം

II നൽകിയിട്ടുള്ള വായ്പകൾ

a) കാർഷിക വായ്പകൾ

	ഇനം	തുക
1.	ST വായ്പ	8982 37
2.		
3.		
4.		

b) മറ്റ് വായ്പകൾ

	ഇനം	തുക
1.	I R D P	32290
2.	M T	173140
3.	L T	1946344

C) പ്രത്യേക വായ്പകൾ

	ഇനം	തുക
1.	Gold	1844005
2.	ESOL	88875
3.	Industrial	79000

IV) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
ജില്ലാ സഹകരണ ബാങ്ക്	ST MT & LT	7844371

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

വായ്പാ സ്വഭാവം	തുക
ST	2156745
IRDP	28 50
MT	110010
LT	224350
Industrial Loan	79000
ESOL	28927

VI) സ്ഥാപനത്തിന്റെ ചെലവുകൾ

3550802

VII) സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. വായ്പകൾ അംഗങ്ങൾക്ക് വിതരണം ചെയ്യുന്നു.
2. നിക്ഷേപങ്ങൾ സ്വീകരിക്കുന്നു.
3. വളം ബിസിനസ് നടത്തുന്നു.
4. സർക്കാർ നിശ്ചയിക്കുന്ന പരിപാടികൾ നടത്തുന്നു.

(89-ാം പേജിൽ നിന്നും തുടർച്ച)

7. സാധാരണക്കാരുടെ സമ്പാദ്യശീലം വളർത്തിയെടുക്കുന്നതിലേയ്ക്കായി ലഘുനിക്ഷേപ പദ്ധതികൾ ആകർഷകമായ വിധത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കുക.

8. ലോൺ എടുക്കുന്ന തുക അപേക്ഷയിൽ കാണിച്ചിരിക്കുന്ന ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക.

9 റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘം, ഹൗസിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ ആരംഭിക്കുക.

സാധ്യതകൾ

1. കാർഷികോല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിക്കുന്നു.
2. സഹകാരികൾക്ക് അനായാസം സഹകരിക്കുവാൻ കഴിയുന്നു.
3. സംഘത്തിന്റെ ബാധ്യതകൾ ലഘൂകരിക്കപ്പെടുന്നു.
4. പൊതുജനങ്ങൾക്ക് സഹകരണ സ്ഥാപനങ്ങളോട് താൽപര്യവും വിശ്വാസവും വർദ്ധിക്കുന്നു.
5. ജീവിതത്തോത് അനുസരിച്ചുള്ള വായ്പകൾ ലഭിക്കുന്നു.
6. സർവ്വോപരി, ഈ പഞ്ചായത്തിന്റെയും രാജ്യത്തിന്റെയും വളർച്ചയ്ക്ക് നിദാനമായിത്തീരുന്നു.

അനുബന്ധം II

സഹകരണ സംഘം സംബന്ധിച്ച വിവരങ്ങൾ

1)	സ്ഥാപനത്തിന്റെ പേര്	കുന്നത്തുമല ഗിരിജൻ സർവ്വീസ് സഹകരണ സംഘം T 695 കാരിക്കുഴി പി.ഒ., അമ്പൂരി, തിരുവനന്തപുരം 695 505
2)	പ്രവർത്തന പരിധി	അമ്പൂരി ഗ്രാമപഞ്ചായത്ത് അതിർത്തി
3)	ക്രെഡിറ്റ് / നോൺ ക്രെഡിറ്റ്	ക്രെഡിറ്റ്
4)	പ്രവർത്തനം ആരംഭിച്ച വർഷം	27-3-1978
5)	ആകെ അംഗങ്ങളം	525
6)	ഒരു ഓഹരിയുടെ വില	10 രൂപ
7)	അംഗീകൃത ഓഹരി മൂലധനം	5250 രൂപ
8)	പിരിഞ്ഞ് കിട്ടിയ ഓഹരി മൂലധനം	78,000 രൂപ
9)	സർക്കാർ ഓഹരിയുണ്ടോ?	ഉണ്ട്
10)	ഉണ്ടെങ്കിൽ ലഭിച്ച തുക	50,000 രൂപ
11)	പരമാവധി കടം എടുക്കാവുന്ന തുക	അടച്ചുതീർത്ത ഓഹരിയുടെയും, കരുതൽ ധനത്തിന്റെയും പത്ത് ഇരട്ടി

I പൊതുജനങ്ങളിൽ നിന്നും സ്വീകരിച്ച നിക്ഷേപങ്ങളം

a)	സ്ഥിരം	ഇല്ല
b)	ഹ്രസ്വകാലം	ഇല്ല

II നൽകിയിട്ടുള്ള വായ്പകളം

a) കാർഷിക വായ്പകളം

	ഇനം	തുക
1.	കാർഷിക വായ്പ	1,28,503 രൂപ
2.		
3.		
4.		

b) മറ്റ് വായ്പകളം

	ഇനം	തുക
1.	കച്ചവട ലോൺ	6000.00
2.	റബ്ബർ റോളറിനുള്ള വായ്പ	17945.00
3.	കുരുമുളകിനുള്ള വായ്പ	42500.00

C) പ്രത്യേക വായ്പകളം

	ഇനം	തുക
1.	കുടുംബത്തിന്റെ കടംവീട്ടുന്നതിനുള്ള വായ്പ	26500 രൂപ
2.		
3.		
4.		

IV) സ്ഥാപനങ്ങളിൽ നിന്ന് സ്വീകരിച്ച വായ്പകൾ

സ്ഥാപനം	സ്വഭാവം	തുക
SC & ST Feed	M.F.P. Collection	5000.00

V) നൽകിയ വായ്പകൾ കാലാവധി കഴിഞ്ഞിട്ട് കിട്ടാനുള്ളവ

വായ്പാ സ്വഭാവം	തുക
കൃഷി വായ്പ	66003.00
കച്ചവട വായ്പ	6000.00
റബ്ബർ റോളർ വായ്പ	17945.00
കുരുമുളകിന് വായ്പ കൊടുക്കുന്നത്	42700.00

VI) സ്ഥാപനത്തിന്റെ ചെലവുകൾ

സംഘം മരണ കാര്യങ്ങൾക്കും മറ്റു പ്രവർത്തനങ്ങൾ നടത്തിപ്പോരുന്നതിനുള്ള ചിലവുകൾ സംഘം ഫണ്ടിൽ നിന്നും വിനിയോഗിക്കുന്നു.

VII) സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ

1. ഹ്രസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ കൊടുക്കുന്നു.
2. സംഘം അംഗങ്ങളെ ചൂഷണ വിമുക്തമാക്കുന്നതിനുള്ള വായ്പകൾ സംഘത്തിൽ നിന്നും കൊടുക്കുന്നു.
3. സാമൂഹിക, സാമ്പത്തിക പുരോഗതിക്കായി അംഗങ്ങൾക്ക് വായ്പ നൽകുന്നു.

വിഭവ സമാഹരണം

1977-ൽ നിലവിൽവന്ന ഈ മലയോര ഗ്രാമപഞ്ചായത്ത് 94519 രൂപാമൊത്തം വരുമാനമുള്ള ബഡ്ജറ്റുമായാണ് പ്രവർത്തനം ആരംഭിച്ചത്. ആരംഭ വർഷത്തിൽ തന്നെ 93055/രൂപ റൂറൽ ഡെവലപ്പ്മെന്റ് ബോർഡിലേക്കു കടം അടച്ചുതീർക്കേണ്ട ബാദ്ധ്യത പഞ്ചായത്തിനുണ്ടായിരുന്നു ഈ കടം പലിശ സഹിതം ഇന്ന് 419691 രൂപയായി വർദ്ധിച്ചു.

തുച്ഛമായ വരുമാന മാർഗ്ഗങ്ങളും മാത്രമുണ്ടായിരുന്നതുകൊണ്ട് ഗവൺമെന്റിനെ ആശ്രയിക്കേണ്ട അവസ്ഥ പഞ്ചായത്തിനു വന്നുചേർന്നു. ഈ അവസ്ഥക്ക് വലിയ മാറ്റമൊന്നുമുണ്ടായില്ലെങ്കിലും ആശാവഹമായ പുരോഗതിയുടെ സൂചനകൾ കാണുന്നുണ്ട്.

1995-96-ലെ കണക്കുകൾ പ്രകാരം പഞ്ചായത്തിന്റെ വരവു ചെലവുകൾ താഴെ പറയും പ്രകാരമാണ്.

വരവ്

1.	കെട്ടിടനികുതി	— 79977	രൂപാ
2.	തൊഴിൽ നികുതി	— 61040	
3.	ലൈസൻസ് നികുതി	— 4095	
4.	മാർക്കറ്റ് വരവ്	— 24016	
5.	കുത്തകപ്പാട്ടവരുമാനം മൊത്തവരുമാനം	— 2000	
	മൊത്തവരവ്	— 171128	രൂപ

ചെലവ്

ശമ്പളം, അലവൻസ്, വാടക മറ്റ് കണ്ടിജൻസി ചെലവുകൾ	Rs.	338611 . 10
വരുമാനത്തിൽ അധികം വർഷത്തിൽ ചെലവായ തുക	Rs.	338611 . 10 171128 - 00 167483 . 10

മറ്റുവരുമാനങ്ങളും ചെലവുകളും കൂടെ ചേർക്കുന്നു. ഇത് 1995-96 വർഷത്തെ കണക്കാണ്.

1.	സംസ്ഥാന നികുതി വിഹിതം	62588 രൂപ
2.	അയൺടൈഡ് ഫണ്ട്	324700
3.	ഗ്രാൻറുകൾ	1208399

ഇതിൽ ചെലവുകൾ താഴെ പറയുന്നവയാണ്

1.	പൊതുമരാമത്ത്	62745 രൂപ
2.	മറ്റു വികസന ചെലവുകൾ	657629
3.	കടം തിരിച്ചടവ്	220075 ,,

ഗവൺമെന്റ് ഗ്രാൻറിനെ മാത്രം ആശ്രയിച്ച് നിൽക്കുന്നത് ഒരു പഞ്ചായത്തിനും ഭൂഷണമല്ലല്ലോ. അധിക വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തിയേ കഴിയൂ. പഞ്ചായത്തിൽ മൊത്തം അധികാരവികേന്ദ്രീകരണത്തിലൂടെ വികസനപ്രവർത്തനങ്ങൾ നടക്കുമ്പോൾ പഞ്ചായത്തിലെ നിവാസികളിൽ നിന്നും പരിമിതമായ തോതിലെങ്കിലും പുതിയ നികുതികൾ ഈടാക്കുകയും നിലവിലുള്ളവ പുതുക്കുകയും ചെയ്യുന്നതിൽ സംസ്ക്കാര സമ്പന്നരായ പഞ്ചായത്തു നിവാസികൾ എതിർക്കുകയില്ലെന്ന് പൂർണ്ണമായി വിശ്വസിക്കാം.

മനുഷ്യശക്തിയും ബൗദ്ധികമായ വിഭവങ്ങളും ഈ പഞ്ചായത്തിൽ ഒട്ടും കുറവല്ല. പ്രബുദ്ധരായ ഈ പഞ്ചായത്തിലെ പൊതുജനങ്ങൾ 1950 കളിലും 60 കളിലും ശ്രമദാനം മാത്രം കൈമുതലാക്കി പല വികസന പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. ഉദാഹരണമായി ഈ പഞ്ചായത്തിലെ നൂറുകിലോമീറ്ററോളം റോഡ് പഞ്ചായത്ത്-ഗവൺമെന്റ് സഹായങ്ങൾ ഇല്ലാതെ തന്നെ നാട്ടുകാർ വെട്ടുകയുണ്ടായി. ഇതിൽ ഒരു സെന്റ് ഭൂമിപോലും വിലകൊടുത്തുവാങ്ങാതെ നാട്ടുകാർ സംഭാവനയായി തന്നതാണ്. തുടർന്നും ഇത്തരം സഹായങ്ങൾ നാട്ടുകാരിൽ നിന്നും പ്രതീക്ഷിക്കാവുന്നതാണ്. കൂടാതെ ഇനിയും നടക്കാനിരിക്കുന്ന വികസന പ്രവർത്തനങ്ങൾ തങ്ങളുടെതാണെന്ന ബോധത്താൽ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യം ഉറപ്പുവരുത്തേണ്ടതാണ്.

ഈ പഞ്ചായത്തതിർത്തിയിൽ ഷെട്ട് പ്രവർത്തിക്കുന്ന രണ്ട് ഷെഡ്യൂൾഡ് ബാങ്കുകൾ തെരഞ്ഞെടുക്കപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് മിതമായ നിരക്കിൽ പലിശ ഈടാക്കി കടം തരുമെന്ന് പ്രതീക്ഷിക്കാം. കൂടാതെ ഈ പഞ്ചായത്തിലെ തെരഞ്ഞെടുക്കപ്പെട്ട ചില വികസന പ്രവർത്തനങ്ങൾ ഈ ബാങ്കുകൾ സ്പോൺസർ ചെയ്യാൻ തയ്യാറാകുമെന്ന് പ്രതീക്ഷിക്കാം. ഇത് ബാങ്കുകളെ പൊതുജന ദൃഷ്ടിയിൽ മികവുള്ളതാക്കി തീർക്കുന്നതിനുമുപരി ബാങ്കുകളുടെ ഒരു പരസ്യ ഉപാധിയായും ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി ഒരു പട്ടികജാതി കോളനിയിൽ വൈദ്യുതി അല്ലെങ്കിൽ വെള്ളം എത്തിക്കാൻ ബാങ്കിന് സ്പോൺസർ ചെയ്യാവുന്നതാണ്. അതുപോലെതന്നെ പഞ്ചായത്തിന്റെവക പൊതുചന്തകളിൽ സ്റ്റാളുകൾ പണിത് അവിടെ ബാങ്കിന്റെ പരസ്യ ബോർഡുകൾ സ്ഥാപിക്കുന്നതാണ്. ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളും വികസന പ്രവർത്തനങ്ങളിൽ സഹായ ഹസ്തവുമായി മുന്നോട്ട് വരുമെന്നു കരുതാം.

ഈ പഞ്ചായത്തിൽ നിന്ന് ഗൾഫ് മുതലായ വിദേശ രാജ്യങ്ങളിൽ വലുതും ചെറുതുമായ ജോലി ചെയ്യുന്ന 350 ഓളം യുവതീ യുവാക്കളും ഉണ്ട്. ഇവരുടെ വരുമാനം ഈ പഞ്ചായത്തിലെ രണ്ട് ഷെഡ്യൂൾഡ് ബാങ്കുകളിലാണ് എത്തുന്നത്. കണക്കുകൾ അനുസരിച്ച് 2500000 രൂപ ഇവിടെ എത്തുന്നു. വേദകരമെന്നു പറയട്ടെ ഈ തുക മുഴുവനും മൃതനികുഷേപമായി മാറുകയാണ്. വലിയ വീടുകൾ പണിയുന്നതിനാണ് ഈ തുകയുടെ 80% ചെലവാക്കുന്നത്. ഈ പഞ്ചായത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉതകുന്ന പ്രവർത്തനത്തിന് ഈ പണം ചെലവാക്കുന്നില്ല. കൂടാതെ വിവിധ ദേവാലയങ്ങൾക്കും ബന്ധുമിത്രാദികൾക്കും വലിയ തുക ഇവർ സംഭാവന നൽകുന്നു. ഇത് അഭികാമ്യമാണെങ്കിലും ഉൽപ്പാദന പ്രക്രിയയെ പ്രോത്സാഹിപ്പിക്കത്തക്ക പ്രവർത്തനങ്ങളിലൊന്നും ഈ ധനം ഉപയോഗപ്രദമാകുന്നില്ല. ഇങ്ങനെയുള്ളവരിൽ നിന്നും സംഭാവനയായും മറ്റും വികസന പ്രവർത്തനത്തിനു പണം സമാഹരിക്കാവുന്നതാണ്. പ്രബുദ്ധരായ വിദേശ ഇന്ത്യാക്കാർ സഹകരിക്കുമെന്നത് നിസംശയമാണ്.

മറുനാടുകളിൽ നിന്ന്, ജോലിയിൽ നിന്നും സ്ഥിരമായി പിരിഞ്ഞ് നാട്ടിലെത്തുന്നവർ സഹകാര്യ പണമിടപാടു സ്ഥാപനങ്ങളിൽ വൻതുകകൾ നിക്ഷേപിക്കുന്നു. ഇതിനുപകരം ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിച്ചാൽ അത് ഉൽപ്പാദന പ്രക്രിയയെ നേരിട്ട് ഉത്തേജിപ്പിക്കുന്നതിനു പുറമേ, തൊഴിൽ ദാനംകൊണ്ട് പല കുടുംബങ്ങളേയും ദാരിദ്ര്യ രേഖയ്ക്ക് മുകളിലെത്തിക്കാൻ കഴിയും. ഇങ്ങനെയുള്ള സംരംഭകർക്ക് പഞ്ചായത്ത് എല്ലാവിധത്തിലുള്ള പിന്തുണയും കൊടുക്കുന്നതാണ്.

സ്വന്തമായ വരുമാനങ്ങൾ ഭരണ ചെലവിനുപോലും തികയാത്ത ഈ പഞ്ചായത്ത്, ഇതിന്റെ മേലെക്കിടയിലുള്ള രണ്ടുതട്ട് പഞ്ചായത്തുകളിൽ നിന്നും സംസ്ഥാന കേന്ദ്രസർക്കാരുകളിൽ നിന്നും കാര്യമായ സഹായം പ്രതീക്ഷിക്കുന്നു. മൊത്തം പ്ലാൻ തുകയുടെ 40% മാത്രമാണല്ലോ പഞ്ചായത്തുകൾക്കായി നീക്കിവച്ചിരിക്കുന്നത്. ബാക്കിയുള്ള 60% പ്ലാൻ ഫണ്ട് പ്രാദേശികമായി വീതിക്കുമ്പോൾ മലയോര അവികസിത പഞ്ചായത്തായ അമ്പൂരി ഗ്രാമപഞ്ചായത്തിന് കൂടുതൽ സഹായം പ്രതീക്ഷിക്കാം. സാമ്പത്തിക സഹായത്തിനായി ഈ പഞ്ചായത്തിനെ കണക്കിലെടുക്കുമ്പോൾ പരമ പ്രധാനമായ പരിഗണനക്ക് അർഹമാകേണ്ട കാര്യമാണ്. ഈ പഞ്ചായത്തിലെ പട്ടികവർഗക്കാരുടെ എണ്ണം 1991 ലെ സെൻസസ് പ്രകാരം 979 ആണ്. ഇവരുടെ എണ്ണം 5 വർഷം കൊണ്ട് കാര്യമായ ജനസംഖ്യാ വർദ്ധന കാണപ്പെടുന്നു. അതുപോലെ തന്നെ പരിഗണനാർഹമായ പ്രത്യേകത പട്ടികജാതിക്കാരുടെ എണ്ണമാണ്. ഇനജാതിക്കാർ 1013 ആണ്. കൂടാതെ ഭളിത് ക്രൈസ്തവരുടെ എണ്ണം 6000ത്തിൽ പരം വരും.

ഈ പഞ്ചായത്തിലെ പല തോടുകളിൽ നിന്നും മഴക്കാലത്ത് മണൽവാരൽ നടക്കുന്നുണ്ട്. മണൽവാരാനുള്ള അധികാരം ലേലം ചെയ്തു കൊടുത്താൽ ഇതിൽ നിന്നു ഒരു ചെറിയ വരുമാനം പഞ്ചായത്തിന് ലഭ്യമാകും, നെയ്യാർ ജലസംഭരണി വർഷം തോറും നികന്ന് ആഴം കുറഞ്ഞ് കൊണ്ടിരിക്കുകയാണ്. ഒഴുകുജലം കൊണ്ടുവരുന്ന മണൽ ഡാമിൽ അടിഞ്ഞുകൂടുകയാണ്. ഈ മണൽ വാരാനുള്ള അധികാരം ലേലം ചെയ്തു കൊടുത്താൽ പഞ്ചായത്തിന് അധിക വരുമാനമുണ്ടാകുന്നതിനു പുറമേ നെയ്യാർ സംഭരണിയിൽ കൂടുതൽ ജലം സംഭരിക്കുവാനും കഴിയും.

ഈ പഞ്ചായത്തിന്റെ നല്ലൊരു ഭാഗം റിസർവ്വ് വനമാണ്. ഈ വനത്തിൽ ധാരാളം തടികൾ വീണുകിടന്ന് നശിച്ചു കൊണ്ടിരിക്കുകയാണ്. ഇത്തരം തടികൾ അപ്പപ്പോൾ ലേലത്തിൽ വിൽക്കുന്നതിനുള്ള അധികാരം പഞ്ചായത്തിനു നൽകിയാൽ അത് വരുമാന മാർഗമാണ്.

1994-ലെ പഞ്ചായത്തു നിയമത്തിന്റെ 20-ാം വകുപ്പിലെ രണ്ടും മൂന്നും ഉപവകുപ്പുകളും ഈ വകുപ്പിൽ വരുത്തിയിട്ടുള്ള ഭേദഗതികളും (ഭേദഗതി 28) 201-ാം വകുപ്പു പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഇന്ന് നിലവിലുള്ള നികുതികൾക്ക് പുറമെ പുതിയ നികുതികൾ പിരിക്കുന്നതിനുള്ള അധികാരം നൽകുന്നു. ഇതിൽ ഉപഭോഗനികുതി ഭൂപരിവർത്തന നികുതി എന്നിവ ഉൾപ്പെടുന്നു. ഉപഭോഗനികുതി ഭൂമിയുടെ വിലയുടെ അടിസ്ഥാനത്തിലാണല്ലോ ചുമത്തേണ്ടത്. ഏറ്റവും പരിമിത ഭൂമി വില നിശ്ചയിച്ച്, ഈ പഞ്ചായത്തിലുള്ള 50000-ത്തോളം ഹെക്ടർ ഭൂമിക്കും ഉപഭോഗനികുതി ചുമത്താവുന്നതാണ്. ഒരു ഹെക്ടറിൽ അധികം ഭൂമി പരിവർത്തന വിധേയമാക്കുന്നവരിൽ നിന്നും ഭൂപരിവർത്തന നികുതിയും ഈടാക്കാവുന്നതാണ്. കൂടാതെ 2 ഹെക്ടറിൽ അധികം ഭൂമിയുള്ളവരെ വൻകിട കർഷകർ എന്ന് കണക്കിലെടുത്ത് അവരിൽ നിന്നും തൊഴിൽ നികുതിയും ഈടാക്കാവുന്നതാണ്. ഇങ്ങനെയുള്ളവരുടെ എണ്ണം ഈ പഞ്ചായത്തിൽ ആകെ എഴുപത്തി മൂന്നാണ്. ഈ മേഖലകളിലും ഇതുപോലുള്ള മറ്റ് മേഖലകളിൽ നിന്നും നികുതികൾ ഈടാക്കി പഞ്ചായത്തിനെ സ്വയം പര്യാപ്തമാക്കേണ്ടതാണ്

കെട്ടിടനിർമ്മാണം ധാരാളമായി നടക്കുന്ന ഈ പഞ്ചായത്തിൽ കെട്ടിടത്തിന്റെ പ്ലാൻ എസ്റ്റിമേറ്റ് തുടങ്ങിയവ സമർപ്പിച്ച് കെട്ടിടനിർമ്മാണത്തിന് പഞ്ചായത്തിന്റെ അനുവാദം വാങ്ങണമെന്ന ചട്ടം നിലവിലില്ല. തൻമൂലം

റോഡ്, കുളങ്ങൾ, തോട് തുടങ്ങിയവയോട് ചേർന്നു നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നു. സ്ഥിരമായ കെട്ടിടങ്ങൾക്ക് പ്ലാൻ സമർപ്പിച്ച് ന്യായമായ തുക ഫീസും ഒടുക്കി അംഗീകാരം വാങ്ങണമെന്ന ചട്ടം നിലവിൽ വന്നാൽ പഞ്ചായത്തിന് കുറച്ചുകൂടി വരുമാനം ഉണ്ടാകുന്നതാണ്. പരസ്യ ബോർഡുകൾക്ക് നികുതി ഏർപ്പെടുത്തേണ്ടതും ആലോചിക്കേണ്ടതാണ്. പഞ്ചായത്തിന്റെ കെട്ടിടങ്ങളിലും പൊതുസ്ഥലങ്ങളിലും പരസ്യബോർഡുകൾ സ്ഥാപിക്കുന്നതിന് പരസ്യ കമ്പനികളെ സമീപിച്ചാൽ കാര്യമായ വരുമാനം ഉണ്ടാക്കാവുന്നതാണ്.

പൊതുതത്തിലുള്ള ആഡംബര നികുതി ചുമത്തുന്നതിനുള്ള അധികാരം ഉണ്ടാക്കിയാൽ അത് പഞ്ചായത്തിന്റെ വരുമാനത്തെ കാര്യമായി വർദ്ധിപ്പിക്കും. വലിയ കളർ ടി.വി., വലിയ ഫ്രിഡ്ജ്, വി.സി.ആർ. തുടങ്ങിയവ ഉപയോഗിക്കുന്ന വീടുകൾക്ക് പ്രത്യേക നികുതി ഏർപ്പെടുത്തുകയോ അല്ലെങ്കിൽ അർദ്ധവാർഷിക കെട്ടിട നികുതിയിൽ ഒരു ചെറിയ ശതമാനം കണ്ട് വർദ്ധനയുണ്ടാക്കുകയോ ചെയ്യാവുന്നതാണ്. ഇത്തരുണത്തിൽ നികുതി ചുമത്തുന്നവർ ഒരു ചിത്രശലഭത്തിന്റെ റോളാണ് ഏറ്റെടുക്കേണ്ടത്. ചിത്രശലഭം പൂവിൽ നിന്നും തേൻ ഊറ്റിയെടുക്കുമ്പോൾ പൂവിന് കേടുപറ്റാതിരിക്കാൻ ശ്രദ്ധിക്കുന്നതുപോലെ നികുതി പിരിവിലും, നികുതിദായകനെ വേദനിപ്പിക്കാതെ ചിത്രശലഭത്തിന്റെ അനുകരിക്കാവുന്നതാണ്.

ഇപ്പോഴത്തെ നിലവിലുള്ള നികുതികളും തുടക്കത്തിൽ ചുമത്തിയപ്പോഴുള്ള വരുമാനമല്ല ഇന്നുള്ളത്. ഗതാഗതം വാർത്താമാദ്ധ്യമം, വിദ്യാഭ്യാസം തുടങ്ങിയ രംഗങ്ങളിൽ ഈ പഞ്ചായത്തിൽ അഭൂതപൂർവ്വമായ മാറ്റമാണ് സംഭവിച്ചിരിക്കുന്നത് ഇതു കണക്കിലെടുക്കുമ്പോൾ നിലവിലുള്ള പഴയനിരക്കിലുള്ള നികുതികളും പുതുക്കേണ്ടതാണെന്നുള്ള അഭിപ്രായത്തിന് രണ്ടുപക്ഷമില്ല. മനുഷ്യവിഭവശേഷിയുടെ കാര്യത്തിലും, മലയോരപ്രദേശമായ ഈ പഞ്ചായത്ത് അധികം പിന്നിലല്ല ഇതിനെക്കുറിച്ചുള്ള മറ്റൊരു കണക്ക് ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	സാങ്കേതിക വിദ്യാഭ്യാസ യോഗ്യത	എണ്ണം	തൊഴിൽ
1	2	3	4
1.	എം ഡി	2	ഡോക്ടർ
2.	എം. ബി ബി എസ്.	2	
3.	ബി. ഡി. എസ്.	2	
4.	വെറ്റിനറി	2	,,
5.	ബി എസ്സ്. സി. നഴ്സ്	ഇല്ല	ഇല്ല
6.	ജനറൽ നഴ്സ്	75	നഴ്സ്
7.	എഞ്ചിനീയർ (സിവിൽ, ഇലക്ട്രോണിക്സ്, ഡിപ്ലോമ etc.)	25	എഞ്ചിനീയർ
8.	എൽ. എൽ. ബി.	5	അഡ്വക്കേറ്റ്
9.	ഐ. റ്റി. ഐ.	50	—
	ആകെ	163	

മേൽ വിവരിച്ച സാങ്കേതിക വിദ്യാഭ്യാസമുള്ളവരും സേവന സന്നദ്ധരുമായ യുവതി യുവാക്കളും ഈ പഞ്ചായത്തിലുമുണ്ട്. ഇവരുടെ നിസ്വാർത്ഥ സേവനം വികസനരംഗത്ത് പ്രതീക്ഷിക്കാവുന്നതാണ്. അതു കൂടാതെ നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ പാറകളും മെറ്റലുകളും ഈ പഞ്ചായത്തിൽ ധാരാളം കിട്ടും. പരിസ്ഥിതിക്ക് ദോഷം വരാതെ ഇവയെ ചൂഷണം ചെയ്തുൽപതി. കൈത്തൊഴിലും നിർമ്മാണ പ്രവർത്തനവും ചെയ്യാൻ നല്ല കായികശേഷിയുള്ള തൊഴിലാളികളും ഈ പഞ്ചായത്തിൽ കുറവല്ല. 9-ാം പദ്ധതിയുടെ ആദ്യഘട്ടത്തിൽ തന്നെ ഈ പഞ്ചായത്ത് സ്വയം പര്യാപ്തമാകുമെന്നും വികസനത്തിനുള്ള വിഭവങ്ങൾ ഒരളവു വരെയെങ്കിലും കണ്ടെത്താൻ കഴിയുമെന്നുള്ള ശുഭാപ്തി വിശ്വാസമാണ് നമുക്കുള്ളത്.

സ്വയംഭരണ സ്ഥാപനങ്ങൾക്കു അധികാര വികേന്ദ്രീകരണത്തിലൂടെ വളരെയധികം അധികാരങ്ങളും ഇപ്പോൾ തന്നെ ലഭിച്ചുകഴിഞ്ഞു. സെൻസസ് കമ്മീഷണർ റിപ്പോർട്ട് നടപ്പിലാക്കുമ്പോൾ അധികാരങ്ങളുടെ വ്യാപ്തി പല മടങ്ങായി വീണ്ടും വർദ്ധിക്കും. ഈ അധികാരങ്ങളെല്ലാം കൈയാളുന്നതിനു പ്രാപ്തരാണ് നമ്മുടെ ജനപ്രതിനിധികൾ. എന്നാൽ അവർക്കു താങ്ങും തണലുമായി വർത്തിക്കേണ്ടത് പഞ്ചായത്ത് ഓഫീസുകളിൽ പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ്, മിനിസ്റ്റീരിയൽ വിഭാഗത്തിൽപെട്ട ഉദ്യോഗസ്ഥരാണല്ലോ? ഇവരുടെ എണ്ണം ഇന്നും 1978-ലെ തോതിൽതന്നെ നിലകൊള്ളുന്നു.

1978-ലെയും 1998-ലെയും ഓഫീസ് ജോലികളെക്കുറിച്ചുള്ള ഒരു പഠന പ്രവർത്തനം നടത്തിയപ്പോൾ ജോലിഭാരം ഏതാണ്ട് 50% ഉയർന്നതായികാണുന്നു. വിവിധയിനം പെൻഷനുകളുടെ വിതരണം, സ്ഥാപനങ്ങളുടെ ഭരണം, സർട്ടിഫിക്കറ്റുകൾ നൽകാൻ തുടങ്ങിയവ വരുത്തി അധികജോലിഭാരം താങ്ങാനാവാതെ വീർപ്പുമുട്ടുന്ന ഉദ്യോഗസ്ഥ വൃന്ദം. വികസന പ്രവർത്തനങ്ങളുടെ ഓഫീസ് തലത്തിലുള്ള നടത്തിപ്പുകാർ കൂടെയുംകുമ്പോൾ നാം ഒഴിവാക്കാൻ ശ്രമിച്ച ചുവപ്പുനാട, ഡിപ്പാർട്ടുമെന്റിലിസം തുടങ്ങിയവ മറ്റൊരു രൂപത്തിൽ പഞ്ചായത്ത് ഓഫീസ് തലത്തിൽ പുനർജനനം പ്രാപിക്കാനാണ് സാദ്ധ്യത.

ഒൻപതാം പദ്ധതിയിൽ വിഭാവന ചെയ്യുന്ന വികസന പ്രവർത്തനങ്ങളും പ്രവൃത്തി പഥത്തിലെത്തുമ്പോൾ ഓഫീസ് ജോലിഭാരം വീണ്ടും 100%ത്തിലധികമായി വർദ്ധിക്കും. അങ്ങനെ 1978ൽ ഉണ്ടായിരുന്നതിൽ നിന്ന് ഏറ്റവും കുറഞ്ഞത് 150% ജോലി വർദ്ധന പഞ്ചായത്തു ഓഫീസുകൾക്കുണ്ടാകും.

എന്നാൽ പുതിയ തസ്തികകളും അനുവദിക്കാതിരിക്കുന്നതിനു പുറമേ, ഉള്ള തസ്തികകളും പോലും നികത്താത്ത ഇന്നത്തെ ദുരവസ്ഥ മാറ്റിയില്ലെങ്കിൽ അതിന്റെ തിക്തഫലം അനുഭവിക്കുന്നത് വികസനരംഗം മാത്രമായിരിക്കും. അതുകൊണ്ട് ആദ്യപടി ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ ഉടൻ നികത്തുകയും സ്റ്റാഫ് പാറ്റേണിൽ അഴിച്ചു പണി നടത്തി ജോലി ഭാരത്തിനൊത്ത സ്റ്റാഫ് പാറ്റേൺ എന്ന തത്വം സ്ഥിരീകരിച്ചേ മതിയാകൂ.

അധികാരങ്ങൾ ഒരു തലത്തിൽ നിന്നു എടുത്തു മാറ്റുമ്പോൾ അവിടെ ജോലിഭാരം കുറയുന്നു. അധികാരങ്ങൾ എവിടെ കൊടുക്കുന്നുവോ അവിടെ ജോലിഭാരം വർദ്ധിക്കുന്നു. ഈ ലളിത തത്വം കണക്കിലെടുത്ത് തസ്തികകളും മാറേണ്ടതാണ് വ്യക്തികൾക്കു കഴിയുന്നത്ര അസൗകര്യങ്ങൾ കുറച്ചുകൊണ്ടും, പുതിയ തസ്തികകൾ സൃഷ്ടിക്കാതെയും തസ്തിക ഒരാഫീസിൽ നിന്നു മറ്റൊരു ആഫീസിലേക്കു മാറ്റുക എന്ന പ്രക്രിയയാണ് ഇവിടെ അഭികാമ്യം. ഇതു നടന്നില്ലെങ്കിൽ അധികാര വികേന്ദ്രീകരണമെന്ന വിലപ്പെട്ട ആശയം കടലാസിൽ മാത്രം ചടഞ്ഞു കൂടുകയും ചെയ്യും.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ തനതു വരുമാനങ്ങൾ ഭരണച്ചെലവിനു തികയുന്നില്ല.
2. വരുമാനം വർദ്ധിപ്പിക്കുന്ന കാര്യത്തിൽ കാര്യമായ നടപടികൾ ഒന്നും എടുത്തിട്ടില്ല.
3. നിലവിലുള്ള നടപടി ക്രമങ്ങളനുസരിച്ച് കൺവീനറെക്കൊണ്ട് പണികൾ ചെയ്യിപ്പിക്കുന്നതിനു ബുദ്ധിമുട്ട് ഉണ്ട്. പണി തീർത്തതിനു ശേഷമേ പണം നൽകൂ എന്നത് പ്രതിബന്ധമായി നിൽക്കുന്നു.
4. പട്ടികജാതി പട്ടിക വർഗക്കാർ ധാരാളമുള്ള പഞ്ചായത്താണ് ഇതെന്ന് കണക്കെടുത്ത് ആനുപാതികമായി വിഹിതം കൂടുതൽ നൽകുന്നില്ല.
5. കോൺട്രാക്ടർമാരുടെ അമിത ലാഭമോഹം വിഭവസമാഹരണത്തെ ബാധിക്കുന്നു.

പരിഹാര മാർഗങ്ങൾ

1. നിലവിലുള്ള നികുതികൾ പുതുക്കുകയും പരിമിതമായ തോതിലെങ്കിലും പുതിയ നികുതികൾ ഏർപ്പെടുത്തുകയും ചെയ്യുക.
2. വികസന പ്രവർത്തനങ്ങളിൽ ലാഭം മാത്രം ലക്ഷ്യമാക്കി പ്രവൃത്തിക്കുന്ന ഇടനിലക്കാരെ ഒഴിവാക്കി യഥാർത്ഥ കർഷിറ്റികൾ രൂപീകരിച്ചോ പഞ്ചായത്ത് നേരിട്ടോ പണികൾ നടത്തുക.
3. പട്ടികവർഗ്ഗ ജാതിക്കാർക്കായുള്ള വികസന പ്രവർത്തനത്തിന് കൂടുതൽ ഫണ്ട് ലഭിക്കുന്നതിന് കേന്ദ്ര, സംസ്ഥാന സർക്കാരുകളെ സമീപിക്കുക.

സാധ്യതകൾ

1. സ്വയം പര്യാപ്തതയിലെത്തി വികസനത്തിന് വിഭവങ്ങൾ ഒരളവുവരെയെങ്കിലും കണ്ടെത്തി നാടിന്റെ മുഖമായ് തന്നെ മാറാൻ കഴിയുന്ന ഒരു പഞ്ചായത്തായി വളരുന്നു.

അമ്പൂരി ഗ്രാമപഞ്ചായത്തിലെ

ജില്ലാ പ്രതിനിധി: ശ്രീമതി. ആൻ സജിത റസ്സൽ

ബ്ലോക്കു പ്രതിനിധി: ശ്രീ. അഡ്വ: ഡി. രാജു

പഞ്ചായത്തു വക ആസ്തികൾ

ഭരണ ചെലവുകൾക്കുപോലും സർക്കാരിനെ ആശ്രയിക്കേണ്ട പഞ്ചായത്താണിതെങ്കിലും ആസ്തികൾ സമ്പാദിക്കുന്നതിൽ വിവിധ കാലങ്ങളിൽ ഭരണം നടത്തിയിരുന്ന പ്രസിഡന്റുമാരും മെമ്പർമാരും അതീവശ്രദ്ധ ചെലുത്തിയിരുന്നത് എടുത്തുപറയേണ്ട വസ്തുതയാണ്.

ഇപ്പോൾ ഈ പഞ്ചായത്തിന്റെ പ്രധാന ആസ്തികളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ചുവടെ ചേർക്കുകയും മാപ്പിൽ അടയാളപ്പെടുത്തുകയും ചെയ്യുന്നു.

	ആസ്തികം	ആർജ്ജിച്ച തീയതി	വാർഡ്
1.	വാഴിച്ചൽ ചന്തയും ഷോപ്പിംഗ് കോംപ്ലക്സും	പഞ്ചായത്ത് രൂപീകരിച്ചപ്പോൾ കളളിക്കാട്ട് പഞ്ചായത്തിൽ നിന്നും ലഭിച്ചത്	കണ്ടംതിട്ട
2.	കമ്മ്യൂണിറ്റി ഹാൾ	സ്ഥലം സംഭാവന -2-സെൻറ് ശ്രീ. കുഞ്ഞിരാമൻകാണി (1991)	കുടപ്പനമൂട്
3.	ശിശുമന്ദിരം	പഞ്ചായത്തു വക സ്ഥലം (1989)	കുട്ടമല
4.	ഹോമിയോ ആശുപത്രി കെട്ടിടം	സ്ഥലം സംഭാവന -10- സെൻറ് ശ്രീ. ഗോവിന്ദൻ ചെട്ടിയാർ (1992)	കുട്ടപ്പൂ
5.	കമ്മ്യൂണിറ്റി ഹാൾ & അംഗൻവാടി കെട്ടിടം	സ്ഥലം സംഭാവന -6- സെൻറ് ശ്രീ. പരമേശ്വരൻനായർ (1994)	തേക്കുപാറ
6.	ചന്തയും മാർക്കറ്റ് സ്റ്റാളും	സ്ഥലം പഞ്ചായത്ത് വിലക്കു വാങ്ങിയത് -50- സെൻറ് (1990)	അമ്പൂരി
7.	പഞ്ചായത്ത് വക ആഫീസ് കെട്ടിടം	സ്ഥലം ചങ്ങനാശേരി അതിരൂപത വക അമ്പൂരി എസ്റ്റേറ്റിൽ നിന്നും സംഭാവന -20- സെൻറ് (1993—1994)	അമ്പൂരി
8.	പ്രൈമറി ഹെൽത്ത് സെൻറർ : കെട്ടിടവും- വെയിറ്റിംഗ് ഷെഡും	സ്ഥലം സംഭാവന മായം സെൻറ് മേരീസ് ചർച്ച് വക -20- സെൻറ് (1990—1993)	മായം
9.	നടപ്പാലം	(1990—1991)	മായം
10.	കമ്മ്യൂണിറ്റി ഹാൾ	(1993)	തൊടുമല

കഴിഞ്ഞ കാലങ്ങളിൽ ഈ പഞ്ചായത്തിനു പുരോഗതി ഉണ്ടാക്കി കൊടുത്ത എം. പി. മാരായ ശ്രീ. നീലലോഹിതദാസൻ നാടാർ ശ്രീ. എ. ചാൾസ് എന്നിവരേയും എം. എൽ. എ. മാരായിരുന്ന ശ്രീ. ആർ. പരമേശ്വരൻപിളള, ശ്രീ. എസ്. ആർ. തങ്കരാജ്, ബഹു: മുൻമന്ത്രി ശ്രീ. ആർ. സുന്ദരേശൻ നായർ എന്നിവരേയും 1991 മുതൽ നിലവിൽ എം. എൽ. എ. ആയിരിക്കുന്ന ശ്രീ. തമ്പാനൂർ രവിയേയും മുൻ പഞ്ചായത്തു പ്രസിഡൻറുമാരായ ശ്രീ. പി.വി. വർഗീസ്, ശ്രീ. പി. സി. തോമസ് എന്നിവർക്കും വിവിധ വാർഡുകളിൽ മെമ്പർമാരായിരുന്ന

സർവ്വശ്രീ.

എ. എം. ബഷീർ വൈസ് പ്രസിഡൻറ്
പി. എ. എബ്രഹാം
കെ. ജെ. മാത്യു
ഇ. എം മാത്യു
തങ്കപ്പൻകാണി
ഏലിക്കുട്ടി തോമസ്
ഷാഹുൽ (സാലി സായിപ്പ്)
ജി. വേലപ്പൻ
അയ്യപ്പൻകാണി

സർവ്വശ്രീ.

കൃഷ്ണമ്മ സുരേന്ദ്രൻ
ഇ. എം. ബേബി
ഏലിയാസർ
വി. എ. ജോസഫ്
എ. ഷാഹുൽ ഹമീദ്
പി. ഒ. ജോൺ
കെ. ആൽബർട്ട്
മായി ഗോപാലൻ
ഏലിക്കുട്ടി തോമസ്

എന്നീ അംഗങ്ങളെ നന്ദിയോടെ ഓർമ്മിയ്ക്കുന്നതിനുപുറമേ മേൽവിവരിച്ചതിലും ഉപരിയായി ആസ്തികം ഉണ്ടാക്കുന്നതിനു ഇപ്പോൾ പഞ്ചായത്ത് രൂപീകരിക്കുന്ന ഭരണസമിതിക്കും ഭാവിയിൽ വരാൻ പോകുന്ന ഭരണ സമിതിക്കും കഴിയട്ടേ എന്നു ആശംസിച്ചുകൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

അമ്പൂരി ഗ്രാമപഞ്ചായത്ത്

സപ്ളിമെന്ററി വികസന റിപ്പോർട്ട്

9-ാം പദ്ധതി
ജനകീയാസൂത്രണ
പദ്ധതി-1997

ഉള്ളടക്കം

1 ആമുഖം

വിഷയങ്ങൾ

1. കൃഷിയും, ജലസേചനവും
2. മൃഗസംരക്ഷണവും, മത്സ്യബന്ധനവും
3. വിദ്യാഭ്യാസം
4. കുടിവെള്ളവും, പൊതുജനാരോഗ്യവും
5. വ്യവസായം
6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
7. പാർപ്പിടവും, സാമൂഹ്യക്ഷേമവും
8. സംസ്ക്കാരം
9. വനിത
10. പട്ടികജാതി/പട്ടികവർഗ്ഗം
11. സഹകരണം
12. വിഭവ സമാഹരണം

തിരുത്തലുകളും കൂട്ടിച്ചേർക്കലും

ആമുഖം

അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ വികസന റിപ്പോർട്ട് 11-1-97-ൽ കൂടിയ വികസന സെമിനാറിൽ പ്രകാശനം ചെയ്യുകയുണ്ടായി. വിവിധ ഗ്രൂപ്പുകൾ റിപ്പോർട്ട് പഠിച്ച് ചർച്ചകൾ നടത്തി, പുതിയ നിർദ്ദേശങ്ങളും മുൻഗണനാക്രമങ്ങളും നല്കുകയുണ്ടായി. ഈ നിർദ്ദേശങ്ങളും മുൻഗണനാക്രമങ്ങളും 22-3-97-ൽ കൂടിയ പഞ്ചായത്തുകമ്മറ്റി എഡിറ്റ് ചെയ്ത് അംഗീകരിച്ചു. ഇവയാണ് സപ്ലിമെന്ററി റിപ്പോർട്ടായി ഇവിടെ അവതരിപ്പിക്കുന്നത്.

പഞ്ചായത്ത് കമ്മറ്റിക്കുവേണ്ടി

ത്രേസ്യാമ്മ ആന്റണി
(പ്രസിഡന്റ്)

കൃഷിയും ജലസേചനവും

പുതിയ നിർദ്ദേശങ്ങൾ

1. നെയ്യാർഡാമിൽ അപ്പർഡാം കെട്ടി പഞ്ചായത്തിലെ ജലസേചന സൗകര്യം വർദ്ധിപ്പിക്കുക.

2. നിലവിൽ നെൽകൃഷി ഉള്ള പാടങ്ങളും എങ്കിലും നിലനിർത്താൻ നടപടി ഉണ്ടാകണം.

3. നെല്ല്, വാഴ, ഇഞ്ചി, മരച്ചീനി, കുരുമുളക് എന്നീ കാർഷിക വിളകൾക്ക് കർഷകനേറതല്ലാതായി വരുന്ന നഷ്ടങ്ങൾക്ക് സർക്കാർ പരിഹാരം കണ്ടെത്തണം.

4. റബ്ബർ കർഷകർ നേരിടുന്ന ഒരു പ്രധാന പ്രശ്നം ഗുണനിലവാരമില്ലാത്ത ബഡ്ഡുതൈകളും വില്ക്കപ്പെടുന്നു എന്നതാണ്. എട്ടുവർഷം മോരിച്ച ചെലവിൽ വളർത്തിക്കൊണ്ടുവരുന്ന മരങ്ങൾക്ക് ഉല്പാദനക്ഷമത കുറയുന്നതുകൊണ്ട് ഭാരിച്ച നഷ്ടം നേരിടേണ്ടിവരുന്നു. ഇത്തരം തൈകളും വില്ക്കുന്ന നഴ്സറി ഉടമകളെ കണ്ടെത്തി നിരുത്സാഹപ്പെടുത്തുകയും റബ്ബർ ബോർഡിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ചെയ്യണം.

5. കണ്ടംതിട്ട കനാറി അന്തരീക്ഷ മലിനീകരണം നടത്തുന്നതുകൊണ്ട് ആ പ്രദേശത്തെ കൃഷികളും നശിച്ചു തുടങ്ങിയിരിക്കുന്നു. ഇതിന് പ്രതിവിധി കണ്ടെത്തുക.

മൃഗസംരക്ഷണവും മത്സ്യബന്ധനവും

പുതിയ നിർദ്ദേശങ്ങൾ

1. കൃത്രിമ ഗർഭോല്പാദനത്തിനുവേണ്ടി എല്ലാ വർഡുകളിലും സബ്സെൻറർ സ്ഥാപിക്കുക. കൃത്രിമ ഗർഭോല്പാദനത്തിന് സബ്സിഡി നല്കുക.

2. ശൂരവകാണി സബ്സെൻറർ പ്രദേശത്ത് നൂറിലധികം മാടുകളും ഉള്ളതുകൊണ്ട് സബ്സെൻറർ അവിടെ നിന്ന് മാറ്റരുത്.

3. കറവ വറ്റിയ മാടുകളെ കശാപ്പിനുകൊടുക്കാതെ അവയെ വളർത്തുന്നതിന് സബ്സിഡിയോടെ തീറ്റ ലഭ്യമാക്കുക.

4. മത്സ്യബന്ധനം നടത്താൻ ആഗ്രഹമുള്ള കർഷകർക്ക് ധനസഹായം നല്കുക.

വിദ്യാഭ്യാസം

പുയിയ നിർദ്ദേശങ്ങൾ

1. പുരവിമല ട്രൈബൽ സ്കൂളിലെ കുട്ടികൾക്ക് താമസിച്ചുപഠിക്കുന്നതിനായി ഹോസ്റ്റൽ നിർമ്മിക്കുക. അദ്ധ്യാപകർക്ക് താമസത്തിനായുള്ള ക്വാർട്ടേഴ്സ് പണി പൂർത്തിയാക്കി താമസസൗകര്യം ഉണ്ടാക്കുക. പുരവിമല L P സ്കൂളിനെ U P സ്കൂളായി ഉയർത്താനുള്ള നടപടി സ്വീകരിക്കുക.

2. കണ്ടംതിട്ട എന്ന സ്ഥലമാണ് ഈ പഞ്ചായത്തിൽ പുതുതായി സ്കൂൾ സ്ഥാപിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കേണ്ടത്.

3. മാസത്തിലൊരിക്കൽ പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും അദ്ധ്യാപകർ ഒരു സ്കൂളിൽ ഒരുമിച്ചുകൂടി കുട്ടികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുക.

4. കുറഞ്ഞത് 3 മാസത്തിലൊരിക്കലെങ്കിലും L P, U P വിഭാഗത്തിലുള്ള കുട്ടികളെ വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

5. പഞ്ചായത്തിലെ വിവിധ സ്കൂളുകളിൽ ജീവനക്കാർക്ക് എത്തിച്ചേരുന്നതിന് കൃത്യമായ ബസ് സർവ്വീസ് ഇല്ല. ഇതിന് അടിയന്തിര പരിഹാരമുണ്ടാകണം.

6. ഈ പഞ്ചായത്തിൽ തന്നെ താമസമുള്ളതും മറ്റു സർക്കാർ സ്കൂളുകളിൽ ജോലി ചെയ്യുന്നതുമായ അദ്ധ്യാപകരെ പുരവിമല സ്കൂളിൽ നിയമിക്കണം.

7. ശക്തമായ P T A കമ്മറ്റികൾ ഉണ്ടാവുകയും മാസത്തിലൊന്നെങ്കിലും P T A കൂടുന്നതിനും സ്കൂളിന്റെ പുരോഗതി ചർച്ച ചെയ്യുന്നതിനും അവസരമുണ്ടാകുക.

8. സ്കൂളുകളിൽ വായനശാലകൾ സ്ഥാപിക്കുക; ഉള്ള വായനശാലകൾ തന്നെ പ്രവർത്തനക്ഷമമാക്കുക.

കുടിവെള്ളവും പൊതുജനാരോഗ്യവും

പുതിയ നിർദ്ദേശങ്ങൾ

1. ഈ പഞ്ചായത്തിലെ തെന്മല, കണ്ണമാംമൂട്, കുന്നത്തുമല. കളളുകാട് എന്നീ പട്ടിക വർഗ്ഗകോളനികളിൽ രൂക്ഷമായ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. നൂറോളം കുടുംബങ്ങളുള്ള ഈ പട്ടികവർഗ്ഗ കോളനികളിലുള്ള കുടുംബങ്ങൾക്ക് ഗുണകരമായ വിധത്തിൽ ശുദ്ധജല വിതരണ പദ്ധതി നടപ്പിലാക്കുക.

കുടിവെള്ള പ്രശ്നത്തിൽ അമ്പൂരി പഞ്ചായത്തുതലത്തിൽ ഒരു ശുദ്ധ ജലവിതരണ പദ്ധതിക്കാണ് സെമിനാർ മുൻഗണന നല്കിയിരിക്കുന്നത്.

പൊതുജനാരോഗ്യപ്രശ്നത്തിൽ ഒന്നാമതായി മുൻഗണന നല്കുന്നത് പഞ്ചായത്തിന്റെ മധ്യഭാഗമായ അമ്പൂരിയിൽ ഒരു പൊതുജനാരോഗ്യകേന്ദ്രം സ്ഥാപിക്കുന്നതിനാണ്. രണ്ടാമതായി മുൻഗണന നല്കേണ്ടത് കുട്ടമല യ്ൽ ആയുർവേദ ആശുപത്രി ആരംഭിക്കുന്നതിനാണ്

വ്യവസായം

പുതിയ നിർദ്ദേശങ്ങൾ

1. ഈറ സംസ്ക്കരിച്ച് പ്ലൈവുഡ് പോലുള്ള അസംസ്കൃത വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് പഞ്ചായത്തു തലത്തിൽ ആരംഭിക്കുക.

2. പാറ പൊട്ടിച്ച് വിവിധ തരത്തിലുള്ള അസംസ്കൃത വസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ജനവാസമില്ലാത്ത പ്രദേശത്തുമാത്രം തുടങ്ങുക.

3. തീപ്പെട്ടി വ്യവസായം ആരംഭിക്കുന്നതിൽ ഇപ്പോഴുള്ള നിയമ തടസ്സം സർക്കാർ ഇടപെട്ട് നീക്കം ചെയ്യുക. എങ്കിൽ മാത്രമേ ഈ പഞ്ചായത്തിൽ തീപ്പെട്ടി വ്യവസായം ആരംഭിക്കാൻ കഴിയുകയുള്ളൂ.

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

ഗതാഗതം

7½ കി. മീ. നീളം വരുന്ന കച്ചാറോഡുകളും പക്കാ റോഡുകളാക്കി മാറ്റണം. അടിയന്തിരമായി മുൻഗണന കൊടുത്ത് നടപ്പിലാക്കേണ്ട കച്ചാ റോഡുകളും :

1. കുടപ്പനമൂട്

1. പൊട്ടൻചിറ - നെല്ലിക്കാമല റോഡ്
2. ചപ്പാത്ത് മുത്തുപ്പാറ - മൂങ്ങോട് റോഡ്
3. ചുണ്ടയ്ക്കാണിമൂട് - മാമ്പാറ റോഡ്
4. ചുണ്ടയ്ക്കാണിമൂട് - അരുവിപ്പുറം റോഡ്
5. കുടപ്പനമൂട് - ഊറ്റുകുഴി റോഡ്

2. തുടിയംകോണം

1. ചപ്പാത്ത് തുടിയംകോണം - അമ്പൂരി റോഡ്
2. കുട്ടമല പുറുത്തിപ്പാറ - നെല്ലിക്കാമല റോഡ്
3. പാമ്പരംകാവ് തുടിയംകോണം - രാജഗിരി റോഡ്

3. കുട്ടമല

1. കണ്ടംതിട്ട നെടുമ്പുല്ലി - തട്ടാംമുക്ക് റോഡ്
2. കൊച്ചുവയൽമുക്ക് - കണ്ടംതിട്ട റോഡ്
3. പാമ്പരംകാവ് - തൊളിക്കോട് റോഡ്
4. ഷെഡുനട - ചീനിക്കാല റോഡ്
5. പാമ്പരംകാവ് - തട്ടാംമുക്ക്
6. ഷെഡുനട - കുട്ടമല
7. ചീനിക്കാല - കുന്നിൻപുറം
8. കോങ്കോട്ടുപാറ - നെടുമ്പുല്ലി
9. മുണ്ടൻപാറ - കോങ്കോട്ടുപാറ
10. കണ്ടംതിട്ട - മേലേമുക്ക് റോഡ്
11. കാഞ്ഞിരംമൂട് - കോങ്കോട്ടുപാറ

4. മായം

1. ഞവരക്കാട് - കുമ്പിച്ചൽ റോഡ്
2. മായം - പുട്ടുകല്ല് റോഡ്

3. ചീനിക്കാല - കുരഞ്ചിമം റോഡ്
4. പുരവിമല - കടത്തുകടവ് റോഡ്
5. പുല്ലുവിള - തെക്കെപന്ത റോഡ്

5. അമ്പൂരി

1. അമ്പൂരി - കൂരിശുമല റോഡ്
2. അമ്പൂരി - കുമ്പിച്ചൽ റോഡ്
3. അമ്പൂരി - പാറക്കടവ്
4. അമ്പൂരി - മഞ്ഞക്കുന്ന്
5. അമ്പൂരി - പന്തപ്പാമൂട്

6. തൊടുമല

1. കുമ്പിച്ചൽ - പറത്തി
2. കാരിക്കുഴി - ചാക്കപ്പാറ
3. ശംഖുംകോണം - പുരവിമല
4. പുരവിമല - തെന്മല
5. പന്തപ്പാമൂട് ചാക്കപ്പാറ - കയ്പംപ്പാമൂട്
6. കാരിക്കുഴി - ശംഖുംകോണം
7. ശംഖുംകോണം - കുന്നത്തുമല
8. കുന്നത്തുമല കണ്ണമാംമൂട് - തെന്മല
9. പുരവിമല - സ്കൂംനട റോഡ്
10. കുമ്പിച്ചൽ - പന്തപ്പാമൂട്

7. കൂട്ടപ്പു

1. കൂട്ടപ്പു - അമ്മതാ റോഡ്
2. ശൂരവകാണി - കൊച്ചുഗാമം
3. അമ്പൂരി - അണമുഖം
4. കൂട്ടപ്പു - ഏണിപ്പാറ റോഡ്

8. തേക്കുപാറ

1. തേക്കുപാറ - ആലംപന്തി
2. മൂങ്ങോട് - അരുവിപ്പുറം
3. മരപ്പാലം, വട്ടപ്പാറ - കൊണ്ടകെട്ടി
4. കമ്മ്യൂണിസ്റ്റുമുക്ക് - തേക്കുപാറ
5. കമ്മ്യൂണിസ്റ്റുമുക്ക് - ആലംപന്തി
6. കലുങ്കുനട - C. S. I. പള്ളി
7. മൂങ്ങോട് ചപ്പാത്ത് റോഡ്
8. കൂട്ടപ്പു ഹരിജൻകോളനി - കമ്മ്യൂണിസ്റ്റുമുക്ക്
9. കലുങ്കുനട - പ്ലാവിള വിളറോഡ്
10. കളത്തിപ്പാറ നെടുമ്പാറ - ചുണ്ടമേലക്കുന്ന് - മൂങ്ങോട് റോഡ്
11. മൂങ്ങോട് - A. P. റോഡ്

9. കണ്ടംതിട്ട

1. കണ്ടംതിട്ട കുറിച്ചി അരുവിക്കുഴി റോഡ്
2. വാവോട് കാക്കണംവിള പേരേക്കോണം റോഡ്
3. വാവോട് - അലവൂർ റോഡ്
4. കുറിച്ചി - ചിലന്തിക്കുഴി റോഡ്
5. കണ്ടംതിട്ട ലക്ഷംവീട്കോളനി നെടുമ്പുല്ലി റോഡ്
6. ചിറയക്കോട് കണ്ടംതിട്ട ഹരിജൻകോളനി റോഡ്
7. മണ്ണാംകോണം - കളിവിളാകം
8. കുട്ടമല - മാടശ്ശേരി റോഡ്
9. ചിറയക്കോട് - കളിവിളാകം

അടിയന്തിരമായി പണി തീർക്കേണ്ട പാലങ്ങൾ

1. പന്തപ്പാമൂട് പാലം
2. കുമ്പിച്ചൽ പാലം

ഊർജ്ജം

പുതിയ നിർദ്ദേശങ്ങൾ

1. നിലവിലുള്ള ട്രാൻസ്ഫോർമറുകൾക്കുപുറമേ കണ്ടംതിട്ട, കൊച്ചുവയൽ മുക്ക്, ഞവരക്കാട്, ശൂരവക്കാണി എന്നീ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാനുള്ള എസ്റ്റിമേറുകൾ തയ്യാറാക്കി അടിയന്തിരമായി വോൾട്ടേജ് ക്ഷാമം പരിഹരിക്കേണ്ടതാണ്.
2. വൈദ്യുതി എത്തിച്ചേരാത്ത പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിൽ ഉടനടി വൈദ്യുതി എത്തിക്കണം.
3. കണ്ടംതിട്ട ലക്ഷംവീട് കോളനി, പുല്ലുവിള ലക്ഷംവീട് എന്നീ സ്ഥലങ്ങളിൽ വൈദ്യുതി എത്തിക്കണം.
4. തെരുവുവിളക്കുകൾ പുനഃസ്ഥാപിക്കുക.
5. നൂറിനുമുകളിൽ L P G കണക്ഷൻ ഉള്ളതും അത്രത്തോളം തന്നെ L P G അപേക്ഷകർ ഉള്ളതുമായ ഈ പ്രദേശത്ത് ഒരു L P G ഏജൻറിനെ അനുവദിക്കണം.

മാർക്കറ്റ്

1. അമ്പൂരി പഞ്ചായത്തിൻെറ സ്വന്തമായിൽപ്പെട്ടതും മുൻപ് ചന്ത പ്രവർത്തിച്ചിരുന്നതുമായ സ്ഥലത്ത് ഒരു സ്ഥിരം മാർക്കറ്റ് അടിയന്തിരമായി തുടങ്ങണം.
2. കുട്ടമലയിൽ ഇപ്പോൾ ചന്ത പ്രവർത്തിക്കുന്ന സ്ഥലത്ത് കൂടുതൽ വികസനം നടത്തേണ്ടതാണ്.

പാർപ്പിടം സാമൂഹ്യക്ഷേമം

പാർപ്പിടം

1. പാർപ്പിടമില്ലാതെ വാടകവീടുകളിലും ബന്ധുക്കളുടെ വീടുകളിലും താമസിക്കുന്ന കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനാവശ്യമായ സ്ഥലവും വായ്പയും അനുവദിച്ച് അവർക്ക് മുൻഗണന നല്കുക.

2. ഭവന നിർമ്മാണത്തിന് വായ്പ അനുവദിക്കുമ്പോൾ ചെറുകുടിലുകൾക്ക് മുൻഗണന നല്കുക.

സാമൂഹ്യക്ഷേമം

വിവിധ പെൻഷനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി കൃത്യമായ സമയത്ത് നല്കുക.

[illegible]

1. പഞ്ചായത്തിന്റെ കീഴിൽ ഒരു കേന്ദ്രീകൃതവായനശാലയും എല്ലാ വാർഡുകളിലും ഓരോ വായനശാലകളും സ്ഥാപിച്ച് എല്ലാ ജനങ്ങളുടെയും സാംസ്ക്കാരിക വളർച്ചയെ പ്രോത്സാഹിപ്പിക്കുക.

2. ആദിവാസികളുടെ ഇടയിൽ നിലവിലുണ്ടായിരുന്നതും കാലക്രമേണ അന്യം നിന്നുപോകുവാൻ സാധ്യതയുള്ളതുമായ അലിഖിത നാടൻ കലാപരിപാടികളും പഞ്ചായത്തിനു കീഴിൽ നടത്തുന്ന പൊതുപരിപാടികളിൽ അവതരിപ്പിക്കുവാൻ അവസരം നല്കുക റെക്കോർഡുചെയ്ത് സൂക്ഷിക്കാൻ കഴിയുന്ന കലാരൂപങ്ങളും റെക്കോർഡുചെയ്ത് സൂക്ഷിക്കുക.

കലാ-കായിക രംഗം

1. കായിക രംഗത്തെ വളർച്ചയ്ക്കായി ഒരു മിനിസ്റ്റേഡിയമെങ്കിലും നിർമ്മിക്കേണ്ടതു് അത്യാവശ്യമാണു്. കൂടാതെ വാർഡുകളിലും ആർട്സ് ക്ലബ്ബുകളും രൂപീകരിക്കേണ്ടതാണു്.

2. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന പൊതുപരിപാടികളിൽ സാഹിത്യ-സാംസ്ക്കാരിക നായകന്മാർക്ക് പ്രാതിനിധ്യം നല്കുക.

3. കവിയരങ്ങ്, സാഹിത്യസമ്മേളനങ്ങൾ, ക്വിസ് മത്സരങ്ങൾ വനിതാചർച്ചാക്ലാസുകൾ, ബാലകലാപ്രവർത്തനങ്ങൾ തുടങ്ങിയവ പ്രദർശിപ്പിക്കുന്നതിനും പരിശീലിപ്പിക്കുന്നതിനും ഒരു കമ്മ്യൂണിറ്റി ഹാൾ നിർമ്മിക്കുക.

വനിത

1. തീപ്പെട്ടി നിർമ്മാണം—അമ്പൂരി പഞ്ചായത്തിൽപ്പെട്ട കൂട്ടപ്പുവിൽ പുറം പോക്കായി നിലവിലുള്ള സ്ഥലത്ത് [ചന്ത] തീപ്പെട്ടി വ്യവസായത്തിനു് ആവശ്യമായ രീതിയിലുള്ള കെട്ടിടം പണിത് 250 വനിതാ തൊഴിലാളികൾക്ക് ജോലി കൊടുക്കത്തക്ക രീതിയിൽ [തിരിയുണ്ടാക്കി, മരുന്നുണ്ടാക്കി, കവർ ഉണ്ടാക്കി] വിപണിയിലിറക്കുന്നതിനു് വനിതാ സഹകരണ സംഘം രൂപീകരിച്ച് നടപ്പിലാക്കുക.

2. ആരോഗ്യപരിപാലനം - കുട്ടമല ജംഗ്ഷനിൽ പണി തീർത്തിട്ടുള്ളതും ഉപയോഗശൂന്യമായി കിടക്കുന്നതുമായ ശിശുമന്ദിരം സ്ത്രീകളുടെ ആരോഗ്യ പരിപാലനത്തിനു്, 30 കിടക്കകൾ, പ്രസവവാർഡ് എന്നിവ ഉൾപ്പെട്ട 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരു ആരോഗ്യകേന്ദ്രമാക്കി മാറ്റേണ്ടതാണു്.

3. റെഡിമെയ്ഡ് സെൻറർ—പഞ്ചായത്തടിസ്ഥാനത്തിൽ വനിതാ തയ്യൽ തൊഴിലാളികളെ സംഘടിപ്പിച്ച് സഹകരണ സംഘം രൂപീകരിച്ച് 20 തയ്യൽ മെഷീൻ, 2 ഓവർലോക്ക് മെഷീൻ, 1 എംബ്രോയിഡറി മെഷീൻ, ഇതിനുവേണ്ടുന്ന ഉപകരണങ്ങൾ, ഫർണിച്ചർ, ഒരു മാസത്തെ പണിക്കാവശ്യമായ തുണി, ഇതിനാവശ്യമായ തുക എന്നിവ ലഭ്യമാക്കി 30 തൊഴിലാളികൾക്ക് തൊഴിലുണ്ടാക്കത്തക്ക ഒരു യൂണിറ്റ് രൂപീകൃതമാക്കണം.

4. സാങ്കേതിക വിദ്യാഭ്യാസം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ കണ്ടെത്തി പഠിക്കുവാൻ കഴിവുള്ള പെൺകുട്ടികൾക്ക് വിദ്യാഭ്യാസം ചെയ്യാൻ ഹോസ്റ്റൽ സൗകര്യത്തോടുകൂടിയ ഒരു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കണം. അതോടൊപ്പം S.S.L.C. യും അതിനുമുകളിലും പഠിച്ചിട്ടുള്ള പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി ഉന്നത വിദ്യാഭ്യാസ സ്ഥാപനം ആരംഭിക്കുക.

5. കൃഷി—സ്ത്രീകൾക്ക് അടുക്കളത്തോട്ടം നിർമ്മിക്കുന്നതിനു് ആവശ്യമായ വിത്ത്, വളം, ധനസഹായം, പരിശീലനം എന്നിവ പഞ്ചായത്തടിസ്ഥാനത്തിൽ നടപ്പിലാക്കുക.

6. അനാഥരും വിധവകളുമായ സ്ത്രീകൾക്ക് സ്ഥലം വാങ്ങി വീട് വച്ചുകൊടുക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുക.

7. വാർഡനുസരിച്ച് സ്ത്രീകൾക്ക് ആരോഗ്യപരമായ ബോധവൽക്കരണ ക്ലാസുകൾ നടപ്പിലാക്കുക.

8. പഞ്ചായത്തിന്റെ കീഴിൽ ട്രൈബൽ ലിറ്ററസിയിൽ പ്രവർത്തിച്ചിരുന്ന ഇൻസ്ട്രക്ടർമാർക്ക് യാതൊരു തൊഴിലും ലഭിച്ചിട്ടില്ല. അതിന് ഒരു മാർഗ്ഗം നിർദ്ദേശിക്കണം.

9. അമ്പൂരി പഞ്ചായത്തിൽ സാമ്പത്തിക ഭദ്രതയില്ലാത്ത വിദ്യാസമ്പന്നരായ പെൺകുട്ടികൾക്ക് തൊഴിൽ കൊടുക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണം.

10. അനാഥരായ കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിന് ഒരു Orfanage പഞ്ചായത്ത് അടിസ്ഥാനത്തിൽ തുടങ്ങണം.

പട്ടികജാതി/പട്ടികവർഗ്ഗം

പ്രശ്നങ്ങൾ

1. പട്ടികവർഗ്ഗക്കാർ വനമേഖലയിൽ താമസിക്കുന്നതുകാരണം വീടുനിർമ്മാണത്തിനാവശ്യമായ തടിപോലും കൈവശഭൂമിയിൽ നിന്ന് ലഭ്യമാകുന്നില്ല.
2. ആദിവാസികളുടെ കൃഷിക്ക് സുരക്ഷിതത്വമില്ല.
3. ഈ പഞ്ചായത്തിലെ പട്ടികവർഗ്ഗക്കാർ അനുഭവിക്കുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട് ഗതാഗത സൗകര്യം ഇല്ലായ്മയാണ്. ഇവർ കൂട്ടമായി അധിവസിക്കുന്ന പ്രദേശങ്ങളിൽ കടത്തുവള്ളങ്ങൾ കടന്നുമാത്രമേ എത്താൻ കഴിയുകയുള്ളു. അതുപോലെ തന്നെ സെറ്റിൽമെന്റുകളെ തങ്ങളിൽ ബന്ധിപ്പിക്കുന്ന സഞ്ചാരയോഗ്യമായ റോഡുകൾപോലുമില്ല.
4. തെന്മല, കണ്ണമാംമൂട്, കളളുകാട്, കുന്നത്തുമല എന്നീ ഗിരിജൻകോളനികളിൽ രൂക്ഷമായ കുടിവെളളക്ഷാമം അനുഭവപ്പെടുന്നു. ഈ സെറ്റിൽമെന്റുകളിൽ നൂറോളം കുടുംബങ്ങളുണ്ട്.
5. അയ്യവിളാകം, കളളുകാട്, കുന്നത്തുമല, കണ്ണമാംമൂട്, തെന്മല, കൊമ്പൈ എന്നീ ആദിവാസിസെറ്റിൽമെന്റുകളിൽ ഇതുവരെയും വൈദ്യുതി എത്തിയിട്ടില്ല.
6. ആദിവാസികളുടെ പരമ്പരാഗത ചികിത്സാസമ്പ്രദായം അസ്തമിച്ചുകൊണ്ടിരിക്കുന്നു.
7. പരമ്പരാഗത കലകൾ നിലനിർത്തുന്നതിനുളള സാഹചര്യങ്ങളില്ല.
8. വിവിധ സമ്പാദ്യപദ്ധതികളെക്കുറിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർ ബോധവാന്മാരല്ല.
9. ദൃശ്യശ്രവ്യമാധ്യമങ്ങളുടെ അഭാവം പട്ടികവർഗ്ഗ സങ്കേതങ്ങളിലുണ്ട്
10. നിരക്ഷരത ഇപ്പോഴും ഈ വിഭാഗക്കാരെ കാർന്നുതിന്നുന്നു
11. ഇവരിൽ ഭൂരിഭാഗവും മദ്യത്തിനടിമകളാണ്.
12. പട്ടികവർഗ്ഗ സങ്കേതങ്ങളിൽ അലോപ്പതി, ആയുർവേദ ചികിത്സാസൗകര്യങ്ങളില്ല.
13. SC/ST വിഭാഗക്കാരുടെ ഇടയിൽ പ്രായപൂർത്തിയാകുന്നതിനുമുമ്പുളള വിവാഹം വ്യാപകമായി കാണുന്നു.

14. ആദിവാസികളുടെ സംസ്കാരം നശിപ്പിക്കുന്നതരത്തിൽ ചില മതസംഘടനകളും രംഗത്തുണ്ട്.

15. ചിറയകോട് IHDP കോളനിയിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

16. ഈ കോളനിയിലെ റോഡുകളും ഗതാഗതയോഗ്യമല്ല.

17. ഈ കോളനിയിലെ എല്ലാ വീടുകളിലും വൈദ്യുതി എത്തിയിട്ടില്ല.

പരിഹാര മാർഗ്ഗങ്ങൾ

1. ആദിവാസികളുടെ ഭൂമിക്ക് സ്ഥിരമായ ഉടമസ്ഥാവകാശം നല്കുക.

2. 11 ആദിവാസിസെറ്റിൽമെന്റുകളിലും വന്യമൃഗങ്ങളുടെ ഉപദ്രവത്തിൽ നിന്നും കൃഷി സംരക്ഷിക്കുന്നതിനു ഫെൻസിംഗ് സംവിധാനം ഏർപ്പെടുത്തുക.

3. കുമ്പിച്ചൽ, പന്തപ്പാമൂട് കടത്തുകടവുകളിൽ ഗതാഗതയോഗ്യമായ പാലങ്ങളും പണിയുക.

4. പട്ടികവർഗ്ഗസങ്കേതങ്ങളും തമ്മിൽ ബന്ധിപ്പിക്കുന്ന മാക്കപ്പാറ-തെന്മല റോഡ് വികസിപ്പിക്കുക.

5. കുന്നത്തുമല കുളത്തിൽനിന്നും ശാസ്ത്രീയ മാർഗ്ഗം ഉപയോഗിച്ച് കുന്നത്തുമല, കണ്ണമാംമൂട്, കളളുകാട്, തെന്മല പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുക.

6. മായം വാർഡിലെ മലഅരയർ തിങ്ങിപ്പാർക്കുന്ന ഞവരക്കാട് പ്രദേശം ട്രൈബൽ കോളനിയായി മാറ്റുക.

7. തേക്കുപാറ, മുത്തുപ്പാറ, കുളമാംകുഴി, കൂട്ടപ്പു ഹരിജൻ കോളനികളിലെ വീടുകളും വൈദ്യുതീകരിക്കുകയും കുടിവെള്ളം ലഭ്യമാക്കുകയും ചെയ്യുക.

8. പുരവിമല ട്രൈബൽ സ്കൂളിൽ സമീപപ്രദേശത്തുള്ള അധ്യാപകരെ പ്രത്യേകിച്ചും പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് മുൻഗണന നല്കി നിയമിക്കുക.

9. ആദിവാസി വൈദ്യന്മാരെ കണ്ടെത്തി പാരമ്പരാഗത ചികിത്സാസമ്പ്രദായം നിലനിർത്തുന്നതിനും വ്യാപിപ്പിക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുക.

10. വിവിധ സമ്പാദ്യപദ്ധതികളിൽ ആകൃഷ്ടരാകുന്നതിനുതകുന്ന ബോധവൽക്കരണം നടത്തുക.

11. പട്ടികവർഗ്ഗ/പട്ടികജാതി സങ്കേതങ്ങളിൽ TV കാസ്സ്ക്ക് വായനശാല തുടങ്ങിയ വർത്താമാദ്ധ്യമകേന്ദ്രങ്ങളം സ്ഥാപിക്കുക.

12. കണ്ടംതിട്ട വാർഡിലെ ചിറയക്കോട് IHDP കോളനിയിൽ കുടിവെള്ളം ലഭ്യമല്ല. മണ്ണാംകോണം എന്ന സ്ഥലത്ത് ഒരു ടാങ്ക് പണിത് ചിറയക്കോട്കുളത്തിൽനിന്നും വെള്ളം പമ്പ്ചെയ്ത് പൈപ്പ്ലൈൻ ഇട്ടുകൊടുത്താൽ 47ലധികം ഹരിജൻ കുടുംബങ്ങൾക്കും 300ലധികം മറ്റു കുടുംബങ്ങൾക്കും കുടിവെള്ളം എത്തിക്കാം. അതിനുള്ള നടപടി സ്വീകരിക്കണം.

13. ചിറയക്കോട് ഹരിജൻ കോളനിയ്ക്കകത്തുള്ള കുട്ടമല മാടശ്ശേരി റോഡും, മണ്ണാംകോണം കളിവിളാകം റോഡും, മണ്ണാംകോണം കണ്ടംതിട്ട റോഡും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കണം.

14. നാകുമണ്ണടി, ചാക്കേത്തോട്ടം എന്നീ സ്ഥലത്തുള്ള ഹരിജനങ്ങൾക്ക് വൈദ്യുതി കണക്ഷൻ നല്കണം.

15. പട്ടികജാതി / പട്ടികവർഗ്ഗക്കാരുടെ ഇടയിലുള്ള മദ്യപാനം, പുകവലി തുടങ്ങിയ ലഹരി ഉപയോഗത്തിനെതിരെ ബോധവല്ക്കരണം നടത്തുക.

16. ആദിവാസി മേഖലയായ തൊടുമല വാർഡിൽ ഒരു ആയുർവേദ ആശുപത്രി സ്ഥാപിക്കണം.

17. SC / ST വിഭാഗത്തിനിടയിലുള്ള പ്രായപൂർത്തിയാകുന്നതിനുമുൻപുള്ള വിവാഹത്തിനെതിരെ ബോധവല്ക്കരണം നടത്തണം.

സഹകരണം

നീഡ് ആൻറഡ് റാട്ടർ വർക്കേഴ്സ് കോട്ടേജ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറിവ് സൊസൈറി നമ്പർ T 240 എന്ന ഒരു പനമ്പ് നെയ്ത്തുസഹകരണ സംഘം എന്നത് ഒരു വ്യവസായ സഹകരണ സംഘമാണ് എന്ന് സൂചിപ്പിക്കുക.

നിർദ്ദേശങ്ങൾ:-

1. ലേബർ കോൺട്രാക്ടറർ സൊസൈറി രൂപീകരിക്കുക.

2. സംഘത്തിൻെറ ജീവനക്കാരിൽ നിന്നും ഭരണസമിതിക്കാരിൽ നിന്നും സഹകാരികൾക്കുണ്ടാകുന്ന തിക്താനുഭവങ്ങൾ ഒഴിവാക്കുക.

3. വനിതാസർവ്വീസ് സഹകരണ സംഘത്തിൻെറ പ്രാഥമിക സൗകര്യവും ആവശ്യവുമായ മേഖലകളിൽ പ്രവർത്തിപ്പിക്കുക.

4. [പരിഹാരമാർഗ്ഗം 8 നോട് ചേർന്ന്]
ലോൺ എടുക്കുന്ന തുക അപേക്ഷയിൽ കാണിച്ചിരിക്കുന്ന ആവശ്യത്തിനു തന്നെ ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തിയ കർഷകന് ലോൺ തുകയ്ക്കു അനുസൃതമായ ഇൻഷ്വറൻസ് സംരക്ഷണം നൽകുക.

5. ഗ്രാമീണ കൈത്തൊഴിലുകൾ വികസിപ്പിക്കുന്നതിനുള്ള ധനസഹായവും ബോധവത്ക്കരണവും ഗ്രാമപഞ്ചായത്തും സഹകരണ സംഘവും യോജിച്ച് നടത്തുക.

6. നിത്യ ഉപയോഗസാധനങ്ങളും പഴം പച്ചക്കറി തുടങ്ങിയവ ശേഖരിച്ച് സഹകരണാടിസ്ഥാനത്തിൽ ദിനം പ്രതി പ്രവർത്തിക്കുന്ന കൺസ്യൂമർ സ്റ്റോറുകൾ നടത്തുക. സംഘത്തിൻെറ പൊതുയോഗ നോട്ടീസ് എല്ലാ സഹകാരികളെയും അറിയിക്കാനുള്ള മാനദണ്ഡം ഏർപ്പെടുത്തണം.

വിഭവ സമാഹരണം

1950—60 കാലഘട്ടത്തിലെ റോഡ് വികസനവും, ശ്രമദാനവും പറഞ്ഞിരിയ്ക്കുന്ന 95-ാം പേജിലെ റിപ്പോർട്ടിൽ പൊതുജനങ്ങളും ശ്രമദാനമായി ചെയ്തു എന്നാണ്. എന്നാൽ യാഥാർത്ഥ്യം അന്നത്തെ സാമൂഹ്യ പ്രവർത്തകനായിരുന്ന 'ഫാദർ ആൻറണി പുത്തൂർ' എന്ന വ്യക്തിയെ വിസ്മരിച്ചത് ഉചിതമായില്ല.

വരുമാനം

1. റബ്ബർ നഴ്സറികളും സ്വന്തമായി നടത്തുന്ന ധാരാളം ആളുകൾ ഈ പഞ്ചായത്തിൽ ഉണ്ട്. പ്രതിവർഷം ഓരോ നഴ്സറിയിൽ നിന്നും ലക്ഷക്കണക്കിന് റബ്ബർ തൈകളും മറ്റ് സ്ഥലങ്ങളിലേയ്ക്ക് വില്പന നടത്തുന്നുണ്ട്. അതിന് യാതൊരു നിയന്ത്രണവും പഞ്ചായത്ത് ഏർപ്പെടുത്തിയിട്ടില്ല. വില്പന നടത്തുന്ന വിലയുടെ ഒരു നിശ്ചിത ശതമാനം പഞ്ചായത്ത് വിഹിതമായി സമാഹരിക്കാവുന്നതാണ്.

2. ഈ പഞ്ചായത്തിലെ പ്രധാന കൃഷിയായ റബ്ബർ ഉപയോഗിച്ച് ചെറുകിട റബ്ബർ അധിഷ്ഠിത ഉല്പന്നങ്ങളും നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റ് ആരംഭിച്ച് അതിൽനിന്നും വരുമാനം പ്രതീക്ഷിക്കാവുന്നതാണ്.

   ഉദാ:- റബ്ബർസ്റ്റാൻറ്, മോട്ടോർ വാഹനത്തിൻറെ ഫ്ളാപ്പ്, ബുഷുകളും, കൈയുറകളും, കളിപ്പാട്ടങ്ങളും തുടങ്ങിയവ

3. ഗ്രാമപഞ്ചായത്തിൻറെ പരിധിയിലുള്ള തോടുകളിലും, ആറുകളിലും ഉള്ള മണൽ കോരുന്നതിന് ലേലവ്യവസ്ഥയിൽ നൽകിയാൽ അതിൽനിന്നും വരുമാനം നേടാവുന്നതാണ്.

4. പഞ്ചായത്ത് സ്വന്തമായി കമ്മ്യൂണിറ്റിഹാൾ ഉണ്ടാക്കിയാൽ അതിൽനിന്നും വരുമാനം പ്രതീക്ഷിയ്ക്കാം.

5. പഞ്ചായത്ത് പുറമ്പോക്കിലും, പഞ്ചായത്ത് വനപ്രദേശത്തും ഉള്ള ഉണങ്ങിയ മരങ്ങൾ ലേലംചെയ്ത് കൊടുക്കുന്നതിലൂടെയും, പഞ്ചായത്ത് റോഡ് പുറമ്പോക്കിലുള്ള ഫലവൃക്ഷങ്ങളുടെ ലേലത്തിൽ നിന്നും വരുമാനം.

6. പരിസ്ഥിതിക്ക് കോട്ടംതട്ടാത്ത രീതിയിൽ മൈനർ ക്രഷറുകൾക്ക് ലൈസൻസ് നൽകിയാൽ അതിൽ നിന്നുള്ള വരുമാനം.

7. 2 ഹെക്ടറുകൾക്ക് മുകളിലുള്ള റബ്ബർ തോട്ടങ്ങൾക്ക് പ്ലാന്റേഷൻ നികുതി ഏർപ്പെടുത്തുകയും, നികുതി കുടിശിക കൃത്യമായി പിരിക്കുകയും ചെയ്യുക.

8. പഞ്ചായത്ത് ഏരിയായിൽ 3 ലക്ഷം രൂപയ്ക്കുമേൽ വിലയുള്ള വാഹനങ്ങൾ വാങ്ങുന്ന ആൾക്കാരിൽ നിന്നും ഒരു നിശ്ചിത ശതമാനം ഫീസായി ഈടാക്കാവുന്നതാണ്.

9. വീട്ടുകരം, തൊഴിൽകരം, കാർഷികാദായനികുതി, ലൈസൻസ് എന്നിവയിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് മാറ്റം വരുത്തി വരുമാനം വർദ്ധിപ്പിയ്ക്കാം.

10. സ്പൈസസ് ബോർഡിന്റെ സഹായത്തോടുകൂടി പനമ്പ് കർഷകർക്ക് നൽകുന്നതിന് (സബ്സിഡി) കുരുമുളക് സംസ്ക്കരണം നടത്തുന്നതിനും ഉള്ള യൂണിറ്റ് ആരംഭിക്കുന്നതിലൂടെയും വരുമാനം ഉണ്ടാക്കാം.

11. പാചകവാതക വിതരണത്തിന് ലൈസൻസ് നൽകുകയും, വിതരണത്തിൽ പഞ്ചായത്ത് മേൽനോട്ടം ഏർപ്പെടുത്തുകയും ചെയ്താൽ അതിലൂടെയും വരുമാനം നേടാം.

തിരുത്തലുകളും കൂട്ടിച്ചേർക്കലും

1. റിപ്പോർട്ടിലെ 99-ാം പേജിൽ ഐറ്റം No. 7-ൽ പഞ്ചായത്ത് ആഫീസ് കെട്ടിടം പണിത സ്ഥലം 1993—'94-ൽ ലഭിച്ചത്, എന്നത് മാറ്റി 1977-ൽ ആണ് ദാനമായി ലഭിച്ചത് എന്ന് തിരുത്തി വായിയ്ക്കേണ്ടതാണ്.

2. റിപ്പോർട്ടിലെ വിദ്യാഭ്യാസം എന്ന കോളത്തിൽ പേജ് 40-ൽ 1954-ൽ ഈ പഞ്ചായത്തിൽ ആദ്യമായി സ്കൂൾ ആരംഭിച്ചത് അമ്പൂരിയിലാണെന്ന് സൂചനയുണ്ട്. എന്നാൽ ആദ്യത്തെ സ്കൂൾ ആരംഭിക്കുന്നത് 1950 കളുടെ ആരംഭത്തിൽ 'മായം' എന്ന സ്ഥലത്താണ്.

3. പേജ് 35-ൽ പരിഹാര മാർഗ്ഗം എന്ന തലക്കെട്ടിൽ 17-ാം ഐറ്റത്തിൽ കാണുന്ന 10001/- എന്ന് കാണുന്നത് 1000/- രൂപയെന്ന് തിരുത്തി വായിയ്ക്കണം.